VII നിയമനിർമ്മാണ കാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 1985-ലെ കേരള ധനകാര്യബിൽ

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 1985-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഫിനാൻസ് ബില്ലിന്റെ പരിഗണനയെ സംബന്ധിച്ചാണ് എനിക്ക് അഭിപ്രായവ്യത്യാസമുള്ളത്.

ശ്രീ. കെ. എം. മാണി : ഇതൊക്കെ ഒരുപാട് പ്രാവശ്യം അഭിപ്രായവ്യത്യാസം പറഞ്ഞ് റൂളൗട്ട് ചെയ്തിട്ടുള്ളതാണ്. Sir, repetition should be avoided. Even if it is a point of order, repetition should be avoided.

Mr. Speaker : Repetition will not be allowed:

ശ്രീ. വർക്കല രാധാകൃഷ്ണൻ : ഇത് പരിഗണനയ്ക്ക് എടുക്കാൻ പാടില്ല എന്ന് ഞാൻ പറയുന്നത് ഭരണഘടനയുടെ 199-ാം വകുപ്പ് പ്രകാരം മണിബില്ലിനെ സംബന്ധിച്ചാണ്. മണിബില്ലിൽ സബ് ക്ലാസ് 2 അനുസരിച്ച് "A Bill shall not deemed to be a Money Bill by reason only that it provides for the imposition of fines or other pecuniary penalities or for the demand or payment of fees for licences or fees for services rendered, or by reason that it provides for the imposition, abolition, remission, alteration or regulation of any tax by any local authority or body for local purposes".

മി. സ്പീക്കർ : നേരത്തെ ഈ ഒബ്ജക്ഷൻ പലപ്പോഴും വന്നിട്ടുള്ളതാണ്. അങ്ങ്തന്നെ പലപ്പോഴും റെയ്സ് ചെയ്തിട്ടുള്ളതാണ്. ഈ ഒബ്ജക്ഷൻ നേരത്തെ സഭയിൽ വന്നിട്ടുള്ളതാണ്. അതെല്ലാം ഓവർറൂൾ ചെയ്തിട്ടുണ്ട്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : അങ്ങ് ഇത് ഓവർറൂൾ ചെയ്തിട്ടില്ല. ഇത് റെയ്സ് ചെയ്തിട്ടില്ല. മണിബിൽ ആകുണമെങ്കിൽ വേറെ ചിലതുകൂടി ചെയ്യാനുണ്ട്.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഈ ധനകാര്യബില്ലിനെ സംബന്ധിച്ചുള്ള ചർച്ച സുഗമമാക്കുന്നതിനുവേണ്ടി 10 മിനിട്ട് സമയംകൊണ്ട് ഈ ബില്ലിന്റെ സാരാംശം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ കഴിഞ്ഞ ബഡ്ജറ്റ് അവതരിപ്പിച്ച സന്ദർഭത്തിൽ ഇരുപത്തിരണ്ടരക്കോടി രൂപയുടെ പുതിയ നികുതി നിർദ്ദേശങ്ങൾ കൊണ്ടുവരുകയുണ്ടായി. അങ്ങനെ 7-ാം പദ്ധതിക്കാലത്ത് 130 കോടി രൂപയുടെ പുതിയ വിഭവസമാഹരണം ലക്ഷ്യമിട്ടിരിക്കുന്നു. പുതിയ സാമ്പത്തിക നിർദ്ദേശങ്ങൾ നടപ്പിൽവരുത്തുന്നതിനുവേണ്ടി താഴെപ്പറയുന്ന നിയമങ്ങൾ ഭേദഗതി ചെയ്യാനാണ് ആഗ്രഹിക്കുന്നത്. Kerala Stamp Act, Kerala Plantation Tax Act, Kerala General Sales Tax Act, Kerala Motor Vehicles Taxation Act, Kerala

LIBRARY ARCHIVES Kerala Legislative Assembly

Tax on Luxuries in Hotels and Lodging Houses Act, Kerala Additional Sales Tax Act.....എന്നിവയാണ് ഈ ധനകാര്യബില്ലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ക്ലാസ് 2-ൽ കേരള സ്റ്റാമ്പ് ആക്ടിലെ ഷെഡ്യൂളുകളിൽ ചില ഭേദഗതികളും നിർദ്ദേശിച്ചിട്ടുണ്ട്. ക്രമനമ്പർ 4, 5, 10, 23, 36, 43, 44, 47 എന്നിവ ഭേദഗതിചെയ്ത് സ്റ്റാമ്പ് ഡ്യൂട്ടി വർദ്ധിപ്പിക്കുന്നതിനാണ് ആ നിർദ്ദേശം. ക്ലാസ് 3 തോട്ടം നികുതി, അതിൽ അഞ്ച് മുതൽ എട്ട് ഹെക്ടർ വരെ എക്സിസ്റ്റിംഗ് ആയിട്ട് 50 രൂപയായിരുന്നത് 70 രൂപയായി വർദ്ധിപ്പിക്കുന്നു. എട്ടു മുതൽ 20 ഹെക്ടർ വരെ 60 രൂപയായിരുന്നത് 90 രൂപയായി വർദ്ധിപ്പിക്കുന്നു. 20 ഹെക്ടറിനുമുകളിൽ 90 രൂപയ്ക്കുടെ നിരക്ക് 130 രൂപയാക്കി വർദ്ധിപ്പിക്കുന്നു. അതാണ് ക്ലാസ് 3. ക്ലാസ് 4 പൊതു വിൽപ്പന നികുതി നിയമം—അതിലെ ചില ഷെഡ്യൂളുകളിൽ ചില ഭേദഗതികളും ഉണ്ട്. സീരിയൽ നമ്പർ 36—വിദേശമദ്യം—50 ശതമാനത്തിൽ നിന്ന് 55 ശതമാനമായി വർദ്ധിപ്പിക്കുന്നു. ചായ 35 ശതമാനത്തിൽനിന്ന് 40 ശതമാനമായി വർദ്ധിപ്പിക്കുന്നു. അപ്ഹോൾസറി ഫർണിച്ചർ 7 ശതമാനത്തിൽനിന്ന് 10 ശതമാനമായി വർദ്ധിപ്പിക്കുന്നു. സീരിയൽ നമ്പർ 147—ബനിയൻ—മൂന്നു ശതമാനത്തിൽനിന്ന് അഞ്ച് ശതമാനമായി വർദ്ധിപ്പിക്കുന്നു. സീരിയൽ നമ്പർ 156—ഗ്ലാസ്റ്റിക് പൈപ്പുകൾ—ആറ് ശതമാനത്തിൽനിന്ന് എട്ടു ശതമാനമായി വർദ്ധിപ്പിക്കുന്നു. ഇതാണ് പൊതുവിൽപ്പന നിയമത്തിൽ കൊണ്ടുവരുന്ന ഭേദഗതി. ക്ലാസ 5—മോട്ടോർ വെഹിക്കിൾസ് ടാക്സ്—ഇതിന്റെ ഷെഡ്യൂളിലും ഭേദഗതികൾ വരുത്തിയിരിക്കുകയാണ്. മോട്ടോർ സൈക്കിൾ, സ്കൂട്ടർ മുതലായവയിൻമേൽ ഒൻപത് രൂപ മുതൽ 18 രൂപവരെ ഉണ്ടായിരുന്ന കാർട്ടർലി ടാക്സ് മൂന്നു രൂപവീതം കൂട്ടിക്കൊണ്ട് 12 രൂപ മുതൽ 21 രൂപ വരെ ഉയർത്തുകയാണ്. അതാണ് ആ ഭേദഗതി. മറ്റ് വാഹനങ്ങളെ സംബന്ധിച്ചിടത്തോളം 36 രൂപ മുതൽ 75 രൂപ വരെ ഉണ്ടായിരുന്ന കാർട്ടർലി നികുതി 45 രൂപ മുതൽ 85 രൂപവരെയായി ഉയർത്തുന്നു. അതാണ് ആ വകുപ്പിൽ പറഞ്ഞിരിക്കുന്ന ഭേദഗതി. ക്ലാസ് 6—ഹോട്ടലുകളിലേയും ലോഡ്ജുകളിലേയും ലക്ഷ്വറികളിൻമേലുള്ള നികുതി നിയമമാണ്. ആ നികുതി നിയമത്തിൽ best of judgement നടത്തുവാൻ വിൽപ്പന നികുതി ഉദ്യോഗസ്ഥൻമാർക്ക് അധികാരം ഇല്ലാതിരുന്നതുകൊണ്ട് ആ നിയമത്തിലെ 6-ാം വകുപ്പിൽ ഒരു ഭേദഗതി കൊണ്ടുവന്ന് ഈ അധികാരം നൽകുകയാണ്. ക്ലാസ് 7—കേരള അഡീഷണൽ സെയിൽസ് ടാക്സ് ആക്ട് ആണ്. 15 ശതമാനമുള്ള നികുതി നിരക്ക് 20 ശതമാനമാക്കി വർദ്ധിപ്പിക്കുകയാണ്. ഈ വർഷത്തെ ബഡ്ജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള ഇരുപത്തിരണ്ടരക്കോടി രൂപ പുതുതായി സ്വരൂപിക്കണമെന്നുണ്ടെങ്കിൽ ഈ നിയമങ്ങളിലാകെ ഭേദഗതി വരുത്തണം. അതിനുവേണ്ടിയാണ് ഈ ഫൈനാൻസ് ബിൽ ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ളത്. ഭാഗ്യവശാൽ ഇവിടെ ഒരു പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂ ആക്ട് ഇപ്പോൾ പ്രാബല്യത്തിലുണ്ട്. അത് പ്രാബല്യത്തിൽ ഇരിക്കുന്നതുകൊണ്ട് നമ്മൾ ഫൈനാൻസ് ബിൽ 29-3-1985-ൽ അവതരിപ്പിച്ചതാണ്. ഏപ്രിൽ മാസം 1-ാം തീയതി മുതൽ ഈ നികുതി നിർദ്ദേശങ്ങൾ പൂർവ്വകാലപ്രാബല്യത്തോടുകൂടി നടപ്പിൽവന്നിരിക്കുകയാണ്. അതുകൊണ്ട് നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം വിഭവസമാഹരണം വേണം. വളരെ ആവശ്യമായ ഒരു ഘട്ടത്തിൽ രാജ്യത്തിന്റെ വിഭവസമാഹരണത്തിനുവേണ്ടി കൊണ്ടുവന്നിരിക്കുന്ന ഈ നികുതി നിർദ്ദേശങ്ങൾ ബഡ്ജറ്റിന്റെ പൊതുചർച്ചാവേളയിൽ മുഴുവൻ ചർച്ചചെയ്യപ്പെട്ടതാണ്. കൂടുതലായി ഒന്നും ചർച്ചചെയ്യാൻ ഇല്ല. അതുകൊണ്ട് ബഹുമാനപ്പെട്ട സഭ ഈ നികുതിനിർദ്ദേശങ്ങൾ മുഴുവൻ അടങ്ങുന്ന ഫൈനാൻസ് ബിൽ എത്രയും വേഗം പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണപിള്ള : Sir, I move that the Kerala Finance Bill, 1985 as reported by the Subject Committee be recommitted to the same Subject Committee.

ശ്രീ. ഇ. പത്മനാഭൻ : സർ, ഞാൻ ഈ ഫൈനാൻസ് ബില്ലിനെ എതിർക്കുന്നു. ഇവിടെ, ഈ നികുതി നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കിയാൽ നമ്മുടെ സംസ്ഥാനത്ത് ബഡ്ജറ്റിൽ ഉദ്ദേശിച്ചപോലുള്ള വികസനവും വികസനേതരവുമായ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിയുമോ, അതിനുള്ള സാദ്ധ്യത ഉണ്ടോ എന്നുള്ളതാണ് ആദ്യം പരിശോധിക്കേണ്ടത്. അതിന് മുൻപായിത്തന്നെ നികുതി നിർദ്ദേശത്തിന്റെ കാര്യത്തിൽ നമ്മുടെ ധനകാര്യവകുപ്പുമന്ത്രി സ്വീകരിച്ചിരിക്കുന്ന ഒരു പ്രത്യേകത ഉണ്ട്, വരുമാനം ആർജ്ജിക്കുന്ന കാര്യത്തിൽ കഴിഞ്ഞ 1983-84 വർഷത്തെ ബഡ്ജറ്റിൽ, പല നിയമങ്ങളുടെയും അടിസ്ഥാനത്തിലുള്ള റേറ്റ്സും ഫീസും ടാക്സും എല്ലാം വർദ്ധിപ്പിക്കുന്നതിന് ഒരു കമ്മീഷനെ നിയമിക്കും എന്നും അതിന്റെ ശുപാർശ അനുസരിച്ചുതന്നെ അതിന് വർദ്ധനവ് ഉണ്ടാക്കും, 12 കോടി രൂപ അതുവഴി സമാഹരിക്കും എന്നുമാണ് പറഞ്ഞിരുന്നത്. ,എന്തായി ആ കമ്മിറ്റി റിപ്പോർട്ട് ? അതെവിടെയാണ് ? അതിന് ആളെ നിയമിച്ചോ ? കമ്മിറ്റി റിപ്പോർട്ട് എന്താണെന്നുള്ളതിനെക്കുറിച്ച് നിയമസഭയിൽ ഇതുവരെ പറഞ്ഞിട്ടില്ല. നിയമസഭയിൽ പ്രഖ്യാപിച്ചിട്ടുള്ള ഒരു കാര്യം ആണ്. അതിന്റെ വിശദാംശങ്ങൾ നിയമസഭയുടെ മുമ്പിൽ വയ്ക്കേണ്ടതാണ്. പക്ഷേ അത് വയ്ക്കാതെതന്നെ വർദ്ധനവുവരുത്തിയിട്ടുണ്ട്. മുമ്പൊരു ദിവസത്തെ ചർച്ചയിൽ ശ്രീ. കുഞ്ഞിക്കണ്ണൻ സൂചിപ്പിച്ചതുപോലെ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ ട്രൈബ്യൂണലിൽ കേസ് കൊടുക്കുന്നതിനുള്ള ഫീസ് 50 എന്നുള്ളത് 500 ആക്കി. ഒരു ട്രേഡ് യൂണിയൻ രജിസ്ട്രേഷന് 5 രൂപ എന്നുള്ളത് 50 രൂപയാക്കി. അങ്ങനെ 10 ഇരട്ടി വർദ്ധിപ്പിക്കുന്ന രീതിയിൽ റേറ്റ്സും ഫീസും വർദ്ധിപ്പിച്ചിരിക്കുന്നു. 12 കോടിരൂപ സമാഹരിക്കാൻ തീരുമാനിച്ചതിൽ യഥാർത്ഥത്തിൽ എത്ര സമാഹരിച്ചു ? കൃഷി വകുപ്പിൽനിന്നു മാത്രം കോടിക്കണക്കിന് രൂപ പിരിച്ചെടുക്കാവുന്ന തരത്തിലുള്ള ഭേദഗതികൾ വരുത്തിയിരിക്കുന്നു. ഇതൊന്നുംതന്നെ നിയമസഭയുടെ മുമ്പിൽ വയ്ക്കുക എന്നുള്ള ഒരു സ്ഥിതി ഇതുവരെ ഉണ്ടായിട്ടില്ല. അങ്ങനെ ക്രമരഹിതമായ രീതിയിൽ ആണ് ഇപ്പോൾ തീരുമാനം ഉണ്ടാകുന്നത്. എന്നാൽ നിയമപ്രകാരം ഉണ്ടാകേണ്ട തീരുമാനത്തിന്റെ പ്രശ്നം എന്താണ് ? അദ്ദേഹം സെയിൽസ് ടാക്സിനെപ്പറ്റി പരാമർശിക്കുമ്പോൾ എപ്പോഴും വർദ്ധിപ്പിച്ചതിന്റെ നിരക്ക് മാത്രമേ പറയുകയുള്ളൂ. പക്ഷേ മൂലധനംമുടക്ക് വ്യാപാരമേഖലയിൽ മുടക്കുന്ന പുതിയ മുതൽമുടക്ക് എത്രയെന്നും വ്യാപാരത്തിന്റെ വർദ്ധനവ് എത്രയെന്നും അത് അനുസരിച്ച് ഉണ്ടാകേണ്ടതായിട്ടുള്ള സെയിൽസ് ടാക്സ് എത്രയെന്നും ഉള്ളതിന്റെ ഒരു കണക്ക് അദ്ദേഹം പറയുന്നില്ല. എപ്പോഴും കച്ചവടക്കാരെ കൂടുതൽ സ്ക്രൂസ് ചെയ്യുന്ന കാര്യത്തെക്കുറിച്ചാണ് പറയുന്നത്. ഒരു കച്ചവടക്കാരനേയും സ്ക്രൂസ് ചെയ്യുന്നതല്ല സെയിൽസ് ടാക്സ്. ജനങ്ങളിൽ നിന്ന് ടാക്സ് ആയി കച്ചവടക്കാർ പിരിച്ചെടുക്കുന്നത്, മിസ്അപ്രോപ്രിയേറ്റ് ചെയ്യുന്നത് ഒഴിവാക്കുക മാത്രമാണ് സെയിൽസ്ടാക്സ് കളക്ഷൻ വഴി ചെയ്യുന്നത്. അതുകൊണ്ട് യഥാർത്ഥത്തിൽ എത്രയാണ് സെയിൽസ്ടാക്സ് പിരിക്കുന്നത് എന്നുള്ളത് കണക്കാക്കി അത് പൂർണ്ണമായും സംസ്ഥാനത്തിന് ഈടാക്കാൻ കഴിയുമോ എന്നുള്ളതാണ്. ന്യായമായും നിയമപരമായി പിരിക്കുന്ന ടാക്സ് അത് സർക്കാരിന് മുതൽകൂട്ടാക്കാത്തതിന് കഴിയാത്ത ഒരു സ്ഥിതിക്ക് ഇവിടെ വരുമ്പോൾ കച്ചവടക്കാരോട് ഏറ്റവും ഉദാരമായ മനോഭാവം, അതും

LIBRARY ARCHIVES Kerala Legislative Assembly

സ്ക്യൂസിങ്ങ് ആണ് എന്നു പറഞ്ഞുകൊണ്ടാണ് അദ്ദേഹം നൽകുന്നത്. ഈ സ്റ്റേറ്റിന്റെ സാമ്പത്തിക സ്ഥിതി ധനകാര്യവകുപ്പുമന്ത്രി ഇവിടെ വരച്ചുകാട്ടിയതും ഇന്നലത്തെ വിശദീകരണത്തോടുകൂടി ഏകദേശം പൂർത്തിയായിരിക്കുകയാണ്. ഇവിടെ ഇക്കൊല്ലത്തെ റവന്യൂ അക്കൗണ്ടിലുള്ളത്, ആകെ നീക്കി ബാക്കിയുള്ളത് 200 കോടി രൂപയാണ്. കഴിഞ്ഞ വർഷം അവസാനം കമ്മി 204 കോടി രൂപയാണ് എന്ന് ഇന്നലെ ഇവിടെ പറഞ്ഞു. 157 കോടി രൂപയുടെ കമ്മി ആ ബഡ്ജറ്റിൽ തന്നെ സൂചിപ്പിച്ചിട്ടും ഉണ്ട്. അത് രണ്ടും കൂടി ആയാൽ ഏകദേശം 361 കോടി രൂപ കമ്മിയാണ്. ഇവിടത്തെ നോൺപ്ലാൻ എക്സ്പെൻറിച്ചറിൽ ഒരു നയാപൈസയും ചുരുക്കാനുള്ള യാതൊരു മാർഗ്ഗവുമില്ല. അത് ഇവിടെ മാത്രമല്ല, ഇൻഡ്യാ ഗവൺമെൻറിന്റേയും സ്ഥിതി അതാണ്. ഇത് സംബന്ധിച്ച് ധനകാര്യ വിദഗ്ധൻമാരുടേയും മറ്റും ലേഖനങ്ങളും ബഡ്ജറ്റിനെ സംബന്ധിച്ചുള്ള റിവ്യൂവിൽ വന്നുകഴിഞ്ഞിരിക്കുകയാണ്. അവർ എടുത്തു പറഞ്ഞിട്ടുള്ള ചില കാര്യങ്ങളുണ്ട്..... Since non developmental expenditure is regarded as inflexible, cut in development outlay has to be catalystically accepted as inevitable.....ഇതാണ് സർ. അപ്പോൾ നോൺപ്ലാൻ എക്സ്പെൻറിച്ചർ കുറയ്ക്കാൻ ഉള്ള യാതൊരു സാദ്ധ്യതയും ഇന്ന് ഇല്ല. നോൺപ്ലാൻ എക്സ്പെൻറിച്ചർ പോലീസിനും പെൻഷനും, ഇൻറസ്റ്റ് പേമെൻറിനും അതുപോലുള്ള കാര്യങ്ങൾക്കും ആണ്. ഇത് കുറയ്ക്കാൻ ഗവൺമെൻറ് വിചാരിച്ചാൽ സാദ്ധ്യമല്ല. ആ രീതിയിൽ എടുത്തു പരിശോധിച്ചാൽ 355 കോടി രൂപയുടെ പദ്ധതി നടക്കുമെന്ന് പായുന്നെങ്കിലും യഥാർത്ഥത്തിൽ ആകെ ഈ ഗവൺമെൻറിന്റെ കൈയിൽ ഉണ്ടാകാൻ പോകുന്ന പണം ഇത് മാത്രമേയുള്ളു; ബഡ്ജറ്റിൽ പറയുന്ന തോതിൽ എല്ലാ കാര്യങ്ങളും ഉണ്ടായാൽ തന്നെ അതുകൊണ്ട് 7-ാം പഞ്ചവൽസര പദ്ധതിയുടെ 1-ാം വർഷത്തിൽ 385 കോടി രൂപയുടെ മുതൽമുടക്ക് ഉണ്ടാകും എന്നു പറയുന്നത് ആ യഥാർത്ഥമായിട്ടുള്ള ഒരു അവകാശവാദമാണ്. പദ്ധതിയെ സംബന്ധിച്ചിടത്തോളം അഖിലേന്ത്യാടിസ്ഥാനത്തിൽ നോക്കിയാൽ കമ്മിയും അതുപോലെ ഇതേരീതിയിലുള്ള വിഭവസമാഹരണത്തിനുള്ള പ്രയാസങ്ങളുംകൂടി കണക്കിലെടുത്താൽ അത് ഉണ്ടാകുമോ എന്നുള്ള കാര്യം ഇന്നും സംശയാസ്പദമായിത്തന്നെയാണ് ഇരിക്കുന്നത്.. മുഖ്യമന്ത്രിയുടേയും ധനകാര്യമന്ത്രിയുടേയും ഇന്നലത്തെ എല്ലാവിധത്തിലുമുള്ള വിശദീകരണങ്ങൾക്കുശേഷവും പ്രശ്നം അതേപോലെ അവശേഷിക്കുകയാണ്.

ഓവർഡ്രാഫ്റ്റ് 1200-ൽ ചിലവാനം കോടി രൂപയുടേത് കൈകാര്യം ചെയ്യണമെങ്കിൽ വിവിധ മാർഗ്ഗങ്ങളിലൂടെ, വിവിധ കാലഘട്ടങ്ങളിലൂടെ കൊല്ലം മുഴുവൻ ഖജനാവിൽ വരേണ്ട പണം ചെലവഴിക്കേണ്ടതായിട്ടാണ് ഈ ബഡ്ജറ്റ് പ്രകാരം കാണുന്നത്. അതിന് ആവശ്യമാണെങ്കിൽ ഒരു 'കുഷൻ'—അദ്ദേഹത്തിന്റെ ഭാഷ ഞാൻ കടം എടുക്കുകയാണ്—വേണമെന്നുണ്ടെങ്കിൽ അതിന്റെ ഏകദേശം ഒരു 20 ശതമാനത്തോളം വരുന്ന തുക ഓവർഡ്രാഫ്റ്റായി ഉണ്ടാക്കാൻ കഴിയണം. ഓവർഡ്രാഫ്റ്റ് ലോൺ ആക്കിയതുകൊണ്ട് എന്താണ് ഗുണം? മുമ്പിലത്തെപ്പോലെ ഫ്ളക്സിബിലിറ്റി ബഡ്ജറ്റിൽ ഉണ്ടാക്കാൻ കഴിയുന്നില്ല എന്നുള്ളതാണ്; ഇതിൻമേൽ ഓവർഡ്രാഫ്റ്റ് ഇല്ല എന്നുള്ള തീരുമാനംകൊണ്ട് ഉണ്ടാകുന്നത്. ആകെ ഓവർഡ്രാഫ്റ്റായി നിലനിന്ന 13 ശതമാനം പലിശയിളവ് ഇപ്പോൾ 5 ശതമാനം പലിശ കുറച്ച് 8 ശതമാനമായി സ്ഥിരീകരിച്ചു എന്നു മാത്രമേയുള്ളു.

സർ, ഇതുവരെയുള്ള ബഡ്ജറ്റിന്റെ മെക്കാനിസം അനുസരിച്ച് ധനവിനിയോഗത്തിനുള്ള സാദ്ധ്യത, ഈ ഓവർഡ്രാഫ്റ്റ് ഇല്ലാത്തതിന്റെ പേരിൽ ധനകാര്യമാനേജ്മെൻറിന്റെ കാര്യത്തിൽ ഏറ്റവും ക്ലേശകരമായിട്ടുള്ള ഒരു

LIBRARY ARCHIVES, Kerala Legislative Assembly

സ്ഥിതിവിശേഷം ഉണ്ടായിരിക്കുകയാണ്. റിസർവ്വ് ബാങ്ക് പേമെൻറ് നിർത്തേണ്ട; ധനകാര്യ മന്ത്രിക്കുതന്നെ പേമെൻറ് നിർത്തേണ്ടിവരും എന്ന വ്യത്യാസം മാത്രമേ ഉണ്ടാകുന്നുള്ളു. അതല്ലാതെ ഇൻഡ്യയിൽ ആകെയുള്ള സാമ്പത്തിക മാനേജ്മെൻറിൽ എന്തെങ്കിലും ഗുണം ഉണ്ടായിയെന്നു പറയുന്നില്ല. സാമ്പത്തിക മാനേജ്മെൻറിനെപ്പറ്റി ധനകാര്യമന്ത്രി ചില അവകാശവാദങ്ങൾ ഉന്നയിച്ചു. 92കോടി രൂപ അദ്ദേഹത്തിൻെറ കഴിവു കാണ്ട് കഴിഞ്ഞ പ്രാവശ്യത്തെ ചെലവിൽനിന്ന് കുറച്ച് കമ്മി 204 കോടി രൂപയ്ക്കി. മാനേജ്മെൻറ് കുറച്ചതല്ല. കൊടുക്കേണ്ട പണം കൊടുക്കേണ്ട എന്നു തീരുമാനിച്ചു. ശ്രീ. അവുക്കാദർ കുട്ടിനഹ അസംബ്ലിയിൽ വരാത്തത് രോഗം കൊണ്ടാണോ എന്ന് എനിക്ക് സംശയമുണ്ട്. അദ്ദേഹം പുറപ്പെടുവിച്ച ഉത്തരവിന് പണം കൊടുക്കാൻ കഴിയാത്ത സ്ഥിതിവിശേഷം ആവർത്തിക്കാൻ കഴിയാത്തതുകൊണ്ടാണ് ഉപമുഖ്യമന്ത്രി അസംബ്ലിയിൽ വരാതിരിക്കുന്നത്. അങ്ങനെ കൊടുക്കേണ്ട പണം കൊടുക്കാതെ, നിരവധി പേമെൻറുകൾ മാററിവച്ചിട്ടാണ് 92 കോടി രൂപ മിച്ചംവച്ചിരിക്കുന്നത്. അതല്ലാതെ സാമ്പത്തിക മാനേജ്മെൻറിൽ ഒരു സ്ക്കില്ലും കാണിക്കാൻ ധനകാര്യമന്ത്രിക്ക് കഴിഞ്ഞിട്ടില്ല. അതുകൊണ്ടല്ല ഇത് ഉണ്ടായിട്ടുള്ളത്. വേയ്സ് ആൻറ് മീൻസ് അഡ്വാൻസിൽ ഒതുങ്ങി നിന്ന് ഇപ്പോഴും ബഡ്ജറ്റ് ഓപ്പറേറ്റ് ചെയ്യാൻ കഴിയാത്ത സ്ഥിതിവിശേഷമാണ് ഉള്ളത്.

ഇനി അടുത്ത പ്രശ്നം വരാൻ പോകുന്നത് ശമ്പളപരിഷ്ക്കരണത്തെപ്പറ്റിയാണ്. ക്ഷാമബത്ത 500 കോടി രൂപ കൊടുത്തു, അതുകൊണ്ടാണ് പ്രയാസം വന്നതെന്നാണ് ഗവൺമെൻറ് പറഞ്ഞത്. ഇൻഡ്യയിൽ വിലവർദ്ധനവ് ഉണ്ടാകുമെന്നും അതുവഴി ക്ഷാമബത്ത കൊടുക്കേണ്ടിവരും എന്നും അറിഞ്ഞുകൂടാത്ത പ്ലാനിംഗ് വിദഗ്ദ്ധൻമാരും ധനകാര്യമന്ത്രിയുമാണ് ഇൻഡ്യയിൽ ഉള്ളതെന്നാണ് ഇപ്പോഴും ഞങ്ങളോട് പറയുന്നത്. ഇനി അടുത്ത വർഷം പ്ലാനിംഗ് ഈ രീതിയിൽ പോകുകയാണെങ്കിൽ 7-ാം പഞ്ചവൽസര പദ്ധതിയിൽ 1100 കോടി രൂപ കമ്മിവരും. അതുപോലെ കഴിഞ്ഞ അഞ്ചു വർഷത്തെ കമ്മി നോക്കിയാൽ 1600 കോടി രൂപക്കാണ് കമ്മി വച്ചുപോകുന്നത്. എങ്ങനെയാണ് 2100 കോടി രൂപയുടെ 7-ാം പഞ്ചവൽസര പദ്ധതി നടപ്പിലാക്കാൻ പോകുന്നത് ? 7-ാം പഞ്ചവൽസരപദ്ധതിയുടെ ഒന്നാം വർഷംതന്നെ ഒന്നും നടക്കാൻ പോകുന്നില്ല. 7-ാം പഞ്ചവൽസര പദ്ധതി മുഴുവൻ ഏറ്റവും ദയനീയമായിത്തീരാൻ പോകുകയാണ്. അത് മാത്രമല്ല, യാതൊരു ലക്കും ലഗാനുമില്ല. നമ്മുടെ ഇറിഗേഷൻ മന്ത്രി 22-ാം നൂറ്റാണ്ടിൽ എത്തിക്കഴിഞ്ഞിരിക്കുകയാണ്. 21-ാം നൂറ്റാണ്ടിലേക്ക് ആവശ്യമായ പൈപ്പ് മുഴുവൻ അദ്ദേഹം വാങ്ങിക്കഴിഞ്ഞു. ഇനി വാങ്ങേണ്ടത് 22-ാം നൂറ്റാണ്ടിലേക്കുള്ളതാണ്. ഉള്ള പണം ചെലവാക്കണമെന്നു മാത്രമേയുള്ളു. ഈ രാജ്യത്തെ ജനങ്ങളിലെ പണം ചെലവാക്കണമെന്നു മാത്രമാണ് അദ്ദേഹത്തിൻെറ വിചാരം. വികസനപ്രവർത്തനങ്ങൾക്കോ ലാഭകരമായോ പണം ചെലവാക്കണമെന്നുള്ള രീതിയിലല്ല വിനിയോഗിക്കുന്നത്. രാമകൃഷ്ണൻ ഇലക്ട്രിക് പ്രോജക്ടിന് ലൈൻ വലിക്കാത്തതുകൊണ്ടാണെന്നാണ് മന്ത്രി പറഞ്ഞത്. ഈ രീതിയിൽ 50 കോടി രൂപ ചെലവാക്കി പൈപ്പിലൂടെ ദീർഘവീക്ഷണം നടത്തുന്ന സ്വഭാവം മാറണം. ഇലക്ട്രിസിറ്റി അവിടെയെത്തിക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ പുതിയ വ്യവസായങ്ങൾ ഈ രാജ്യത്ത് വരുമായിരുന്നു. ഈ രീതിയിൽ പിടിപ്പുകേട് കാണിക്കുന്ന ഒരു മന്ത്രിസഭയും ഭരണവുമാണ് ഇവിടെ നടക്കുന്നത്. ഇതുകൊണ്ട് യാതൊരു കാര്യവുമില്ല; ബഡ്ജറും മൈനർദിന മാനേജ്മെൻറും ഒക്കെ താറാറിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശമ്പളപരിഷ്ക്കരണത്തിനുവേണ്ടി 1982 ഒക്ടോബർ മാസത്തിൽ ശമ്പള കമ്മീഷനെ വച്ചതാണ്. വർഷം മൂന്ന് തികഞ്ഞു. കേരള ചരിത്രത്തിൽ ഒരിക്കലും ഇതുപോലുള്ള ഒരു സ്ഥിതിവിശേഷം ഉണ്ടായിട്ടില്ല. ഇനി ഇപ്പോഴും ചർച്ചയും ഇല്ലെന്നുള്ള പ്രഖ്യാപനം കഴിഞ്ഞു. ഈ സർക്കാരിന്റെ മുൻപിൽ ജീവനക്കാർ തങ്ങളുടെ വേതനം പരിഷ്ക്കരിക്കണമെന്ന് അംഗീകൃത മാനദണ്ഡമനുസരിച്ച് പറഞ്ഞാൽ അത് അംഗീകരിക്കാൻ എന്താണ് കുഴപ്പം? 1983 ജൂലൈ ഒന്നു മുതൽ ശമ്പളപരിഷ്ക്കരണം അംഗീകരിക്കാമെന്ന് മുഖ്യമന്ത്രി പറഞ്ഞു. മറ്റ് കീഴ്വഴക്കങ്ങളെ പാലിക്കണമെന്ന് അദ്ദേഹം ശക്തമായി പറഞ്ഞു. ഗോപാലൻ നമ്പ്യാർ അദ്ദേഹത്തിന്റെ റിപ്പോർട്ടിന്റെ കൺക്ലൂഷനിൽ പറഞ്ഞിരിക്കുന്നത് 1-7-1983 മുതൽ ശമ്പളം പരിഷ്ക്കരിക്കണമെന്നും, കമിറ്റ്മെന്റ് ഉണ്ടെന്നാണ്. അതുകൊണ്ട് എല്ലാ കണക്കുകൂട്ടലും അദ്ദേഹം ആ തീയതി വച്ച് നടത്തി. മുഖ്യമന്ത്രിയോട് എന്നു മുതൽ ശമ്പളപരിഷ്ക്കരണം നടത്തുമെന്ന് ചോദിച്ചപ്പോഴും ഇന്നും ഒളിച്ചുകളി നടത്തുകയാണ്. വരുന്ന ഏഴാം തീയതി മുതൽ ഏതായാലും ഈ രാജ്യത്ത് വലിയ ഒരു അത്യാഹിതം സംഭവിക്കാൻ പോകുകയാണ്. മുഖ്യമന്ത്രിയുടെ അനുയായികൾ എന്നു പറഞ്ഞു നടക്കുന്നവർ ഉൾപ്പടെ ഉള്ളവർ മുൻകൈയെടുത്തിരിക്കുകയാണ്. നീതിരഹിതമായി അവരെ പററിക്കുന്ന, സർക്കാരിന്റെ തത്വദീക്ഷയില്ലാത്ത, ഈ നയത്തിനെതിരായി ശക്തമായ പണിമുടക്കിന് ആഹ്വാനം ചെയ്തിരിക്കുകയാണ്, ധനകാര്യമന്ത്രിയുടെ അനുയായി എന്നു പറഞ്ഞു നടക്കുന്നവരും ഈ കൂട്ടത്തിലുണ്ട്. സർക്കാർ ജീവനക്കാരുടെ പോക്കറടിച്ച് വരുമാനം ഉണ്ടാക്കാമെന്നുള്ള ലാക്കാണോ? ഡൈസ്നോൺ വഴി മൂപയുണ്ടാക്കാനാണോ ഈ ഫിനാൻസ് ബിൽ? കുറച്ച് ഡൈസ്നോൺ എങ്ങനെയെങ്കിലും അടിച്ചേൽപ്പിച്ചാൽ അതുകൊണ്ടുതന്നെ പണം ഉണ്ടാക്കാമെന്ന ലാക്കിലാണ് നിൽക്കുന്നത്. ഈ ഗവൺമെന്റിന് ധാർമ്മികമായ യാതൊരു സമീപനവുമില്ല. സ്വന്തം ജീവനക്കാരോട് കാണിക്കുന്ന ഈ സമീപനത്തെ അംഗീകരിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് ഞാൻ ഈ ഫിനാൻസ് ബില്ലിനെ എതിർക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി: ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. പി. പി. തങ്കച്ചൻ :: സർ, ഞാൻ ഈ ഫിനാൻസ് ബില്ലിനെ പൂർണ്ണമായി പിൻതാങ്ങുകയാണ്. എന്റെ സ്നേഹിതൻ ശ്രീ. പത്മനാഭൻ സംസാരിച്ചപ്പോഴും വളരെയേറെ കാര്യങ്ങളും പറഞ്ഞുവെങ്കിലും ഫിനാൻസ് ബിൽ പാസ്സാക്കി കൊടുക്കാതിരിക്കാൻ വേണ്ടി എന്തെങ്കിലും കാര്യങ്ങളെ സംബന്ധിച്ച് അദ്ദേഹം പറഞ്ഞുകേട്ടില്ല. നേരേമറിച്ച് നമ്മുടെ ധനകാര്യ മന്ത്രി, ചുരുങ്ങിയ വാചകങ്ങളിലൂടെയാണെങ്കിലും ഫിനാൻസ് ബില്ലിന്റെ പ്രസക്തി എന്താണെന്നും എന്തുകൊണ്ടാണ് ഫിനാൻസ് ബിൽ അവതരിപ്പിക്കേണ്ടിവന്നത് എന്നും പ്രതിപാദിച്ചു. ആ കാര്യങ്ങളൊന്നും ശരിയല്ലെന്നുള്ള വാദമുഖം ശ്രീ. പത്മനാഭന്റെ പ്രസംഗത്തിൽ കണ്ടില്ല. പ്രതിപക്ഷമെന്ന നിലയിൽ എല്ലാ കാര്യങ്ങളേയും വിമർശിക്കുകയെന്ന സമീപനം അല്ലാതെ മറ്റ് ക്രിയാത്മകമായ രീതിയിലുള്ള ഒരു വിമർശനം ശ്രീ. പത്മനാഭന്റെ പ്രസംഗത്തിൽ കണ്ടില്ല. ഫിനാൻസ് ബില്ലിനെ പിന്താങ്ങാൻ എനിക്ക് കൂടുതൽ സന്തോഷമുണ്ട്. നായനാർ ഗവൺമെന്റിന്റെ ദീർഘവീക്ഷണമില്ലായ്മയുടേയും ഉത്തരവാദിത്വമില്ലായ്മയുടേയും. ഫലമായി ഉണ്ടായിട്ടുള്ള വിനകളുടെ അടിസ്ഥാനത്തിലാണ് ഈ ബിൽ കൊണ്ടുവന്നത്. റവന്യൂ വരുമാനത്തിനുള്ള കാലതാമസവും നഷ്ടവും ഒഴിവാക്കാൻ വേണ്ടിയാണ് ഫിനാൻസ് ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഇന്ന് രാവിലെ ഈ സഭയിൽ നമ്മുടെ ബഹുമാന്യനായ മുഖ്യമന്ത്രി പഞ്ചാബ് പ്രശ്നം പരിഹരിക്കാൻ ശ്രീ. രാജീവ് ഗാന്ധിയെടുത്ത സുധീരമായ നടപടികളെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

പരാമർശിക്കുകയുണ്ടായി. ഇൻഡ്യയിലെ ജനകോടികളും വളരെയേറെ സന്തോഷത്തോടുകൂടിയാണ് ആ വാർത്ത വായിച്ചറിഞ്ഞത്. എനിക്ക് ഒരു കാര്യത്തിൽ വളരെയേറെ സന്തോഷമുണ്ട്. നമ്മുടെ മുഖ്യമന്ത്രി ഈ കാര്യം സഭയെ അറിയിച്ചപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ആ തീരുമാനത്തെ സ്വാഗതം ചെയ്തു പ്രസംഗിച്ചു. എന്തുകൊണ്ടാണെന്ന് എനിക്കറിയുകയില്ല അദ്ദേഹം അങ്ങനെ ചെയ്തത്. സാധാരണ ഇതുപോലുള്ള സന്ദർഭങ്ങളിൽ ഇൻഡ്യയിലെ പ്രതിപക്ഷകക്ഷികളും, പ്രത്യേകിച്ച് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി അതിന്റെ സെക്രട്ടേറിയറ്റ് അടിയന്തിരമായി കൂടി അതിൽ അവരുടെ പ്രതികരണം അറിയിക്കുമായിരുന്നു.

ശ്രീ. കെ. ഇ. ഇസ്മയിൽ : ശ്രീ. രാജീവ് ഗാന്ധിയുമായി ചേർന്ന് പഞ്ചാബ് പ്രശ്നം പരിഹരിക്കാൻ ഉണ്ടാക്കിയ തീരുമാനം രണ്ടുവർഷം മുമ്പ് ഇൻഡ്യയിലെ എല്ലാ പ്രതിപക്ഷകക്ഷികളും ചേർന്നു വച്ച നിർദ്ദേശമാണ്. അന്ന് അതിനെ അംഗീകരിക്കാമായിരുന്നു. ആയിരക്കണക്കിന് ആളുകളുടെ ജീവനും നമ്മളെല്ലാം വിലമതിക്കുന്ന നമ്മുടെ പ്രധാനമന്ത്രിയായിരുന്ന ശ്രീമതി ഇന്ദിരാഗാന്ധിയുടെ ജീവനും രക്ഷിക്കാൻ കഴിയുമായിരുന്നു. ഇത്രയേറെ കാലതാമസം വരുത്തി ഇത്രയേറെ വിനാശം ഈ രാജ്യത്ത് ഉണ്ടാക്കിയതിന്റെ ഉത്തരവാദിത്വം ആർക്കാണ് ?

ശ്രീ. പി. പി. തങ്കച്ചൻ : സർ, അത് ശരിയല്ല. ഇന്നത്തെ ഒത്തുതീർപ്പ് വ്യവസ്ഥയിൽ എട്ടിന കരാറാണ് ഉണ്ടായിട്ടുള്ളത്. ആ കരാറിൽ പറഞ്ഞിട്ടുള്ള ഒന്നുരണ്ട് കാര്യങ്ങളിലാണ് പ്രതിപക്ഷകക്ഷികളുടെ നിർദ്ദേശങ്ങൾ ഉൾക്കൊണ്ടിട്ടുള്ളത്. ആ കാര്യങ്ങളെ സംബന്ധിച്ച് പ്രതിപക്ഷപാർട്ടിക്കോ ഭരണകക്ഷിക്കോ ആർക്കും തർക്കമില്ലായിരുന്നു.

ശ്രീ. വി. കെ. രാജൻ : ഇന്ന് ഇപ്പോൾ ശ്രീ. രാജീവ് ഗാന്ധിയും ലോംഗോവാളും തമ്മിൽ ഒത്തുതീർപ്പ് ഉണ്ടായി. നമ്മളെല്ലാം അത് അംഗീകരിക്കുന്നു. പണ്ടുമുതലേ ഉണ്ടായിട്ടുള്ള കാര്യമാണ്. പഞ്ചാബ് പ്രശ്നത്തിൽ അകാലിദളുമായി ഒത്തുതീർപ്പ് ഉണ്ടാക്കിയ സാഹചര്യത്തിൽ ഇവിടെ അകാലിദളുമായി ഒത്തുതീർപ്പ് ഉണ്ടാക്കി ബാലകൃഷ്ണപിള്ളയെ മോചിപ്പിക്കണം. ശ്രീ. ബാലകൃഷ്ണപിള്ള ഇപ്പോൾ പുറത്തു നിൽക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബാലകൃഷ്ണപിള്ളയെ വിളിച്ച് ചർച്ചചെയ്തു. അദ്ദേഹത്തിന്റെ ഇപ്പോഴത്തെ അവസ്ഥയിൽനിന്ന് മോചിപ്പിക്കണം.

ശ്രീ. പി. പി. തങ്കച്ചൻ : സർ, ഈ പ്രശ്നത്തിന് മറുപടി പറയാൻ അറിയാൻ പാടില്ലാത്തതുകൊണ്ടല്ല. ഇൻഡ്യൻ നാഷണൽ കോൺഗ്രസ് പ്രവർത്തകൻ എന്ന നിലയിൽ ഞാൻ കോടതികളെ വളരെയേറെ ബഹുമാനിക്കുന്നുണ്ട്. ഈ പ്രശ്നം കോടതിയിൽ ഇരിക്കുന്നതുകൊണ്ട്, അത് സബ് ജുഡീസ് ആകുമെന്നുള്ളതുകൊണ്ട് ഞാൻ മറുപടി പറയുന്നില്ല. സാധാരണ ഇത്തരം പ്രധാനപ്പെട്ട സംഭവങ്ങളും നടക്കുമ്പോഴും ഉത്തരവാദിത്വമുള്ള രാഷ്ട്രീയ പ്രസ്ഥാനം എന്ന നിലയ്ക്ക് അപ്പോഴത്തന്നെ അതിന്റെ പ്രതികരണം ഉണ്ടാകേണ്ടതാണ്. ഇന്ദിരാഗാന്ധി വധം നടന്നപ്പോഴും ഗ്രസ്റ്റാർ ഓപ്പറേഷൻ നടന്നപ്പോഴുമൊക്കെ പത്രങ്ങളിൽ അതിന്റെ പ്രതികരണങ്ങളും വന്നിരുന്നു. ഇന്നലെ അഞ്ചര മണിക്ക് ഈ തീരുമാനം പാർലമെന്റിന്റെ ഇരുസഭകളിലും നമ്മുടെ പ്രധാനമന്ത്രി അറിയിച്ചപ്പോഴും കരഘോഷം മുഴക്കിക്കൊണ്ട് എല്ലാ പേരും ഐകകണ്ഠ്യേന അംഗീകരിച്ചതാണെങ്കിൽപോലും അതിനെ സംബന്ധിച്ച് ഒരു പ്രതികരണം മാർക്സിസ്റ്റ് പാർട്ടിയുടെ ഭാഗത്തുനിന്നോ അല്ലെങ്കിൽ പ്രതിപക്ഷ പാർട്ടികളുടെ ഭാഗത്തുനിന്നോ ഉണ്ടായതായി ഇന്ന് പത്രങ്ങളിൽ വായിക്കാൻ ഇടയായില്ല. അവരിൽ ചില വിഭാഗം ആളുകൾക്ക് ഒരു പ്രധാനപ്പെട്ട പ്രശ്നം പരിഹരിച്ചു എന്നുള്ളതിലുള്ള നിരാശ.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : സാർ, പഞ്ചാബ് പ്രശ്നത്തിൽ ലോംഗോവാളിന്റെ കക്ഷിയും പ്രധാനമന്ത്രിയുമായി ഇന്നലെയുണ്ടായ ഒത്തുതീർപ്പിനു സാഹചര്യമുണ്ടാക്കിയതിൽ മുഖ്യമായ പങ്ക് വഹിച്ചത് പ്രതിപക്ഷപാർട്ടികളാണെന്ന് അറിയാമോ ?

ശ്രീ. പി.പി. തങ്കച്ചൻ : സർ, ഞാൻ അതിനെക്കുറിച്ചൊന്നും പറയുന്നില്ല. പ്രതിപക്ഷപാർട്ടികൾക്ക് ഇന്ന് ഇൻഡ്യയിലുള്ള സ്വാധീനം, പാർലമെന്റിൽ അവർക്കുള്ള സ്വാധീനം, ബഹുജനപിന്തുണ, ഇത്തരം കാര്യങ്ങളിലുള്ള അവരുടെ ക്രിയാത്മക സമീപനം ഇതിലൊക്കെ നിരാശാജനകമായ അനുഭവമാണ് നമുക്കുള്ളത്.....(ബഹളം).....ഇനിയും ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിനേയും ഇൻഡ്യൻ നാഷണൽ കോൺഗ്രസ് സിനേയും പഴിചാരാനൊക്കുകയില്ല എന്ന നിരാശ അവർക്കുണ്ടായിരിക്കും. എന്തായാലും കേരളത്തിൽപോലും ഒരു ക്രിയാത്മക പ്രതിപക്ഷം ഇല്ലാതെപോയി എന്നുള്ളത് നിർഭാഗ്യകരമായിപ്പോയി. കഴിഞ്ഞ പത്തറുപതു വർഷക്കാലമായി ഇത്തരത്തിലുള്ള അവസരത്തിനൊത്ത സമീപനത്തിന്റെ ഫലമായി പാർലമെന്റ് തെരഞ്ഞെടുപ്പിലും അസംബ്ലിതെരഞ്ഞെടുപ്പിലും ഏറ്റവും ഒടുവിൽ കൽക്കട്ട കോർപ്പറേഷൻ തെരഞ്ഞെടുപ്പിൽപ്പോലും അവർക്ക് പരാജയമാണുണ്ടായിട്ടുള്ളത്. ബഹുമാനപ്പെട്ട നായനാർ ഇന്നലെ കൽക്കട്ട കോർപ്പറേഷൻ തെരഞ്ഞെടുപ്പിനെപ്പറ്റി ഇവിടെ പറഞ്ഞു. ഒരു കാര്യം അതു സംബന്ധിച്ച് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അവിടെ റിബൽ കാൻഡിഡേറ്റായി നിന്ന മാർക്സിസ്റ്റ് പാർട്ടിയിലുള്ള ഒരാളെ പാർട്ടിയിൽനിന്നു പുറത്താക്കി. അദ്ദേഹം പ്രതിപക്ഷത്തിന്റെ സഹായത്തോടെ പ്രതിപക്ഷത്തിന്റെ വോട്ടു വാങ്ങി ജയിച്ചു. മേയർ തെരഞ്ഞെടുപ്പിന് ഒരാളിന്റെ കുറവു വന്നപ്പോൾ പാർട്ടിയിൽനിന്നു പുറത്താക്കിയ ആ സുഹൃത്തിനെ തിരിച്ചു പാർട്ടിയിലേക്ക് സ്വാഗതം ചെയ്ത മാർക്സിസ്റ്റ് പാർട്ടിയിലെ ശ്രീ. നായനാർ ഇന്നലെ ഇവിടെ രാഷ്ട്രീയ മര്യാദകളെക്കുറിച്ച് പറയുന്നതുകേട്ടപ്പോൾ ഞങ്ങൾക്കതൊരു തമാശയായിട്ടാണ് തോന്നിയത്. അവസരത്തിനൊത്ത് എന്തും ചെയ്യാൻ മടിക്കാത്ത അവരുടെ ആ പഴയ നയം ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. കേരള അസംബ്ലിയിൽതന്നെ എന്താണ് അവർ ചെയ്യുന്നത് ? പഴയ കുറെ കഥകളുടെ അടിസ്ഥാനത്തിൽ ഇല്ലാത്ത കുറെ ആരോപണങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കുന്നു. പ്രധാനപ്പെട്ട പ്രശ്നങ്ങളിൽ ഗവൺമെന്റ് സ്വീകരിക്കുന്ന നയത്തിൽ എന്തെങ്കിലും പാകപ്പിഴകൾ പ്രതിപക്ഷപാർട്ടികളുടെ ഭാഗത്തുനിന്നു ചൂണ്ടിക്കാണിക്കുന്നില്ലെന്നുള്ളതുകൊണ്ട് കഴിഞ്ഞ മൂന്നു വർഷക്കാലമായുള്ള ഈ ഗവൺമെന്റിന്റെ സമീപനം ക്രിയാത്മകമാണെന്ന് അവരും സമ്മതിക്കുന്നു എന്നാണർത്ഥം. വരൾച്ച, വെള്ളപ്പൊക്കം, നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റം, അവകാശസമരങ്ങൾ തുടങ്ങിയ പ്രശ്നങ്ങളുടെ നേർക്ക് ഈ ഗവൺമെന്റ് സ്വീകരിക്കുന്ന സമീപനം വളരെ ക്രിയാത്മകമാണ്, എന്നുള്ളതിൽ യാതൊരു തർക്കവുമില്ല. എല്ലാ കാര്യങ്ങളേയും രാഷ്ട്രീയമായി എതിർക്കാതെ അഖിലേന്ത്യാ ലീഗിലെ സുഹൃത്ത് പറഞ്ഞതുപോലെ നല്ല കാര്യങ്ങൾ നല്ലതെന്നു തുറന്നുപറയാനും പ്രശ്നങ്ങളിലെ നല്ലതും ചീത്തയും നോക്കിക്കണ്ട് അതിനെ സമീപിക്കാനുമുള്ള ഒരു നിലപാട് എല്ലാ പ്രതിപക്ഷകക്ഷികളും സ്വീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. വി. സുരേന്ദ്രനാഥ് : സർ, ഞാൻ ഈ ബില്ലിനെ എതിർക്കുന്നു. ഈ ബില്ല് ഇരുപത്തിരണ്ടര കോടി രൂപയുടെ അധിക വരുമാനം ഗവൺമെന്റിന് ഉണ്ടാക്കാൻ വേണ്ടിയാണെന്നാണ് പറയുന്നത്. ഇത് നിലവിലുള്ള 6 നികുതി നിയമങ്ങളുടെ ഭേദഗതി ഉണ്ടാക്കാൻവേണ്ടിയാണ്. അതിൽ

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റവും പ്രധാനപ്പെട്ടത് 15 കോടി രൂപയുടെ അധികവിൽപന നികുതിയാണ്. ഈ അധികവിൽപ്പന നികുതി നാണയപ്പെരുപ്പവും മറ്റു ബുദ്ധിമുട്ടൊന്നും ഉണ്ടാക്കുകയില്ലെന്നാണ് ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞത്. വിലക്കയറ്റം ഉണ്ടാകുകയില്ല. ആളുകൾക്ക് ബുദ്ധിമുട്ടുണ്ടാകുകയില്ല എന്നൊക്കെ പറഞ്ഞ് നമ്മുടെ വരുമാനത്തിന്റെ ഘടന നോക്കുകയാണെങ്കിൽ കഴിഞ്ഞ അഞ്ചുകൊല്ലമായി നികുതിയിനത്തിൽ പെട്ട വരുമാനത്തിന്റെ തോത് ക്രമമായി പെരുകിപ്പെരുകി വരികയാണ്. നികുതിയേതര വരുമാനത്തിന്റെ തോത് ക്രമമായി ചുരുങ്ങി വരികയുമാണ്. നമ്മുടെ നികുതിവരുമാനം മൊത്തം വരുമാനത്തിന്റെ എഴുപത്തഞ്ചര ശതമാനമായി വർദ്ധിച്ചിരിക്കുന്നു. നികുതിയേതര വരുമാനം 1984-ലെ 44-ൽ നിന്നും 21 ആയി ചുരുങ്ങിയിരിക്കുന്നു. ഈ പോക്ക് നല്ലതിനാണോ ? ഈ വിൽപന നികുതിയില്ലായിരുന്നെങ്കിൽ സർക്കാരും ധനകാര്യമന്ത്രിയും എന്തു ചെയ്യുമായിരുന്നു ? ഒന്നും ചെയ്യാനില്ല. മുകളിലോട്ടു നോക്കി നാമം ജപിക്കുമായിരുന്നു. വിൽപ്പന നികുതി പെരുപ്പിച്ചു കാണിച്ചിട്ട് ഏപ്രിൽ മാസത്തിൽ അദ്ദേഹം ബഡ്ജറ്റ് ചർച്ചയ്ക്കിടക്ക് ഒരു പ്രഖ്യാപനം നടത്തി : ഇത്ര വിൽപന നികുതി അടങ്കൽ 370 കോടി രൂപ ആക്കിയിരിക്കുന്നുവെന്ന്. ഞാൻ അന്വേഷിച്ചപ്പോഴാ ഈ 370-ൽ നല്ലൊരു ഭാഗം ഇക്കൊല്ലത്തെ അഡ്വാൻസ് പിരിവാണ്. ഇക്കൊല്ലത്തേതുകൂടി മുൻകൂട്ടി വാങ്ങി അതുംകൂടി കണക്കിൽ ചേർത്ത് 370 ആക്കിയിരിക്കുന്നു.

<u>ശ്രീ. കെ. എം. മാണി :</u> മിസ്റ്റർ സുരേന്ദ്രനാഥ് ഒരു കാര്യം മനസ്സിലാക്കണം. ഈ കൊല്ലത്തെ അഡ്വാൻസ് കളക്ഷനിൽ ഒരു അഡീഷണൽ അഡ്വാൻറേജും ഇല്ല. ഈ കൊല്ലത്തേത് കഴിഞ്ഞ കൊല്ലം പിരിക്കുകയുണ്ടായി.....(ബഹളം).....12 മാസത്തിലധികം പിരിച്ചിട്ടുണ്ടെങ്കിൽ മാത്രമേ ഈ ഒരു പ്രത്യേക വർഷം അഡീഷണൽ അഡ്വാൻറേജ് കളക്ഷനാകുകയുള്ളൂ.....(ബഹളം).....

<u>ശ്രീ. കെ. വി. സുരേന്ദ്രനാഥ് :</u> സർ, ഇതിൽനിന്ന് ഇരുപത്തിരണ്ടര കോടി രൂപ, മുടിഞ്ഞുപോകാൻ ഈ സർക്കാരിന് കൊടുക്കാമെന്നുവച്ചാൽത്തന്നെ അങ്ങനെ ഒരു ശാപത്തോടുകൂടി കൊടുത്തിട്ടു വല്ല പ്രയോജനവുമുണ്ടോ ? ഈ പണം എന്തിനാണ് ചെലവഴിക്കുന്നത് ? ഇന്നലെ ഇവിടെ പറയുന്നതുകേട്ടു 330 കോടി രൂപയുടെ വാർഷിക പദ്ധതി ഇവിടെ നടപ്പാക്കുമെന്ന്. സത്യത്തിൽ നമുക്കു ഒരു പ്ലാനുമില്ല. ഞാൻ എന്റെ മണ്ഡലത്തിലെ അനുഭവം പറയാം. എൻ. ആർ. ഇ. പി. പദ്ധതിയിൽ 14.3 ലക്ഷം രൂപ നെടുമങ്ങാടു ബ്ലോക്കിന് അനുവദിച്ചു. മുൻവർഷത്തെക്കാൾ 4 മടങ്ങ് കുറവാണിത്. ഈ സംഖ്യയിൽനിന്നുതന്നെ 17 ലക്ഷം രൂപ കഴിഞ്ഞ വർഷത്തെ വർക്കിന്റെ പേമെന്റിനുള്ളതാണ്. ബാക്കി ഒരു ലക്ഷത്തി ഇരുപതിനായിരം രൂപ എന്റെ നിയോജക മണ്ഡലത്തിലെ ഒരു ബ്ലോക്കിലെ 6 വില്ലേജുകൾക്ക് ഒരു വർഷത്തേക്കുള്ളതാണ്. അത് വില്ലേജ് തിരിച്ചുവന്നാൽ ഒരു വില്ലേജിന് ഇരുപതിനായിരം രൂപ കിട്ടും. വാർഡുതിരിച്ച് ആയാൽ ഒരു വാർഡിന് ഒരു കൊല്ലത്തേക്ക് രണ്ടായിരം രൂപ. അതാണിവിടത്തെ വികസന പദ്ധതി. മുൻഗണനാക്രമത്തെക്കുറിച്ച് വല്ല ധാരണയുമുണ്ടോ ? ഒരു ധാരണയുമില്ല. ഇവിടെ ചെയ്യുന്നത് സിമൻറും മണലും കൂടി കുഴച്ചു മണ്ണിലിടുകയാണ്. സ്റ്റേറ്റ് ട്രാൻസ്പോർട്ടിന്റെ കാര്യം എടുത്താൽത്തന്നെ അവിടെ ബസ്സ് വാങ്ങുന്നതിനേക്കാൾ മുൻഗണന ട്രാൻസ്പോർട്ട് മന്ത്രി കൊടുക്കുന്നത് കെട്ടിടം പണിയുന്നതിനാണ്. ആഫീസർമാർക്ക് സുഖമായി ഇരിക്കാനുള്ള കെട്ടിടം പണിയുന്നതിന്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇവിടെ ഫൈനാൻഷ്യൽ ക്രൈസിസാണ്. അതോടൊപ്പം തന്നെ വെള്ളപ്പൊക്കവും വരൾച്ചയുമൊക്കെ ഉണ്ടായിരുന്നു. ഇതെല്ലാം പറഞ്ഞു കൊണ്ട് ചെയ്യുന്നതെന്താണ് ? കെ.എസ്.ആർ.ടി.സി. യുടെ ബിൽഡിങ്ങെല്ലാം എയർകണ്ടീഷൻ ചെയ്യുകയാണ്. പത്തിരുപതു ബസ് വാങ്ങാനുള്ള കാശ് ഇങ്ങനെ പോകുന്നു. എയർകണ്ടീഷൻ ചെയ്യുന്നതിന് 26 ലക്ഷം വരെ ആക്കിരിക്കുന്നുവെന്നാണ് പറഞ്ഞത്. എയർകണ്ടീഷൻ ചെയ്യുന്നതോടൊപ്പം തന്നെ മുറികളൊക്കെ 'drape' ചെയ്യുകയാണ്. നല്ല ഒന്നാംതരം തുണി വാങ്ങിയിട്ട് അവിടെ കർട്ടൻ ഇടുകയാണ്. കാർപ്പെറ് ഇടാനും മറ് ആഡംബര പ്രവർത്തനങ്ങൾക്കുമായി ഭീമമായ തുക ചെലവഴിക്കുകയാണ്. ഇതിലെല്ലാം ഈ സർക്കാരിന് എന്തെങ്കിലും സെൻസ് ഓഫ് പ്രയോറിറ്റി ഉണ്ടോ ?

സോഷ്യൽ ഫോറസ്ട്രി എന്ന പേരിൽ നാട്ടിലൊക്കെ വനം ഉണ്ടാക്കുന്നതിനുവേണ്ടി 50 കോടി രൂപ വേൾഡ് ബാങ്കിന് കടപ്പെട്ടിരിക്കുകയാണ് ; കേരള സംസ്ഥാനം കടപ്പെട്ടിരിക്കുകയാണ്. പലിശയുള്ള വമ്പിച്ച കടമാണ്. എന്നാൽ ഇവിടെ നിലവിലുള്ള വനങ്ങളും നശിക്കുകയാണ്. ഇന്നലെ പ്രതിപക്ഷ നേതാവ് പറഞ്ഞതിന്റെ തുടർച്ചയായിട്ടാണ് ഞാൻ പറയുന്നത്. ഇവിടെയെല്ലാം നശിച്ചുകൊണ്ടിരിക്കുന്നു. നെല്ല് ഉൽപാദനങ്ങളുമില്ല, തെങ്ങുകളൊക്കെ നശിച്ചു, നമ്മുടെ കടലിൽ മീനില്ല, നമ്മുടെ വനത്തിൽ തടിയില്ല ; എന്തിന് നമ്മുടെ കായലിൽ കക്ക വാരാനില്ല, അങ്ങനെ എല്ലാമിവിടെ നശിച്ചുകൊണ്ടിരിക്കുന്നു. ലോകത്തിലേക്കും വച്ചു ഏറ്റവും നല്ല ക്ലേ ഡെപ്പോസിറ്റുള്ള കേരളത്തിൽ നല്ല ക്ലേടൈൽ ഗ്രേഡ് ക്ലേ ഉണ്ടാക്കാനുള്ള ക്ലേ ഇല്ല. കാരണം ഉള്ള ക്ലേ എല്ലാമെടുത്ത് നമ്മൾ പോട്ടറിയുണ്ടാക്കി. പഴയ പുസ്തകത്തിൽ വായിച്ച പ്രിമിറ്റീവ് അക്യുമുലേഷൻ എന്ന് പറയുന്ന ആർത്തിപൂണ്ട, ലക്കും ലഗാനുമില്ലാത്ത, നിയന്ത്രണമില്ലാത്ത, മാർക്സിന്റെ "ക്യാപ്പിറ്റൽ" എന്ന ഗ്രന്ഥത്തിൽ പറയുന്ന പ്രിമിറ്റീവ് അക്യുമുലേഷന്റെ തനി സ്വരൂപമാണ് കേരളത്തിൽ നമ്മൾ കാണുന്നത്.

ഇവിടെ പഞ്ചാബിനെപ്പറ്റി പറഞ്ഞു. ഇൻഡ്യയിലെ 22 സംസ്ഥാനങ്ങളിൽ ഏറ്റവും കൂടുതൽ ഉയർന്ന നിലവാരം, ഏറ്റവും കൂടുതൽ വരുമാനം, ഏറ്റവും കൂടുതൽ ഇലക്ട്രിസിറ്റി, ഏറ്റവും കൂടുതൽ പവ്വർ, ഏറ്റവും കൂടുതൽ ഫെർട്ടിലൈസർ ഉപയോഗം ഇതെല്ലാമുള്ള, ഒന്നാം സ്ഥാനത്തു നിൽക്കുന്ന സംസ്ഥാനത്ത് ആണ് ജനങ്ങൾ ഏറ്റവും കൂടുതൽ ഗവൺമെന്റിനെതിരായി അണിനിരന്ന് ആയുധമെടുത്ത് യുദ്ധം ചെയ്യേണ്ട സ്ഥിതിവരെ എത്തിയത്. അവർക്ക് അത്രയ്ക്ക് അസംതൃപ്തിയാണ്. ഇതെങ്ങനെയുണ്ടായി ? ലാഭത്തിനടിസ്ഥാനമാക്കി, ലാഭേച്ഛയുള്ള സ്വകാര്യ വ്യക്തികളെ പ്രോൽസാഹിപ്പിച്ച് ഫണം കൊടുക്കുന്ന പലിശക്കാരനിൽ നിന്ന്, കോൺഗ്രസ് മെന്റോ അനുഭാവിയോ ആയ പലിശക്കാരന്റെ ചൂഷണത്തിൽനിന്ന് സിക്കു കൃഷിക്കാരന് രക്ഷപ്പെടാൻ വയ്യാത്ത സ്ഥിതിയായി. ആയുധമെടുക്കാതെ അവന് എന്ത് ചെയ്യാൻ കഴിയും ? ആയുധമെടുത്തപ്പോൾ അതിന് ജാതിയുടെ നിറം കൊടുത്തു. അവിടെ ജാതിയുടെ നിറം കൊടുത്തിട്ടും വർഗ്ഗീയ ലഹളയുണ്ടാക്കാത്തതിന് പഞ്ചാബിലെ ജനങ്ങളെ നമ്മൾ എത്രകണ്ട് അനുമോദിച്ചാലും മതിയാകുന്നതല്ല. ഈ അവസരത്തിൽ പ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധിക്ക് എന്റെ എളിയ അനുമോദനം പറയുന്നു. പക്ഷേ അതിനേക്കാൾ കൂടുതലായി പഞ്ചാബിലെ ചെങ്കൊടി പിടിക്കുന്ന കൃഷിക്കാരൻ, സി.പി.ഐ. യുടേയും സി.പി.എം. ന്റേയും നേതൃത്വത്തിലുള്ള കർഷകപ്രസ്ഥാനം അവിടെ ഹിന്ദു-മുസ്ലീം ലഹള ഉണ്ടാകാതെ സൂക്ഷിച്ചതിന് അവർക്ക് എത്രകണ്ട് അനുമോദനം നൽകിയാലും മതിയാകുന്നതല്ല. ഇൻഡ്യയിലെ ജനാധിപത്യ പ്രസ്ഥാനത്തിന് ഈ രീതി

LIBRARY ARCHIVES Kerala Legislative Assembly

ആസ്സാമിലും കാശ്മീരിലും സ്വീകരിക്കാൻ കഴിയുമോ ? കാശ്മീരിൽ പ്രശ്നം ഇതിനേക്കാൾ ഗുരുതരമാണ്. അവിടെ ദേശീയവിരുദ്ധശക്തികൾ ശക്തിയായി പൊങ്ങിയിരിക്കുകയാണ്. ലഹളയ്ക്ക് ഒരുങ്ങിയിരിക്കുകയാണ്. ഓപ്പൺ റിവോൾട്ട് പ്രഖ്യാപിച്ചിരിക്കുകയാണ്. അതിനെ നേരിടുന്നതിന് ഒരു ബൊമ്മ മുഖ്യമന്ത്രിയേയും വച്ചുകൊണ്ട്, ജനങ്ങളുടെ പിന്തുണയില്ലാത്ത ഒരു പാവ മുഖ്യമന്ത്രിയേയും വച്ചുകൊണ്ട് ആ സംസ്ഥാനം തീ പിടിപ്പിക്കുവാൻ അനുവദിക്കണമോ ? അതോ പഞ്ചാബിൽ ചെയ്തതുപോലെ തന്നെ വളരെ യുക്തിപൂർവ്വമായ ഒരു നിലപാട്, ഒരു പുതിയ സമീപനം കാശ്മീരിലും ആസ്സാമിലും സ്വീകരിക്കാൻ കേന്ദ്രം തയ്യാറാകുമോ ? നമ്മുടെ സഭാനേതാവ് മുഖ്യമന്ത്രി പ്രതിനിധീകരിക്കുന്ന ഇൻഡ്യൻ നാഷണൽ കോൺഗ്രസ് തയ്യാറാകുമോ എന്നാണ് ഞങ്ങളെപ്പോലുള്ള ആളുകൾ ചോദിച്ചു പോകുന്നത്. ഈ രാജ്യം ഭിന്നിക്കാതിരിക്കാൻ, ഐകമത്യം ഉണ്ടാക്കാൻ തയ്യാറാകുമോ ? അതിനെപ്പറ്റി ഇവിടെ കേരളത്തിൽ പറയാൻ കഴിയില്ല, കാരണം ഇവിടെയിരിക്കുന്ന കൂട്ടുകെട്ട് അങ്ങനെയുള്ളതാണ്. ഇവിടെ ജാതിയുടെ കൂട്ടുകെട്ടാണ്. മതത്തിന്റെ കൂട്ടുകെട്ടാണ്. അതില്ലെങ്കിൽ മന്ത്രിസഭ താഴെ പോകും. ഇവിടത്തെ രണ്ട് മുഖ്യകക്ഷികൾ അതുരണ്ടുമാണ്. അഖിലേന്ത്യാതലത്തിൽ ശ്രീ. രാജീവ് ഗാന്ധിയുടെ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്, മഹാത്മാഗാന്ധിയുടേയും നെഹറുവിന്റേയും പേർ പറയുന്ന ഇവർ ഇതൊക്കെ ചെയ്യാൻ തയ്യാറാകുമോ ?

ഞാൻ ഫൈനാൻസ് ബില്ലിലേക്ക് തന്നെ തിരിച്ചുവരികയാണ്. ശ്രീ. കെ. എം. മാണി 22.5 കോടി രൂപ ചോദിക്കുന്നത് ശ്രീ. സുന്ദരൻ നാടാർക്ക് കെട്ടിടം പണിയാനും, ശ്രീമാൻ എം. പി. ഗംഗാധരന് പൈപ്പ് വാങ്ങാനുമാണ്. അതുപോലെ വ്യവസായമില്ലെങ്കിലും 14 ജില്ലയിലും ശ്രീ. ഇ. അഹമ്മദ് വ്യവസായ ഓഫീസുകൾ ഉണ്ടാക്കാൻ പോവുകയാണ്. എല്ലാ വ്യവസായത്തിനും ഓഫീസുകൾ ഉണ്ട്. നിയമനങ്ങൾ നിർത്തിവയ്ക്കണം എന്നാണ് ഓർഡർ. എത്ര നിയമനം നടത്തി ഒരു കണക്കൊന്ന് പറയാമോ ? അതിൽ ഗസറ്റഡ് പോസ്റ്റ് എത്ര, നോൺഗസറ്റഡ് പോസ്റ്റ് എത്ര, അധികച്ചെലവ് എത്രയാകും ? ഈ കണക്കൊന്ന് പറയാമോ ? ഇവിടെ ആസ്റ്റിരിറ്റിയെക്കുറിച്ച് പറയുന്നു. ഇംപോർട്ടഡ് കാർ വാങ്ങാൻ 8 ലക്ഷം രൂപ കസ്റ്റംസ് ഡ്യൂട്ടി കൊടുക്കാമെങ്കിൽ എന്ത് ആസ്റ്റിരിറ്റിയാണ്. ജനങ്ങളെ നോക്കി പ്രസംഗിക്കുമ്പോൾ ആസ്റ്റിരിറ്റി. 22.5 കോടി രൂപയെന്നു പറയുന്നത് താരതമ്യേന ചെറിയ ഒരു തുകയാണ്. ഒട്ടകത്തിന്റെ പുറത്തുള്ള അവസാനത്തെ വയ്ക്കോൽത്തുരുമ്പാണിത്. ഇത് അനുവദിക്കാൻ നിവൃത്തിയില്ല. അങ്ങനെ യാതൊരു പ്രയോറിട്ടിയുമില്ലാതെയാണ് ഇത് കൊണ്ടുപോകുന്നത്. ഇവിടെ പറഞ്ഞു പ്ലാൻ നടപ്പാക്കാനാണെന്ന്. എന്ത് പ്ലാൻ നടപ്പാക്കാനാണ് ? കഴിഞ്ഞ വർഷത്തെ സ്പില്ലോവർ കഴിഞ്ഞാൽ റോഡ് റിപ്പയറിന് എത്ര രൂപയാണ് വേണ്ടതെന്ന് മുഖ്യമന്ത്രി പറഞ്ഞു. അതും കൂടി കഴിഞ്ഞാൽ ഒരു രൂപയും ബാക്കിയുണ്ടാവുകയില്ല. അതിനു വേണ്ടി എന്തിനാണ് പണം പിരിക്കുന്നു ? അതുകൊണ്ട് ഇതിനെ എതിർക്കാതിരിക്കുവാൻ നിർവ്വാഹമില്ല. ഞാൻ ഈ ധനാഭ്യർത്ഥനയെ ഒന്നുകൂടി എതിർക്കുന്നു.

ശ്രീ. പി. സി. ജോർജ് : സർ, ഈ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. ബഡ്ജറ്റ് പ്രഖ്യാപനത്തോടെയുള്ള നികുതി നിർദ്ദേശങ്ങൾ ആ നിമിഷം തന്നെ നിയമമാക്കി നികുതി പിരിക്കുന്നതിനുവേണ്ടി കൊണ്ടുവന്നിരിക്കുന്ന ഒരു ബിൽ എന്നുള്ള നിലയിൽ ഈ ബില്ലിനെ പ്രതിപക്ഷം എതിർക്കരുതായിരുന്നു എന്നതാണ് എന്റെ കാഴ്ചപ്പാട്. അവരുടെ ഇപ്പോഴത്തെ നിലപാടുങ്ങലിലാണ്. സത്യം പറഞ്ഞാൽ അമ്മ അടികൊള്ളും, പറഞ്ഞില്ലെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

അപ്പൻ പട്ടിയിറച്ചി തിന്നും ഇതാണ് നിങ്ങളുടെ സ്ഥിതി. ഗവൺമെൻറ് എന്ത് കൊണ്ടുവന്നാലും എതിർത്തേ മതിയാകൂ ; അല്ലെങ്കിൽ കുഴപ്പമാണ്. എതിർത്തില്ലെങ്കിലും കുഴപ്പമാണ് ! നിങ്ങടെ എതിർത്തോ എനിക്കൊരു വിരോധവുമില്ല. ഈ സംസ്ഥാനത്തെ നിയമസഭാസമ്മേളനം തുടങ്ങുന്നതിന് മുമ്പുള്ള ചർച്ചയെന്താണ് ? 'കേരളത്തിന്റെ ധനകാര്യമന്ത്രി നികുതി പിരിവ് നടത്തുന്നില്ല ; പദ്ധതി മുഴുവൻ പൊളിഞ്ഞിരിക്കുന്നു' എന്നാണ്. ഈ രീതിയിലുള്ള പ്രചരണം രാജ്യത്തെമ്പാടും നടത്തുകയാണ്. എനിക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയോടു പറയാനുള്ളത് അങ്ങ് നിയമസഭാവേദിയിൽ കടന്ന് വന്നിരിക്കുന്നത് അദ്ധ്വാന വർഗ്ഗത്തിന്റെ പ്രതിനിധി എന്ന നിലയിലാണ്. (ചിരിച്ചാലും വിരോധമില്ല, പറയാതിരിക്കാൻ നിവൃത്തിയില്ല.) ആ നിലയിൽ ഈ സംസ്ഥാനത്തെ പാവപ്പെട്ട കച്ചവടക്കാരന്റേയും കർഷകന്റേയും മുതുകിലേക്ക് നികുതിയുടെ ഭാരം വർദ്ധിപ്പിച്ച് അങ്ങ് ഇവിടെയിരിക്കാൻ ആഗ്രഹിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നില്ല. സാധാരണക്കാരായ പാവപ്പെട്ടവരെ രക്ഷിക്കാൻ, സാധരണക്കാരായ അദ്ധ്വാനവർഗ്ഗം, ചെറുകിട കർഷകൻ, ചെറുകിട കച്ചവടക്കാർ ഇവരെയൊക്കെ രക്ഷിക്കാനുള്ള നടപടികളുമായി അങ്ങ് മുമ്പോട്ടു പോകുമ്പോൾ ആര് എതിർത്താലും അങ്ങ് ഭയപ്പെടേണ്ട. കേരള കോൺഗ്രസ്, ഇന്ന് ഒരു രാഷ്ട്രീയ പ്രസ്ഥാനം മാത്രമല്ല, ഈ രാജ്യത്തിലെ അദ്ധ്വാനവർഗ്ഗം മുഴുവൻ അങ്ങയുടെ പുറകിൽ കാണുമെന്ന് തന്റേടത്തോടുകൂടി ഞാൻ പറയുകയാണ്. നിങ്ങടെ എപ്പോഴും പറയും നികുതിപിരിവില്ലായെന്ന്. എന്ത് പറഞ്ഞാലും അതാണ് നിങ്ങൾക്ക് പറയാനുള്ളത്. എന്നാൽ ധനകാര്യ കമ്മീഷൻ കേരള സംസ്ഥാനത്തെ മിച്ച സംസ്ഥാനമായി കണ്ടതുകൊണ്ടായിരുന്നു സാമ്പത്തികമായ ബുദ്ധിമുട്ടിലേക്ക് ഈ സംസ്ഥാനം നീങ്ങിയത്. ഫൈനാൻഷ്യൽ ഗ്രോത്തിന്റെ ആവശ്യം മനസിലാക്കാതെയുള്ള നമ്മുടെ ധനകാര്യ കമ്മീഷന്റെ നിഗമനത്തോടുള്ള എന്റെ എതിർപ്പ് ഞാൻ പ്രകടിപ്പിക്കുകയാണ്. പെർ ക്യാപ്പിറ്റാ ഇൻകം കണക്കാക്കുമ്പോൾ നമ്മുടെ സംസ്ഥാനം പുറകിലാണ്. ആഭ്യന്തര വിഭവസമാഹരണത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്രത്തിന്റെ വിഹിതം വന്നാൽ വരുന്ന ബുദ്ധിമുട്ട് സാമ്പത്തികമായി ഏറ്റവുമധികം പ്രയാസങ്ങൾ അനുഭവിക്കുന്ന സംസ്ഥാനങ്ങൾ വീണ്ടും സാമ്പത്തികമായ പാപ്പരത്തത്തിലേക്ക് പോകും എന്നതാണ്. ഇതിന് മാറ്റം വരുത്തേണ്ടതായിട്ടുണ്ട്. എന്താണ് സർക്കാരിയാ കമ്മീഷൻ റിപ്പോർട്ടുണ്ടാകാൻ കാരണം ? ഇതിന് മാറ്റം വേണം എന്ന കാഴ്ചപ്പാടുകൊണ്ട് തന്നെയാണ്.

'സർ, ഇപ്പോൾ ഫോറസ്റ്റിൽ ലാഭം, കെ.എസ്.ആർ.ടി.സി. യിൽ ലാഭം. ബഹുമാനപ്പെട്ട നൂറുദ്ദീൻ മന്ത്രിയായതിനുശേഷം മരം വെട്ട് അവസാനിപ്പിച്ചുവെന്നുള്ളതിന് യാതൊരു സംശയവുമില്ല ; അതിന് യാതൊരു തർക്കവും വേണ്ട. കെ.എസ്.ആർ.ടി.സി യിൽ ലാഭം കൂടുതലാണ്. ഈ സഭയിലെ തന്നെ ഒരംഗത്തോട് മരക്കച്ചവടം എങ്ങനെയിരിക്കുന്നുവെന്നു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത്, ഈ ഹമുക്കിന്റെ നിയമമൊന്നുമാറാതെ യാതൊരു രക്ഷയുമില്ലെന്നാണ്. ബഹുമാനപ്പെട്ട നൂറുദ്ദീനെക്കുറിച്ച് പറഞ്ഞതാണിത്. മരക്കച്ചവടം നിറുത്തിയെന്നു പറഞ്ഞു.

ശ്രീ. ഒ. ഭരതൻ : പത്തു കഴുത സമം ഒരു ഹമുക്ക് എന്ന് ആണ് പ്രമാണം. ഹമുക്കെന്നു ഉപയോഗിക്കാൻ പാടുണ്ടോ ?

ശ്രീ. കെ.ഇ. ഇസ്മയിൽ : സഭയിലെ ഒരു അംഗത്തോട് ഞാൻ ചോദിച്ചപ്പോൾ ആ ഹമുക്കിന്റെ നിയമം മാറണമെന്ന് പറഞ്ഞു' എന്നു പറയുന്നത് ശരിയാണോ ?

ശ്രീ. പി. സി. ജോർജ് : സർ, അതൊരു ഉദ്ധരണിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കാനം രാജേന്ദ്രൻ : സർ, ധനകാര്യമന്ത്രി കെ. എം. മാണി അവതരിപ്പിച്ച ഒരു നിയമത്തെക്കുറിച്ച് ഇവിടെ ചർച്ച ചെയ്തുകൊണ്ടിരിക്കുമ്പോൾ ഹമുക്കിന്റെ ബില്ല് എന്ന് ബഹുമാനപ്പെട്ട പി.സി. ജോർജ് ഉപയോഗിച്ചത് ശരിയാണോ ?

ശ്രീ. പി.സി. ജോർജ് : നിങ്ങൾ സി.പി.ഐ. ക്കാരെല്ലാം ഈ കൂട്ടത്തിൽപ്പെട്ടവരാണ്, കുറുക്കൻമാരാണ്.

ശ്രീ. കെ.എം. മാണി : ബഹുമാനപ്പെട്ട മെമ്പർ ഭേദഗതിയെ ഉദ്ദേശിച്ച് പറഞ്ഞതാണെന്ന് തോന്നുന്നു.

ശ്രീ. പി. സി. ജോർജ് : അങ്ങനെ കണക്കാക്കിയാൽ കുറച്ചുകൂടി നന്നായിരിക്കും. ധനകാര്യക്കമ്മീഷന്റെ നിഗമനങ്ങൾ ആണ് നമ്മുടെ സാമ്പത്തിക ഭദ്രതയ്ക്ക് കോട്ടം തട്ടിക്കുന്നതെന്ന കാഴ്ചപ്പാടാണെനിക്കുള്ളത്. ഇവിടെ കൃഷിക്കാരെ മുഴുവൻ നികുതിയിൽനിന്ന് ഒഴിവാക്കുന്നുവെന്ന് എപ്പോഴും പറയും. എന്താണ് സത്യത്തിൽ അതിന്റെ നില ? [ശ്രീ. അച്ചുതമേനോന്റെ കാലത്ത് രണ്ട് ഹെക്ടർ വരെയുള്ളവരെ പ്ലാന്റേഷൻ ടാക്സിൽ നിന്ന് ഒഴിവാക്കാൻ തീരുമാനിച്ചു. ബഹുമാനപ്പെട്ട നായനാരുടെ കാലത്ത് നാലു ഹെക്ടർവരെയുള്ളവരെ പ്ലാന്റേഷൻ ടാക്സിൽനിന്ന് ഒഴിവാക്കാൻ തീരുമാനിച്ചു. അങ്ങനെ തീരുമാനിച്ചപ്പോൾ ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി എടുത്ത ധീരമായ തീരുമാനമെന്തായിരുന്നു ? നാലു ഹെക്ടർ മുതൽ എട്ടു ഹെക്ടർ വരെയുള്ളവരിൽനിന്നും നികുതി 50 രൂപയായിരുന്നത് 70 രൂപയാക്കി മാറ്റി; എട്ടു ഹെക്ടർ മുതൽ 20 ഹെക്ടർവരെയുള്ളവരിൽ നിന്ന് 60 രൂപ ആയിരുന്നത് 90 രൂപയാക്കി മാറ്റി, ഇരുപതു ഹെക്ടറിൽ കൂടുതലുള്ളവരിൽനിന്ന് 90 രൂപയായിരുന്നത് 130 രൂപയാക്കി. ഇങ്ങനെ തീരുമാനിച്ചതിന്റെ അർത്ഥമെന്താണ് ? പല മുതലാളിമാരിൽനിന്നും നികുതി കൂടുതൽ ഈടാക്കിക്കൊണ്ട് ചെറുകിട കർഷകരെ രക്ഷിക്കാൻ ഉള്ള ഒരു തീരുമാനമാണ് ഇതുവഴി ഗവൺമെന്റ് എടുത്തത്. എന്താണ് പ്ലാന്റേഷൻ ടാക്സിന്റെ തീരുമാനം ? ഇന്ന് പ്ലാന്റേഷൻ ടാക്സ് ഈടാക്കുന്ന ജില്ലാ ഉദ്യോഗസ്ഥൻമാർ കൃഷിക്കാരുടെ സ്ഥലത്തേക്ക് കയറിയാൽ 'ആന കരിമ്പിൻ കാട്ടിൽ കയറിയിരിക്കുന്നതു' പോലെയാണ്. മണ്ട പോയി വസന്ത പിടിച്ച തെങ്ങിന്റെയും കവുങ്ങിന്റെയും ചുവട്ടിൽ പോയി നോക്കിയാണ് പ്ലാന്റേഷൻ ടാക്സ് നിശ്ചയിക്കുന്നത്. ഈ അശാസ്ത്രീയമായ നടപടി നിറുത്തണമെന്ന് ആവശ്യപ്പെട്ടാൽ അത് തെറ്റാണോ ? അതിനുവേണ്ട നടപടി ധനകാര്യമന്ത്രി സ്വീകരിച്ചാൽ അത് തെറ്റാണോ ? നിങ്ങൾക്ക് നാണമില്ലേ ഇതൊക്കെ പറയാൻ ? ഈ സംസ്ഥാനത്തെ സാമ്പത്തികനില പിടിച്ചു നിറുത്തിയിരിക്കുന്നത് ഒന്നും രണ്ടും മൂന്നും ഏക്കർ വീതം ഭൂമിയുള്ള പാവപ്പെട്ട കൃഷിക്കാരാണ്. അവരുടെ മുതുകിൽ അധിക നികുതി അടിച്ചേൽപ്പിച്ച് ഈ രാജ്യത്തെ നശിപ്പിക്കരുതേ എന്നാണ് ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അദ്ദേഹത്തെ മന്ത്രിയാക്കിയത് പാവപ്പെട്ട ആ കർഷകരാണ്. ആ വർഗ്ഗത്തിനു വേണ്ടി പ്രകടിപ്പിക്കണം. ഇപ്പോൾ പ്രകടിപ്പിക്കുന്നുണ്ട്, ഇനിയും പ്രകടിപ്പിക്കണം.

ശ്രീ. സി. ടി. കൃഷ്ണൻ : സർ, സാമ്പത്തിക വിദഗ്ദ്ധനായ ഡോ. ഗോപാലകൃഷ്ണൻ മദ്ധ്യ തിരുവിതാംകൂറിലെ ആളുകളിൽനിന്ന് നികുതി പിരിക്കാത്തതുകൊണ്ടാണ് ഈ സംസ്ഥാനത്തിന് ഇത്രയും സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുള്ളത് എന്ന് പറഞ്ഞിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ് : അതിനു് ഉത്തരം അർഹിക്കുന്നില്ല. ഹാർട്ടിനു് ചികിൽസിക്കുന്ന ഡോക്ടർ തലവേദനയ്ക്കു് ചികിൽസിച്ചാൽ എങ്ങനെയിരിക്കും ? സോഷ്യോളജിയിൽ ഡോക്ടറേറ്റു് ഉള്ള അദ്ദേഹം എങ്ങനെയാണു് സാമ്പത്തിക ശാസ്ത്രത്തെക്കുറിച്ചു് പറയുന്നത് ? നമ്മുടെ ആറാം പദ്ധതിയിൽ 1133 കോടി രൂപ പിരിക്കാനാണു് പ്ലാനിംഗ് കമ്മീഷൻ പറഞ്ഞതു്. 1405 കോടി രൂപ ഈ സ്റ്റേറ്റു് പിരിച്ചെടുത്തു. 275 കോടി രൂപ കൂടുതൽ പിരിച്ചെടുക്കാൻ സാധിച്ചു. 1984-85-ൽ 360 കോടി രൂപ പിരിക്കാൻ പറഞ്ഞപ്പോഴേ 373 കോടി രൂപ പിരിച്ചു. പ്ലാനിംഗ് കമ്മീഷൻ കണക്കുനോക്കി നികുതിയുടെ വർദ്ധനവിന്റെ ബോയൻസി 8 ശതമാനമാണെന്നു് പറഞ്ഞു. പക്ഷേ 16 ശതമാനമാണു് ഈ സംസ്ഥാനത്തെ വർദ്ധനവു്. 1984-85-ലെ കണക്കു് മാത്രമെടുത്താൽ 22 ശതമാനം വർദ്ധനവുണ്ടു്. കോട്ടയം, ഇടുക്കി ജില്ലകളിൽ മാത്രം 36 ശതമാനം വർദ്ധനവുണ്ടു്. ഇതിന്റെ അർത്ഥമെന്താണു് ? ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ശക്തമായ നടപടികളും സ്വീകരിച്ചുകൊണ്ടു് ഗവൺമെന്റിന്റെ ഖജനാവിലേക്കു് വരുന്ന പണം മുഴുവൻ വരുത്താനാണു് ശ്രമിക്കുന്നതു്. ഈ കാഴ്ചപ്പാടിന്റെ വെളിച്ചത്തിൽ ഈ ബില്ലിനെ നിങ്ങളും അനുകൂലിക്കുമെന്നുള്ള ശുഭപ്രതീക്ഷയോടുകൂടി ഞാൻ ഇതിനെ പിൻതാങ്ങുന്നു.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ :—സർ, ഞാൻ ഈ ബില്ലിനെ എതിർക്കുകയാണു്. സാധാരണക്കാരുടെ ജീവിതഭാരം വർദ്ധിപ്പിക്കുന്ന ഒരു ബില്ലാണിതു്. സബ്ജക്ടു് കമ്മിറ്റി റിപ്പോർട്ടിലെ വ്യായോജനക്കുറിപ്പിൽ ഇതിനെക്കുറിച്ചു് പ്രത്യേകമായി പറഞ്ഞിട്ടുണ്ടു്. ഏകദേശം ഇരുപത്തിരണ്ടര കോടി രൂപയുടെ ധനാഗമ മാർഗ്ഗങ്ങളും നിർദ്ദേശിക്കുന്ന ഈ ബില്ലിൽ 20 കോടി രൂപയിലധികവും സാധാരണക്കാരനെ ബാധിക്കുന്നതാണെന്നു് ഒറ്റനോട്ടത്തിൽ കാണാൻ കഴിയും. ഇത്തരം നികുതികളൊന്നും ഇല്ലാതെതന്നെ നമ്മുടെ റവന്യൂ മാനേജ്മെന്റു് കുറച്ചുകൂടി ഭംഗിയായി നടത്തിയിരുന്നെങ്കിൽ ഈ നികുതികളും ഒഴിവാക്കിക്കൊണ്ടുതന്നെ കൂടുതൽ സംഖ്യ ഉണ്ടാക്കാൻ കഴിയുമായിരുന്നു. റവന്യൂ കുടിശ്ശികയുടെ കാര്യത്തിൽ ആഡിറ്റു് റിപ്പോർട്ടിനകത്തു് പറഞ്ഞ കാര്യങ്ങളും ഞാനിവിടെ കൊണ്ടുവന്നിട്ടുണ്ടു്. നമ്മുടെ ഗവൺമെന്റുതന്നെ തന്നതാണു്. മൂന്നു വർഷത്തെ പിരിക്കാത്ത റവന്യൂ 926 കോടി രൂപയാണു്. അതു് പിരിച്ചെടുക്കാൻ കഴിഞ്ഞാൽ ഇരുപത്തിരണ്ടര കോടി രൂപ ഈ ആളുകളുടെ പുറത്തു് പിന്നെയും വയ്ക്കണ്ട കാര്യമുണ്ടോ? ഇവിടെ അഗ്രികൾച്ചറൽ ഇൻകംടാക്സു് അസസ്സു് ചെയ്യാത്ത 42,000ത്തിലധികം കേസ്സുകളും പെൻറിങ്ങിലുണ്ടു്. അതുപോലെ സെയിൽസ് ടാക്സിൽ 81,000-ഓളം കേസുകൾ പെൻറിങ്ങിലാണു്. ഇതെല്ലാം വേഗം നടപ്പിലാക്കാനും അതാതു വർഷംതന്നെ അസസ്സുമെന്റു് നടത്തി പണം പിരിച്ചെടുക്കാനും ശ്രമിച്ചാൽ ഈ അധികനികുതി ആളുകളുടെ പുറത്തു വയ്ക്കാതെ പ്രശ്നം പരിഹരിക്കാൻ കഴിയുന്നതാണു്. ഇതിനൊന്നും ശ്രമിക്കാതെ വളരെ എളുപ്പത്തിൽ ആർക്കും പ്രയോജനമില്ലാത്ത വിധത്തിൽ ഏറ്റവും കൂടുതലാളുകളെ ബുദ്ധിമുട്ടിക്കുന്ന നികുതി ചുമത്തുന്നതിലാണു് നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി വ്യഗ്രതകാട്ടുന്നതു്. ഇതിൽ ഏറ്റവും കൂടുതലായി ഭാരം ചുമത്തുന്നതു് സെയിൽസ് ടാക്സ്തന്നെയാണു്. അഡീഷണൽ സെയിൽസ് ടാക്സും സെയിൽസ് ടാക്സും കൂടി 18 കോടിയിലധികം രൂപയാണു് പിരിക്കുന്നതു്.

ഇവിടെ പലരും വിലവർദ്ധനവിനെക്കുറിച്ചു് പരിതപിക്കുകയുണ്ടായി. അതിനെക്കുറിച്ചു് ഭരണപക്ഷക്കാരും പ്രതിപക്ഷക്കാരും ഗവൺമെന്റും പറയുന്നുണ്ടു്; എന്നാൽ അവർക്കൊന്നും ചെയ്യാൻ കഴിയുന്നില്ലെന്നാണു്

LIBRARY ARCHIVES Kerala Legislative Assembly

വാസ്തവം. ഗവൺമെൻറിന്റെ കണക്കനുസരിച്ച് 40 ശതമാനം വരെ വില വർദ്ധനവുണ്ട്. എന്നാൽ ഗവൺമെൻറ് ചോദ്യോത്തരവേളയിൽ പറഞ്ഞ കണക്കനുസരിച്ചാണെങ്കിൽ 76 ശതമാനം മുതൽ 92 ശതമാനം വരെ വില വർദ്ധനവുള്ള ഐറ്റംസ് ഗവൺമെൻറ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ വമ്പിച്ച വിലവർദ്ധനവിന് കാരണമെന്താണ് ? അതിന് കാരണം കേന്ദ്രഗവൺമെൻറിന്റെ തെറ്റായ സാമ്പത്തിക നികുതി ചുമത്തലും സംസ്ഥാന ഗവൺമെൻറിന്റെ മേലുള്ള ഭാരം ചുമത്തലുമാണ്. ഇപ്പോഴും നമ്മുടെ രാജ്യത്തെ ജനങ്ങൾ, 'ഭഗവതി കോപവും മാങ്ങാച്ചൂടും ഒരുമിച്ചുവന്നാലുള്ള' ഗതികേടിലാണ്. പെട്രോൾ, ഡീസൽ, മണ്ണെണ്ണ, പഞ്ചസാര മുതലായ സാധനങ്ങൾക്ക് കേന്ദ്ര ഗവൺമെൻറ്—രാജീവ് ഗാന്ധിയുടെ സർക്കാർ— അനുഗ്രഹിച്ചു വില കൂട്ടി. തീവണ്ടിക്കൂലിയും ലോറിയുടെ ചാർജ്ജും വർദ്ധിപ്പിച്ചു. ഇവയ്ക്കെല്ലാം വില കൂടിയാൽ വില വർദ്ധനവുണ്ടാകാതെ എന്താണു മാർഗ്ഗം ? അതിന്റെകൂടെയാണ് ശ്രീ. കെ. എം. മാണിയുടെ അഡീഷണൽ സെയിൽസ് ടാക്സും മറ്റും വർദ്ധിപ്പിച്ചുകൊണ്ടുള്ള പുതിയ ടാക്സും. ഇത് വഹിക്കാൻ ജനങ്ങൾക്ക് സാദ്ധ്യമല്ല. അതുകൊണ്ട് ആ ടാക്സുകളെ പിൻവലിക്കണമെന്നുതന്നെയാണ് ഞങ്ങൾ പറയുന്നത്. നേരത്തെ പറഞ്ഞതുപോലെ സെയിൽസ്ടാക്സിൽ ബനിയൻ, ഷഡ്ഡികൾ തുടങ്ങിയ അടിവസ്ത്രങ്ങൾക്ക് പോലും നികുതി പിൻവലിക്കാൻ സർക്കാർ ഇതുവരെ തീരുമാനിച്ചിട്ടില്ല. അത് പിൻവലിക്കേ ഇതെന്തിനു നിലനിൽക്കുന്നുവെന്ന് ഞാൻ ചോദിക്കുകയാണ്. ഇവിടെ ഈ വിലവർദ്ധനവിന്റെ കാര്യത്തിൽ കേരള കോൺഗ്രസിലെയും കോൺഗ്രസിലെയും എം. എൽ. എ. മാർക്ക് എന്താണഭിപ്രായമെന്ന് എനിക്കറിയില്ല. കോൺഗ്രസ് എം. പി. മാർ പാർലമെൻറ് സമ്മേളിച്ചപ്പോൾ ശ്രീ. വി. പി. സിംഗ് എന്നു പറയുന്ന വിലവർദ്ധനവിന് കാരണക്കാരനായ കേന്ദ്ര ധനകാര്യ മന്ത്രിയെ പ്രതികൂട്ടിലാക്കാൻ ശ്രമിച്ചുവെങ്കിലും ബഹുമാനപ്പെട്ട രാജീവ് ഗാന്ധി ഇടപെട്ട് അദ്ദേഹത്തെ രക്ഷിക്കാൻ ശ്രമിക്കുകയും സമാധാനിപ്പിക്കുകയും ഒക്കെ ചെയ്തുവെന്ന് പത്രത്തിൽ വന്നിട്ടുണ്ട്. ഇത്രയും രൂക്ഷമായ ഈ കാര്യത്തിൽ പരിഹാരം ഉണ്ടാക്കാതെ കൂനിൻമേൽ കുരുവെന്നപോലെ.....

ശ്രീ. മണിമംഗലത്തു കുട്ട്യാലി : ഇരുപത്തിരണ്ടരക്കോടി രൂപയുടെ അധികവരുമാനം ഉണ്ടാക്കാനുള്ള ഒരു ബില്ലാണ് ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ളത്. അതിനെക്കുറിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത്. ഇത്രയും കോടി രൂപയുടെ അധികവിഭവ സമാഹരണം നടത്തിയാലും അപ്പുറത്തു നിന്നു പറഞ്ഞ ആളുകളുടെ സാമൂഹ്യക്ഷേമ പരിപാടികളും നടപ്പിലാക്കാൻ മതിയാകുമെന്നു തോന്നുന്നില്ല. എങ്കിൽ പിന്നെ എന്തിനാണ് എതിർക്കുന്നത് ?

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ.—ആദ്യം പറഞ്ഞത് 926 കോടി രൂപ നികുതി കുടിശ്ശികയുണ്ട്, അത് പിരിച്ചെടുക്കണം എന്നാണ്. അത് കഴിഞ്ഞ മൂന്നു കൊല്ലത്തേതാണ്. അത് പിരിച്ചെടുക്കാൻ സാധിക്കുമോ ? പുതിയ അസസ്മെൻറ് നടത്താനുള്ളത് നടത്തുമോ ? എന്തുകൊണ്ട് പിരിച്ചുകൂടാ ? നികുതി പിരിവിൽ അലംഭാവം നടിക്കുകയും ജനങ്ങളുടെമേൽ വിലവർദ്ധനവ് അടിച്ചേല്പിക്കുകയും ചെയ്യുന്ന നയം എന്താണ് മി. കുട്ട്യാലി ? നിങ്ങൾക്ക് ഇതിന് എന്തു പറയാനുണ്ട് ? അരിയുടെയും പഞ്ചസാരയുടെയും വില കയറി. രാജ്യത്ത് ജനങ്ങൾക്ക് ജീവിക്കുവാൻ വയ്യ. 50 ശതമാനത്തിലധികം ആളുകൾ ദാരിദ്ര്യരേഖയ്ക്കു താഴെയാണ്, നമ്മുടെ രാജ്യത്ത് അവരുടെ മേൽ വിലവർദ്ധനവ് ഉണ്ടാക്കുന്ന കെടുതി ഭീമമാണെന്ന് അറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ സെയിൽസ് ടാക്സിന്റെ കാര്യം. ഇവിടെ സ്റ്റാമ്പ് ആക്ടിന്റെ കാര്യം പറഞ്ഞിട്ടുണ്ട്. അപേക്ഷ കൊടുക്കുന്ന സ്റ്റാമ്പിനു പോലും വില കൂട്ടിയിരിക്കുകയാണ്. ഇതൊന്നും കൂടാതെ തന്നെയുള്ള സ്റ്റാമ്പ് ആക്ട് ശരിക്ക് നടപ്പിലാക്കിയാൽ ഈ പുതിയ നികുതി വേണോ ? രജിസ്ട്രേഷന്റെ കാര്യത്തിൽ കൃത്രിമമായി വില കുറച്ച് കാണിച്ചു കൊണ്ട് രജിസ്റ്റർ ചെയ്യുന്നതുകൊണ്ടല്ലേ വാസ്തവത്തിൽ നമുക്ക് വരുമാനം കുറഞ്ഞുപോകുന്നത് ? അത് പരിഹരിക്കുന്നതിന് ഇപ്പോഴുള്ള നിരക്കനുസരിച്ച് കർശനമായി സ്റ്റാമ്പ് ആക്ട് നടപ്പിലാക്കിയാൽ ഈ അധിക നികുതിയുടെ ആവശ്യമുണ്ടാകുമോ ? അതിനൊന്നും മുതിരാൻ തയ്യാറാവുകയില്ല.

പിന്നെ ഒന്ന് മോട്ടോർ വാഹനങ്ങളുടെ നികുതിയാണ്. സ്കൂട്ടർ, മോട്ടോർ സൈക്കിൾപോലെയുള്ള വാഹനങ്ങൾ എന്നിവയുടെ നികുതി 20 ശതമാനം വർദ്ധിച്ചിരിക്കുകയാണ്. മറ്റുള്ളവയ്ക്ക് 25-30 ശതമാനം വർദ്ധിച്ചിരിക്കുകയാണ്. പെട്രോളിന്റെയും ഡീസലിന്റെയും വിലകൊണ്ടു തന്നെ മോട്ടോർ വാഹനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. അതുകൊണ്ട് പ്രയാസങ്ങളുണ്ട്. അതിന്റെ പുറകെ ഇതും വർദ്ധിപ്പിച്ചതുകൊണ്ട് എന്താണ് ഉണ്ടാകാനിരിക്കുന്നത് ? ഇപ്പോൾ യാത്രക്കൂലി വർദ്ധിച്ചു ട്രാൻസ്പോർട്ട് ബസിന്റേയും പ്രൈവറ് ബസിന്റേയും ഒരു റൗണ്ട് വർദ്ധവ് ഇപ്പോൾ കഴിഞ്ഞു. വീണ്ടും വർദ്ധിപ്പിക്കണമെന്ന് പറഞ്ഞ് ബസ് ഉടമസ്ഥൻമാർ പ്രക്ഷോഭണം തുടങ്ങിയിരിക്കുകയാണ്. അങ്ങനെ ജീവിതക്ലേശം നിരന്തരം വർദ്ധിപ്പിക്കുന്ന ഒരു ചെയിൻ ഒരു വീഷ്യസ് സർക്കിൾ പോലെ വീണ്ടും വീണ്ടും വർദ്ധിപ്പിക്കുന്ന അവസ്ഥയിലേക്കാണ് കാര്യങ്ങൾ കൊണ്ടുപോകുന്നത്. മോട്ടോർ വെഹിക്കിൾ ടാക്സിന്റെ വർദ്ധനവിന്റെ കാര്യം പറയുമ്പോൾ ഒരുകാര്യം, എടുത്തു പറയേണ്ടതുണ്ട്. ഇപ്പോഴുള്ള ട്രാൻസ്പോർട്ട് അതോറിട്ടിയിൽ ടാക്സുകൾ ശരിക്ക് പിരിച്ചെടുക്കുന്നതിന് ശ്രദ്ധിക്കുന്നുണ്ടോ ? കള്ള ടാക്സികൾ, ട്രക്കുകൾ, കാറുകൾ ടെമ്പോ വാനുകൾ ഇവ പ്രൈവറ് ആയിട്ട് ധാരാളം ഓടുന്നു. അതെല്ലാം കണ്ടു പിടിച്ച് ഇവയ്ക്കുള്ള ടാക്സുകൾ പിരിച്ചാൽത്തന്നെ ഈ നികുതി ഒഴിവാക്കാവുന്നതാണ്. എന്തുകൊണ്ട് അതിന് ശ്രമിക്കുന്നില്ല അത്തരം കാര്യങ്ങൾ വിചാരിച്ചാൽ പുതിയ നികുതി വളരെ എളുപ്പമാണെന്നു കണ്ടതു കൊണ്ടാണോ ഇതിനു പോകുന്നത് ? റീജിയണൽ ട്രാൻസ്പോർട്ട് ആഫീസുകൾ ഇന്ന് അഴിമതിയുടെ കൂടാണ് എന്ന് പറഞ്ഞാലും വിരോധമില്ല. അവിടെ ചെന്നാൽ തൂണിനും തുരുമ്പിനും കൈക്കൂലി കൊടുക്കണം. അഴിമതി അടിമുടി നടമാടുന്ന ഒരു ആഫീസാണ് അത്. ആർ. ടി. ഒ. ആഫീസിനകത്ത് ആർ. ടി. ഒ. ബോർഡ് എന്നൊരു സാധനമുണ്ട്. അതാണ് അഴിമതിക്ക് ചുക്കാൻ പിടിക്കുന്നത്. ആർ. ടി. ഒ. ആഫീസിൽ കരാറനുസരിച്ച് വണ്ടി അനുവദിച്ച് കൊടുക്കണമെങ്കിൽ ഒരാൾ ഇത്ര രൂപ ഒരുമിച്ച് മേടിച്ച് പങ്കിട്ട് കൊടുക്കുകയാണ് ചെയ്യുന്നത്. എത്ര ആയിരം രൂപ, അയ്യായിരം, പതിനായിരം രൂപ ഒരു റൂട്ട് അനുവദിക്കുന്നതിന് ഫണ്ട് പിരിക്കുന്ന ഏർപ്പാടാണ് ഉള്ളത്. ആർ. ടി. ഒ. ആഫീസിൽ ആരാണ് ഉള്ളതെന്ന് അറിയാമോ ? ഭരണകക്ഷികൾ ചില കക്ഷിയിലെ രണ്ടും മൂന്നും ആളുകൾ. ഒരു ജില്ലയിലെ ആർ. ടി. ഒ. ബോർഡിൽ അംഗീകൃതമായ പാർട്ടികൾക്ക് പ്രാതിനിധ്യം പോലും കൊടുത്തിട്ടില്ല. എന്തിനാണ് ഒരു പാർട്ടിയിലെ രണ്ടും മൂന്നും ആളുകളെ തിരുകിക്കയറ്റുന്നത് ? കച്ചവടം ഉറപ്പിക്കാൻ വേണ്ടിയാണ്. ഇവർ തന്നെ ഇങ്ങനെ ചെയ്താൽ എങ്ങനെയാണ് ഡിപ്പാർട്ടുമെന്റ് നന്നാവുക ?

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ പ്ലാന്റേഷന്റെ കാര്യം ശ്രീ. ജോർജ് ഇവിടെ പറഞ്ഞു. പ്ലാന്റേഷന്റെ കാര്യം പറയുമ്പോൾ ഒരു കാര്യം മി. ജോർജിനെ ഓർമ്മിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇപ്പോൾ, നാലു മുതൽ എട്ടു ഹെക്ടർ വരെയുള്ള ആളുകൾക്ക് 50 രൂപ എന്നുള്ളത് 70 രൂപ ആക്കിയിട്ടുണ്ട്. വർദ്ധനവ് 40 ശതമാനം. എട്ടു മുതൽ ഇരുപതു ഹെക്ടർ വരെയുള്ള ആളുകൾക്ക് 60 രൂപ എന്നുള്ളത് 90 രൂപ വർദ്ധനവ് 50 ശതമാനം. എന്നാൽ ഇരുപതു ഹെക്ടറിൽ കൂടുതലുള്ള ആളുകൾക്ക് 90 രൂപയായിരുന്നത് 130 രൂപയായി. വർദ്ധനവ് 44 ശതമാനമാണ്. ഹെക്ടർ കൂടുമ്പോൾ, 20 ഹെക്ടറും അതിൽ കൂടുതൽ ഹെക്ടറും ഉള്ള ആളുകൾക്കൊക്കെ വർദ്ധനവ് എട്ടു ഹെക്ടർ വരെയുള്ളവർക്ക് ഉള്ളതുപോലുമില്ല. അപ്പോൾ ഹെക്ടർ കൂടുന്നവർക്ക് നികുതി കുറയ്ക്കുന്നതിനോട് ശ്രീ. ജോർജിന് അഭിപ്രായവ്യത്യാസമുണ്ടോ, എന്നെനിക്ക് അറിഞ്ഞുകൂടാ. ഇവിടെ ഈ കാര്യത്തിൽ എനിക്ക് ഒന്നു രണ്ടു കാര്യങ്ങൾ പറയാനുണ്ട്. ഈ തോത് വർദ്ധിപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. 20 ഹെക്ടർ എന്നുള്ളത് 50 ഏക്കറാണ്. 50 ഏക്കറിൽ കൂടുതലുള്ള ആളുകളുടെ മേൽ വൻപിച്ച നികുതി ചുമത്തിയാൽ എന്താണ് നഷ്ടം. സെയിൽസ് ടാക്സ് വർദ്ധിപ്പിക്കുന്നതിനു പകരം എന്തുകൊണ്ട് വൻകിട കർഷകർക്ക് വലിയ നികുതി ചുമത്തിക്കൂടാ ? നമ്മുടെ ലേപരിഷ്ക്കരണ നിയമം നടപ്പിലായിട്ട് പതിനഞ്ചു കൊല്ലമായി. നാട്ടിൻപ്രദേശത്തും ഇടനാടുകളിലുമൊക്കെ പതിനഞ്ചേക്കറിൽ കൂടുതൽ ഭൂമി കൈവശം വയ്ക്കാൻ പാടില്ല; ലേപരിധിയുണ്ട്. എന്നാൽ തോട്ടങ്ങൾക്ക് പരിധിയുണ്ടോ ? എന്തു കൊണ്ട് തോട്ടങ്ങൾക്ക് പരിധി വച്ചുകൂടാ ? 15 ഏക്കറോ, 25 ഏക്കറോ 50 ഏക്കറോ ഏതെങ്കിലും നിശ്ചയിക്കട്ടെ. പരിധി നിശ്ചയിച്ചുകഴിഞ്ഞ് ബാക്കിയുള്ള തോട്ടങ്ങളെങ്കിലും ദേശവൽക്കരിച്ചുകൂടേ ? അത് സർക്കാരിന്റെ പൊതുസ്വത്താക്കിക്കൂടേ ? അത് പൊതു സ്വത്താക്കി, ജനങ്ങളുടെ മേൽ നികുതി അടിച്ചേല്പിക്കുന്നതിനു പകരം നികുതിയിതര വരുമാനംവഴി ഈ രാജ്യത്ത് സാമ്പത്തിക പരാധീനത പരിഹരിക്കാൻ കഴിയണ്ടേ ? അതിനു നിങ്ങൾക്ക് നടപടിയെടുക്കുവാൻ, ഈ രാജ്യത്തെ സമ്പന്ന വിഭാഗങ്ങളുടെ മേൽ കൈവയ്ക്കാൻ ധൈര്യമുണ്ടോ ? ചെറുകിട കർഷകരേയും തോട്ടക്കാരേയും ഉപദ്രവിക്കണമെന്ന് ഞാൻ പറയുന്നില്ല. വൻകിട തോട്ടക്കാരുടെ തോട്ടങ്ങളൊക്കെ ദേശസാൽക്കരിച്ച് ഈ രാജ്യത്ത് ആവശ്യമായ അധിക വിഭവ സമാഹരണം ഒരു പ്രാവശ്യംകൂടി നടത്താൻ തയ്യാറുണ്ടോ ? നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറഞ്ഞു, പഞ്ചവൽസര പദ്ധതി നടപ്പിലാക്കണമെങ്കിൽ അടുത്ത അഞ്ചു വർഷത്തിനുള്ളിൽ 1300 കോടി രൂപയുടെ അധിക വിഭവ സമാഹരണം ഉണ്ടാകണമെന്ന്. 1300 കോടി രൂപ ഉണ്ടാക്കിയാൽ 2100 കോടി രൂപയുടെ പഞ്ചവൽസര പദ്ധതി നടപ്പിലാകുമെന്നാണ് പറഞ്ഞത്. അതിന്റെ അർത്ഥമെന്താണ് ? നമുക്ക് ഇതുണ്ടാക്കാൻ കഴിയുകയില്ല. പഞ്ചവൽസര പദ്ധതി ശരിയായി നടക്കുമോ ? ഇപ്പോൾ വല്ലതും നടക്കുന്നുണ്ടോ ? എന്റെ നിയോജക മണ്ഡലത്തിൽ ഇപ്പോൾ റോഡ് മെയിൻറനൻസിന് കാശില്ല. എം. എൽ. എ. റോഡിന് ഇതുവരെ കാശനുവദിച്ചിട്ടില്ല. ഇങ്ങനെ, കഴിഞ്ഞ രണ്ടു കൊല്ലമായി സ്തംഭനമാണ്. ഇങ്ങനെ സ്തംഭിച്ചു നിൽക്കുന്ന വികസന പ്രവർത്തനം, അടുത്ത പഞ്ചവൽസര പദ്ധതിക്കാലത്ത് പണം അഡീഷണലായിട്ട് ഉണ്ടാക്കാൻ കഴിഞ്ഞില്ലെങ്കിൽ എങ്ങനെ നടപ്പിലാക്കുമെന്ന കാര്യം ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഒന്നു വിശദീകരിച്ചാൻ തരക്കേടില്ലായിരുന്നു.

പുതിയ കേന്ദ്ര ഡി. എ. യെപ്പറ്റി ധനകാര്യമന്ത്രി ഇവിടെ പറഞ്ഞു. ഡി. എ. പുതിയതായി പ്രഖ്യാപിച്ചപ്പോൾ അതു കൊടുക്കാനുള്ള കാശ് കേന്ദ്രത്തിൽനിന്ന് കിട്ടണമെന്നു പറഞ്ഞു. അതിൽ ശ്രീ. കരുണാകരൻ

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ മന്ത്രിയുടെ അഭിപ്രായത്തോടു യോജിക്കുമോ എന്നെനിക്ക് അറിഞ്ഞു കൂടാ. അദ്ദേഹം എങ്ങനെ പറഞ്ഞാലും ശ്രീമാൻ കരുണാകരനു സമ്മതിക്കാതെ പറയുമോ ? കേന്ദ്ര ഡി. എ. കൊടുക്കുന്നതിനു കേന്ദ്രത്തിന്റെ പണം വേണമെന്നു പറഞ്ഞാൽ അതിന്റെ അർത്ഥം കേന്ദ്ര ഡി. എ. ഇനി ആളുകൾക്കു കൊടുക്കുകയില്ല, ജീവനക്കാർക്കു നൽകുകയില്ല എന്നാണോ എന്നു എനിക്കു സംശയമുണ്ട്. അതുകൊണ്ട്, അങ്ങനെ ഒഴിഞ്ഞുമാറി മറുപടി പറയാതെ, ഇതിനാവശ്യമായ അധിക വിഭവ സമാഹരണം നികുതിയല്ലാതെയും വില വർദ്ധനവു് അടിച്ചേല്പിക്കാതെയും നടത്താൻ ശ്രമിക്കണമെന്നാണു് എനിക്കഭ്യർത്ഥിക്കാനുള്ളതു്.

അതുപോലെതന്നെയാണു് ശമ്പള പരിഷ്ക്കരണത്തിന്റെ കാര്യം. കേരളത്തിൽ തോട്ടക്കാർക്കും സർക്കാർ ജീവനക്കാർക്കും അഞ്ചുകൊല്ലം കൂടുമ്പോഴാ ശമ്പളം പരിഷ്ക്കരിക്കുകയെന്നുള്ളതു്. ഒരംഗീകൃത തത്വമാണു്. 1973-ൽ പരിഷ്ക്കരിച്ചു, 1978-ൽ പരിഷ്ക്കരിച്ചു. 1983-ൽ പരിഷ്ക്കരിക്കാൻ കമ്മീഷനെ വച്ചു. ആ കമ്മീഷൻ 1-7-1983 മുതൽ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കണമെന്നു് ആവശ്യപ്പെട്ടു. ഇപ്പോഴാ രണ്ടു കൊല്ലം കഴിഞ്ഞു. രണ്ടു കൊല്ലമായിട്ടും അതെന്നു കൊടുക്കുമെന്നുള്ള കാര്യം പോലും തീരുമാനിക്കാതെ നീട്ടിക്കൊണ്ടു പോവുകയാണു്. ആട്ടിൻ കുഞ്ഞുങ്ങളെ പുല്ലു കാട്ടി കൊണ്ടുപോകുന്നതു പോലെ മുഖ്യമന്ത്രി അവരെയെല്ലാം വലിച്ചുകൊണ്ടു നടക്കുകയാണു്. നടപ്പിനു് ഒരു പരിധിയുണ്ട്. കാലു കുഴഞ്ഞപ്പോഴാ മുഖ്യമന്ത്രിയുടെ പാർട്ടിക്കും ഉൾപ്പെടെയുള്ളവർ പറഞ്ഞു. ഇനി ഞങ്ങളാ നടക്കുന്നില്ല. അവർ ഒരു ദിവസം പ്രതിഷേധിച്ചു. മുഖ്യമന്ത്രി പൊട്ടിത്തെറിച്ചിരിക്കുകയാണു് ഇപ്പോഴാ രണ്ടു കൊല്ലം കാത്തിരുന്നിട്ടു് ഒരു ദിവസം പ്രതിഷേധിച്ചപ്പോഴാ, എന്നാൽ പിന്നെ പ്രതിഷേധിച്ചോ, ഇനി ചർച്ച ഇല്ല, ഞങ്ങളാക്കു് അതിനു് മനസ്സില്ല എന്നൊരു നിലപാടെടുക്കുന്ന ഈ മുഖ്യമന്ത്രിക്കു് ധാർമ്മികമായി അതു് പറയാനുള്ള അവകാശമുണ്ടോ ? ഒരു ശമ്പള പരിഷ്ക്കരണത്തിനു് റിപ്പോർട്ടു് വന്നശേഷം രണ്ടു കൊല്ലം ക്ഷമിച്ചാൽപ്പോരേ ? അതുകൊണ്ട് മുഖ്യമന്ത്രിയുടെ വെല്ലുവിളിയൊക്കെ അവസാനിപ്പിച്ച് അവരുമായി ചർച്ച ചെയ്തു് പ്രശ്നങ്ങളാ പരിഹരിക്കാൻ ശ്രമിക്കണം.

സർ, അടുത്തതായി വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിന്റെ കാര്യങ്ങിലേക്കു വരുകയാണു്. അദ്ധ്യാപകർക്കു് ജൂലൈ മാസത്തെ ശമ്പളം നൽകുകയില്ലെന്നാണു് ഡി. പി. ഐ. യുടെ നേതൃത്വത്തിൽ കൂടിയ കോൺഫറൻസിൽ തീരുമാനിച്ചിരിക്കുന്നതു്. ഫിക്സേഷൻ നടത്തിയിട്ടില്ല. ജൂലൈ 15-ാം തീയതി പ്രൈവറ്റു് സ്കൂളുകളിലെ അദ്ധ്യാപകരുടെ ഫിക്സേഷൻ നടത്തേണ്ടതാണു്. ഈ വർഷം നടന്നിട്ടില്ല. ഒരു ലക്ഷത്തോളം അദ്ധ്യാപകർ സ്വകാര്യ മേഖലയിലാണു്. ഈ അദ്ധ്യാപകർക്കു് ഫിക്സേഷൻ നടത്തിയില്ലെങ്കിൽ ഈ മാസം ശമ്പളം കൊടുക്കാൻ പാടില്ലെന്നു് ഡി. പി. ഐ. നിർദ്ദേശം കൊടുത്തിരിക്കുകയാണു്. ജൂലൈ മാസം അവസാനിക്കുമ്പോഴാ അദ്ധ്യാപകർക്കു് കിട്ടേണ്ട ശമ്പളം കൊടുക്കാതിരിക്കാൻ ഉള്ള അവസ്ഥ ഉണ്ടാകാൻ ആരാണു് ഉത്തരവാദി ? ഫിക്സേഷൻ നടത്താതിരുന്നതു് എന്തുകൊണ്ട് ? ഈ പശ്ചാത്തലത്തിൽ അദ്ധ്യാപകരെ മനപൂർവ്വം ദ്രോഹിക്കാൻ ശ്രമിക്കുന്നതു് തിരുത്തണമെന്നു് ഞാൻ ഗവൺമെൻറിനോടു് അഭ്യർത്ഥിക്കുകയാണു്. ഈ ഗവൺമെൻറു് കൊണ്ടുവരുന്ന നികുതികളാ ഈ രാജ്യത്തെ പാവപ്പെട്ടവരെ അടിച്ചേല്പിക്കണമെന്നു് നിർബന്ധമുള്ളതായതുകൊണ്ടാണു് ഞാൻ ഈ ബില്ലിനെ എതിർക്കുന്നതു്. പ്ലാൻറേഷന്റെ മേൽ അധിക വരുമാനം ഉണ്ടാക്കുന്ന ഈ ദേശവൽക്കൃത പരിപാടി പോലെയുള്ള നടപടികളാ ഏറെടുത്താൽ, പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക പിരിച്ചെടുത്താൽ ഈ സർക്കാരിനു്

LIBRARY ARCHIVES Kerala Legislative Assembly

പാവപ്പെട്ടവരുടെ മേൽ ഇത്ര ഭാരം അടിച്ചേല്പിക്കേണ്ട ആവശ്യമില്ല. അല്പാതെ തന്നെ വിഭവം സമാഹരിക്കാൻ കഴിയും. ഞാൻ ഈ ബില്ലിനെ എതിർക്കുകയാണ്; പാവങ്ങളുടെ മേൽ ഇത്രമാത്രം ക്രൂരമായ അധിക നികുതി അടിച്ചേല്പിക്കുന്ന നിയമം പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ച ധനകാര്യ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. സംസ്ഥാനത്തെ ഇന്നത്തെ സാമ്പത്തികനില പരിശോധിക്കുമ്പോൾ ഏകദേശം 60 ലക്ഷത്തോളം രൂപ ഒരു ദിവസം കമ്മി വന്നുകൊണ്ടിരിക്കുന്ന സന്ദർഭത്തിലാണ് നമ്മുടെ ധനകാര്യ വകുപ്പ് വികസന പ്രവർത്തനവുമായി മുമ്പോട്ടു പോകുന്നത്. ഈ കഴിഞ്ഞ ബഡ്ജറ്റിൽത്തന്നെ പ്രതിപക്ഷത്തുള്ള പലരും ഭാവനയിൽ കണ്ടിരുന്നത്, ഒരു കനത്ത നികുതി ഈ സംസ്ഥാനത്തെ ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കുമെന്നായിരുന്നു. പക്ഷേ അതിന്റെ പേരിൽ ആവർക്കൊന്നുംതന്നെ മുതലെടുപ്പു നടത്താൻ കഴിയാതെ ഇത്രയും സമർത്ഥമായി കേരളത്തിലെ വികസന പ്രവർത്തനങ്ങളും ഒന്നും വെട്ടിക്കുറയ്ക്കാതെ ഗവൺമെന്റ് ജീവനക്കാർക്കാവശ്യമായ എല്ലാ ആനുകൂല്യങ്ങളും യഥാവസരത്തിൽ നൽകിക്കൊണ്ട്, ഈ സംസ്ഥാനത്തെ സമ്പദ്ഘടനയെ വളരെ നല്ല നിലയിൽ മുമ്പോട്ടു നയിക്കാൻ കഴിഞ്ഞ ധനകാര്യമന്ത്രി കേരളത്തിലെ ജനങ്ങളുടെ മുക്തകണ്ഠമായ പ്രശംസയ്ക്ക് പാത്രീഭൂതനായിരിക്കുന്നു. കഴിഞ്ഞ അഞ്ചാറു വർഷമായി ധനകാര്യ വകുപ്പ് കൈകാര്യം ചെയ്യുന്ന അദ്ദേഹത്തിന് തീർച്ചയായും അടുത്ത അഞ്ചുവർഷം പൂർത്തിയാക്കിയാൽ കേന്ദ്ര ധനകാര്യ വകുപ്പു മന്ത്രിയായിപ്പോലും പ്രമോഷൻ ലഭിച്ചേക്കുമെന്ന് ഞാൻ സംശയിക്കുകയാണ്. അദ്ദേഹം അത്രയേറെ സമർത്ഥമായി ഈ വകുപ്പ് കൈകാര്യം ചെയ്യുന്നു എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

നമ്മുടെ സംസ്ഥാനത്തെ ഇന്നത്തെ നില പരിശോധിക്കുമ്പോൾ ഐക്യ ജനാധിപത്യമുന്നണി ഗവൺമെന്റ് ഈ സംസ്ഥാനത്ത് മൂന്നുവർഷക്കാലം കൊണ്ട് നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ ജനങ്ങൾക്ക് നന്നായി അറിയാം. ഗവൺമെന്റ് ജീവനക്കാർക്ക് ആത്മാർത്ഥമായി അവരുടെ വികാരങ്ങളും പ്രശ്നങ്ങളും കണക്കിലെടുത്തുകൊണ്ട് യഥാവസരം ആനുകൂല്യങ്ങൾ നൽകി വരുന്നു, ഇടതുപക്ഷ ഗവൺമെന്റ് ഭരിച്ചിരുന്ന കാലഘട്ടങ്ങളിൽ ഗവൺമെന്റ് ജീവനക്കാർ പലപ്പോഴും സമരം ചെയ്തിരുന്നു. കോളേജുകളിലേയും സ്കൂളുകളിലേയും വിദ്യാർത്ഥികളും സമരത്തിലായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അതിന് ഒരു അറുതി വരുത്തിയിട്ടുണ്ട്. ഗവൺമെന്റ് ജീവനക്കാർക്ക് സൈരമായി ജോലിചെയ്യാൻ കഴിയുന്നു. അതുപോലെതന്നെ കലാലയാന്തരീക്ഷം വളരെ ശാന്തമാണ്. വിദ്യാഭ്യാസ നിലവാരം മെച്ചപ്പെട്ടിരിക്കുന്നു. ഈ കൊല്ലത്തെ എസ്. എസ്. എൽ. സി. റിസൾട്ട് മെച്ചമായിരിക്കുന്നുവെന്നുള്ളതുതന്നെ ഇവിടെ സമരം ഇല്ലാതായിരിക്കുന്നതിന്റെ തെളിവാണ്. അതുപോലെതന്നെ ഈ സംസ്ഥാനത്ത് സാമ്പത്തികമായി പ്രതിസന്ധി ഉണ്ടായിട്ടുപോലും റോഡുകളുടേയും പാലങ്ങളുടേയും എല്ലാംതന്നെ പ്രവർത്തനം പുരോഗമനപരമായി നടക്കുകയാണ്. ഈ സംസ്ഥാനം ഒരു സാമ്പത്തിക പ്രതിസന്ധിയെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. അത് ആർക്കും മറച്ചുവയ്ക്കാൻ കഴിയുന്ന ഒരു കാര്യമല്ല. ഈ രാജ്യത്തെ സാധാരണക്കാരെ ബാധിക്കാത്ത തരത്തിൽ, അദ്ധ്വാനിക്കുന്ന ജനവിഭാഗത്തെ ബാധിക്കാത്ത തരത്തിൽ, ഉയർന്ന വിഭാഗത്തിലുള്ളവരിൽനിന്ന് ഏതെങ്കിലും വിധത്തിൽ സ്വരൂപിച്ചുകൊണ്ട് ഈ ഷോർട്ടേജ് പരിഹരിക്കാനുള്ള സമഗ്രമായ പരിപാടി ഗവൺമെന്റ് ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് ഇരുപത്തിയഞ്ചുലക്ഷം തൊഴിലില്ലാത്ത ചെറുപ്പക്കാർ ഉണ്ട്. നമ്മുടെ സംസ്ഥാനത്തെ ദേശീയപ്രശ്നമാണ് ഇത്.

LIBRARY ARCHIVES Kerala Legislative Assembly

ഈ പ്രശ്നം പരിഹരിക്കണമെങ്കിൽ തൊഴിൽ നൽകാനുള്ള സമഗ്രമായ പദ്ധതികളും ആവിഷ്ക്കരിക്കണം. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നിട്ട് മൂന്നുവർഷം കഴിഞ്ഞു. ഇനിയുള്ള രണ്ടുവർഷക്കാലം ഈ രാജ്യത്തെ ജനങ്ങൾക്ക് നൽകിയ വാഗ്ദാനം പൂർണ്ണമായും പാലിക്കാനും ഈ രാജ്യത്തെ ഏറ്റവും കാതലായ തൊഴിലില്ലായ്മ പ്രശ്നത്തിന് പരിഹാരം കാണാനും ആവശ്യമായ നടപടി സ്വീകരിക്കണം. എന്തുതന്നെ ബുദ്ധിമുട്ടുണ്ടെങ്കിലും അതിനുള്ള മാർഗ്ഗം കണ്ടുപിടിക്കാൻ ധനകാര്യവകുപ്പ് പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ദേശീയ പ്രശ്നത്തെക്കുറിച്ച് ഇവിടെ പരാമർശിക്കുകയുണ്ടായി. ഇന്ത്യയിലെ ജനങ്ങൾ ഇന്നലെ ആശ്വാസത്തോടുകൂടിയാണ് കിടന്നുറങ്ങിയതെന്ന് പറയാനാഗ്രഹിക്കുകയാണ്. ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്ന ശ്രീമതി ഇന്ദിരാഗാന്ധിയുടെ വിലപ്പെട്ട ജീവൻ പോലും അതിന്റെ പേരിൽ ബലികഴിക്കേണ്ടി വന്നു. നാലര വർഷക്കാലം നീണ്ടുനിന്ന ഒരു പ്രശ്നം നല്ല രീതിയിൽ ഇന്നലെ പരിഹരിക്കാൻ കഴിഞ്ഞതിൽ ഞാനും എന്റെ പാർട്ടിയും വളരെയേറെ സന്തോഷിക്കുകയാണ്. ഇന്ത്യയുടെ ഭരണ ഘടനയുടെ പരിധിയിൽ ഒതുങ്ങിനിന്നുകൊണ്ട് രാഷ്ട്രത്തിന്റെ ഐക്യവും, അഖണ്ഡതയും നിലനിർത്തത്തക്ക രീതിയിൽ ഏത് തീരുമാനം എടുക്കുന്നതിനും പൂർണ്ണമായ സഹകരണവും പിന്തുണയും ഈ രാജ്യത്തെ മത ന്യൂനപക്ഷങ്ങളുടെ നേതാവ് ഇബ്രാഹിം സുലൈമാൻസേട്ട് സാഹിബ് ശ്രീ. രാജീവ് ഗാന്ധിക്ക് നൽകിയിട്ടുണ്ടെന്ന് പറയാനാഗ്രഹിക്കുകയാണ്. പ്രതിപക്ഷനേതാവ് എന്റെ പാർട്ടിയെ പരാമർശിച്ചുകൊണ്ട് പറഞ്ഞത് ഖേദകരമായിപ്പോയിയെന്ന് പറയാനാഗ്രഹിക്കുകയാണ്. ഈ സംസ്ഥാനത്തെ നികുതി വരുമാനത്തിലെ ഏറ്റവും വലിയ ഘടകം സെയിൽസ്ടാക്സാണ്. ഇന്ന് നമ്മുടെ സംസ്ഥാനത്തെ നികുതിഘടനയിൽ സമൂലമായ മാറ്റങ്ങളും പരിഷ്ക്കാരങ്ങളും വരുത്തേണ്ടത് ആവശ്യമാണ്. സെയിൽസ്ടാക്സ് ഉദ്യോഗസ്ഥൻമാരുടെ അശാസ്ത്രീയമായ അസസ്മെൻറ് സമ്പ്രദായവും ഇടയ്ക്കിടെയുള്ള പരിശോധനകളും ചെറുകിട കച്ചവടക്കാരെ സംബന്ധിച്ചിടത്തോളം ഒരു പരിധി വരെയെങ്കിലും ലഘൂകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകണമെന്ന് പറയാനാഗ്രഹിക്കുകയാണ്. മൂന്നുനാലു വർഷവുമായി കെട്ടിക്കിടക്കുന്ന ഫയലുകളും പല ആഫീസുകളിലുമുണ്ട്. അതാത് വർഷങ്ങളിൽത്തന്നെ അസസ് ചെയ്യാൻ ആവശ്യമായ സ്റ്റാഫ് എല്ലാ ആഫീസുകളിലും ഉണ്ടാവുകയാണെങ്കിൽ എല്ലാ വർഷങ്ങളിലേയും നികുതി കർശനമായി പിരിക്കാനും വരുമാനം വർദ്ധിപ്പിക്കാനും കഴിയും. അയൽ സംസ്ഥാനങ്ങളിലെ നികുതി ഘടന ഗവൺമെൻറ് പരിശോധിക്കേണ്ടതുണ്ട്. കർണ്ണാടകത്തിലേയും തമിഴ്നാട്ടിലേയും ആന്ധ്രയിലേയും നികുതി ഘടനകളും പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാനാവശ്യമായ കമ്മീഷനെ കൂടി ഗവൺമെൻറ് നിയമിക്കുന്നത് ഉചിതമായിരിക്കും. നമ്മുടെ സംസ്ഥാനത്തെ വ്യാപാര മേഖല അന്യസംസ്ഥാനങ്ങളിലേക്ക് പോവുകയാണ്. പലരും വൻകിട വ്യാപാര സ്ഥാപനങ്ങളിൽ കൺസ്യൂമേഴ്സ് ബേസിസിലുള്ള സെയിൽസ് നടത്തുന്നതുകൊണ്ട് നമ്മുടെ രാജ്യത്തിന് ഗണ്യമായ സെയിൽസ് ടാക്സ് നഷ്ടം വരുന്നുണ്ട്. അത് പരിഹരിക്കേണ്ടത് ആവശ്യമാണ്. ഇന്ന് നമ്മുടെ സംസ്ഥാനത്ത് അശാസ്ത്രീയമായ നികുതി സമ്പ്രദായമാണുള്ളത്. ഇതിനു മാറ്റംവരുത്തി പല ഐറ്റത്തിനും നികുതി അൽപ്പമെങ്കിലും കുറയ്ക്കുകയാണെങ്കിൽ നന്നായിരിക്കും. കോയമ്പത്തൂരിലേക്കും മറ്റും വ്യാപാര മേഖല കടന്നുപോകുന്നതുകൊണ്ട് സെയിൽസ് ടാക്സിൽ ഗണ്യമായ കുറവ് ഈ സംസ്ഥാനത്തിന് വന്നുകൊണ്ടിരിക്കുന്നു. ലോറികളിലും മറ്റു വാഹനങ്ങളിലും അന്യസംസ്ഥാനങ്ങളിൽനിന്ന് വീട്ടാവശ്യത്തിനുള്ള സാധനങ്ങൾ വാങ്ങി കൺസ്യൂമേഴ്സ്

LIBRARY ARCHIVES Kerala Legislative Assembly

അവരുടെ പേരിൽ ബിൽ എഴുതി കൊണ്ടുവന്നാൽ ചെക്ക് പോസ്റ്റിലുള്ള ഉദ്യോഗസ്ഥൻമാർക്ക്, ഒന്നുംതന്നെ ചെയ്യാൻ സാദ്ധ്യമല്ല. അങ്ങനെ ഗണ്യമായ സെയിൽസ് ടാക്സ് വെട്ടിപ്പ് ഈ രാജ്യത്ത് നടക്കുന്നുണ്ട്. അത് കർശന മായി തടയണമെങ്കിൽ നികുതി ഘടനയിലുള്ള വിടവ് നികത്തണം. ശ്രീ. അബൂബേക്കർ, മാർക്സിസ്റ്റു പാർട്ടിയുമായി സലാം പറയാനുള്ള കാര്യം വളരെ വികാരത്തോടുകൂടി പറയുകയുണ്ടായി. പതിനൊന്നു വർഷ ക്കാലം ഈ സംസ്ഥാനത്ത് ഇടതുപക്ഷജനാധിപത്യ മുന്നണിയോടൊപ്പം നിൽക്കുകയും തങ്ങളിൽനിന്ന് അകന്നു നിൽക്കുകയും ചെയ്ത ഒരു പാർട്ടി അടുത്ത അസംബ്ലി സമ്മേളനത്തിൽ ഒരൊറ്റ ബ്ലോക്കായി സഭയിൽ ഇരിക്കു മെന്ന് പറഞ്ഞതിനെ സഹർഷം സ്വാഗതം ചെയ്യുകയാണ്. ശ്രീ. സി. എച്ച് മുഹമ്മദ് കോയ ഈ ലോകത്തോട് വിട പറയുമ്പോഴും ആഗ്രഹിച്ചത് വിശാ ലമായ ന്യൂനപക്ഷ സമുദായങ്ങളുടെ താൽപ്പര്യമാണ്. വിശാലമായ മുസ്ലീം സമുദായത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി ഈ രാജ്യത്തെ ന്യൂന പക്ഷങ്ങളുടെ അവകാശസംരക്ഷണത്തിനുവേണ്ടി ഇടുകക്ഷികളുടേയും ഐക്യം ഉണ്ടാകണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. ആ പ്രഖ്യാപനം സഭയിൽ ഉണ്ടായപ്പോഴും ആശ്വസിക്കാൻ മഹാനായ നേതാവ് ഇല്ലാതെ പോയതിൽ ഞാൻ ഖേദിക്കുന്നു. കാസർകോടിനെ പ്രതിനിധീകരിച്ച എന്റെ മുൻഗാമിയായ ഇബ്രാഹിം സാഹിബും ഈ സഭയിൽ ഇല്ലാതെ പോയി. അവരെല്ലാം വളരെ ആശ്വാസത്തോടുകൂടി ആഗ്രഹിച്ചിരുന്ന ഏറ്റവും നല്ല കാര്യം ഇന്ന് സാധി ക്കാൻ പോവുകയാണ്. അടുത്ത സമ്മേളനത്തിൽ ഞങ്ങളം ഒറ്റക്കെട്ടായി ഒരു ബ്ലോക്കായി ഇരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. പാവപ്പെട്ട സമുദായ ത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്നതിന്, ശരിയത്ത് സംരക്ഷിക്കുന്നതിന് ആര് എതിർത്താലും, ഞങ്ങൾ യാതൊരു വിട്ടുവീഴ്ചയ്ക്കും തയ്യാറല്ലെന്ന് പറയാനാഗ്രഹിക്കുകയാണ്. പ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധിയും മുഖ്യമന്ത്രിയും ഈ രാജ്യത്തെ ജനങ്ങളോട് വളരെ ശക്തമായ ഭാഷയിൽ പറഞ്ഞു ന്യൂനപക്ഷങ്ങളുടെ താൽപ്പര്യം സംരക്ഷിക്കുകയാണ് ഞങ്ങളുടെ ലക്ഷ്യമെന്ന്. ഈ രാജ്യത്തെ ന്യൂനപക്ഷങ്ങളുടെ പിന്തുണയില്ലാതെ അവരുടെ താൽപ്പര്യം സംരക്ഷിക്കാതെ ഒരു ഗവൺമെൻറിനും മുന്നോട്ടുപോകാൻ കഴിയു കയില്ല. ഇരുപത്തൊന്നുമാസക്കാലം മാർക്സിസ്റ്റു പാർട്ടി ഈ സംസ്ഥാനം ഭരിച്ചു. മലപ്പുറത്തുവച്ച് മൂന്നു സഹോദരൻമാരെ നിർത്തോക്കൊഴിച്ച് കൊല്ലു കയും ഈ സംസ്ഥാനത്തേയും ഈ സമുദായത്തേയും നശിപ്പിക്കാമെന്ന് കരു തുകയും ചെയ്ത അവർ നിരാശരായിരിക്കുകയാണ്. ഇനി ഒരിക്കലും കേരള സംസ്ഥാനത്ത് മാർക്സിസ്റ്റു പാർട്ടിക്ക് അധികാരത്തിൽ വരാൻ കഴിയു കയില്ല. മഹാനായ സെയ്തു അബ്ദുറഹ്മാൻ ബാഫഖി തങ്ങളാണ് താഴെയിറ ക്കിയത്. ആ നേതാവിനോട് മാപ്പ് പറഞ്ഞാൽ അല്ലാതെ ഈ സംസ്ഥാനത്ത് ഇനി ഒരിക്കലും ഇടതുപക്ഷമുന്നണി അധികാരത്തിൽ വരികയില്ല. എതായാലും പ്രതിപക്ഷത്തുള്ള പല കക്ഷികളും ഈ ഭാഗത്തേക്ക് കടന്നുവരാൻ ആഗ്രഹിക്കുന്നവരാണ് അവരുടെ കൂടേയുള്ള പല കക്ഷികളും അവരോട് യോജിക്കുന്നില്ല. ഈ ബില്ലിനെ ഒന്നുകൂടി പിന്താങ്ങികൊണ്ട് എന്റെ വാക്കു കളം അവസാനിപ്പിക്കുന്നു.

ശ്രീ. കെ. പങ്കജാക്ഷൻ : സർ, ഞാൻ ഈ ധനകാര്യ ബില്ലിനെ എതിർ ക്കുന്നു. എന്റെ യുവസുഹൃത്ത് മുസ്ലീം ലീഗിലെ അഹമ്മദാലിയുടെ പ്രസംഗം കേട്ടപ്പോഴാ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയെ എത്ര നേരത്തേ ഇവിടെനിന്ന് കെട്ടുകെട്ടിക്കാൻ കഴിയുമോ അത്രയും നല്ലത് എന്ന് അദ്ദേഹ ത്തിനു നിർബന്ധമുള്ളതുപോലെ തോന്നി. കാരണം "അദ്ദേഹത്തിന് ഇന്ത്യയുടെ ധനകാര്യമന്ത്രിയാകാൻ യോഗ്യതയുണ്ട്, വേഗമങ്ങ് പോ അപ്പനേ നമ്മളെ ശല്യപ്പെടുത്താതെ" എന്നാണ് അദ്ദേഹം പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : ശ്രീ. പങ്കജാക്ഷനു് എന്നോടു് സ്നേഹമുണ്ടെന്നു് എനിക്കറിയാം. അതുകൊണ്ടു് ഞാൻ ഇവിടെത്തന്നെ ഇരിക്കാൻ തീരുമാനിച്ചിരിക്കുകയാണു്.

ശ്രീ. കെ. പങ്കജാക്ഷൻ : നമുക്കു തമ്മിൽ വ്യക്തിപരമായി എന്തു് ബന്ധമുണ്ടെന്നുള്ള പ്രശ്നം ഇപ്പോഴും ഉദിക്കുന്നില്ല. രാഷ്ട്രീയമായി ഞാനും ശ്രീ. മാണിയും പ്രതിനിധാനം ചെയ്യുന്ന പ്രസ്ഥാനങ്ങളും തമ്മിലുള്ള ബന്ധം. രാഷ്ട്രീയമായി ധനകാര്യമന്ത്രിയും മുസ്ലീംലീഗും പ്രതിനിധാനം ചെയ്യുന്ന പ്രസ്ഥാനങ്ങളും തമ്മിലുള്ള ബന്ധം. ആ ബന്ധത്തിന്റെ ഏതെങ്കിലും ഭാഗത്തു് എന്തെങ്കിലും തരത്തിലുള്ള ഉലച്ചിൽ ഉണ്ടാകുമോ എന്നു് അറിയുകയില്ല. എന്തായാലും ഒരു കാര്യത്തിൽ അങ്ങു് ഇന്ത്യയുടെ ധനകാര്യമന്ത്രിയാകാൻ യോഗ്യനാണെന്നു് എനിക്കു തോന്നി. കാരണം ഇന്നലെ പാർലമെന്റിൽ കോൺഗ്രസ് പാർട്ടിയുടെ യോഗത്തിൽ നടന്ന ചർച്ചയിൽ അവിടത്തെ ധനകാര്യമന്ത്രി സിംഗ് പറഞ്ഞു, വില കൂടിയോ? എവിടെ, ഏതു സാധനത്തിനു് ? എട്ടു രൂപയിൽ കുറഞ്ഞു് ഒരു കിലോ പഞ്ചസാര വാങ്ങിത്തരാമോ എന്നു് കോൺഗ്രസുകാർ ചോദിച്ചു. അവസാനം ധനകാര്യമന്ത്രി വി. പി. സിംഗിനു് അവിടെനിന്നും ഇറങ്ങിപ്പോകാൻ ബുദ്ധിമുട്ടായി. അതിന്റെ മറ്റൊരു പരിവർത്തനം നടത്താൻ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി മാണി യോഗ്യനാണെന്നുള്ള കാര്യത്തിൽ സംശയമില്ല. അങ്ങു് ഇന്നലെ ഇവിടെ പറഞ്ഞതും ഇതിനുമുമ്പു് മറ്റു പല ദിവസങ്ങളിലും സൂചിപ്പിച്ചതും അതുതന്നെയാണു്. കേന്ദ്രം അവിടെ നോട്ടടിച്ചു് കമ്മി ബഡ്ജറ്റ് അംഗീകരിക്കുന്നുണ്ടെങ്കിൽ നമുക്കും കമ്മി ബഡ്ജറ്റ് വയ്ക്കാം. നമുക്കു് കോടി തന്നേ തീരു. പിന്നെ ഇവിടത്തെ കമ്മി എങ്ങനെ നികത്തും? വിഭവ സമാഹരണം എങ്ങനെ ഉണ്ടാക്കും. പ്ലാൻ ഹോളീഡേ അല്ലാതെ പദ്ധതികളെല്ലാം എങ്ങനെ നടപ്പാക്കും ? കടുത്ത ശിക്ഷണം പാലിച്ചുകൊണ്ടു് ആവശ്യത്തിനു് വേണ്ടുന്ന വിഭവ സമാഹരണം നടത്തുകയാണു്. കടുത്ത ശിക്ഷണം ചിലയിനങ്ങളിൽ എങ്ങനെ നടത്തുന്നു എന്നുള്ളതിലേക്കൊന്നും വിശദമായി കടന്നു പോകണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. കഴിഞ്ഞ തവണത്തെ പദ്ധതി പ്രവർത്തനം ഏതുതരത്തിലായെന്നു് നമുക്കറിയാം. അങ്ങു് ഇന്നലെ അതു സൂചിപ്പിച്ചു. തീർച്ചയായും ആ കഴിവിനെ ഞാൻ അനുമോദിക്കുന്നു. എന്റെ സുഹൃത്തു് അഹമ്മദാലിയെപ്പോലുള്ള യുവാക്കളെക്കൊണ്ടു് അതു് ആവർത്തിച്ചു് പറയിപ്പിക്കാനുള്ള അങ്ങയുടെ കഴിവിനെ അനുമോദിക്കുന്നു. റോഡിന്റെ പണി, പാലത്തിന്റെ പണി, ഒക്കെ ഒരു കോട്ടവും തട്ടാതെ നടത്തുമെന്നു പറയുമ്പോഴും എങ്ങനെയാണെന്നു് മനസിലാകുന്നില്ല. കാസർകോട്ടെ കല്ലടുക്ക-കാഞ്ഞങ്ങാടു് റോഡു് ഉണ്ടല്ലോ. അതിലേയൊന്നു നടക്കുമോ അഹമ്മദാലി ? കാസർകോടു് ജില്ലാ വിപുലീകരണത്തിനുശേഷം ഒരൊറ്റ പൈസ അധികമായി വികസന പ്രവർത്തനങ്ങൾക്കു്, ഒരു റോഡിന്റെയോ ഒരു പാലത്തിന്റെയോ പണിക്കുവേണ്ടി ചെലവഴിച്ചതായി പറയാൻ കഴിയുമോ ? ചന്ദ്രഗിരിപ്പുഴ പാലം പണിയുന്നതിനു് കേന്ദ്ര ഗവൺമെന്റിനെക്കൊണ്ടു് അംഗീകരിപ്പിച്ചു് കഴിഞ്ഞതിനുശേഷം ആ പ്രവർത്തിയെങ്കിലുമൊന്നു് ഏറെറടുത്തു് പൂർത്തിയാക്കാൻ കഴിഞ്ഞോ ? സംസ്ഥാന ഗവൺമെന്റു് അവരുടെ വിഹിതമിടാൻ ബാദ്ധ്യസ്ഥമായിരുന്നു. സംസ്ഥാന ഗവൺമെന്റിനു് ആ വിഹിതം ഇടുന്നതിനുള്ള പൈസ ഇല്ലാതിരുന്നതുകൊണ്ടു് കേന്ദ്ര ഗവൺമെന്റു് അനുവദിച്ച സഹായം ഉപയോഗിച്ചു് ആ പണി പൂർത്തിയാക്കാൻ കഴിഞ്ഞില്ല. എന്നിട്ടു് ഇവിടെ വന്നു്, കോട്ടംതട്ടാതെ പാലത്തിന്റെ പണി നടക്കുന്നു. റോഡിന്റെ പണി നടക്കുന്നു. സകല റോഡുകളും വാർണീഷ് ഇട്ടതുപോലെ തെന്നിത്തെറിച്ചു് നടക്കാൻ കഴിയുന്ന രീതിയിൽ സ്വച്ഛമാക്കിയിരിക്കുന്നു എന്നു പറയാനുള്ള ചങ്കൂറ്റം അത്ഭുതം തന്നെ.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങ് പറഞ്ഞു, അധിക വിഭവ സമാഹരണം നടത്തി എന്ന്. 1,680 കോടി രൂപയുടെ സ്ഥാനത്ത് 1,748 കോടി രൂപ പിരിച്ചു. ഇത് എന്തിനുവേണ്ടി ചെലവാക്കി ? വികസനേതര പ്രവർത്തനങ്ങൾക്കല്ല, വികസന പ്രവർത്തനങ്ങൾക്കു തന്നെ. സമ്മതിച്ചു. ഏതു മേഖലയിൽ ? അങ്ങേക്ക് പറയാൻ കഴിയുമോ? വികസന പ്രവർത്തനങ്ങളുടെ ഏതു മേഖലയിലാണ് അധിക വിഭവ സമാഹരണംകൊണ്ട് ശേഖരിച്ച പണം ചെലവഴിച്ചത് ? പറയാൻ കഴിയുമോ ? പറയാൻ കഴിയുകയില്ല. നിയമസഭാ സാമാജികൻമാരെ തെറ്റിദ്ധരിപ്പിക്കുവാൻ കഴിയുകയില്ല. ഒരു വിഭാഗം ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ഇത്തരത്തിലുള്ള സത്യവിരുദ്ധമായ കാര്യങ്ങൾ ആവർത്തിക്കരുതെന്ന് അഭ്യർത്ഥിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു. ഡി. എ. ഗഡുക്കൾ ഇങ്ങനെ വർദ്ധിക്കുന്ന കാര്യം ബുദ്ധിമുട്ട് ആയേക്കാം. ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടേയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും പ്രസ്താവനകൾ പ്രകടമാക്കുന്നത് 5 കൊല്ലത്തിലൊരിക്കൽ സർവ്വീസ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം (നമ്മുടെ സംസ്ഥാനത്ത് കാലാകാലങ്ങളിൽ ഗവൺമെൻറുകൾ അംഗീകരിച്ചു കൊടുത്തിട്ടുള്ള ആ ആനുകൂല്യം) എന്നത്, എന്നന്നേക്കുമായി ബലികഴിക്കാൻ പോകുന്നു എന്നാണ്. അതുപോലെതന്നെ കേന്ദ്ര ഗവൺമെൻറ് അനുവദിക്കുന്ന ഡി. എ. ഗഡുക്കളായി നൽകുന്ന സംവിധാനവും എന്നന്നേക്കുമായി അവസാനിപ്പിക്കാൻ പോകുന്നു എന്നുള്ളതിൻെറ പ്രകടമായ സൂചനയായിരുന്നു ഇന്നലത്തെ പ്രസംഗം. എന്തിനുവേണ്ടിയാണ് ക്ഷാമബത്തയും മറ്റും കൊടുക്കുന്നത് ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): ഒരുപക്ഷേ കേന്ദ്ര ഗവൺമെൻറ് ശമ്പളംതന്നെ കൊടുക്കാൻ തീരുമാനിച്ചാൽ വിരോധമുണ്ടോ?

ശ്രീ. കെ. പങ്കജാക്ഷൻ : എങ്കിൽ വളരെ നല്ലത്. അങ്ങേക്ക് കേന്ദ്ര ഗവൺമെൻറിനെ പ്രേരിപ്പിക്കാൻ കഴിയുമെങ്കിൽ, (അത് സംസ്ഥാനത്തിനു കൂടി പ്രായോഗികമാക്കുന്നതിന് അങ്ങേക്ക് നടപടി സ്വീകരിക്കാൻ കഴിയുമെന്ന വിശ്വാസമുണ്ട്) വളരെ നല്ലതാണ്.

ശ്രീ. കെ. എം. മാണി : ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചോദിച്ചത് കേന്ദ്ര ഗവൺമെൻറ് കൊടുക്കുന്ന എമോളുമെൻറ്സ് സംസ്ഥാനഗവൺമെൻറും പാലിച്ചുവെന്നു വരുത്തിയാൽ കുഴപ്പമുണ്ടോയെന്നാണ്.

ശ്രീ. കെ. പങ്കജാക്ഷൻ : ജീവനക്കാരുടെ പ്രതിനിധികളുമായി ചർച്ച ചെയ്യേണ്ട കാര്യമാണിത്. അത് ഞാൻ പറയേണ്ട കാര്യമില്ല. എൻെറ ഭാര്യ സർക്കാർ ജീവനക്കാരിയാണെങ്കിൽ അവർക്കുവേണ്ടി ആ കാര്യത്തിൽ അഭിപ്രായം പറയാനുള്ള അവകാശം അവർ എനിക്ക് നൽകിയിട്ടില്ല. അത് അവരുടെ സംഘടനാപ്രതിനിധികളുമായി ചർച്ചചെയ്ത് തീരുമാനിക്കേണ്ട കാര്യമാണ്. പക്ഷേ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവന വ്യക്തമാക്കുന്നത്, അഞ്ച് വർഷത്തിലൊരിക്കൽ അംഗീകരിച്ചുകൊടുത്തിട്ടുള്ള ശമ്പള പരിഷ്കരണമെന്ന രീതി നിലയ്ക്കാൻ പോകുന്നു എന്നാണ്. അതുപോലെതന്നെ കേന്ദ്രം അനുവദിച്ചുകൊണ്ടിരിക്കുന്ന ഡി.എ. ഇവിടെ നൽകുന്ന സംവിധാനം അവസാനിപ്പിക്കാൻ പോകുന്നു എന്നാണ്. ഇത് സർക്കാർ ജീവനക്കാരെയും അദ്ധ്യാപക സംഘടനകളെയുമെല്ലാം ചൊടിപ്പിക്കുമെന്ന കാര്യം അങ്ങ് മനസിലാക്കണം. ആ അപകടകരമായ ഭാവിയിലേക്ക് അങ്ങ് നീങ്ങരുതെന്നാണ് എനിക്ക് അപേക്ഷിക്കുവാനുള്ളത്. എന്തിനുവേണ്ടിയാണ് ക്ഷാമബത്ത കൊടുക്കുന്നത് ? അവർ ചോദിച്ചിട്ടാണോ ? ഇവിടെ ജീവിതച്ചെലവ് അമിതമായി വർദ്ധിക്കുന്ന രീതിയിൽ നികുതി

LIBRARY ARCHIVES Kerala Legislative Assembly

സംവിധാനം നിലനിൽക്കുന്നു. മുതലാളിമാരെ പിടിക്കുന്നതിന്, സമ്പന്നരായ കർഷകരുടെമേൽ ആവശ്യത്തിന് നികുതി ഏർപ്പെടുത്തുന്നതിന് അല്പം ഭാവമുള്ള ഒരു സമീപനം നിങ്ങൾ സ്വീകരിച്ചതുകൊണ്ടല്ലേ ഇവിടെ ജീവിത ചെലവ് വർദ്ധിക്കുന്നത്? ബഹുമാനപ്പെട്ട ധനകാര്യമന്ത്രി മാണി, അദ്ധ്വാനവർഗ്ഗത്തോട് അനുകമ്പ ഉള്ളവനാണ്. അതുകൊണ്ടുതന്നെ ഉയർന്ന കൃഷിക്കാരുടെ പേരിൽ അധിക നികുതി ചുമത്തുന്നതിന് അദ്ദേഹം സന്നദ്ധനല്ല. പാവപ്പെട്ടവരുടെ മേൽ കൂടുതൽ നികുതിഭാരം. 15 ശതമാനം വിൽപ്പന നികുതി ചുമത്തിയാൽ അത് ആരുടെ പുറത്താണ് ചെന്നു ചേരുന്നത്? ഈ വിൽപ്പന നികുതി ബീഡി വലിക്കുന്നവന്റെ പുറത്തുകൂടി ചെന്നുചേർന്നതിന്റെ ഫലമായി, എല്ലാവിഭാഗം ജനങ്ങളേയും ബാധിക്കുന്ന വിധത്തിൽ 15 കോടി രൂപയ്ക്കുവരെ വിൽപ്പന നികുതി ആയിക്കഴിഞ്ഞു. ഇതു പാവപ്പെട്ടവരെ ബാധിക്കുകയില്ലെന്നു പറയാൻ നിങ്ങൾക്ക് എങ്ങനെ തോന്നി? സാധനങ്ങളുടെ വില അമിതമായി വർദ്ധിക്കുന്നു. ഇത് പറയുകയാണെങ്കിൽ എവിടെ വർദ്ധിച്ചുവെന്ന് ചോദിക്കും. 2.50 പൈസയ്ക്ക് അരി വിതരണം ചെയ്യുന്നുവെന്ന് എന്റെ സുഹൃത്ത് ബീരാൻ സാഹിബ് പറഞ്ഞു. നിങ്ങൾ വിതരണം ചെയ്തോ എന്നുള്ളതല്ല, നിങ്ങൾക്കു വില നിയന്ത്രിച്ചു നിർത്താൻ കഴിഞ്ഞോ എന്നുള്ളതാണ് പ്രശ്നം. 2.55 പൈസയ്ക്ക് അരി വിതരണം ചെയ്തോ എന്നതല്ല, 5.80 പൈസയിൽ നിന്ന് അരിയുടെ വില കുറച്ചുകൊണ്ടു വരുന്നതിന് നിങ്ങൾക്ക് കഴിഞ്ഞോ? അതുപോലെ തന്നെ ആറു രൂപയും ഏഴു രൂപയുമായ പഞ്ചസാരയുടെ വില കുറച്ചുകൊണ്ടുവരാൻ നിങ്ങൾക്കു കഴിഞ്ഞോ? പയറു വർഗ്ഗത്തിന്റെ വില അമിതമായി വർദ്ധിച്ചിരിക്കുന്നു. അത് കുറച്ചുകൊണ്ടുവരുന്നതിന് നിങ്ങൾക്കു കഴിഞ്ഞോ എന്നുള്ളതാണ് പ്രശ്നം. നിങ്ങൾക്ക് കഴിഞ്ഞില്ല. കാരണം എന്താണ്? സ്വകാര്യ വ്യാപാരികളെ പ്രോൽസാഹിപ്പിക്കുക എന്നുള്ള നയമാണ് ഈ ഗവൺമെൻറ് അംഗീകരിച്ചിരിക്കുന്നത്. ഈ ഗവൺമെൻറിന്റെ പ്രതിനിധിയായിരിക്കുന്ന ശ്രീ. യു. എ. ബീരാന് സാധാരണ ജനങ്ങളോട് എത്രമാത്രം സഹതാപമുണ്ടെങ്കിലും, സാധാരണ ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ വില നിയന്ത്രിച്ചു കൊണ്ടുവരാൻ കഴിയുകയില്ല. ഈ ഗവൺമെൻറ് പ്രതിനിധീകരിക്കുന്നത് ഈ സംസ്ഥാനത്തെ വൻകിട സ്വകാര്യ വ്യാപാരികളെയാണ്. അതുകൊണ്ടുതന്നെ അരിയുടേയും മറ്റ് പയറു വർഗ്ഗങ്ങളുടേയും മറ്റു സാധനങ്ങളുടേയും വില നിയന്ത്രിച്ചു കൊണ്ടുവരാൻ സാധിക്കുകയില്ല. അങ്ങനെയുള്ള ഗവൺമെൻറ് കൊണ്ടുവന്നിരിക്കുന്ന ഈ ധനകാര്യ ബില്ലിനെ ഞാൻ എതിർക്കുന്നു.

ശ്രീ. എസ്. രാമചന്ദ്രൻപിള്ള: സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഈ സഭയിൽ അവതരിപ്പിച്ച ധനകാര്യ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. കഴിഞ്ഞ മൂന്നുവർഷമായി ജനോപകാരപ്രദമായ പല കാര്യങ്ങളും ചെയ്തിട്ടുള്ള ഈ ഗവൺമെൻറിന് വികസന പ്രവർത്തനങ്ങൾക്ക് കൂടുതൽ തുക കണ്ടെത്തേണ്ടതു ആവശ്യമാണ്. വൻകിട തോട്ടങ്ങൾക്കും ഹോട്ടലുകൾക്കും ടെക്സ്റ്റൈൽസിനും ഏർപ്പെടുത്തിയിരിക്കുന്ന നികുതിയും സ്റ്റാമ്പ് ഡ്യൂട്ടിയിൽ വർദ്ധിപ്പിച്ച നികുതിയും പിരിച്ചെടുക്കുന്നതിനുള്ള ബില്ലാണിത്. ഈ ബില്ല് സാധാരണക്കാരെ സ്പർശിക്കുന്നതല്ല. വികസന പ്രവർത്തനങ്ങൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് മുന്നോട്ടുപോകണമെങ്കിൽ 22 കോടി രൂപയുടെ നികുതി പിരിച്ചെടുക്കേണ്ടതു ആവശ്യമാണ്. നമ്മുടെ സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങളുടെ കാര്യം അപ്പുറത്തിരിക്കുന്ന എല്ലാവർക്കും അറിയാം. റോഡുകൾക്കായാലും പാലങ്ങൾക്കായാലും എ. എസ്. കിട്ടിയാൽ പണി നടക്കുന്നില്ല. വികസന പ്രവർത്തനങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

മുൻതൂക്കം കൊടുത്തുകൊണ്ടുള്ള ജനോപകാരപ്രദമായ കാര്യങ്ങൾക്കുവേണ്ടി യാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. ഇങ്ങനെയുള്ള ഈ ബിൽ പാസാ ക്കിയെടുക്കേണ്ടത് ആവശ്യമാണ്. അതുകൊണ്ടുതന്നെയാണ് ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നത്.

വർദ്ധിപ്പിച്ച നികുതി പിരിച്ചെടുക്കുന്നതിനുള്ള നടപടി ഗവൺമെൻറ് ഊർജ്ജിതപ്പെടുത്തുന്നുണ്ട്. അങ്ങനെ നികുതികൊ പിരിച്ചെട ക്കുകയും വികസന പ്രവർത്തനങ്ങൾക്ക് കൂടുതൽ തുക മാറ്റി വയ്ക്കുകയും ചെയ്യേ ണ്ടത് ആവശ്യമാണ്. പ്രകൃതിക്ഷോഭം കൊണ്ടും പ്രളയംകൊണ്ടും ഉണ്ടായ പ്രതിസന്ധി തരണം ചെയ്ത ഒരു ഗവൺമെൻറാണ് ഇന്ന് നിലവിലു ള്ളത്. സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുന്ന അവസരത്തിലാണ് പ്രകൃതിക്ഷോഭം കൊണ്ട് വൻ നാശനഷ്ടങ്ങളുണ്ടായത്. അവയ്ക്കു പരി ഹാരം കാണാനാവശ്യമായ തുകയുടെ ഒരു വിഹിതം മാത്രമാണ് കേന്ദ്രത്തിൽ നിന്ന് കിട്ടുന്നത്. ബാക്കിയുള്ളത് ഇവിടെത്തന്നെ കണ്ടെത്തേണ്ടതായിട്ടുണ്ട്. ആ കമ്മി നികത്താൻ വേണ്ടി ഏർപ്പെടുത്തിയ പുതിയ നികുതികൊ—സാധാരണ ക്കാരെ ബാധിക്കാത്ത നികുതികൊ—പിരിച്ചെടുക്കാനുള്ള ഒരു ബില്ലാണിത്. അങ്ങനെയുള്ള ഈ ബിൽ പാസാക്കിയെടുക്കാൻ അപ്പുറത്തിരിക്കുന്നവർ അനു കൂലിക്കുന്നില്ല. എന്തിനേയും എതിർക്കുകയെന്നുള്ളത് അവരുടെ പോളിസി യാണ്. ആ വക കാര്യങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. ഈ നികുതികൊ പിരിച്ചെടുക്കുന്നതിനും അതുപോലെതന്നെ ഗവൺമെൻറ് എടുക്കുന്ന തീരു മാനങ്ങൊ നടപ്പിലാക്കുന്നതിനും വൈമനസ്യം കാണിക്കുന്ന പല ഉദ്യോഗ സ്ഥൻമാരും നമ്മുടെ സംസ്ഥാനത്തുണ്ട്. അവരുടെ പേരിൽ കർശനമായ നടപടികളെടുക്കണമെന്ന് ഞാനഭ്യർത്ഥിക്കുകയാണ്. ഇന്നത്തെ പത്രത്തിൽ സുപ്രീം കോടതിയിലെ വിധി വന്നിട്ടുണ്ട്. ഉദ്യോഗസ്ഥൻമാരെ അന്വേ ഷണം കൂടാതെ സർവ്വീസിൽനിന്ന് പിരിച്ചു വിടാമെന്നാണ് സുപ്രീം കോടതി വിധിയിൽ പറഞ്ഞിരിക്കുന്നത്. ഭരണ ഘടനയിലെ 311-ാം വകുപ്പിൽ 2 (ബി) ഉപവകുപ്പനുസരിച്ച് ഗവൺമെൻറിന് ഇതിനധികാരമുണ്ടെന്നാണ് അതിൽ പറഞ്ഞിരിക്കുന്നത്. അതുപോലെതന്നെ പൊതുജന താൽപ്പര്യം പൊതുജനനൻമ എന്നിവയെ കടത്തിവെട്ടുന്ന സഹാനുഭൂതിയൊന്നും പിരി ച്ചുവിടപ്പെടുന്നവരെ സംബന്ധിച്ചിടത്തോളം കാട്ടേണ്ടതില്ലെന്നും സുപ്രീം കോടതി വിധിയിൽ എടുത്തുപറഞ്ഞിട്ടുണ്ട്. ഇങ്ങനെ കർശനമായ രീതിയി ലൂടെ ഇവരുടെ പേരിൽ നടപടി എടുക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

നമ്മുടെ സംസ്ഥാനത്ത് ഈ അടുത്തകാലത്ത് വെള്ളപ്പൊക്ക കെടുതി ഉണ്ടായപ്പോൊ ഏതാണ്ട് 286 കോടി രൂപയുടെ കേന്ദ്രസഹായമാണ് നമ്മൊ ആവശ്യപ്പെട്ടത്. അത് മുഴുവൻ കിട്ടിയില്ലെങ്കിൽ കിട്ടുന്നതിനുവേണ്ടി മുഖ്യ മന്ത്രി താൽപ്പര്യം എടുക്കണം. കേന്ദ്രത്തിൽനിന്ന് കൂടുതൽ സഹായം കിട്ടി യെങ്കിൽ മാത്രമേ കാര്യങ്ങളെല്ലാം ചെയ്തു തീർക്കാൻ സാധിക്കുകയുള്ളൂ. ദുരിതം അനുഭവിക്കുന്ന പാവങ്ങൊക്ക് ഇതിൻെറ പ്രയോജനം ലഭിക്കുകയുള്ളൂ കേന്ദ്രത്തിൻെറ അവഗണനയുണ്ടെന്നു പറഞ്ഞ അപ്പുറത്തിരിക്കുന്നവർ ഒരു കാര്യം മനസ്സിലാക്കണം. കഴിഞ്ഞ മൂന്നു വർഷമായിട്ട് കേന്ദ്രത്തിൽനിന്ന് വളരെയധികം സഹായങ്ങൊ കിട്ടിയ ഒരു ഗവൺമെൻറാണിത്. ദീർഘദൂര റെയിൽവേ സർവ്വീസ് തുടങ്ങി. തിരുവനന്തപുരത്തുനിന്നും ആസ്സാമി ലേക്കും ഹൈദരാബാദിലേക്കുമുള്ള റെയിൽവേ സർവ്വീസുകൊ തുടങ്ങി. പോസ്റൽ ഡിപ്പാർട്ടുമെൻറിൻെറ കാര്യം എടുത്തു പരിശോധിച്ചു നോക്കി യാലും ടെലഫോൺ ഡിപ്പാർട്ടുമെൻറിൻെറ കാര്യം എടുത്തു പരിശോധിച്ചു നോക്കിയാലും കേന്ദ്രം നമ്മോട് അവഗണന കാണിച്ചിട്ടില്ലെന്നു മനസ്സിലാക്കാൻ സാധിക്കും. ഏത് മുക്കും മൂലയുമായിട്ടും ഇന്ത്യയേയും മറ്റു

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനങ്ങളെയും ബന്ധിപ്പിക്കാനുള്ള സംവിധാനങ്ങളുണ്ടാക്കിയിട്ടുണ്ട്. അതുപോലെതന്നെ വിദേശ രാജ്യങ്ങളിൽ നിന്നുമുള്ള സർവ്വീസുകളും തുടങ്ങിയിട്ടുണ്ട്. ഇതെല്ലാം കേന്ദ്രത്തിന്റെ അവഗണനയാണോ ? നമുക്കു കിട്ടിയിട്ടുള്ള സതേൺ എയർ കമാൻഡ് അന്നത്തെ മന്ത്രിയായിരുന്ന ശ്രീ. വെങ്കിട്ടരാമൻ തൃശ്ശിനാപ്പള്ളിയിലേക്ക് കൊണ്ടുപോകുന്നതിനു ശ്രമിച്ചപ്പോഴാ അത് കേരളത്തിനുതന്നെ കിട്ടേണ്ടതാണെന്ന് നട്ടെല്ലോടുകൂടി വാദിച്ച കരുത്തനായ മുഖ്യമന്ത്രിയാണ് നമ്മുടെ മുഖ്യമന്ത്രി. അദ്ദേഹത്തിന്റെ ശ്രമഫലമായിട്ട് മാത്രമാണ് സതേൺ എയർ കമാൻഡ് തിരുവനന്തപുരത്ത് സ്ഥാപിക്കാൻ സാധിച്ചത്. വളരെയധികം വിദേശസഹായം കേരളത്തിന് കിട്ടിയിട്ടുണ്ട്.

സർ, എനിക്ക് ഒരു കാര്യം കൂടി പറയാനുണ്ട്. ഇന്നുള്ള അശാസ്ത്രീയമായ സംവരണം മാറേണ്ട കാലമായിരിക്കുകയാണ്. നമുക്കുതന്നെ അറിയാം, മുന്നോക്ക സമുദായത്തിൽപ്പെട്ടുപോയി എന്നതു കൊണ്ടുമാത്രം ഒരു ജനാധിപത്യ രാഷ്ട്രത്തിൽ ഒരു പൗരന് കിട്ടേണ്ട എല്ലാ ആനുകൂല്യങ്ങളും നിഷേധിക്കപ്പെട്ടിരിക്കുന്ന ആളുകളുണ്ട്. കഴിഞ്ഞ എസ്. എസ്. എൽ. സി. പരീക്ഷയിൽ മൂന്നാം റാങ്ക് വാങ്ങിച്ച ജയശ്രീയുടെ പടം മലയാള മനോരമ പത്രത്തിന്റെ ഒന്നാം പേജിൽ ഏറ്റവും മുകളിലായിട്ട് വന്നിട്ടുള്ളത് അങ്ങ് കണ്ടുകാണും. വെറും മൺചുവരുകളും മാത്രമുള്ള ഒരു കൂരയുടെ മുറ്റത്ത്. ആ കുട്ടി നിൽക്കുന്നു. ആ കൂരയിൽ വെള്ളവും വെളിച്ചവും കിട്ടുന്നില്ല. മാത്രമല്ല, മഴ പെയ്താൽ വെള്ളം അകത്തുനിൽക്കും. ഇങ്ങനെയുള്ള സാമ്പത്തികമായിട്ട് പിന്നോക്കം നിൽക്കുന്ന ബുദ്ധിമാൻമാരും ബുദ്ധിമതികളുമായ കുട്ടികളും ഇന്ന് നമ്മുടെ സംസ്ഥാനത്തുണ്ട്. അവർ മുന്നോക്ക ജാതിയിൽപ്പെട്ടുപോയി എന്നു പറഞ്ഞ് എല്ലാ ആനുകൂല്യങ്ങളും നിഷേധിക്കപ്പെട്ടിരിക്കുകയാണ്. അവർക്കുള്ള ആനുകൂല്യങ്ങളും അനുവദിച്ചു കൊടുക്കുന്നതിന് ഈ ഗവൺമെന്റ് മുന്നോട്ടു വരണം. എനിക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയോട് പ്രത്യേകിച്ച് ഒരു കാര്യം അഭ്യർത്ഥിക്കാനുണ്ട്. റാങ്കുകളും വാങ്ങിക്കുന്നവരെ മാറ്റു വിദ്യാർത്ഥി സംഘടനകളാണ് പണ്ട് അംഗീകരിച്ചുകൊണ്ടിരുന്നത്. എന്നാൽ ഗവൺമെന്റ് ഇന്ന് അവർക്ക് മെഡലൊക്കെ കൊടുത്ത് അംഗീകാരം കൊടുക്കുന്നുണ്ട്. അതുകൊണ്ടുമാത്രം അവർക്ക് വിദ്യാഭ്യാസം പൂർത്തിയാക്കാൻ സാധിക്കുകയില്ല. ഇങ്ങനെയുള്ള കുട്ടികൾക്ക് റാങ്ക് കിട്ടുമ്പോൾ അത് പത്രങ്ങളിലൊക്കെ വരുന്നു. മലയാള മനോരമ, മാതൃഭൂമി തുടങ്ങിയ മുഖ്യ പത്രങ്ങളാകെ ഇതിന് പ്രാധാന്യം കൊടുത്ത് പണം പിരിച്ച് കൊടുക്കുന്നു. വിദേശങ്ങളിലുള്ള മലയാളികളും പണം സംഭാവന ചെയ്യുന്നു. ഇതുകൊണ്ടുമാത്രം അവരുടെ പഠനം പൂർത്തിയാക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് റാങ്കുകൾ കിട്ടുന്ന കുട്ടികൾ മുന്നോക്ക സമുദായത്തിൽപ്പെട്ടവരാണെങ്കിലും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണെങ്കിൽ അവരെ സഹായിക്കാൻ ഗവൺമെന്റ് മുന്നോട്ടു വരണമെന്ന് ഞാനഭ്യർത്ഥിക്കുന്നു. ഈ ധനകാര്യ ബില്ലിനെ ഞാൻ ഒന്നുകൂടി അനുകൂലിക്കുന്നു.

ശ്രീ. കെ. ജെ. ജോർജ് : സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ള ധനകാര്യ ബില്ലിനെ ഞാൻ എതിർക്കുകയാണ്. 22½ കോടി രൂപയുടെ നികുതിഭാരം രണ്ടേമുക്കാൽ കോടി ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുന്നതിനുവേണ്ടിയുള്ള ഈ ബില്ലിനെ എതിർക്കാതിരിക്കാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ആദ്യമായി ഞാൻ ഒന്നു പറയട്ടെ സെയിൽസ് ടാക്സിലാണ് ഏറ്റവും അധികം വർദ്ധനവ് വരുത്തിയിട്ടുള്ളത്. 15 കോടി പിരിക്കാൻ ഉദ്ദേശിച്ചിരിക്കുന്നത് സെയിൽസ്ടാക്സ് ഇനത്തിൽ കൂടിയാണ്. കാലാകാലങ്ങളിൽ സെയിൽസ് ടാക്സ് പിരിക്കുന്നതിനുള്ള പരിപാടികളും പീടികക്കാരെ ഏൽപ്പിക്കുകയും അതുവഴി പിരിവു നടത്തുകയും ചെയ്യുന്നു. അതിൽനിന്ന് കാലാകാലങ്ങളിൽ തട്ടിപ്പു നടത്താനുള്ള അവസരങ്ങളും സൃഷ്ടിച്ചുകൊണ്ടാണ് ഇത് വർദ്ധിപ്പിച്ചു കൊണ്ടിരിക്കുന്നത്. അവരുടേത് ഏജൻസിപ്പണിയാണ്. കള്ള കണക്കുകളും മറ്റും വച്ച് ഈ സംസ്ഥാനത്തെ അപകടപ്പെടുത്തുന്നതു കണ്ടുപിടിക്കാൻ ആളില്ല. അവർക്ക് അതിന് വേണ്ടത്ര സ്വാധീനം നൽകിക്കൊണ്ട് കച്ചവടക്കാരെ പാർട്ടിയിലേക്ക് എടുക്കുന്ന ഒരു സമീപനമാണ് ഭരണകക്ഷിക്കാർ ഇപ്പോഴും നടത്തിക്കൊണ്ടിരിക്കുന്നത്. ധനകാര്യമന്ത്രിയുടെ പാർട്ടിയിലേക്കും മുഖ്യമന്ത്രിയുടെ പാർട്ടിയിലേക്കുമൊക്കെ ആളുകളെ പിടിക്കുന്നതിനുള്ള ഒരു കരുവായിട്ടാണ് ഇന്ന് ഇത് നടത്തിക്കൊണ്ടിരിക്കുന്നത്. ഈ 15 കോടി രൂപയും സാധാരണക്കാരുടെ തലയിലാണ് വന്നുവീഴുന്നത്. ഈ നികുതി സാധാരണക്കാരെ ബാധിക്കുകയില്ലെന്നാണ് ബഡ്ജറ്റ് പ്രസംഗത്തിൽ ധനകാര്യമന്ത്രി പറഞ്ഞിട്ടുള്ളത്. ഇത് എന്തുകൊണ്ട് സാധാരണക്കാരെ ബാധിക്കുകയില്ല എന്നു പറഞ്ഞു ? സാധാരണക്കാരൻ വാങ്ങുന്ന സാധന സാമഗ്രികൾക്ക് സെയിൽസ് ടാക്സ് ഒഴിവാക്കിയിട്ടുണ്ടോ ? ഒഴിവാക്കിയിട്ടില്ല. ഒഴിവാക്കിയിട്ടുണ്ടായിരുന്നുവെങ്കിൽ ധനകാര്യമന്ത്രി പറഞ്ഞത് ശരിയാണ്. പക്ഷേ സാധാരണക്കാർ വാങ്ങുന്ന എല്ലാ സാധനങ്ങൾക്കും നികുതി കൊടുക്കേണ്ടതുള്ളതുകൊണ്ട് ഇത് സാധാരണക്കാരെ ബാധിക്കുമെന്നുള്ളത് ഒരു സത്യം മാത്രമാണ്. സത്യ വിരുദ്ധമായിട്ടാണ് അദ്ദേഹം ഈ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെയാണ് ഞാൻ ഈ ബില്ലിനെ എതിർക്കുന്നത്. ഏഴാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ട് കിട്ടുന്നതുവരെ എന്നു പറഞ്ഞുകൊണ്ടാണ് സെയിൽസ് ടാക്സ് ഇനത്തിൽ അധിക നികുതി ചുമത്താൻ അന്ന് ഉദ്ദേശിച്ചത്.

എനിക്ക് മറ്റൊരു കാര്യം പറയുവാനുള്ളത്, ഇന്നു നമ്മൾ വളരെയധികം സന്തോഷിക്കുന്ന ഒരു ദിവസമാണ്. കാരണം പഞ്ചാബിലെ എല്ലാ കാര്യങ്ങളും ഒത്തുതീർന്നിരിക്കുന്നു. ഹരിയാനയുടെ തലസ്ഥാനമായ ചണ്ഡിഗഢ് പഞ്ചാബിന് കൊടുത്ത് പ്രശ്നം അവസാനിപ്പിക്കണമെന്നും നദീജലം പങ്കിടുന്നതിലെ പോരായ്മകളും ഒരു കമ്മിഷനെ വച്ച് അന്വേഷിപ്പിക്കണമെന്നും പ്രതിപക്ഷപാർട്ടികളും രണ്ടുവർഷം മുമ്പേ പറഞ്ഞതാണ്. പക്ഷേ ശ്രീമതി ഇന്ദിരാഗാന്ധി അതു കേട്ടില്ല. പ്രതിപക്ഷങ്ങൾ പറയുന്നത് കേട്ടുപോയാൽ അപമാനമായതുകൊണ്ടായിരിക്കും. അതിന്റെ പേരിൽ ശ്രീമതി ഇന്ദിരാഗാന്ധിക്ക് മരിക്കേണ്ടിവന്നു; ആയിരക്കണക്കിനു മനുഷ്യജീവികൾക്ക് മരിക്കേണ്ടിവന്നു. പക്ഷേ അവരുടെ മകന് നല്ലബുദ്ധി തോന്നി. അതാണ് വസ്തുത. കൊണ്ടാൽ പഠിക്കും എന്നു പറയുന്നതു ശരിയാണ്. അതുപോലെതന്നെ ശ്രീ. മാണിയും കൊണ്ടാലേ പഠിക്കൂ എന്നാണ് എനിക്കു തോന്നുന്നത്. അതാണ് പതിനഞ്ചുകോടി ഉറുപ്പിക സാധാരണക്കാരുടെ മേൽ അടിച്ചേൽപ്പിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഏഴാം ധനകാര്യക്കമ്മീഷൻ നമുക്ക് വലിയ സഹായം ചെയ്തു എന്നു പറഞ്ഞു. ജനതാപ്പാർട്ടി ഭരിക്കുന്ന കാലഘട്ടത്തിലായിരുന്നു ഏഴാം ധനകാര്യക്കമ്മീഷന്റെ റിപ്പോർട്ടുവന്നത്. ആ റിപ്പോർട്ട് ഭംഗിയായിരുന്നു. എല്ലാ സംസ്ഥാനങ്ങളും ശക്തിയായി നിൽക്കുന്നതിനുവേണ്ടി സഹായധനം കൊടുക്കുവാനാണ് അവർ തീരുമാനിച്ചത്. പക്ഷേ ഇന്നത്തെ കേന്ദ്രഗവൺമെന്റിന്റെ നയം സംസ്ഥാനങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

ദ്രോഹിക്കുക, ശക്തികുറയ്ക്കുക എന്നതാണ്. കേന്ദ്രത്തിന്റെ ശക്തി കൂടുകയും ചെയ്യുന്നു. ആ നയമാണ് കേന്ദ്രഗവൺമെന്റ് അനുവർത്തിച്ചു വരുന്നത്. അതുകൊണ്ടാണ് യാതൊരുസഹായവും ലഭിക്കാത്ത സ്ഥിതി സംസ്ഥാനത്തിന് ഉണ്ടായിരിക്കുന്നത്. ഇവർ കൊടുത്ത കണക്കാണ് അതിനുകാരണം. അത് വളരെ വ്യക്തമായി ശ്രീ. ജനാർദ്ദൻ പൂജാരി രാജ്യസഭയിൽ പറഞ്ഞിരിക്കുന്നു. കള്ളക്കണക്ക് കൊടുത്ത് അവരെ പററിക്കുവാൻ ശ്രമിച്ചപ്പോഴാ അവർ അത് കണ്ടുപിടിക്കുകയും നിങ്ങൾക്ക് സഹായം ഇല്ല എന്നു പറയുകയുമാണ് ഉണ്ടായത്. അന്നുതന്നെ ഈ ധനകാര്യവകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും രാജിവച്ച് പോകേണ്ടതാണ്. രണ്ടേമുക്കാൽ കോടി ജനങ്ങളെ കുത്തുപാളയെടുപ്പിച്ചിരിക്കുകയാണ് നിങ്ങൾ. നയാപൈസ സഹായധനം കിട്ടാത്ത ഒരു സംസ്ഥാനമായി കേരളത്തെ മാററിയിരിക്കുന്നു. അതിനെ പെറുക്കേണ്ടതാണ്.

പഞ്ചാബ് സമരമെന്ന പേരുകേട്ട് ഒളിച്ചിരിക്കുകയാണ് നിങ്ങൾ. ആ പേരുംപറഞ്ഞ് ശ്രീ. ബാലകൃഷ്ണപിള്ളയ്ക്ക് പുറത്തുപോകേണ്ടി വന്നു. ഇപ്പോൾ പഞ്ചാബ് പ്രശ്നം പരിഹരിക്കപ്പെട്ടു, പക്ഷേ ശ്രീ. ബാലകൃഷ്ണപിള്ളയുടെ പ്രശ്നം പരിഹരിക്കപ്പെട്ടില്ല. അദ്ദേഹത്തിന് മന്ത്രിസഭയിൽനിന്നും പുറത്തുപോകേണ്ടിവന്നു. ഇന്ന് രണ്ടും മൂന്നും കോർട്ടലക്ഷ്യക്കേസുകൾ അദ്ദേഹത്തിന്റെ പേരിൽ നടക്കുകയാണ്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : ശ്രീ. കോട്ടക്കുഴി സുകുമാരന് ഒരു ഗവേഷണം നടത്തിയതിന് ഫെലോഷിപ്പ് കിട്ടിയിട്ടുണ്ട്. എലിയെക്കുറിച്ചുള്ള ഗവേഷണത്തിനാണ് അദ്ദേഹത്തിന് ഡൽഹിയിൽനിന്നും സർട്ടിഫിക്കററ്, കിട്ടിയിട്ടുള്ളത്. ആ വിവരം ബഹുമാനപ്പെട്ട മെമ്പർ അറിഞ്ഞിട്ടുണ്ടോ ?

ശ്രീ. കെ. ജെ. ജോർജ് : അങ്ങനെ പറയുന്നത് ഞാനും കേട്ടു. വസ്തുത എന്താണെന്നറിയില്ല.

സർ, ശമ്പളക്കമ്മീഷൻ റിപ്പോർട്ട് ഗവൺമെൻറ് വാഗ്ദാനം ചെയ്തിട്ടുള്ള കാര്യമാണ്. 1983 ജൂലൈ ഒന്നാംതീയതി മുതൽ നടപ്പിലാക്കാം എന്നാണ് പറഞ്ഞിട്ടുള്ളത്. ശമ്പളക്കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടി ഒരുവർഷവും ഒരുമാസവുമായി എന്നിട്ടും ആ റിപ്പോർട്ട് അംഗീകരിക്കുവാൻ താമസിക്കുന്നതെന്തുകൊണ്ടാണ്? ഇതിനുമുൻപും നിരവധി കമ്മീഷനുകളും റിപ്പോർട്ടുകളും സമർപ്പിച്ചിട്ടുണ്ട്. അതെല്ലാം നാലു. അഞ്ചും ആറും മാസംകൊണ്ട് അംഗീകരിച്ചു നടപ്പിലാക്കിയിട്ടുണ്ട്. അങ്ങനെയുള്ള ഒരു സംസ്ഥാനത്ത് ഈ റിപ്പോർട്ട് അംഗീകരിച്ചു നടപ്പിലാക്കാതെ ജീവനക്കാരെ സമരത്തിലേക്ക് നയിക്കുന്നത് ഒരു ഗവൺമെൻറിന് ഭൂഷണമല്ല. പണിയെടുക്കുന്നവർക്ക് ശമ്പളം കൊടുക്കാത്തവൻ തിൻമ ചെയ്യുന്നു എന്നാണ് ബൈബിളിൽ പറഞ്ഞിരിക്കുന്നത്. പണിയെടുക്കുന്നവന് ശമ്പളത്തിന് അവകാശമുണ്ട്. അങ്ങനെ ബൈബിളിൽ പറഞ്ഞിട്ടുള്ളതുകൊണ്ട് ആ ബൈബിളിൽ വിശ്വസിക്കുന്ന ശ്രീ. മാണിക്ക് ജീവനക്കാർക്ക് ശമ്പളം കൊടുക്കാനുള്ള കടമയുണ്ട്. അതുകൊടുക്കാത്തത് തിൻമയാണ്. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ ഈ ധനകാര്യബില്ലിനെ ശക്തിയായി എതിർക്കുന്നു.

ശ്രീ. കോട്ടക്കുഴി സുകുമാരൻ : സർ, ഈ ധനകാര്യബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. ഈ സഭയിലെ ബഹുമാനപ്പെട്ട മാവേലിക്കര മെമ്പർ ഒരു നല്ലകാര്യമാണ് സഭയെ അറിയിച്ചത്. അതായത് എന്നെ കേന്ദ്ര ഭരണകൂടം അംഗീകരിച്ചു എന്നുള്ളത്. ഏതുഗവേഷണത്തിന്റെയായാലും

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്രഗവൺമെന്റിൽനിന്നും ഒരു സർട്ടിഫിക്കറ് കിട്ടിയെന്നുപറയുന്നതിൽ ഞാൻ അഭിമാനിക്കുകയാണ്. ഒരാൾ മാത്രമേ ഇതറിഞ്ഞിരുന്നുള്ളൂ:

ഇൻഡ്യയുടെ ഇന്നത്തെ പ്രധാനമന്ത്രിയെക്കുറിച്ച് നമുക്ക് അഭിമാനിക്കാം. പലരും മാറിമാറി ഭരണം നടത്തിയിട്ടുണ്ടെങ്കിലും ലോകം ശ്രദ്ധിക്കത്തക്കനിലയിൽ ഉള്ള ഭരണമാണ് ശ്രീ. രാജീവ്ഗാന്ധി കാഴ്ച വയ്ക്കുന്നതെന്ന് ഞാൻ ആത്മാർത്ഥമായി പറയുകയാണ്. അതുപോലെതന്നെ ഇൻഡ്യയിലെ ഏതു സ്റേറററ് പരിശോധിച്ചാലും അഭിമാനിക്കാവുന്ന ഒരു ധനകാര്യമന്ത്രിയുള്ളത് നമ്മുടെ സ്റേറററിനാണ്.

ശ്രീ. മണിമംഗലത്തുകുട്ട്യാലി : അങ്ങയുടെ നിയോജകമണ്ഡലത്തിൽ വികസനപ്രവർത്തനത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഹെഡ്ഡിൽ ടോക്കൺ എമൗണ്ടാണോ അതല്ല ഫുൾ എമൗണ്ടാണോ വച്ചിട്ടുള്ളത് ?

..... (ബഹളം) .....

ശ്രീ. കോട്ടക്കുഴി സുകുമാരൻ : ഫുൾ എമൗണ്ടും ഉണ്ട് ടോക്കൺ എമൗണ്ടും ഉണ്ട്. ഇവിടെ ഇന്നു നികുതി പിരിക്കുന്ന കാര്യത്തിലായാലും നികുതി കൊടുക്കുന്ന കാര്യത്തിലായാലും എല്ലാവർക്കും വിഷമമാണ്. നികുതി പിരിക്കേണ്ട എന്നും വികസനപ്രവർത്തനങ്ങൾ നടത്തണം എന്നും പറയും. ഞാൻ ഏതെങ്കിലും തൊഴിലാളി താൽപ്പര്യങ്ങൾക്കോ മറേറതെങ്കിലും താൽപ്പര്യങ്ങൾക്കോ വിരുദ്ധമായിട്ട് പറയുകയല്ല. ഇടതുപക്ഷത്തിരിക്കുന്നവരുടെയായാലും വലതുപക്ഷത്തിരിക്കുന്നവരുടെയായാലും അവരവരുടെ നിയോജകമണ്ഡലങ്ങളിലെ വികസനപ്രവർത്തനങ്ങൾ കാര്യമായി നടക്കണമെന്നുണ്ടെങ്കിൽ നികുതി പിരിക്കണം. അങ്ങനെ പിരിക്കുന്ന നികുതിയിൽ അധികവും ശമ്പളമായി കൊടുക്കേണ്ടിവരുന്നുണ്ട്. ഇടതുപക്ഷഗവൺമെൻറായാലും വലതുപക്ഷഗവൺമെൻറായാലും സമരങ്ങളെയെപ്പേട്ടും. മറും വാരിക്കോരി ശമ്പളം കൊടുക്കേണ്ടിവരുന്നുണ്ട്. അതേസമയം ഒരു വിഭാഗം ആളുകൾക്ക് ആനുകൂല്യങ്ങൾ ലഭിക്കാതെ വരുന്നുണ്ട്. കഴിഞ്ഞദിവസം സെക്രട്ടറിയേറിനുമുൻപിൽ 175 രൂപ മാത്രം ശമ്പളം കിട്ടുന്ന അംഗൻവാടി അദ്ധ്യാപികമാർ സമരം നടത്തുകയുണ്ടായി. എല്ലാ ഡിപ്പാർട്ടുമെൻറുകളിലും ജീവനക്കാർക്ക് എത്രമാത്രം ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുവാൻ സാധിക്കുമോ അത്രയും വർദ്ധിപ്പിച്ചശേഷം ഒരു പത്തുവർഷത്തേക്കോ പതിനഞ്ചുവർഷത്തേക്കോ ഒരു നയാപൈസപോലും കൂട്ടുകയില്ല എന്ന ഒരു നിലപാട് സ്വീകരിക്കാൻ കഴിയുമെങ്കിൽ വികസന പദ്ധതികളെല്ലാം നടത്താൻ പണം കണ്ടെത്താൻ സാധിക്കും എന്ന ഒരു നിർദ്ദേശം വയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഇവിടെ വികസനപ്രവർത്തനങ്ങളെക്കുറിച്ച് ധാരാളം പറയുകയുണ്ടായി. എന്റെ നിയോജകമണ്ഡലത്തിൽ ഒരു പുതിയ താലൂക്ക് രൂപീകരിച്ചു. അവിടെ ഒരു മജിസ്ട്രേട്ട് കോടതിയും ഒരു പോലീസ് സ്റേറഷനും താലൂക്ക് ഹോസ്പിറലും ഉണ്ടാക്കണം. ജനങ്ങൾക്ക് അത്യാവശ്യംവേണ്ട കാര്യങ്ങളാണ് ഇവയൊക്കെ. അതുകൊണ്ടാണ് ഞാൻ ഈ കാര്യം പറയുന്നത്. ഇതിനൊക്കെ പണം കണ്ടെത്തേണ്ടതുണ്ട്. അതുകൊണ്ട് ജീവനക്കാർക്ക് കൊടുക്കാനുള്ള ആനുകൂല്യങ്ങളെല്ലാം കൊടുത്തതിനുശേഷം ഒരു പതിനഞ്ചുവർഷത്തേയ്ക്ക് ഒന്നും കൂട്ടുകയില്ല എന്ന നിലപാടെടുക്കണം, അത് ഈ ഗവൺമെൻറായാലും ഇനി വരാൻപോകുന്ന ഗവൺമെൻറായാലും ആ നിലപാടു സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അങ്ങനെ ഒരു നിലപാട് സ്വീകരിച്ചാൽ വികസനപ്രവർത്തനങ്ങൾ നടത്താൻ സാധിക്കും. ഞാൻ ഈ ധനകാര്യബില്ലിനെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : സർ, ഞാൻ ഈ ധനകാര്യബില്ലിനെ എതിർക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഈ സഭയിൽ വ്യക്തമാക്കിയതുപോലെ രാഷ്ട്രം ആത്മസംതൃപ്തിയടയുന്ന ഒരു ദിവസമാണ് ഇന്ന്. എരിഞ്ഞുകൊണ്ടിരുന്ന പഞ്ചാബ് പ്രശ്നത്തിന് പരിഹാരം ഉണ്ടായിട്ടുള്ള ഈ സന്ദർഭത്തിൽ രാഷ്ട്രത്തിന്റെ ആത്മനിർവൃതിയിൽ ഞങ്ങളുടെ പാർട്ടിയും പങ്കുചേരുകയാണ്. പലപ്പോഴും അഗ്നിപർവ്വതംപോലെ എരിഞ്ഞുകൊണ്ടിരുന്ന ആസാമിലെ പ്രശ്നത്തിനും നിരവധി ജീവൻ ബലികൊടുക്കേണ്ടിവന്ന ഗുജറാത്തിലെ പ്രശ്നങ്ങൾപോലെയുള്ള പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കാൻ സാധിക്കട്ടെ എന്നുകൂടി ഈ സന്ദർഭത്തിൽ ഞാൻ ആഗ്രഹിക്കുകയാണ്.

സർ, ഇവിടെ ഈ ഫൈനാൻസ് ബില്ലിനെ എതിർത്തുകൊണ്ട് സംസാരിക്കുമ്പോൾ ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ചുവപ്പുനിറമുള്ള ഗവൺമെന്റ് ഭരിച്ചാലും ചുവപ്പുനിറമില്ലാത്ത ഗവൺമെന്റ് ഭരിച്ചാലും ചുവപ്പുനാടയിൽനിന്ന് ഈ നാടിനു മോചനമില്ലാത്ത കാലത്തോളം ഈ നാട് ഗുണം പിടിക്കുകയില്ല എന്നാണ് എനിക്കു ചൂണ്ടിക്കാണിക്കുവാനുള്ളത്.

എന്റെ കയ്യിലുള്ളത് പെറ്റീഷൻസ് കമ്മിറ്റിയുടെ 1984-85-ലെ രണ്ടാമത് റിപ്പോർട്ടാണ്. മനുഷ്യമനസ്സാക്ഷിയെ തുളച്ചുകയറുന്ന ബുള്ളറ്റ് എന്ന ഈ റിപ്പോർട്ടിനെ വിശേഷിപ്പിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ഈ റിപ്പോർട്ടിൽ ചില കാര്യങ്ങൾ പറയുന്നുണ്ട്. അതിലെ രണ്ടു കാര്യം മാത്രം, നമ്മുടെ ചുവപ്പുനാട എത്രമാത്രം ദുഷ്ക്കരമാണ് എന്നതിന്റെ ഉദാഹരണമായി ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുന്നു. ഒന്ന്, "മരിച്ച് മൂന്നരവർഷംകഴിഞ്ഞ് പെൻഷൻ അനുവദിച്ചു" എന്ന ഒന്നാമത്തെ റിപ്പോർട്ട്. ഇത് പാവം വി. വി. രാമൻ എന്നു പറയുന്ന ഒരു സർക്കാർജീവനക്കാരന്റെ കഥയാണ്. രാമൻ, സർവ്വീസിൽ നിന്ന് പിരിഞ്ഞിട്ട് പെൻഷൻ കിട്ടുന്നില്ല എന്നു പറഞ്ഞുകൊണ്ടുള്ള പെറ്റീഷൻ 1979-ൽ പെറ്റീഷൻസ് കമ്മിറ്റിയുടെ മുമ്പാകെ വന്നു. അതിനെക്കുറിച്ച് പൊതുവിദ്യാഭ്യാസവകുപ്പിനോട് റിപ്പോർട്ട് ചോദിച്ചു. റിപ്പോർട്ട് കൊടുക്കാൻ പൊതുവിദ്യാഭ്യാസവകുപ്പ് നാലുകൊല്ലമെടുത്തു. 1984-ൽ റിപ്പോർട്ട് കിട്ടിയതിനുശേഷം രാമന്റെ ആനുകൂല്യങ്ങൾ കൊടുക്കാമെന്നുപറഞ്ഞ് സർക്കാരിന്റെ ഉത്തരവുണ്ടായി. പക്ഷേ ഉത്തരവുമായി ചെന്നപ്പോൾ ആ ഉത്തരവിന്റെ അക്കൗണ്ടന്റ് റിസീപ്റ്റ് പററിയത് രാമന്റെ ഭാര്യയാണ്. രാമന്റെ ഭാര്യ അതിനോടൊപ്പം ഒരു കുറിപ്പുകൂടി സർക്കാരിന് ഇങ്ങോട്ടയച്ചുകൊടുത്തു. "ശ്രീ. വി. വി. രാമന് പെൻഷൻ അനുവദിച്ചതായി മനസ്സിലാക്കുന്നു. എന്നാൽ വി. വി. രാമൻ 1980 നവംബർ 24-ാം തീയതി മരിച്ചുപോയിരിക്കുന്നു. ആകയാൽ ടി ആളിന് ലഭിക്കേണ്ട പെൻഷൻ ഭാര്യയായ എനിക്ക് അനുവദിച്ചുതരാൻ വിനീതമായി അപേക്ഷിക്കുന്നു." ഇത് വി. വി. രാമന്റെ കഥ. ഇങ്ങനെ എത്രയെത്ര വി. വി. രാമൻമാർ ഉണ്ട് സർ? മറ്റൊന്ന് അന്തരിച്ച മകന് അവകാശപ്പെട്ടത് കിട്ടാറാത അമ്മയും മരിച്ച കഥയാണ്. ഇത് കല്യാണി എന്നു പറയുന്ന ഒരു അമ്മയുടെ കഥയാണ്. അവരുടെ മകൻ 1978-ൽ മരിച്ചു. മകന്റെ ആനുകൂല്യങ്ങൾക്കുവേണ്ടി വൃദ്ധയായ മാതാവ് വടിയുംകുത്തി നിരവധി പ്രാവശ്യം നടന്നു. എന്നിട്ട് അവസാനം ആ പെൻഷനെസംബന്ധിച്ച തീരുമാനംവന്നത് 26-4-1985-നാണ്. 26-4-1985-ന് തീരുമാനംവന്ന കടലാസ് അങ്ങോട്ട് അയച്ചപ്പോൾ 30-4-1985-ന് പാവം കല്യാണിയമ്മ മരിച്ചുപോയിരിക്കുന്നു എന്ന റിപ്പോർട്ടാണ് ലഭിച്ചത്. ഈ ഉത്തരവുമായി പോയ പോസ്റ്റുമാൻ കല്യാണിയമ്മയുടെ ശവകുടീരത്തിനുമുമ്പിൽ ബാഷ്പാഞ്ജലി അർപ്പിച്ചുവോ എന്നെനിക്കറിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെ എത്രയെത്ര കഥകൾ ഉണ്ട്! പെൻഷൻ കിട്ടാഞ്ഞിട്ട്, ആനുകൂല്യം കിട്ടാഞ്ഞിട്ട്, നിരവധികാലം സർക്കാരിനെ സേവിച്ചിട്ട് അവസാനം പിരിഞ്ഞുകഴിഞ്ഞ് ആ ആനുകൂല്യം കിട്ടാൻവേണ്ടിയുള്ള ഫയലുകൾ സർക്കാർ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന എത്ര കഥകളുണ്ട്. ഈ സഭയിലുള്ള പലരേയും പഠിപ്പിച്ച അദ്ധ്യാപകൻമാരുണ്ട്. വേദനയോടുകൂടി ഞാൻ പറയുകയാണ് ഈ സഭയിലിരിക്കുന്ന പലരേയും പഠിപ്പിച്ച അദ്ധ്യാപകൻമാർ അദ്ധ്യാപക ജോലി ചെയ്ത് സർക്കാരിൽ സേവനമനുഷ്ഠിച്ചതിനുശേഷം അവരുടെ പെൻഷൻ കിട്ടുന്നതിനുവേണ്ടി അക്കൗണ്ടൻറ് ജനറൽ ഓഫീസിലും മറ്റു ഡിപ്പാർട്ടുമെൻറുകളിലും നരച്ചകുടയുമായിട്ട് നടക്കുകയാണ്. ഇതൊരു മഹാപാപമാണെന്ന് ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഈ പെൻഷൻ ആനുകൂല്യങ്ങൾ യഥാസമയം കൊടുക്കുന്നതിന് ഒരു സമയബന്ധിത പരിപാടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുകയാണ്. ഈ പാപം ചെയ്യരുതെന്ന് ഞാൻ വിനയപൂർവ്വം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ഗവൺമെൻറിൻെറ കാര്യക്ഷമതയെക്കുറിച്ച് മറെറാരു തെളിവ് എനിക്ക് ഹാജരാക്കാനുള്ളത് സർക്കാരിൻെറ ഒരുത്തരവാണ്. ഇത് ലേറസ്റ്റാണ് ജി. ഒ. ആർ. ടി. നമ്പർ 1102/85 ലേബർഡിപ്പാർട്ട്മെൻറ്. ഈ ഉത്തരവ് വളരെ തമാശയുള്ളതാണ്. മാവൂർഗ്വാളിയർ റയോൺസിൽ നിലനിൽക്കുന്ന തൊഴിൽത്തർക്കം അഡ്ജൂഡിക്കേഷന് വിട്ടിരിക്കുന്നു എന്നു പറയുന്ന ഗവൺമെൻറിൻെറ ഉത്തരവാണ്. 11-7-1985-ന് മാവൂർഗ്വാളിയർ റയോൺസിലെ ബോണസ് ഡിസ്പ്യൂട്ട് അഡ്ജൂഡിക്കേഷന് വിട്ടിരിക്കുന്നു എന്നു പറയുന്ന ലേബർ ഡിപ്പാർട്ടുമെൻറിലെ ഉത്തരവാണിത്. ഈ ഉത്തരവ് പാസാക്കിയതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാന്യനായ തൊഴിൽവകുപ്പുമന്ത്രി സർക്കാരിൻെറ ലേബർഡിപ്പാർട്ടുമെൻറിൻെറ തലവനായ ലേബർകമ്മീഷണർ ഇവരെല്ലാം കൂടിയിട്ട് 18-7-1985-ൽ ചർച്ച നടത്തുന്നു. മാവൂർഗ്വാളിയർ റയോൺസിലെ ബോണസ് പ്രശ്നത്തെക്കുറിച്ച്, കാര്യക്ഷമതയെപ്പറ്റിയാണ് ഞാൻ ചോദിക്കുന്നത്. മുഖ്യമന്ത്രിയോട് ആക്ഷേപം പറയുന്നതല്ല. അദ്ദേഹം പ്രശ്നത്തിൽ ഇടപെട്ടു തീർന്നില്ല. പക്ഷേ അദ്ദേഹം അറിയുന്നില്ല, ലേബർമന്ത്രി അറിയുന്നില്ല, ലേബർകമ്മീഷണർ അറിയുന്നില്ല, 18-ാം തീയതി ചർച്ച നടക്കുന്ന വിഷയം 11-ാം തീയതി തൻെറ ഡിപ്പാർട്ടുമെൻറിൽനിന്ന് അഡ്ജൂഡിക്കേഷന് റഫർ ചെയ്തിരിക്കുന്ന വിവരം എത്ര കാര്യക്ഷമതയില്ലായ്മയാണ് സർ ? ഖേദത്തോടുകൂടി ഞാൻ പറയുകയാണ്. ഏതു ഗവൺമെൻറ് എന്നു ഞാൻ പറയുന്നില്ല. പക്ഷേ ഇത്തരം കാര്യങ്ങളോടുള്ള ഉത്തരവാദിത്വരഹിതമായ സമീപനത്തെക്കുറിച്ച് ഗൗരവമായിട്ട് ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. മാവൂരിൽ ഈ കാര്യത്തെക്കുറിച്ച് സ്ഫോടനാത്മകമായ ഒരു അവസ്ഥാവിശേഷമാണ് നിലനിൽക്കുന്നത് എന്നാണ് ഇന്നു രാവിലെ എനിക്ക് അവിടെനിന്നും കിട്ടിയ സന്ദേശത്തിൽ പറയുന്നത്. ഇവിടെ മുഖ്യമന്ത്രിയും തൊഴിൽവകുപ്പുമന്ത്രിയും ചർച്ച നടത്തുകയാണ്. അവർ അറിഞ്ഞില്ലെങ്കിൽ പോകട്ടെ. ഫയലുമായിവന്ന കമ്മീഷണർ ഇരിക്കുന്നില്ലേ? സർ സംഭാഷണത്തിൽ ആ ലേബർകമ്മീഷണർപോലും അറിയാതെ ചർച്ച നടക്കുന്നതിനിടയിൽ ഒരാഴ്ചമുമ്പ് അഡ്ജൂഡിക്കേഷന് അയച്ചിട്ടുള്ള അൽഭുതത്തെക്കുറിച്ചാണ് ഞാൻ പറയുന്നത്. ഇത്തരം കാര്യക്ഷമതയില്ലായ്മ ഏത് ഗവൺമെൻറായാലും ശരി അടിയന്തിരമായും അവസാനിപ്പിക്കണം. ഈ ചുവപ്പുനാടസമ്പ്രദായവും കാര്യക്ഷമതയില്ലായ്മയും അവസാനിപ്പിക്കേണ്ടതാണെന്നാണ് എനിക്ക് ശക്തമായി ആവശ്യപ്പെടാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

മറെറാരു കാര്യം എനിക്ക് ചൂണ്ടിക്കാണിക്കുവാനുള്ളത് സംവരണത്തെക്കുറിച്ചാണ്. തത്വദീക്ഷയില്ലാത്തവിധത്തിലുള്ള സംവരണതത്വമാണ് ഇവിടെ നിലനിൽക്കുന്നതെന്നെല്ലാം ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഞാൻ സങ്കടപ്പെട്ടുകൊണ്ടുപറയുകയാണ്. ഇപ്പോഴും നിലവിലുള്ള സംവരണതത്വത്തിൽ പോലും മായം ചേർത്തിട്ടുണ്ട്. സംവരണതത്വം തന്നെ വേണ്ടെന്നു പറഞ്ഞത് ദേശീയതലത്തിൽ ചില പ്രക്ഷോഭസമരങ്ങൾ ഉയർന്നുവരുന്നുണ്ട്. അതിന് അനുകൂലമായിട്ട് ചില സംസ്ഥാനങ്ങൾ നടക്കുന്നു. അതിന്റെയിടയിലുള്ള സംവരണതത്വത്തിൽ പോലും മായം ചേർക്കുകയാണെന്ന് വേദനയോടുകൂടി ഞാൻ പരാതിപ്പെടുകയാണ്. അതിന് പരിഹാരമുണ്ടാക്കണം. എന്റെ കയ്യിലുള്ളത് ചന്ദ്രികദിനപത്രമാണ്. ചന്ദ്രികദിനപത്രത്തിൽ വന്ന റിപ്പോർട്ടിലേക്ക് ഞാൻ സഭയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. സംവരണചട്ടം മറികടന്ന് പുതിയ നിയമനം വരുന്നു. ഈ റിപ്പോർട്ടിൽ പറയുന്നത് നിലവിലുള്ള സാമുദായിക സംവരണചട്ടങ്ങളെല്ലാം ലംഘിച്ചുകൊണ്ട് പുതിയ നിയമനങ്ങൾ നടക്കാൻ പോകുന്നു എന്നാണ്. സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ ഐ. സി. ഡി. എസ്. സൂപ്പർവൈസർമാരെ നിയമിക്കുന്നതിലാണ് പിന്നോക്കസംവരണതത്വം തീരെ പാലിക്കാതെ നിയമനങ്ങൾ നടക്കാൻ പോകുന്നത്. വളരെ പെട്ടെന്നുള്ള ഇടപെടലുകളൊന്നും ഉണ്ടായില്ലെങ്കിൽ പിൻവാതിലുകളിലൂടെ വരുന്ന 200-ഓളം പേർ ഈ ആനുകൂല്യം അനുഭവിക്കും. മുസ്ലീംങ്ങൾ, ഈഴവർ ലത്തിൻക്രിസ്ത്യാനികൾ എന്നീ സമുദായങ്ങൾക്കുള്ള സംവരണം നഗ്നമായി ലംഘിക്കപ്പെടും. ചില്ലറ കാര്യമല്ല. ഗൗരവതരമായിട്ടുള്ള കാര്യമാണ്. ഈ സാമുദായിക സംവരണതത്വംതന്നെ ഈ രാജ്യത്ത് വേണ്ടെന്നവാദമുഖം ചിലർ ഉയർത്തുകയും ആ വാദമുഖം അംഗീകരിച്ചുകിട്ടുന്നതിനുവേണ്ടിയുള്ള പ്രക്ഷോഭസമരങ്ങൾക്ക് രാഷ്ട്രം സാക്ഷ്യംവഹിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ഇത്തരം സന്ദർഭത്തിൽ സംവരണതത്വം പിച്ചിച്ചീന്തിയെറിയുന്ന നിലപാടിനോട് യോജിക്കാൻകഴിയുകയില്ല. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് സംവരണതത്വം മറികടന്നുകൊണ്ടുള്ള യാതൊരു നിയമനങ്ങൾക്കും ഗവൺമെൻറ് കൂട്ട് നിൽക്കരുത് എന്നാണ് ഈ പരാതിയെക്കുറിച്ച് സമഗ്രമായി അന്വേഷിച്ച് ഇക്കാര്യത്തിൽ നടപടിയെടുക്കണമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. എന്റെ വാക്കുകളവസാനിപ്പിക്കുന്നതിനു മുൻപ് ഒന്നു രണ്ടു ചെറിയ കാര്യങ്ങൾ കൂടി ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുകയാണ്. ഇവിടെ ജനാധിപത്യരംഗത്ത് വളരെ പ്രാധാന്യമർഹിക്കുന്ന ഒരു ഘടകമാണ് പഞ്ചായത്തുകളും അതിനെ സംബന്ധിച്ചുള്ള തെരഞ്ഞെടുപ്പുകളും. അതിനെക്കുറിച്ച് ധാരാളം ചർച്ച നടന്നു. ഞാൻ ആ ഭാഗത്തേക്ക് കടക്കുന്നില്ല. ആരോഗ്യമുള്ള ദൃഢമായ ഒരു ശരീരം വളർത്തിയെടുക്കണമെങ്കിൽ ശൈശവകാലഘട്ടത്തിൽ പരിചരണം ആവശ്യമാണെന്നു പറഞ്ഞതുപോലെ നമ്മുടെ പഞ്ചായത്തുകളാണ് ജനാധിപത്യത്തിന്റെ കളിത്തൊട്ടിലുകൾ. ആരു ഭരിക്കുന്നു എന്നുള്ളതല്ല. പ്രശ്നം. ഏത് പാർട്ടി ഭരിക്കുന്നു എന്നുള്ളതല്ല പ്രശ്നം. ജനകീയഗവൺമെൻറുകൾ പഞ്ചായത്തുകളിലുണ്ടാകണം. അതുകൊണ്ട് ഒരു നിമിഷം പോലും വൈകാതെ പഞ്ചായത്തുതെരഞ്ഞെടുപ്പുകൾ പ്രഖ്യാപിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അങ്ങനെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുകൾ നടത്താനുള്ള തീരുമാനം ഉണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ധനകാര്യബില്ലിന്റെ ചർച്ചയിൽ പങ്കെടുക്കുമ്പോൾ ഒരു കാര്യം കൂടി ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുന്നു. ആക്ഷേപസ്വരത്തിലല്ല. ഈ രാജ്യത്തിന്റെ സാമ്പത്തികഘടന തകർന്നുകൊണ്ടിരിക്കുകയാണ്. കാരണം ഇറക്കുമതിതന്നെ. പലപ്പോഴും ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ഈ സംസ്ഥാനത്തിനെന്നുമാത്രമല്ല ഈ രാജ്യത്തിനുതന്നെ അപകടകരമായിട്ടുള്ള നീക്കത്തിലേക്ക് ഇറക്കുമതി രൂപംപ്രാപിച്ച് വളർന്നുകൊണ്ടിരിക്കുകയാണ്. കാർഷികരംഗത്ത് മാത്രമല്ല എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

രംഗത്തും അപകടകരമായിട്ടുള്ള പ്രവണതയുണ്ട്. ഇപ്പോൾ നടക്കുന്നതെന്താണ്? കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവിന്റെ കാരണങ്ങളിൽ ഒന്നായി ചൂണ്ടിക്കാണിക്കപ്പെടുന്നത് പലതിനേറെയും ഇറക്കുമതിയാണ്. വ്യാവസായികരംഗത്തെ സ്ഥിതി എന്താണ്? പല രാജ്യങ്ങളുടേയും ഉൽപ്പന്നങ്ങളെ ഇടിച്ചു തള്ളാൻ പറ്റുന്ന ഒരു ഡംബിംഗ് മാർക്കറ്റായി തീർന്നിരിക്കുകയാണ് ഇന്ത്യാരാജ്യം. ഇത്തരത്തിലുള്ള തത്വദീക്ഷയില്ലാത്ത ഇറക്കുമതി, നീതിബോധമില്ലാത്ത ഇറക്കുമതി അവസാനിപ്പിച്ചില്ലെങ്കിൽ നമ്മുടെ സാമ്പത്തികഘടന പൂർണ്ണമായും തകർന്നു പോകുമെന്ന് ഹൃദയവേദനയോടുകൂടി ഇവിടെ ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുകയാണ്. ഇത്തരം കാതലായ പ്രശ്നങ്ങളിൽ ഈ ഗവൺമെന്റിന്റെ മനസ്സാക്ഷി ഉണരണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ഫിനാൻസ് ബില്ലിനെ എതിർത്തുകൊണ്ട് എന്റെ വാക്കുകളവസാനിപ്പിക്കുന്നു.

ശ്രീ. വി. ദിനകരൻ: സർ, ഞാൻ ഈ ധനകാര്യ ബില്ലിനെ അനുകൂലിക്കുകയാണ്. ഇന്ന് നമ്മെ സംബന്ധിച്ചിടത്തോളം ഏറ്റവും സന്തോഷകരമായ ഒരു സുദിനമാണ്. കാരണം ഇൻഡ്യയുടെ അഖണ്ഡതയെ തന്നെ ചോദ്യം ചെയ്ത പഞ്ചാബ് പ്രശ്നത്തിന് ശാശ്വതമായ ഒരു പരിഹാരം കണ്ടെത്താൻ നമ്മുടെ പ്രഗത്ഭനായ പ്രധാനമന്ത്രിക്ക് സാധിച്ചു. ഇൻഡ്യയിലെ ജനകോടികൾക്ക് അഭിനന്ദിക്കാവുന്ന കാര്യമാണ് അത് എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ സംസാരിച്ച അവസരത്തിൽ പലരും സംവരണത്തെപ്പറ്റി പറയുകയുണ്ടായി. വളരെ ഖേദകരമാണെന്നു പറയട്ടെ, ഇന്ന് സംവരണത്തിന് എതിരായിട്ടുള്ള ഒരു സമീപനം അഖിലേന്ത്യാ തലത്തിൽ തന്നെ ഉയർന്നുവന്നുകൊണ്ടിരിക്കുകയാണ്. ഗുജറാത്തിൽ എത്രയോ ജീവനാണ് സംവരണവിരുദ്ധ സമരത്തിന്റെ പേരു പറഞ്ഞുകൊണ്ട് ബലിയർപ്പിക്കപ്പെട്ടേണ്ടിവന്നത്. നാം ഒന്നാലോചിക്കേണ്ടതായിട്ടുണ്ട്. സംവരണം എന്നു പറയുന്നത് ആരുടേയും ഔദാര്യമല്ല, ഇൻഡ്യൻ ഭരണഘടനയിലെ (15)-4,(16)-4, എന്നീ വകുപ്പുകൾ അനുസരിച്ച്, സാമൂഹ്യമായും സാമ്പത്തികമായും തൊഴിൽപരമായും വിദ്യാഭ്യാസപരമായും ചരിത്രപരമായും പിന്നോക്കം നില്ക്കുന്ന ജനവിഭാഗങ്ങളെ മുന്നോക്ക വിഭാഗങ്ങളോടൊപ്പം കൈപിടിച്ചുയർത്തികൊണ്ട് വരുന്നതിന് ഭരണഘടന വിഭാവന ചെയ്യുന്നതാണ് സംവരണം. അതിന് വിരുദ്ധമായ ഒരു നിലപാട് സ്വീകരിക്കാൻ പാടില്ല എന്നുള്ളതാണ് തത്വം. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ നമ്മുടെ മുഖ്യമന്ത്രി തന്നെ ഈ നിയമസഭയ്ക്ക് ഒരു ഉറപ്പ് തന്നിരുന്നു, അടിയന്തിരമായി ഒരു സംവരണ കമ്മീഷനെ നിയമിക്കാൻ തയ്യാറാണ് എന്ന്. ഈ നിയമസഭാ സമ്മേളനത്തിൽ ഞാൻ ഒരു ചോദ്യം ചോദിച്ചിരുന്നു. അതിന് തന്ന മറുപടിയിൽ പറഞ്ഞത് കേന്ദ്രത്തിൽ നിന്ന് സംവരണത്തെ സംബന്ധിച്ച് ഒരു നയരൂപീകരണം ഉണ്ടാകേണ്ടിയിരിക്കുന്നതു കൊണ്ട് സംവരണ കമ്മീഷനെ നിയമിക്കേണ്ടതില്ല എന്നാണ് ഗവർമെന്റ് തീരുമാനിച്ചിരിക്കുന്നത് എന്നാണ്. ഒരു കാര്യം സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. സംവരണം സംബന്ധിച്ച് ദേശീയതലത്തിൽ നേതാക്കൻമാർ അഭിപ്രായം പറഞ്ഞു തുടങ്ങിയിരിക്കുന്നു. നമ്മുടെ പ്രധാനമന്ത്രി ഈ അടുത്ത ദിവസങ്ങളിൽ പറഞ്ഞ അഭിപ്രായം ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടും ശ്രീ. കെ. ജി. മാരാരും ഉൾപ്പെടെയുള്ള ആളുകൾ ഒരുപോലെയൊന്ന്, ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. എന്താണ് അദ്ദേഹം പറഞ്ഞത്? സാമ്പത്തിക പിന്നോക്കാവസ്ഥ ഉള്ളവർക്ക്, ചെയ്യേണ്ട മാറുന്ന് എന്ന് പറയുന്നത് സംവരണമല്ല. സാമ്പത്തിക സഹായമാണ് എന്ന് ഭയാശങ്കകൾക്കിടയാകാത്ത രീതിയിൽ വെട്ടിത്തുറന്ന് ഒറ്റ വാചകത്തിൽ അദ്ദേഹം പറഞ്ഞിരിക്കുന്നു. അതേ സമയത്ത് സാമൂഹ്യമായി പിന്നോക്കം നില്ക്കുന്ന ജനവിഭാഗങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

സംവരണം കൊടുത്തു എന്ന് അദ്ദേഹം തീർത്തു പറഞ്ഞിരിക്കുന്ന സാഹചര്യമാണ് ഉള്ളത്. ഇവിടെ പലരും സംവരണത്തെക്കുറിച്ച് അഭിപ്രായം പറഞ്ഞു. സഖാവ് ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് പണ്ട് മുതലേ പറയുന്നു, അദ്ദേഹം വരുമ്പോഴൊക്കെ സാമ്പത്തികത്തിൽ അധിഷ്ഠിതമായിട്ടുള്ള സംവരണ നയവുമായിട്ടാണ് മുന്നോട്ട് വരുന്നത്. ഞാൻ ഈ അടുത്ത കാലത്ത് ശ്രീ. കെ. ജി. മാരാരുടേയും ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റേയും പ്രസ്താവനകൾ ഒന്നു പരിശോധിച്ചും ശരിയത്തിനെ സംബന്ധിച്ചായാലും ശരി സംവരണത്തെ സംബന്ധിച്ച് ആയാലും ശരി രണ്ടുപേരുടേയും അഭിപ്രായത്തിന് വളളിപുളളി വിസർഗ്ഗത്തിന് വ്യത്യാസമില്ല എന്നുള്ളതാണ് യഥാർത്ഥ്യം. ശരിയത്തിനെപ്പറ്റി ശ്രീ. മാരാർ പറയുന്ന അതേ അഭിപ്രായം ശ്രീ. ഇ. എം. എസ്സും പറയുന്നു. സംവരണത്തെ സംബന്ധിച്ച് ശ്രീ. മാരാർ പറയുന്ന അഭിപ്രായം ശ്രീ. ഇ. എം. എസ്സും പറയുന്നു.

ഞാൻ വളരെയധികം ബഹുമാനിക്കുന്ന, ആരാധിക്കുന്ന ഒരു നേതാവാണ് ജനതാപാർട്ടിയുടെ നേതാവ് ശ്രീ. ചന്ദ്രശേഖർ. അദ്ദേഹം പോലും കേരളത്തിൽ വന്നു നിന്നുകൊണ്ട് ശ്രീ. തങ്കരാജിനെപോലുള്ള പിന്നോക്ക വിഭാഗങ്ങളെ ഉൾക്കൊള്ളുന്ന ഒരു പാർട്ടിയുടെ നേതാവ് എന്ന നിലയിൽ വന്നു നിന്നുകൊണ്ട് പറഞ്ഞതെന്താണെന്നറിയാമോ ? സാമ്പത്തിക സംവരണം വേണം എന്നാണ്. ഈ കാര്യത്തിൽ വളരെ വ്യക്തമായ അഭിപ്രായം പറയാൻ, ശ്രീ. ബഷീർ സൂചിപ്പിച്ചതുപോലെ ഇന്ന് സംവരണത്തിൽ വെള്ളം ചേർക്കുന്നതിനുള്ള ഹീനമായ ശ്രമങ്ങളെ എല്ലാ ഭാഗങ്ങളിലും നടന്നുവരികയാണ്. ഗുജറാത്തിൽ സാമൂഹ്യവിരുദ്ധൻമാർ സമരം അഴിച്ചുവിട്ടുകൊണ്ട് സംവരണത്തിനെതിരായി ദേശീയതലത്തിൽ നീങ്ങാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഈ അവസരത്തിൽ എനിക്ക് വളരെ വ്യക്തമായി പറയാനുള്ളത് കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ മുഖ്യമന്ത്രി ഈ സഭക്ക് തന്ന ഉറപ്പ് പാലിച്ചുകൊണ്ട് ഒരു സംവരണ കമ്മീഷനെ വയ്ക്കണമെന്നാണ്. ഗുജറാത്തിൽ പത്ത് എന്നുള്ളത് പതിനെട്ടാക്കി വർദ്ധിപ്പിച്ചതുപോലെ വർദ്ധിപ്പിക്കണമെന്ന് ഞങ്ങൾ പറയുന്നില്ല, 50 ശതമാനം ഉള്ളതിൽ 10 ശതമാനം ഹരിജനങ്ങൾക്ക് കിട്ടണം. 40 ശതമാനം എന്നു പറയുന്നത്, ജനസംഖ്യാനുപാതികമായി സാമൂഹ്യമായ പിന്നോക്കാവസ്ഥ പരിഗണിച്ചുകൊണ്ട് ഒരു പുനർനിർണ്ണയത്തിന് വിധേയമായി പുതുതായി വീതിക്കാനുള്ള ഒരു സാഹചര്യം ഉണ്ടാക്കികൊണ്ട്, ഈ സംവരണവിരുദ്ധ നിലപാടിനെതിരായിട്ടുള്ള ഒരു സമീപനം സ്വീകരിച്ചുകൊണ്ട് ഈ രാജ്യത്തെ പിന്നോക്ക വിഭാഗങ്ങളിലെ ഹരിജനങ്ങളിൽ ഉയർന്നുവന്നിട്ടുള്ള ആ സംശയങ്ങൾ ദൂരീകരിക്കാൻ പ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധി എടുത്ത നിലപാടിനോട് യോജിച്ചുകൊണ്ട് ഒരു സമീപനം ഈ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകണമെന്നു പറഞ്ഞുകൊണ്ട് ഞാൻ ഈ ധനകാര്യബില്ലിനെ അനുകൂലിക്കുന്നു.

ശ്രീ. സി. ജി. ജനാർദ്ദനൻ: സർ, ഞാൻ ഈ ധനകാര്യബില്ലിനെ അനുകൂലിക്കുകയാണ്. പ്രഗത്ഭനായ ശ്രീ. മാണി, ശത്രുക്കൾപോലും ഭയത്തോടുകൂടി മാത്രം എതിർക്കാൻ ധൈര്യപ്പെടുന്ന ശ്രീ. മാണി പ്രതികൂലമായ സാഹചര്യത്തിലും സമ്പത്ത് ഉണ്ടാക്കാൻ അല്പം ക്ലേശം അനുഭവിച്ച് ചിലത് ചെയ്യുമ്പോൾ ചിലർ കുറ്റം പറയാൻ വഴിയുണ്ടാക്കുന്നു. ഞാൻ അതുകൊണ്ട് ആ കുറ്റം പറച്ചിലിന്റെ കൂട്ടത്തിൽ കൂടാതെ അവർ അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ പാർട്ടിയായതുകൊണ്ട് ചില പുതിയ നിർദ്ദേശങ്ങൾ കൂടി വയ്ക്കട്ടെ.

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ നാട്ടിൽ ഭൂനയബിൽ ആണ് ഒരു വലിയ പരിഷ്ക്കരണമായി ഇവിടെ നടന്നത്. അതുവഴി സാമൂഹ്യമായ നീതി ഈ രാജ്യത്തെ ജനവിഭാഗങ്ങളോട് ചെയ്തു. അതോടൊപ്പം തന്നെ പ്രയാസങ്ങൾ അനുഭവിച്ച ചില ആളുകൾക്ക്—നമ്പൂതിരിമാർ പ്രയാസമനുഭവിച്ചു, നായൻമാർ പ്രയാസം അനുഭവിച്ചു, ജൻമിമാർ പ്രയാസം അനുഭവിച്ചു—സാമൂഹ്യമായ നീതി ഉണ്ടാക്കുന്ന ചില കാര്യങ്ങളിലേക്ക് കൂടി ശ്രദ്ധ തിരിച്ചുവിടാമോ ? ഭൂനയത്തിൽ ഒരു പരിഷ്ക്കരണം ഇപ്പോൾ വരുത്താമോ ? അങ്ങനെ വരുത്തുമ്പോൾ അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ പാർട്ടി തോട്ടം കൈവശം വയ്ക്കുന്നത് ഒരു ഹെക്ടറായി നിയന്ത്രിക്കാമോ ? അതിൽ നിന്ന് വരുമാനം കൂട്ടാമോ ? അതോടൊപ്പം തന്നെ പട്ടണങ്ങളിലെ ഭൂപരിധി ഒന്നു നിയന്ത്രിക്കാമോ ? നഗര സ്വത്തിന് ഭൂപരിധി നിയന്ത്രിക്കാമോ ? ഞാൻ എന്റെ സമയത്തിനകത്ത് നില്ക്കാൻ ആഗ്രഹിക്കുന്നതു കൊണ്ട് മറന്ന് മൂന്നാല് കാര്യങ്ങൾ കൂടി പറയണമെന്നുള്ളതുകൊണ്ട് ഇത് ഇവിടെ അവസാനിപ്പിക്കുന്നു.

ഈ സമയത്തിൽ എസ്. ആർ. പി. യെ സംബന്ധിച്ചിടത്തോളം ഭരണത്തിൽ നിന്നും പുറത്ത് നിന്നും വലിയ വിമർശനം ഉണ്ടായി. സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ പാർട്ടി മദ്യവർജ്ജനത്തിന് അനുകൂലമാണ്. ഒരു സമയ ബന്ധിതപരിപാടിയുടെ അടിസ്ഥാനത്തിൽ അല്ലെങ്കിൽ നിശ്ചയിക്കുന്ന.....ബഹളം..... ഞാൻ ഇപ്പോൾ സന്യാസം സ്വീകരിച്ച ഒരാളാണ്, അതുകൊണ്ട് എന്റെ പ്രസംഗത്തെ തടസ്സപ്പെടുത്താൻ ശ്രീ. തങ്കരാജ് ശ്രമിക്കേണ്ട. നമ്മുടെ നാട്ടിൽ ഇന്ന് ഏറ്റവും വലിയ അപകടം ഉണ്ടാക്കുന്നത് കള്ളപ്പണമാണ്. ഈ കള്ളപ്പണത്തിന്റെ മുഴുവൻ അവകാശികളും ആരാണ് ? ഈ രാജ്യത്തെ കുത്തക മദ്യ വ്യവസായികളും. ആ മദ്യവ്യവസായികളും വിദേശനിർമ്മിതമായ ഇൻഡ്യൻ മദ്യം നിർമ്മിച്ച്, നമ്മുടെ രാജ്യത്തെ സമ്പത്തിനെ സർക്കാർ ഉദ്യോഗസ്ഥന്, നികുതി കൂട്ടുന്ന, സർക്കാർ ഉദ്യോഗസ്ഥനെ ഡിയർനസ് അലവൻസ് വർദ്ധിപ്പിക്കുന്ന പ്രയാസങ്ങൾ ഉണ്ടാക്കുന്നു. ഈ മദ്യനിരോധനം ഏർപ്പെടുത്തുന്നതിന് മൂന്നു പോയിൻറുള്ള പരിപാടി ഞാൻ നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കട്ടേ.

(1) വിദേശനിർമ്മിതമായ ഇൻഡ്യൻ മദ്യം അവസാനിപ്പിക്കുക, 35 ഡിഗ്രിയാണ് അതിലെ വിഷം. (2) 20 ഡിഗ്രി വിഷമുള്ള ചാരായം അവസാനിപ്പിക്കുക (3) കള്ള് അവസാനിപ്പിക്കുക. അവസാനിപ്പിക്കുന്നതിന് മുമ്പ് എല്ലാ കാര്യങ്ങളിലും ഗുജറാത്ത് തൊട്ട് ഇന്നുവരെ ഞങ്ങളെ സ്ഥാനത്തും അസ്ഥാനത്തും എതിർക്കുന്ന ആളുകളും ഒരു കാര്യത്തെക്കുറിച്ച് ആലോചിക്കണം. ആ പാവപ്പെട്ട തൊഴിലാളികൾക്ക് മറെറാരു തൊഴിൽ ഉണ്ടാകുന്നതുവരെ സാമ്പത്തികമായി 100 കോടി രൂപയുടെ വരുമാനം നിലനിർത്തികൊണ്ട് തന്നെ അവരെ മറെറാരു പന്ഥാവിലേക്ക് മാറ്റാനുള്ള ഒരു പരിപാടി ആവിഷ്ക്കരിച്ചു നടപ്പിലാക്കണം. പഴയകാലത്തെ എക്സൈസ് നിയമത്തിലുള്ള കെടുതികൾക്ക് മുഴുവൻ എസ്. ആർ. പി. യാണ് ഉത്തരവാദി എന്നുള്ള നയത്തിൽ നിന്ന് മാറിയിട്ട് ഈ രാജ്യത്തെ ജനങ്ങളെ സംരക്ഷിക്കാനുള്ള ഒരു മാർഗ്ഗം അംഗീകരിക്കുന്നതോടൊപ്പം ഒരു കാര്യം കൂടി ചെയ്യണം. ഇവിടെ നമ്മുടെ ധനകാര്യവകുപ്പുമന്ത്രി പറയുകയാണ് സുവോമോട്ടോ സംരക്ഷിക്കാൻ ഇന്ന് പലതും ചെയ്യാമെന്ന്. സുവോമോട്ടോ എന്ന അവകാശത്തിന്റെ പിന്നിൽ ഇവിടെ കുന്നുകൂടുന്ന ആ സെയിൽസ് ടാക്സിന്റെ വർദ്ധനവിൽ കിട്ടാനുള്ളത് വാങ്ങിക്കുകയും കൊടുക്കാനുള്ളത് കൊടുക്കുകയും ചെയ്യാൻ ശ്രീ. മാണി തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

മറെറാരു കാര്യം, ഇവിടെ പറഞ്ഞു എക്സൈസ് വകുപ്പിൽ 926 കോടി രൂപ ബാക്കിയുണ്ട് എന്ന്. 926 കോടി രൂപ ബാക്കി വന്നത് ഗവർമെൻറിൻെറ തെറ്റ് കൊണ്ടാണ് എങ്കിൽ അത് തെറ്റാണ് എന്ന് അംഗീകരിച്ച് കിട്ടാനുള്ള പണം പിരിക്കാനുള്ള തീരുമാനം എടുക്കുകയും ശ്രീ. മാണി അത് പിരിച്ചെടുക്കുകയും ചെയ്ത് ഈ രാജ്യത്തെ സമ്പത്ത് കാത്തുസൂക്ഷിക്കാൻ കേരളം കണ്ട പ്രഗത്ഭൻമാരിൽ പ്രഗത്ഭനായ ധനകാര്യമന്ത്രി തന്നെയാകുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഒരിക്കൽക്കൂടി ഈ ബില്ലിനെ പിൻതാങ്ങുന്നു.

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ഈ ധനകാര്യബില്ലിനെ ഞാൻ എതിർക്കുകയാണ്. പഞ്ചാബ് പ്രശ്നം പരിഹരിച്ചു എങ്കിലും പഞ്ചാബ് മോഡൽ പ്രസംഗം നടത്തിയ ബാലകൃഷ്ണപിള്ളയുടെ കാര്യം പരിഹരിച്ചിട്ടില്ല. പഞ്ചാബ് മോഡൽ ഇരുമ്പരിയും ഇവിടെ ഇറക്കുമതി ചെയ്യുകയാണ്. പാലക്കാട്ടെ കോച്ച്ഫാക്ടറി പഞ്ചാബിലേക്ക് കൊണ്ടുപോകുവാൻ ശ്രമിക്കുകയാണ്. അതിനും അടിയന്തിരമായി പരിഹാരം കാണണം. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ബഡ്ജറുകളുടെയും തെറ്റായ സാമ്പത്തിക നയങ്ങളുടേയും ഫലമായി അത്യാവശ്യസാധനങ്ങളുടെ വില ഗണ്യമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ജനജീവിതം ദുസ്സഹമായിരിക്കുന്നു. റബ്ബർ ഇറക്കുമതിയെക്കുറിച്ചും ഓവർഡ്രാഫ്റ്റിനെക്കുറിച്ചും സർക്കാരിന് യാതൊരു വിവരവുമില്ല. സാമ്പത്തിക തകർച്ചയിൽ വികസനപ്രവർത്തനങ്ങളും സ്തംഭിച്ചിരിക്കുകയാണ്. കാർഷികമേഖല തകർന്നിരിക്കുന്നു. വിലക്കയറ്റം രൂക്ഷമായി എന്നതിൻെറ ഒരു ഉദാഹരണം സഭയുടെ അറിവിലേക്ക് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. 1980-ൽ ഇടതുപക്ഷം ഭരിക്കുമ്പോഴും അത്യാവശ്യ സാധനങ്ങളുടെ വിലയും ഇപ്പോഴത്തെ വിലയും തമ്മിൽ താരതമ്യം ചെയ്യേണ്ടതുണ്ട്.

	1980	1985
	(വില കിലോഗ്രാമിന്)	
	(രൂപ)	(രൂപ)
ഉപ്പ്	.30	.80
അരി	2.70 മുതൽ 2.90 വരെ	5. മുതൽ 5.80 വരെ
മുളക്	8.80	22.00
മല്ലി	4.50	10.00
റവ	2.40	3.75
പഞ്ചസാര	4.75	7.80
കടുക്	3.00	7.00
ക്ലാപ്പിപ്പൊടി	13.60	24.00
തേയില	15.20	
കടല	3.15	6.00
ചെറുപയറ്	4.00	7.50
പരിപ്പ്	4.00	6.00
സവാള	1.20	2.20
കാരം	4.50	

കേരളാ സ്റ്റേറ്റിൽ നിന്ന് ലഭിച്ചിട്ടുള്ള ബില്ലുകളാണ് ഞാൻ ഇവിടെ ഹാജരാക്കിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. വരദൻ : സർ, ഞാൻ ഈ ബില്ലിനെ എതിർക്കുകയാണ്. ഒരു കാര്യം ധനകാര്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്, അതിനായി മലയാളം കൂടി സംസാരിക്കാൻ ആഗ്രഹിക്കുകയാണ്. മലബാർ ഭാഷയോട് വലിയ അഭിപ്രായമില്ല. ഇടമലയാർ അപകടമേഖലയിലാണ്. മന്ത്രിയും ഞാനും ആ അപകടമേഖലയിൽ ഇറങ്ങിച്ചെന്നതാണ്. ഞങ്ങൾ അവിടെ ചെല്ലുമ്പോൾ വെള്ളം ഒലിച്ചുപോകുന്നുണ്ടായിരുന്നു. ടോർച്ചും പെട്രോമാക്സും കത്തിച്ചുകൊണ്ടാണ് ഞങ്ങൾ അകത്തുപോയത്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് തലമുടിനാരിഴ വണ്ണത്തിൽ മാത്രമേ പൊട്ടലുള്ളൂ എന്നാണ്. അത് സത്യവിരുദ്ധമാണ്. ഒരു കൈ പോകുന്നത്ര പൊട്ടലുണ്ട്. അത് നിസ്സാര കാര്യമല്ല. നമ്മുടെ സംസ്ഥാനത്തിന്റെ പണം നമ്മുടെ പണമാണ്. 94 കോടി രൂപ ചെലവഴിച്ചിട്ട് തക്കസമയത്ത് അതിന്റെ ഗുണം കിട്ടാതെ നമ്മൾ നിൽക്കുകയാണ്. ആ കനാൽ പൊട്ടിയതിന്റെ കാരണക്കാർ ആരാണ് ? ഇവിടെ പലരും അതിനെപ്പറ്റി പറഞ്ഞു. ഞാൻ അത് പറയുന്നില്ല. കോൺട്രാക്ടർ എടുക്കുന്ന ആളുകൾ വർക്ക് എടുക്കുമ്പോൾ എത്ര സിമന്റ് വേണം, എത്ര കമ്പി വേണം, മണലും മെറ്റലും എത്ര ചേർക്കണം എന്നുള്ളതിനെപ്പറ്റി ആലോചിക്കും. നാല്, നാലരക്കോടി രൂപയുടെ എസ്റ്റിമേറ്റായിരുന്നു. അതിന്റെ അകത്ത് ചെന്നപ്പോൾ മണൽ ചെളിയായിട്ട് മാറിക്കൊണ്ടിരുന്നു.

കോൺട്രാക്ടർമാർക്ക് എൻജിനീയർമാർ കൊടുത്ത നിർദ്ദേശം സ്ലാബ് വാർത്തുകഴിഞ്ഞാൽ 24 മണിക്കൂർ കഴിഞ്ഞേ അത് റിമൂവ് ചെയ്യാവൂ എന്നായിരുന്നു. പക്ഷേ നാല് മണിക്കൂർ കഴിഞ്ഞതിന് ശേഷം അത് അവർ റിമൂവ് ചെയ്തു. പണിയുടെ കുറവ് കൊണ്ടാണ് കനാൽ ഇത്രയും പൊട്ടിയൊലിച്ചത്. അതിന്റെ പേരിൽ നടപടിയെടുക്കാൻ ഗവൺമെന്റ് തയ്യാറുണ്ടോ ? മന്ത്രി ഇവിടെ പറഞ്ഞു, തെറ്റ് ചെയ്താൽ ആരായാലും ശരി വെറുതേവിടുകയില്ല എന്ന്. പക്ഷേ എത്ര ദിവസങ്ങളായി; ആറേഴ് ദിവസങ്ങളായി ദിവസങ്ങൾ മാത്രമല്ല, വലിയ സാമ്പത്തിക നഷ്ടവും ഉണ്ടായി. ഇതുവരെ നടപടി സ്വീകരിച്ചിട്ടില്ല. ചോർച്ചയുള്ള ഒരു ഗവൺമെന്റാണിത്. ഈ ഗവൺമെന്റിന്റെ കാലത്ത് ഇടമലയാർ പൊട്ടി. അതുപോലെ മറ്റ് ഡാമുകളും ചോരും.

ഇരുപത്തിരണ്ടര കോടി രൂപയുടെ ഒരു പദ്ധതിക്ക് ആവശ്യപ്പെട്ടിരുന്നു. എസ്റ്റേറ്റുകാരും തുണ്ടുതുണ്ടായിട്ടാണ് കച്ചവടം നടത്തുന്നത്. ഏലം—കാപ്പി—റബ്ബർ തോട്ടങ്ങൾ തുണ്ടുതുണ്ടായി രണ്ടോ അഞ്ചോ ഏക്കറായിട്ട് കീച്ചുവടം നടത്തുകയാണ്. അവരോട് നികുതി പിരിച്ചെടുക്കുന്നു. അത് തടയാൻ ഇൻഡ്യയിൽ നിയമമുണ്ട്. എന്നിട്ടും തടയുന്നില്ല. മാനേജ്മെന്റിനു സഹായകരമായ നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. എസ്റ്റേറ്റുകാരും തുണ്ടുതുണ്ടായി കച്ചവടം നടത്തുകയാണ്.

നമ്മുടെ സംസ്ഥാനത്തിന്റെ അതിർത്തികളിൽ ചെക്ക് പോസ്റ്റുകളുണ്ട്. എന്താണ് അവിടെ നടക്കുന്നത് ? ചെക്ക്പോസ്റ്റുകളിലൂടെ ലോറിയിൽ സാധനങ്ങൾ കടത്തിക്കൊണ്ടുപോയാൽ യാതൊരു പൈസയും ഗവൺമെന്റിന് കിട്ടുകയില്ല. ഒരു ലോഡ് വന്നാൽ ചെക്ക്പോസ്റ്റിലെ ഉദ്യോഗസ്ഥൻമാർ വിലപേശി ഇരട്ടി കൂലി വാങ്ങുന്നു. പാവപ്പെട്ട തമിഴ് തൊഴിലാളികൾ അവിടെയുണ്ട്. അവർ നാട്ടിൽ ചെന്ന് ഒരു പടിയോ രണ്ട് പടിയോ അരിയോ ഉപ്പോ കൊണ്ടുവന്നാൽ ചെക്ക്പോസ്റ്റുകളിൽ പിടിക്കും. രണ്ടുപടി അരിയുണ്ടെങ്കിൽ ഒരു പടി അവർ കൊണ്ടുപോകും. നമ്മുടെ സംസ്ഥാനത്തെ ചെക്ക്പോസ്റ്റുകളിൽ നടക്കുന്ന അക്രമം മൂലം സാമ്പത്തിക

LIBRARY ARCHIVES Kerala Legislative Assembly

നഷ്ടം ഉണ്ടാകുന്നു. ഇത് ഗവൺമെൻറ് ശ്രദ്ധിക്കണം. എം. എൽ. എ. മാരുടെ രണ്ട് റോഡുകളുടെ കാര്യം പറഞ്ഞു. മന്ത്രിമാർ ഞങ്ങളോട് രണ്ട് റോഡ് എഴുതിക്കൊടുക്കാൻ പറഞ്ഞു. മൂന്നുകൊല്ലമായി രണ്ട് റോഡിൻെറ പേര് എഴുതിക്കൊടുത്തിട്ട്. ആ റോഡിൻെറ കാര്യത്തിൽ യാതൊരു നടപടിയുമെടുത്തില്ല. സർ, ഇന്നലെ ചീഫ് എൻജിനീയറുടെ ആഫീസിൽ ചെന്നപ്പോൾ അദ്ദേഹം പറയുന്നത് കേസ് ഗവൺമെൻറിൻെറ പെൻഡിംഗിലാണെന്നാണ്. എഴുതികൊടുത്ത ഈ റോഡിൻെറ പണി ത്വരിതപ്പെടുത്തണം. എം. എൽ. എ. റോഡായാലും ശരി പള്ളിക്കൂടമായാലും ശരി പൊതുക്കാര്യത്തിനുവേണ്ടി 5 പൈസ ചെലവാക്കാത്ത ഗവൺമെൻറാണിത്. ഈ ഗവൺമെൻറ് ഇനിയും പാവപ്പെട്ടവരുടെ മേൽ നികുതി ചുമത്തുന്നത് ശരിയല്ല. ഉപ്പ്, മുളക് തുടങ്ങി എല്ലാ നിത്യോപയോഗ സാധനങ്ങൾക്കും നികുതി ഏർപ്പെടുത്തിയിരിക്കുകയാണ്. വൻകിട മുതലാളിമാരിൽ നിന്നും പണം ഈടാക്കാതെ, ചെക്ക്പോസ്റ്റിൽ കൂടി അന്യായമായി കടത്തിക്കൊണ്ടു പോകുന്നത് പിടിക്കാതെ പ്രത്യക്ഷമായി ഈ നികുതി കൊണ്ടുവരുന്നത് ശരിയല്ല. ഞാൻ ഇതിനെ ശക്തിയായി എതിർക്കുന്നു.

ശ്രീ. മണിമംഗലത്തു കുട്ട്യാലി: സർ, ബഹുമാനപ്പെട്ട കെ. എം. മാണി ഇവിടെ അവതരിപ്പിച്ച ധനവിനിയോഗബില്ലിനെ ഞാൻ പൂർണ്ണമായും അംഗീകരിക്കുന്നു. ഈ ചർച്ചാവേളയിൽ പ്രതിപക്ഷത്ത് നിന്നു ബഹുമാനപ്പെട്ട സുരേന്ദ്രനാഥ് ഘനഗംഭീരമായി നടത്തിയ പ്രസംഗം ഞാൻ സന്തോഷത്തോടു കൂടി കേട്ടിരുന്നു. ഒരു പ്രതിപക്ഷവീക്ഷണം ആ പ്രസംഗത്തിൽ ഉണ്ടായിരുന്നു എന്നുള്ളതിൽ എനിക്ക് സന്തോഷമുണ്ട്. പക്ഷേ നമ്മുടെ സംസ്ഥാനത്തെ സാമ്പത്തികസ്ഥിതി അതിൻെറ പൂർണ്ണമായ അർത്ഥത്തിൽ ബോദ്ധ്യമുള്ള ശ്രീമാൻ സുരേന്ദ്രനാഥിനെപ്പോലെ പരിണതപ്രജ്ഞനായ ഒരു മെമ്പർ ഒരു ആർഗ്യുമെൻറിനുവേണ്ടി ഒരു ആർഗ്യുമെൻറ് ഇട്ടു എന്നുള്ളതിൽ കവിഞ്ഞ് ആ രാഷ്ട്രീയ വാദത്തിന് വല്ല പ്രസക്തിയും ഉണ്ടോ എന്നു ചോദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ മാർച്ച് മാസത്തിലും ഈ മാസത്തിലുമായി ഈ സഭയിൽ നടന്ന ചർച്ചകളിൽ നിഴലിച്ചുനിന്നത് നമ്മുടെ സ്റേറ്റിൻെറ സാമ്പത്തിക സ്ഥിതിയായിരുന്നു. ഇന്നലെ ശ്രീ. കെ. എം. മാണി പ്രസംഗിച്ചപ്പോഴും പറഞ്ഞു. 6-ാം പഞ്ചവത്സര പദ്ധതി അവസാനിക്കുമ്പോഴും 287 രൂപയുടെ കമ്മി അവശേഷിക്കേണ്ടിയിരുന്നത് 204 കോടിയിലെത്തിക്കാൻ നമ്മുടെ ഫൈനാൻസ് മാനേജ്മെൻറിന് കഴിഞ്ഞു എന്ന്. അതിനുപുറമേ വികസനാവശ്യങ്ങൾക്ക് വേണ്ടിയുള്ള കഴിഞ്ഞ അഞ്ച് വർഷത്തെ അധികചെലവും വഹിക്കുകയുണ്ടായി. 6-ാം പഞ്ചവൽസരപദ്ധതിയിൽ ഈ സംസ്ഥാനത്തെ ഗവൺമെൻറുദ്യോഗസ്ഥൻമാരുടെ ഡി. എ. വർദ്ധനവിനു വേണ്ടി മാത്രം 500 കോടി രൂപ നമുക്ക് കൂടുതലായി ചെലവഴിക്കേണ്ടി വന്നു. 7-ാം പദ്ധതി അവസാനിക്കുമ്പോഴേക്കും ഡി. എ. ഇനത്തിൽ മാത്രം കോടിക്കണക്കിന് രൂപയുടെ അധിക വിഭവ സമാഹരണം നടത്തേണ്ടിവരുമെന്നും അദ്ദേഹം പറയുകയുണ്ടായി. ഇതിൻെറ അർത്ഥം ഈ സംസ്ഥാനം രൂക്ഷമായ ഒരു സാമ്പത്തികപ്രതിസന്ധിയിലേക്ക് നീങ്ങികൊണ്ടിരിക്കുന്നു എന്നാണ്. ഇവിടെ പറഞ്ഞു നികുതി കൂട്ടേണ്ടായെന്ന് ഇരുപത്തിരണ്ടേകാൽ കോടി രൂപ അധികവരുമാനം പ്രതീക്ഷിക്കുന്ന ഒരു ബില്ലുമായി രംഗത്തു വന്ന ധനകാര്യമന്ത്രിക്കെതിരായി അപശബ്ദങ്ങളും ആരോപണങ്ങളും ഉന്നയിക്കുന്ന പ്രതിപക്ഷപാർട്ടിയിലെ ബഹുമാനപ്പെട്ട മെമ്പർമാർ ഒന്നു മനസിലാക്കണം. 1984-85 കാലഘട്ടത്തിൽ 361 കോടി രൂപയായിരുന്നു നമ്മുടെ വരുമാനത്തിൻെറ ലക്ഷ്യമെങ്കിൽ 372.53 കോടി രൂപ സർക്കാർ പിരിച്ചെടുത്തു. കാർഷികാദായ നികുതിയുടെ ടാർജറ് 11.75 കോടി രൂപ ആയിരുന്നെങ്കിൽ പിരിച്ചെടുത്തത് 19 കോടിയിൽ പരം ഉറുപ്പിക

LIBRARY ARCHIVES Kerala Legislative Assembly

യാണ്. ഇൻഡ്യാഗവൺമെൻറിൽ നിന്നും പദ്ധതി വിഹിതത്തിൽ കിട്ടിയ സംഖ്യയും . പിരിച്ചെടുത്ത സംഖ്യയും എല്ലാം തട്ടിക്കഴിച്ചിട്ടും സംസ്ഥാന ത്തിൻെറ വികസനാവശ്യങ്ങൾക്കും സാമ്പത്തിക ക്ഷേമപരിപാടികൾക്കും പണ മില്ലാതെ ശ്വാസം മുട്ടുന്ന ദുഃഖകരമായ അവസ്ഥാവിശേഷത്തിൽ നമ്മൾ എത്തിനിൽക്കുന്ന വിവരം അറിയുന്നവരാരാണുള്ളത് ? വികസനത്തിന് വേണ്ടി ദാഹിച്ചുകൊണ്ട് അപ്പുറത്തുള്ള പല പ്രമുഖരായ നേതാക്കൻമാരും പ്രസംഗിക്കുകയുണ്ടായി. സ്വന്തം നിയോജക മണ്ഡല ത്തിൻെറ മുഖച്ഛായ മാറണമെന്നു മുറവിളി കൂട്ടുന്ന അവർ ഈ സംസ്ഥാ ത്തിൻെറ സാമ്പത്തികസ്ഥിതി എന്താണെന്നു പരിശോധിക്കാൻ രാഷ്ട്രീയ തിമിരം മൂലം തയ്യാറാകുന്നില്ല എന്നുള്ളതാണ് ദുഃഖസത്യം.

ശ്രീ. കെ. ഇ. ഇസ്മയിൽ: സർ, വികസനപ്രവർത്തനം മുടങ്ങിക്കിട ക്കുന്നു. സാമ്പത്തികമായി വളരെ വലിയ പ്രതിസന്ധിയിലാണ്. ഇതിൻെറ മുഴുവൻ അർത്ഥവും ഗൗരവവും പരിഗണിച്ചുകൊണ്ടാണോ നമ്മുടെ നാട്ടിലെ ഏറ്റവും പിന്നണിയിൽ കിടക്കുന്ന പാവങ്ങളിൽ നിന്ന് അധികഭാരം കുറച്ച് പിരിച്ചെടുത്ത് സാമ്പത്തിക വരുമാനം പ്രതീക്ഷിക്കുന്നത് ?

ശ്രീ. മണിമംഗലത്ത് കുട്ട്യാലി: മറെറന്ത് മാർഗ്ഗമുണ്ടെന്നു പറയാമോ ? സ്വന്തമായി നോട്ടടിക്കാൻ അവകാശമില്ലാത്ത സ്റേറ്റ് സർക്കാരിനെ സംബ ന്ധിച്ചിടത്തോളം കാലാകാലങ്ങളിൽ ഇൻഡ്യാഗവൺമെൻറിൽ നിന്നു കിട്ടുന്ന വിഹിതം മാത്രം വച്ചുകൊണ്ട് നമ്മുടെ രാജ്യത്ത് പുരോഗതി കൈവരുത്താൻ സാധിക്കുമെന്ന് ബഹുമാനപ്പെട്ട സി. പി. ഐ. മെമ്പർക്ക് അഭിപ്രായ മുണ്ടോ ? നമ്മുടെ പൊതുമേഖലാസ്ഥാപനങ്ങളിൽ സർക്കാരിൻെറ മുതൽ മുടക്ക് 169 കോടി രൂപയാണെന്നു നിങ്ങൾക്ക് അറിയാമോ ? ഇവിടത്തെ പൊതുമേഖലാസ്ഥാപനങ്ങളിൽ നിന്നു ഗവൺമെൻറിലേക്ക് തിരിച്ചടയ്ക്കാ നുള്ള സംഖ്യ 300 കോടി രൂപയാണ്. ഒരുറുപ്പിക പോലും തിരിച്ചടയ്ക്കാൻ സാധിക്കുന്നില്ല എന്നുള്ളത് നിങ്ങൾ കാണുന്നില്ലേ ? ഇന്നുവരെ 130-ൽ പരം കോടി രൂപ നഷ്ടം ഉണ്ടാക്കിയ പൊതുമേഖലാസ്ഥാപനങ്ങളെക്കുറിച്ച് നമുക്കൊന്ന് ശാന്തമായി ചിന്തിച്ചുകൂടേ ? കഴിഞ്ഞ പ്രാവശ്യം ബഡ്ജറ് ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചപ്പോൾ അദ്ധ്യാപകരുടേയും ഗവൺമെൻറ് ഉദ്യോഗസ്ഥൻമാരുടേയും ക്രമാതീതമായ ശമ്പളവർദ്ധനവിനും ഡി. എ.യ് ക്കും എതിരായി ഞാൻ സംസാരിച്ചു. ഇപ്പോഴും ഞാൻ അത് ആവർത്തി ക്കുന്നു. അതിൻെറ വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. ഈ രാജ്യത്തെ കർഷകർ വലിയ കഷ്ടതയിലാണെന്ന് അപ്പുറത്തുള്ളവർ പറഞ്ഞു. തേങ്ങ യുടെ വില 90 പൈസയിൽ വന്നു നിൽക്കുന്നു. അടയ്ക്ക, ചുക്ക്, കുരു മുളക് തുടങ്ങിയ ഉൽപ്പന്നങ്ങൾക്കൊന്നുംതന്നെ വിലയില്ല. അതേസമയം നിത്യോപയോഗ സാധനങ്ങൾക്കെല്ലാം തന്നെ ക്രമാതീതമായി വില വർദ്ധി ച്ചിരിക്കുന്നു. ഈ അവസരത്തിൽ ഈ സമൂഹത്തിൻെറ ഭാഗമാണെന്ന് അവകാശപ്പെടുന്ന ഗവൺമെൻറ് ഉദ്യോഗസ്ഥൻമാർക്കും അദ്ധ്യാപകർക്കും മാത്രം കൊല്ലത്തിൽ 500-ഉം 600-ഉം 700-ഉം കോടി രൂപയുടെ ഡി. എ. വർദ്ധനവും ശമ്പള പരിഷ്കരണവും നടപ്പാക്കണമെന്നാണോ അഭിപ്രായ മെന്ന് ഞാൻ അപ്പുറത്തിരിക്കുന്നവരോട് ചോദിക്കുകയാണ്. സംഘടിത രായിപ്പോയില്ല എന്ന ഒറ്റക്കാരണത്താൽ ഈ രാജ്യത്തെ കൃഷിക്കാരുടെ ഉൽപ്പന്ന ങ്ങൾക്ക് വില മേടിച്ചുകൊടുക്കുന്ന കാര്യത്തിൽ നിങ്ങൾക്കും എനിക്കും യോജിപ്പിലെത്താൻ സാധിച്ചോ ? അതൊരു രാഷ്ട്രീയ പ്രശ്നമായി എടുക്കാൻ തയ്യാറുണ്ടോ ? ഞങ്ങൾ തയ്യാറാണെന്നു ഉറപ്പ് പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. രാജൻ: സർ, അദ്ധ്യാപകർക്കും സർക്കാർ ജീവനക്കാർക്കും എതിരായി നിങ്ങൾ ഇവിടെ സംസാരിക്കുന്നു. സർക്കാർ ജീവനക്കാർക്ക് ശമ്പളവർദ്ധനവ് അനുവദിക്കാൻ പാടില്ല എന്നാണോ കാൺഗ്രസ് പാർട്ടിയുടെ അഭിപ്രായം ?

ശ്രീ. മണിമംഗലത്തു കുട്ട്യാലി: സർ, സംഘടിത തൊഴിലാളിക്ക് അവന്റെ അവകാശം അനുവദിക്കുന്നതോടൊപ്പംതന്നെ ഈ രാജ്യത്തെ അസംഘടിതരായ കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് വിലകൂട്ടി കിട്ടുവാൻ എന്ത് സമീപനം നിങ്ങളുടെ ഭാഗത്തുനിന്നും സ്വീകരിച്ചു എന്നാണ് എനിക്കറിയേണ്ടത്. എന്റെ പോയിന്റ് എന്താണെന്നുവച്ചാൽ നമുക്ക് ഈ പദ്ധതിയെ സംബന്ധിച്ചിടത്തോളം ഒരു വീലയിരുത്തൽ നടത്താമോ എന്നാണ്. കേരളത്തിൽ രണ്ടേമുക്കാൽകോടി ജനങ്ങളുണ്ട്. ഓരോ കൊല്ലത്തിലും ധനകാര്യമന്ത്രി ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ പുതിയ പുതിയ പരിപാടികൾ ആവിഷ്കരിക്കുന്നു. പുതിയ റോഡുകൾ, പാലങ്ങൾ, സ്കൂളുകൾ, ഇലക്ട്രിസിറ്റി ലൈനുകൾ, സാമൂഹ്യക്ഷേമ പരിപാടികൾ, വ്യവസായങ്ങൾ അങ്ങനെ പലതും ഉണ്ടാക്കുന്നു. നമ്മളെ സംബന്ധിച്ചിടത്തോളം പൈസയില്ലാത്ത സാഹചര്യമുണ്ടാകും. എന്റെ ഒരു ചോദ്യം ഒന്നോ രണ്ടോ ബഡ്ജറ്റുകളിലെ എമൗണ്ടുകളുടെ പൂർണ്ണമായ സംഖ്യ എടുത്തുകൊണ്ട് നിലവിലുള്ള വർക്കുകൾ പൂർണ്ണമായി പൂർത്തീകരിക്കാനും പുതിയവയൊന്നും തുടങ്ങാതിരിക്കാനുമുള്ള ഒരു സമീപനം ഇപ്പുറത്തുനിന്നും സ്വീകരിച്ചാൽ അപ്പുറത്തുനിന്നും അത് അംഗീകരിക്കാൻ തയ്യാറുണ്ടോ എന്നാണ്. രാജ്യത്തിന്റെ കാര്യമാണല്ലോ. ഗവൺമെന്റുദ്യോഗസ്ഥൻമാർക്ക് ശമ്പളവർദ്ധനവില്ല, പുതിയ പാലങ്ങളില്ല, പുതിയ റോഡുകളില്ല, പുതിയ സാമൂഹ്യക്ഷേമ പരിപാടികളില്ല. ഇന്ന് നിലവിലുള്ളവ പൂർത്തീകരിക്കാനും കാര്യക്ഷമമായി നടപ്പിലാക്കാനും ആവശ്യമായ റിസോഴ്സുകൾ വർദ്ധിപ്പിക്കാതെതന്നെ ഇന്നുള്ള റിസോഴ്സുകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തിക്കൊണ്ട് ഇന്നു നടക്കുന്ന പരിപാടികൾ പൂർത്തീകരിക്കാനുള്ള സംവിധാനത്തെപ്പറ്റി നിങ്ങൾക്ക് എന്താണ് പറയാനുള്ളത് ?.....
.....ബഹളം.....എന്റെ പ്രസംഗം തടസപ്പെടുത്തുവാൻ ശ്രമിക്കരുത്. നിങ്ങൾക്ക് ഞാൻ വഴങ്ങുന്നില്ല.

എന്റെ വാദം നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഈ രാജ്യത്തെ മുമ്പോട്ടു കൊണ്ടുപോകാനുള്ള ഒരേയൊരു വഴി നിലവിലുള്ള, ഇന്ന് നമ്മൾ നടത്തിക്കൊണ്ടിരിക്കുന്ന സാമൂഹ്യക്ഷേമ പരിപാടികളും.....
.....കർഷകത്തൊഴിലാളിക്ക് പെൻഷൻ കൊടുത്തില്ല എന്ന് ഒരു സബ്മിഷൻ മുഖാന്തിരം എന്റെ ഒരു സുഹൃത്തിവിടെ പറഞ്ഞു. അത് അടിയന്തിരമായി കൊടുക്കേണ്ട കാര്യമാണ്. അതുപോലെതന്നെ തെങ്ങിൽ നിന്ന് വീണാൽ പൈസ കൊടുക്കാൻ സാധിക്കുന്നില്ല. പ്രധാനപ്പെട്ട ഒരു കാര്യമാണ്. സാമൂഹ്യക്ഷേമ പരിപാടികൾക്ക് പണമില്ല, അംഗൻവാടി ടീച്ചർമാർക്ക് ശമ്പളം കൊടുക്കുന്നില്ല ; പി.ഡബ്ലിയു.ഡി. കോൺട്രാക്ടർമാർക്ക് പൈസ കൊടുക്കുന്നില്ല. ഇതൊക്കെ രൂക്ഷമായ പ്രശ്നങ്ങളാണ്. നമ്മുടെ കയ്യിൽ പണമില്ല. ആ കൂട്ടത്തിൽ നമ്മൾ പുതിയ പുതിയ പരിപാടികൾ ഓരോ കൊല്ലവും ആസൂത്രണംചെയ്തു മുമ്പോട്ടുപോകുന്നു. ഞാൻ നേരത്തെ സൂചിപ്പിച്ചപോലെ 204 കോടി രൂപ കമ്മിയിൽ വന്നുനിൽക്കുന്ന ഒരു സ്റേറ്റ്, സാമ്പത്തികഭദ്രതയില്ലാത്ത ഒരു സ്റേറ്റ്, കാർഷികോൽപ്പന്നങ്ങൾ കൊണ്ടുമാത്രം ഉപജീവനം നടത്തുന്ന ഒരു സ്റേറ്റ്, ആ കാർഷികോൽപ്പന്നങ്ങൾക്ക് വിലയില്ലാത്ത ഒരു സ്റേറ്റ്, വിദ്യാസമ്പന്നരായ 25 ലക്ഷത്തോളം ചെറുപ്പക്കാർ തൊഴിലില്ലാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര്

LIBRARY ARCHIVES Kerala Legislative Assembly

രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സ്റ്റേറ്റാണ് നമ്മുടേത്. ഇൻഡ്യാ രാജ്യത്തെ ഏറ്റവും ചെറിയൊരു സംസ്ഥാനം. ഇവിടെ കാര്യക്ഷമമായ ഒരു സമീപനം—നമ്മുടെ സാമ്പത്തിക മണ്ഡലത്തിൽ പ്രതിപക്ഷവും ഭരണ പക്ഷവും ഒന്നിച്ചിരുന്ന് ചർച്ചചെയ്യാനും അതനുസരിച്ചുള്ള നിലപാട് സ്വീകരിക്കാനും അപ്പുറത്തുള്ളവർ തയ്യാറുണ്ടോ എന്ന് വെല്ലുവിളിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇല്ല എന്നതാണ് യാഥാർത്ഥ്യം. കാലാകാലങ്ങളായി ഇവിടെ കാര്യക്ഷമമായി ഭരണം നടത്തിയ ഏതെങ്കിലുമൊരു ഗവൺമെൻറ് അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ ഉണ്ട് എന്ന് ഞാൻ അവകാശപ്പെടുന്നില്ല. പക്ഷേ ഇന്ന് ഒരു കാര്യം വ്യക്തമാണ്. കഴിഞ്ഞ 21 മാസക്കാലം ഇടതുപക്ഷ ജനാധിപത്യമുന്നണി ഈ സംസ്ഥാനം ഭരിച്ചപ്പോഴും ഉണ്ടായിരുന്ന കാര്യങ്ങളിൽ നിന്നും വ്യത്യസ്തമായി ഈ സംസ്ഥാനത്തെ സാമൂഹ്യക്ഷേമ പരിപാടികളും വികസനപ്രവർത്തനങ്ങളുമായി മുമ്പോട്ടു കൊണ്ടുപോകുന്ന കാര്യത്തിൽ ഐക്യജനാധിപത്യമുന്നണിയുടെ ഗവൺമെൻറ് വിജയം വരിച്ചിരിക്കുന്നു എന്നുള്ളത് യാഥാർത്ഥ്യമല്ലേ ?.....ബഹളം..... ആടിനെ പട്ടിയാക്കിയതുകൊണ്ടു കാര്യമില്ല, ആട് ആടാണ് പട്ടി പട്ടിയാണ്. അത് ജനങ്ങൾക്ക് വിലയിരുത്താൻ അറിയാം.

നമ്മുടെ സംസ്ഥാനം അതിരൂക്ഷമായ വെള്ളപ്പൊക്കംകൊണ്ട് ബുദ്ധിമുട്ടനുഭവിക്കുന്ന ഒരു കാലഘട്ടമാണ് ഇത്. ഇവിടെ കൃഷിക്കാരന്റേയും കർഷക തൊഴിലാളിയുടേയും പ്രശ്നം എന്താണ്? ഇവിടെ സാധാരണ ക്കാരന്റെ പ്രശ്നം എന്താണ് ? ഇതെല്ലാം വച്ചുകൊണ്ട് ശമ്പളവർദ്ധനവിനു വേണ്ടി സമരം നടത്തിയ സംഘടിതരായ അദ്ധ്യാപകരും ഗവൺമെൻറു ജീവനക്കാരും (അവരുടെ പ്രശ്നങ്ങളം എന്തുതന്നെയായാലും.ശരി അംഗീകരി ക്കാൻ ഞാൻ തയ്യാറല്ല) അതിനു തെരഞ്ഞെടുത്ത സമയം നന്നായോ എന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ഇവിടെ ജീവിതസൂചിക വർദ്ധിച്ചതിനെപ്പറ്റി പറഞ്ഞു. ജീവിതസൂചിക വർദ്ധിച്ചത് അദ്ധ്യാപകർക്കും ഗവൺമെൻറുദ്യോഗസ്ഥൻമാർക്കും മാത്രമല്ല. ഈ സംസ്ഥാനത്തെ രണ്ടേമുക്കാൽക്കോടി ജനങ്ങൾക്കും ജീവിതസൂചിക വർദ്ധിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള ഒരു സാമ്പത്തിക നവോത്ഥാന പ്രക്രിയയ്ക്ക് രൂപംകൊടുക്കാൻ നികുതി പിരിക്കുകയല്ലാതെ മറെറന്താണ് മാർഗ്ഗം ? നമ്മുടെ മുമ്പിൽ വേറെയൊരു മാർഗ്ഗവുമില്ല. അങ്ങനെ നികുതി പിരിക്കേണ്ട എന്നാണ് അപ്പുറത്തുള്ളവർ പറയുന്നതെങ്കിൽ പുതിയ പരിപാടികളം ഏറെറടുക്കാതെ ഇന്നുള്ള റിസോഴ്സസ് മൊബിലൈസ് ചെയ്തുകൊണ്ട് പഴയ പരിപാടികളം പൂർത്തീകരിക്കാനുള്ള സംവിധാനം ഉണ്ടാക്കണം എന്നാണ് എന്റെ അഭിപ്രായം. എന്റെ രാഷ്ട്രീയമായ വാദവും അതുതന്നെ. ഈ ബില്ലിനെ ഞാൻ അംഗീകരിക്കുന്നു.

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ് : സർ, ഈ ധനകാര്യബില്ലിനെ ഞാൻ എതിർക്കുന്നു. ഞാനിവിടെ പറയാൻ ഉദ്ദേശിക്കുന്നത് നമ്മുടെ പ്ലാൻ സ്കീമിനെപ്പറ്റിയാണ്. പ്രധാനപ്പെട്ട പ്രവർത്തികളംപോലും കാര്യക്ഷമമായി നടത്താത്ത ഒരു ഗവൺമെൻറാണ് ഇവിടെ ഭരിക്കുന്നത്. പല ഹൈഡ്രോ ഇലക്ട്രിക് പദ്ധതികളെ സംബന്ധിച്ചൊക്കെതന്നെ ആക്ഷേപങ്ങളം ഉയർന്നി ട്ടുണ്ടെങ്കിലും ഇടമലയാർ പദ്ധതിയെ സംബന്ധിച്ചാണ് ഞാൻ ആദ്യമായി പറയാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി കമ്മീഷൻ ചെയ്യാൻവേണ്ടി പല പ്രാവശ്യവും അന്നത്തെ മന്ത്രി മുന്നോട്ടു വന്നതാണ്. 1984 അവസാനത്തിലും 1985 ഫെബ്രുവരിയിലും ജൂണിലും എല്ലാംതന്നെ തീയതി നിശ്ചയിച്ച താണ്. ഇപ്പോഴം ഇതിന്റെ ഉദ്ഘാടനം നീണ്ടുപോകാനാണിടയുള്ളത് കാരണം ഈ ടണലിന്റെ ചോർച്ച പരിഹരിച്ചാൽപ്പോലും ഈ പദ്ധതി അതിന്റെ ഉദ്ദേശലക്ഷ്യങ്ങളം നിറവേറുകയില്ല എന്ന് ഞാനിവിടെ പറയാൻ

LIBRARY ARCHIVES Kerala Legislative Assembly

ആഗ്രഹിക്കുകയാണ്. 1976-ൽ 23 കോടി രൂപയുടെ എസ്റ്റിമേറ്റുമായി തുടങ്ങിയ ഈ പദ്ധതി ഇന്ന് 90 കോടിയിലാണ് അവസാനിക്കുന്നത്. ഇത്രയും പണം സമാഹരിച്ചുകൊണ്ട് നടപ്പാക്കിയ ഇത്രയും ഗൗരവമേറിയ ഒരു പദ്ധതിയായതുകൊണ്ടാണ് കാര്യക്ഷമതയില്ല എന്ന് ഞാൻ പറയുന്നത്. ഇതിന്റെ കരാർ കൊടുത്തിട്ടുള്ളത് പൗലോസ് എന്നു പേരുള്ള ഒരു കരാറുകാരനാണ്. വാസ്തവത്തിൽ ഈ കരാറുകാരനല്ല ഇത് നടത്തിയിട്ടുള്ളത്. ഇത് കേരള കോൺഗ്രസിന്റെ പ്രവർത്തകനായ സജീവൻ എന്നു പേരുള്ള ഒരാളാണ് ഇത് നടത്തുന്നത്. ഇതിന്റെ പ്രവർത്തി ശരിയായ നിലയിലല്ല ചെയ്യുന്നത് എന്ന് ഇതിന്റെ വിദഗ്ദ്ധൻമാർ ചൂണ്ടിക്കാണിച്ചിരുന്നു. ഇത് പരിശോധിക്കാതെയാണ് ഈ കരാറുകാരൻ മുന്നോട്ടുപോയിട്ടുള്ളത്. രണ്ട് ജനറേറ്ററിൽ ഒന്ന് ട്രയൽചെയ്യുമ്പോഴുള്ള ചോർച്ചയാണ് ഇപ്പോഴുള്ള ചോർച്ച. സ്റ്റീൽപൈപ്പിൽനിന്ന് ടണലുമായി ബന്ധിപ്പിക്കുന്ന കോൺക്രീറ്റ് ലൈനിംഗിലാണ് വിള്ളലുകൾ ഉണ്ടായിട്ടുള്ളത്. 75 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ളതാണ് ഈ പദ്ധതി. ബോർഡിന്റെ, കഴിവും പരിചയസമ്പന്നരുമായിട്ടുള്ള ഉദ്യോഗസ്ഥൻമാരെ മാറ്റി മന്ത്രിയുടെ ആജ്ഞാനുവർത്തികളായിട്ടുള്ള, പൊൽപ്പടിക്കാരായിട്ടുള്ള ചീഫ് എഞ്ചിനീയർ തൊട്ടുള്ള ഉദ്യോഗസ്ഥൻമാരെ നിയമിച്ചുകൊണ്ടാണ് ഈ പദ്ധതിയുടെ പ്രവർത്തനം മുമ്പോട്ടുപോയിട്ടുള്ളത്. ഇതിൽ മേൽനോട്ടം വഹിച്ചിട്ടുള്ളത് ചീഫ് എഞ്ചിനീയറും മുൻ മന്ത്രിയുമായിരുന്നെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതിന്റെ കൊള്ളയ്ക്ക് കൂട്ടുനിൽക്കാത്ത മുഴുവൻ ആളുകളേയും അവിടെ നിന്നും സ്ഥലംമാറ്റുകയാണുണ്ടായത്. ടണലിന്റെ നിർമ്മാണ കാലത്ത് ആക്ഷേപം ഉന്നയിച്ചപ്പോഴും അന്ന് അധികൃതർ നിഷേധിക്കുകയാണുണ്ടായത്. ടണൽ സർജ് ഷാഫ്റ്റ്, ആങ്കിം പോട്, ലോപ്രഷർ പൈപ്പ്, ജനറേറ്റർ എന്നിവയുടെയെല്ലാം പ്രവൃത്തികളും തികച്ചും അപാകതയോടെയാണ് നടന്നത് എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. കാനം രാജേന്ദ്രൻ)

സർ, 1600 മീറ്റർ നീളമുള്ള ടണലിന്റെ കോൺക്രീറ്റ് ലൈനിംഗ് ബലഹീനമാണ്. അതിൽക്കൂടി ഒഴുകുന്ന വെള്ളത്തിന്റെ സമ്മർദ്ദം നേരിടാൻ 40 സെന്റിമീറ്റർ ഘനമുള്ള കോൺക്രീറ്റ് ലൈനിംഗിനു സാധിക്കയില്ല. ഇതാണ് ചോർച്ചയ്ക്ക് കാരണം. ഇതിനു നേതൃത്വം വഹിച്ചത് ചീഫ് എഞ്ചിനീയർമാരും മന്ത്രിമാരും കോൺട്രാക്ടർമാരുമാണ്. ഈ സർജ് ഷാഫ്റ്റിന്റെ കോൺക്രീറ്റ് ലൈനിംഗ് പാറ ഒഴിവാക്കി റീഇൻഫോഴ്സ്ഡ് കോൺക്രീറ്റ് ലൈനിംഗ് വേണമെന്ന് സാങ്കേതികവിദഗ്ദ്ധൻമാർ പറഞ്ഞിട്ട് മന്ത്രി അത് വേണ്ടായെന്നു പറഞ്ഞു. ഷാഫ്റ്റിനു കോൺക്രീറ്റ് ലൈനിംഗ് നടത്തിയില്ലെങ്കിൽ ഇപ്പോഴും ടണലിൽ കാണപ്പെട്ട അത്യാഹിതം ഭാവിയിൽ സർജ് ഷാഫ്റ്റിനും കാണുമെന്നുള്ളതാണ് വിദഗ്ദ്ധമായ അഭിപ്രായം. സർജ് ഷാഫ്റ്റിന്റെ ബാക്കിയുള്ള 110 മീറ്റർ ലോപ്രഷർ പൈപ്പ് ലൈനിംഗിനുവേണ്ടി തുരങ്കം നിർമ്മിച്ചത് നല്ല പാറയിൽക്കൂടിയാണ്. ഈ പാറയ്ക്ക് വിള്ളലില്ല എന്നും ഇത് നല്ല പാറയാണെന്നും ജിയോളജിക്കൽ സർവ്വേക്കാർ അഭിപ്രായപ്പെട്ടതുമാണ്. ഇതിനകത്ത് സ്റ്റീൽ പൈപ്പിനും പാറയ്ക്കും ഇടയ്ക്കുള്ള ഭാഗം കാളിറ്റി കോൺക്രീറ്റ് ചെയ്തിട്ടില്ല. അതിനുപകരം ഒരു മിശ്രിതം നിറച്ചിരിക്കുകയാണ്. ഇടമലയാർ ടാമിലെ മുഴുവൻ പാറകളുടേയും വിള്ളലുകൾ നികത്താൻ പര്യാപ്തമായവിധം പതിനായിരക്കണക്കിന് ചാക്ക് സിമന്റ് ഗ്രൗട്ടിംഗ് ചെയ്തതായി ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നു. പെൻസ്റ്റോക്ക് പൈപ്പുകൾ യഥാസ്ഥാനത്ത് ബലമായി നിൽക്കുമെന്ന് ഉദ്ദേശിച്ച് ആങ്കിം ബോക്സ് പേരിന് സിമന്റും മണലും ചേർത്താണ് ചെയ്തത്. ഈ

LIBRARY ARCHIVES Kerala Legislative Assembly

പ്രവൃത്തികൾക്കൊക്കെ ബോർഡ്മെമ്പർമാർ അതൃപ്തി പ്രകടിപ്പിച്ചിട്ടുണ്ടായിരുന്നു. ഇതുമൂലം വൈദ്യുതി ഉൽപ്പാദനം വൈകുന്നതിൽ കോടിക്കണക്കിന് രൂപയുടെ നഷ്ടം വരുമെന്ന് കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. പദ്ധതിയുടെ പ്രവർത്തനത്തിൽപോലും അമിതലാഭം ഉണ്ടാക്കുന്നതിനുവേണ്ടി മന്ത്രിമാരും കോൺട്രാക്ടർമാരും മറ്റ് അധികൃതൻമാരും പ്രവർത്തിച്ചത് മിതമായി പറഞ്ഞാൽ ഒരു ക്രിമിനൽ കുറ്റമാണ്. ഇതിനെക്കുറിച്ചൊരു വാർത്ത 'മാതൃഭൂമി' പത്രത്തിൽ വന്നത് വായിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ടണലിന്റെ എസ്റ്റിമേറ് 1.17 കോടി രൂപ ഒറ്റ കരാറുകാരനെയേ ഏൽപ്പിച്ചിട്ടുള്ളൂ എന്നു പറഞ്ഞു. അതിലെ ഒരു ചെറിയ ഭാഗം ഞാൻ വായിക്കാം. 'പണി നടത്തുന്നത് ഒരു കരാറുകാരനല്ല. രണ്ട് പങ്കാളികളും കൂടി ഉണ്ടായിരുന്നുവെന്നായിരുന്നു ആക്ഷേപം. പങ്കാളികളിൽ ഒരാൾ കേരളാ കോൺഗ്രസിന്റെ നേതാവാണെന്നും രണ്ടാമത്തെയാൾ കോതമംഗലത്തെ ഒരു പ്രമുഖ വ്യവസായി ആയിരുന്നുവെന്നുമായിരുന്നു ആക്ഷേപം. ടണൽ നിർമ്മിച്ചതിൽ കേരള കോൺഗ്രസ് നേതാവിന്റെ ഇടപെടൽ നിഷേധിക്കുന്നില്ല. മന്ത്രിക്കും ഇക്കാര്യത്തിൽ ബന്ധമുണ്ടെന്ന ആക്ഷേപം ഉയർന്നുവന്നിരിക്കുന്നു.' ഇതാണ് പത്രത്തിൽ വന്നതിൽ പ്രസക്തമായിട്ടുള്ള ഭാഗം. നമ്മുടെ രാജ്യത്ത് ദേശസേവകരും മഹാത്മാഗാന്ധിയുടെ പിന്തുടർച്ചക്കാരാണെന്നും പറഞ്ഞു നടക്കുന്നവരുമുണ്ട്. മഹാത്മജിയുടേയും നെഹ്റുവിന്റെയും പാരമ്പര്യമുള്ള ഈ രാജ്യത്തെ, സിമന്റ് കട്ട് ഇങ്ങനെയാക്കാൻ ഇന്ദിരാകോൺഗ്രസുകാർക്ക് എന്താവശ്യമാണുള്ളത് എന്ന്, ഞാൻ ചോദിക്കുകയാണ്. ബഹുമാനപ്പെട്ട രാജീവ്ഗാന്ധിയുടെ നയത്തിന് വമ്പിച്ച പ്രോൽസാഹനം കൊടുക്കുന്നവർ ഈ ദേശീയ നഷ്ടത്തിന് ആരാണുത്തരവാദിയെന്ന് പറയണം.

മറ്റൊരു കാര്യം എനിക്ക് പറയാനുള്ളത് വിലക്കയറ്റത്തെക്കുറിച്ചാണ്. ഇവിടെ ശ്രീ. പങ്കജാക്ഷനും ശ്രീ. ലോനപ്പൻ നമ്പാടനും അതിനെ കണക്കു പറഞ്ഞു. ഈ വിലക്കയറ്റം ഏതെല്ലാം സ്വഭാവത്തിൽ വന്നിട്ടുണ്ട്? ഇതിന്റെ അടിസ്ഥാന കാരണം കേന്ദ്ര ഗവൺമെന്റിന്റെ ഇപ്പോഴത്തെ ബഡ്ജറ്റാണ്. റെയിൽവെ ചാർജ് വർദ്ധിപ്പിച്ചു. ഡീസൽ, പെട്രോൾ എന്നിവയുടെ വില വർദ്ധിപ്പിച്ചു. അതിനുശേഷം കേരള ഗവൺമെന്റ് കമ്മി ബഡ്ജറ്റ് അവതരിപ്പിച്ചു. മൊത്തം 4000 കോടി രൂപ കമ്മി വരുന്ന ബഡ്ജറ്റാണ് അവതരിപ്പിച്ചത്. ഇങ്ങനെ അവതരിപ്പിച്ചതിന്റെ ഫലമായിട്ടാണ്, നമ്മുടെ രാജ്യത്തെപ്പോലുള്ള രാജ്യങ്ങൾ നോട്ടടിച്ച് ഭരണം നടത്തിയതിന്റെ ഫലമായാണ് വില കയറിയത്. അമിതമായ വിലക്കയറ്റത്തിന്റെ ഫലമാണ് നമ്മുടെ രാജ്യത്തിന് മുന്നോട്ടുപോകാൻ സാധിക്കാത്തത് എന്നുള്ളത് കേന്ദ്രത്തിൽ പോയി പറയേണ്ടതാണ്. അവിടെ കമ്മി ബഡ്ജറ്റ് അവതരിപ്പിച്ചതുകൊണ്ടാണ് വിലക്കയറ്റമുണ്ടാകുന്നത്. അവിടെ ഡി. എ. എത്ര തവണ വർദ്ധിപ്പിച്ചു ? ഇവിടത്തെ ഡി.എ. വർദ്ധിപ്പിക്കുന്നതിന് 500 കോടി രൂപ വേണം. ധനകാര്യക്കമ്മീഷൻ പലപ്പോഴായി പല സന്ദർഭത്തിലും ഇന്നത്തെ കേന്ദ്ര ഗവൺമെന്റിനെ എതിർത്തിട്ടുണ്ടെങ്കിലും ഇന്നത്തെ ഭരണപക്ഷത്തിൽ നിന്നുകൊണ്ട് ഈ ഗവൺമെന്റ് അവരുടെ ആജ്ഞാനുവർത്തിയായി പ്രവർത്തിക്കുന്നുവെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ ബഡ്ജറ്റിനുശേഷം നാം ഉപയോഗിക്കുന്ന മുഴുവൻ സാധനങ്ങളുടേയും വില മൊത്തം 40 ശതമാനം വർദ്ധിപ്പിച്ചിരിക്കുന്നു. നമ്മൾ വിൽക്കുന്ന കേരളത്തിലെ സകല സാധനങ്ങളുടേയും മൊത്തം വില കുറഞ്ഞിരിക്കുന്നു: ഇതുരണ്ടും തമ്മിലുള്ള വ്യത്യാസത്തിന്റെ ഫലമായിട്ടാണ് നമ്മുടെ ജനങ്ങൾ ഇന്ന് അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ എന്ന് ബഹുമാനപ്പെട്ട കുട്ട്യാലി മനസിലാക്കണം. നാളികേരത്തിന്റെ വില കുറഞ്ഞാൽ നാട്ടിൻപുറത്തെ ബാധിക്കില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

നാളികേരത്തിന്റെ വില കുറഞ്ഞു, അതേസമയം മറ്റു സാധനങ്ങളുടെ വില വർദ്ധിച്ചു. ബഹുമാനപ്പെട്ട കുട്ട്യാലി ചോദിച്ചു, എങ്ങനെ പ്രതിപക്ഷങ്ങൾ ഈ സാമ്പത്തികനില തരണംചെയ്യുമെന്ന്. പ്രതിപക്ഷം തരണംചെയ്യുന്നതു വേറെ കാര്യം. ഇവിടെ ഭരിക്കുന്നത് മുതലാളിത്ത വ്യവസ്ഥിതിയുള്ള കേന്ദ്ര ഗവൺമെന്റാണ്. അതിന്റെ സാമ്പത്തികനയമാണ് നമ്മുടെ രാജ്യത്തെ പാപ്പരാക്കിക്കൊണ്ടിരിക്കുന്നത്. ആ സ്ഥിതി പ്രതിപക്ഷം ഭരിച്ചാലും മുണ്ടാകും. ഇല്ലെന്ന് ഞാൻ പറയുന്നില്ല. പക്ഷേ ഇവിടെ പണമുണ്ടാക്കുന്നതിനുള്ള വഴിയാണ് ഞങ്ങൾക്ക് നിർദ്ദേശിക്കാനുള്ളത്. ബഹുമാനപ്പെട്ട കുട്ട്യാലിയോട് എനിക്ക് പറയാനുള്ളത്, ഇവിടത്തെ കുത്തകമുതലാളിമാർ കൊഴുത്ത്, തടിച്ച്, വളർന്നിരിക്കുന്നു. അവരുടെ സ്വത്ത് പിടിക്കാൻ നിങ്ങൾക്ക് നട്ടെല്ലുണ്ടെങ്കിൽ ഈ രാജ്യത്ത് ഭരിക്കാൻ പണമുണ്ടാകും. 127 കുത്തകമുതലാളിമാരെ കേന്ദ്ര ഗവൺമെന്റ് നികുതി കെട്ടി ചുമത്തി പിടിക്കാൻ തയ്യാറുണ്ടെങ്കിൽ നമുക്ക് ആവശ്യമുള്ള പണമുണ്ടാകും. അതിനു വേണ്ടി നിങ്ങൾ തയ്യാറുണ്ടെങ്കിൽ പണമുണ്ടാകുമെന്നു പറഞ്ഞുകൊണ്ട് ഞാനീ ധനകാര്യബില്ലിനെ എതിർക്കുകയാണ്.

ശ്രീ. എ. സി. ജോസ്: സർ, രാഷ്ട്രം മുഴുവനും ആശ്വാസത്തിന്റെ ദീർഘനിശ്വാസങ്ങൾ വിടുകയും സന്തോഷത്തിന്റെ രസഗുള തിന്നുകയും ചെയ്യുന്ന ഒരു ദിവസമാണിന്ന്. നമ്മുടെ 'പയ്യനായ' പ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധി ഒരു രാജ്യതന്ത്രജ്ഞനും കാഴ്ചപ്പാടു തുളുമ്പുന്ന ഒരു ദേശീയ-നേതാവുമാണെന്ന് ലോകത്തിന്റെ മുമ്പിൽ തെളിയിക്കപ്പെട്ടിരിക്കുന്ന ഒരു സുദിനമാണിന്ന്. നമുക്കേവർക്കും അഭിമാനിക്കാവുന്ന ഒരു വസ്തുതയാണിത്. മതവും രാഷ്ട്രീയവും യാഥാർത്ഥ്യവും സാങ്കൽപ്പികതയും ഭീകരപ്രവർത്തനങ്ങളും സമചിത്തതയുമെല്ലാം കൂടി കെട്ടിമറിഞ്ഞ്, പരിഹാരം ഒരു മരീചികയെപ്പോലെ നീണ്ടുപോയിരുന്ന പഞ്ചാബ് പ്രശ്നത്തിന് ആർഷഭാരതത്തിന്റെ ആത്മസത്ത ഉൾക്കൊണ്ടുകൊണ്ട് ഇൻഡ്യൻ ഭരണഘടനയുടെ അതിർത്തി വരമ്പുകൾക്ക് അകത്തുനിന്നുകൊണ്ട് പരിഹാരമുണ്ടാക്കിയെന്നുള്ളതാണ് ഇന്നത്തെ ഏറ്റവും പ്രധാനപ്പെട്ട കാര്യം. അനന്തപൂർ പ്രമേയം സർക്കാരിയാകമ്മിഷനു വിടുകയും ജനുവരി 26-നു മുൻപ് നിശ്ചയിക്കപ്പെട്ട അതിർത്തിയെക്കുറിച്ച് തീരുമാനമെടുത്ത് കൈമാറുകയും ചെയ്യണമെന്നുള്ള ആത്യന്തികമായ, രാഷ്ട്രീയമായ തീരുമാനമുണ്ടായതുകൊണ്ട് പഞ്ചാബ് പ്രശ്നത്തിന് തീരുമാനമുണ്ടായിരിക്കുന്നുവെന്നുള്ളതാണ് ഏറ്റവും സന്തോഷകരമായിട്ടുള്ളത്. പ്രതിപക്ഷം അപ്പുറത്തുനിന്നുകൊണ്ടു ഇതിനെ സ്വാഗതം ചെയ്തതിൽ അഭിനന്ദിക്കുകയാണ്. ഇൻഡ്യയെ പൊതുവായി ബാധിക്കുന്ന പ്രശ്നത്തിൽ ചേരിവ്യത്യാസമില്ലാതെ നമുക്ക് ഒന്നിച്ച് നിൽക്കാൻ കഴിയണം. പഞ്ചാബ് പ്രശ്നം പഞ്ചാബിലെ ഞങ്ങൾ നദികളേയും അറബിക്കടലിനേയും ചുവപ്പിച്ചുവെന്ന് നമുക്കറിയാം. ഇത്തരം പ്രശ്നങ്ങൾ ആവർത്തിക്കാതിരിക്കാൻവേണ്ടി, പ്രാദേശികവാദവും വർഗ്ഗീയവാദങ്ങളും എന്ത് രാഷ്ട്രീയ നേട്ടങ്ങളുണ്ടായാലും അതിന്റെ മുളയിൽത്തന്നെ നുള്ളാൻ വേണ്ടി ഭരണപക്ഷ-പ്രതിപക്ഷ വ്യത്യാസമില്ലാതെ യത്നിക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഞാനീ ധനകാര്യബില്ലിനെ പിൻതാങ്ങുകയാണ്. ഇതിനെ അപ്പുറത്തിരിക്കുന്നവർ എതിർക്കുന്നു. 'പൂർണ്ണ ഗർഭിണിയായ സ്ത്രീയെ പ്രസവിക്കാൻ സമ്മതിക്കില്ല' എന്ന നയമാണ് ഈ പ്രമേയത്തെ എതിർക്കുന്നവർ എടുത്തിരിക്കുന്നത്. ഇവിടെ ബഡ്ജറ്റ് പാസ്സാക്കി, ഇന്നലെ ധനവിനിയോഗബില്ലും പാസ്സാക്കി. ധനവിനിയോഗബില്ലുപ്രകാരം 1900-ത്തിൽ ഏറെ കോടി രൂപ ചെലവാക്കാനുള്ള അനുവാദം ഈ സഭ കൊടുത്തു. അതിനുവേണ്ട നിയമനിർമ്മാണം നടത്താൻവരുമ്പോൾ അതിനു തയ്യാറില്ലായെന്നു പറയുന്ന സ്ഥിതിവിശേഷമാണിവിടെയുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഈ നിയമം നടപ്പിലായില്ലായെങ്കിൽ ഇന്നലെ പാസാക്കിയ ധനവിനിയോഗ ബില്ലിന്റെ അടിസ്ഥാനത്തിലുള്ള പണം ഉണ്ടാക്കാൻ കഴിയില്ല. അതിനെക്കുറിച്ച് ശ്രീ. പീതാംബരൻ മാസ്റ്റർ ഇവിടെ പ്രസംഗിക്കുന്നതു കേട്ടു. അദ്ദേഹം പറയുന്നത്, സെയിൽസ്ടാക്സ് ആളുകളെ കൊല്ലുമെന്നാണ്. ഇതു കേൾക്കുമ്പോഴാ തോന്നുന്നത് സെയിൽസ്ടാക്സ് ഇന്ന് കാലത്ത് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ശ്രീ. കെ.എം. മാണി കൊണ്ടുവന്ന കാര്യം മാത്രമാണ്, ആദ്യമായി കൊണ്ടുവന്നതാണെന്നാണ്. അദ്ദേഹം ഇപ്പുറത്ത് ഞങ്ങളുടെ കൂടെയുണ്ടായിരുന്ന കാലഘട്ടമുണ്ടായിരുന്നു. ഇനിയും ഇപ്പുറത്തു വരുന്ന കാലഘട്ടവും അത്ര വിദൂരമല്ല. കോൺഗ്രസ് (എസ്) ഇടതുപക്ഷ മുന്നണിയിൽനിന്ന് ഇടമലയാർ ചോരുന്നതിനെക്കാൾ വളരെ വേഗത്തിൽ ചോർന്നുകൊണ്ടിരിക്കുകയാണ്. ....(ബഹളം) ..... ഇറിഗേഷനും റവന്യൂവുമൊക്കെ കൈകാര്യം ചെയ്തിട്ടുള്ള ശ്രീ. ബേബി ജോണിന് എവിടെയൊക്കെ എങ്ങനെയൊക്കെ ചോർച്ചയുണ്ടാകുമെന്ന് അറിയാമെന്നുള്ളതുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഇടതുപക്ഷമുന്നണിയിൽ നിന്ന് കോൺഗ്രസ് (എസ്) ചോർന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ നൂലുവണ്ണത്തിൽ മാത്രമേ ചോരുന്നുള്ളൂ. പക്ഷെ ഈ ചോർച്ച വർദ്ധിക്കും. അത്കൊണ്ട് ഉടനെതന്നെ സെമിഗ്രൗട്ടിംഗ് നടത്തി അത് നിർത്താൻ ശ്രമിക്കണം. ശ്രീ. പവാർ കഴിഞ്ഞ ആഴ്ച ഇൻഡ്യൻ പ്രധാനമന്ത്രിയെ കണ്ടുകൊണ്ടാണ് വന്നിരുന്നത്. ശ്രീ. ശശീന്ദ്രൻ ഇവിടെ ഇരിപ്പുണ്ട്. അദ്ദേഹവും ഇൻഡ്യൻ പ്രധാനമന്ത്രിയെ കണ്ടു കരാർ ഉറപ്പിച്ചുകൊണ്ടാണ് ഇവിടെ വന്നത്. വന്നുകഴിഞ്ഞപ്പോൾ ഇവിടെയുള്ള ആളുകളെല്ലാം കൂടി, നാഗപ്പൂരിൽ ഞങ്ങളെ വെള്ളത്തിലാക്കരുത്, ഞങ്ങൾ അപകടത്തിലാകും, അതുകൊണ്ട് കുറച്ചു ദിവസം കൂടി നിന്നുതരണം എന്നുപറഞ്ഞു, അദ്ദേഹം നിന്നുതരാൻ സമ്മതിച്ചു എന്നാണ് പത്രത്തിൽ കാണുന്നത്. എങ്കിലും എന്നാണ് അദ്ദേഹം പോകുന്നതെന്ന് അറിഞ്ഞുകൂടാ. കാരണം അദ്ദേഹം പറയുന്നത്, കേന്ദ്രഗവൺമെന്റിനെ മറ്റൊരുകാര്യത്തിലും എതിർക്കാനില്ല, എതിർക്കാൻവേണ്ടി പ്രതിപക്ഷമാകരുതെന്നാണ്. അതുകൊണ്ട് ഞങ്ങൾക്ക് ഒരു കാര്യത്തിലും എതിർക്കാനില്ല. ഒരു കാര്യത്തിലും ഇപ്പോൾ എതിർക്കാനില്ലാത്ത സ്ഥിതിവിശേഷത്തിലേയ്ക്കു അവർ എത്തിച്ചേർന്നിരിക്കുന്നു.

ഞാൻ പറഞ്ഞുവന്നത് സെയിൽസ് ടാക്സിനെപ്പറ്റിയാണ്. സെയിൽസ് ടാക്സ് ഇവിടെ ആദ്യമായി ഉണ്ടായതല്ല. ഈ ധനകാര്യബില്ലിൽ കൊണ്ടുവന്നിട്ടുള്ളത് സെയിൽസ് ടാക്സിൽ ചില മോഡിഫിക്കേഷൻ മാത്രമാണ്. ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന ധനകാര്യങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി മാത്രമായി സെയിൽസ് ടാക്സിനെ കൊണ്ടുവന്നിരിക്കുകയാണ്. സെയിൽസ് ടാക്സിന്റെ കാര്യത്തിൽ വളരെയേറെ ഗാഢമായ പഠനം ആവശ്യമായിരിക്കുന്നു. നമ്മുടെ നാട്ടിലെ ഏറ്റവും വലിയ വരുമാനത്തിൽ ഒന്ന് സെയിൽസ് ടാക്സാണ്. കാരണം നമ്മുടേത് ട്രേഡിംഗ് കമ്മ്യൂണിറ്റിയും ട്രേഡിംഗ് സ്റ്റേറ്റുമാണ്. രണ്ടായിരം കോടി രൂപയുടെ സാധനങ്ങൾ ഒരു മാസം നമ്മൾ മറ്റു സംസ്ഥാനങ്ങളിൽ നിന്നും മറ്റു രാജ്യങ്ങളിൽനിന്നും ഇവിടെ ഇറക്കുമതി ചെയ്യുന്നുണ്ട്. അതുപോലെതന്നെ ഇവിടെനിന്നും സാധനങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ട്. അങ്ങനെ കയറ്റുമതിയും ഇറക്കുമതിയും ഏറെയുള്ള ഒരു സംസ്ഥാനമെന്നനിലയിൽ നമ്മുടെ ഏറ്റവും വലിയ വരുമാനം ട്രേഡിംഗിലുള്ള നികുതി ചുമത്തലാണ്. ഈ നികുതി ചുമത്തൽ ശാസ്ത്രീയമായി പരിഷ്കരിക്കാൻ നമുക്കു കഴിയണം. ഇവിടെ ആരോ ചൂണ്ടിക്കാണിച്ചു, നികുതി മുഴുവനുമായി നമുക്ക് പിരിക്കാൻ കഴിയുകയില്ല എന്ന്. ധനകാര്യമന്ത്രി, ബഡ്ജറ്റു വിമർശനത്തിനു മറുപടിയായി പറഞ്ഞു, കഴിഞ്ഞ ഏതു വർഷത്തെക്കാളുമേറെ നികുതി പിരിച്ചെടുത്തിട്ടുണ്ടെന്ന്.

LIBRARY ARCHIVES Kerala Legislative Assembly

മുഴുവൻ നികുതിയും പിരിച്ചെടുത്ത് ആവശ്യമായ വിഭവസമാഹരണം ഉണ്ടാക്കാൻ നമുക്കു കഴിയണം. അപ്പുറത്തിരിക്കുന്നവർക്ക് ശമ്പളം കൊടുക്കണം, റോഡുണ്ടാക്കണം, പാലം പണിയണം, അണക്കെട്ടുണ്ടാക്കണം, ഇതെല്ലാം പറയുന്നുണ്ട്. 'എടു കുടുക്കേ ചോറും കറിയും' എന്നു പറഞ്ഞാൽ ഇവിടെ പണമുണ്ടാകുമോ ? അതുപോലെയാണോ പണമുണ്ടാകുന്നത് ? പണമുണ്ടാക്കണമെങ്കിൽ നാം ഉണ്ടാക്കണം. അതുണ്ടാക്കാനും മാർഗ്ഗങ്ങളുണ്ടാക്കണം. അതിന് ടാക്സല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല. ഇപ്പോഴത്തെ ടാക്സ് പിരിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കാൻ നമുക്കു സാധിക്കണം. ഒരു കാര്യം ഞാൻ സൂചിപ്പിക്കുകയാണ്. ടാക്സിൽ മാത്രം നിൽക്കുന്ന ഒരു സമ്പദ്വ്യവസ്ഥയാകരുത് നമ്മുടേത്. ലോകം പുരോഗമിക്കുകയാണ്. എല്ലാക്കാലത്തും നികുതികൊണ്ടുമാത്രം ഒരു രാജ്യം മുമ്പോട്ടു നീങ്ങുന്ന സ്ഥിതിവിശേഷം മാറണം. ഇന്നലത്തെ പത്രത്തിലുണ്ടായിരുന്നു, 76,000 കോടി രൂപയാണ് ജൂലൈ 5 മുതൽ ഇൻഡ്യയിലെ ബാങ്കുകളിൽ വന്നിട്ടുള്ളതെന്ന്. കഴിഞ്ഞ ഒരു മാസക്കാലത്തിനിടയ്ക്ക് അതിനുമുമ്പുണ്ടായിരുന്നതിനേക്കാൾ 5050 കോടി രൂപയുടെ നിക്ഷേപം ബാങ്കുകളിൽ വർദ്ധിച്ചിരിക്കുകയാണ്. കേരളത്തിൽത്തന്നെ 1700 കോടി രൂപയുടെ നിക്ഷേപമുണ്ട്. എനിക്കഭ്യർത്ഥിക്കാനുള്ളത് നമ്മുടെ നാട്ടിലെ നിക്ഷേപം മുഴുവൻ സമാഹരിക്കാൻ നമുക്കു കഴിയണമെന്നാണ്. അതിന് ആകർഷണീയമായ പലിശയോ ആകർഷണീയമായ മറ്റു സംവിധാനമോ ഏർപ്പെടുത്തിക്കൊണ്ട് കേരളത്തിലെ ഗ്രാമാന്തരങ്ങളിൽ ഒളിഞ്ഞുകിടക്കുന്ന നിസ്സാരമായ പണം പെറുമൊരു നീർച്ചാലുപോലെ ഒഴിച്ചുകൊണ്ടുവന്ന് സംസ്ഥാനത്തിന്റെ വിഭവസമാഹരണത്തിന് ഉപയോഗിക്കാൻ കഴിയണം. അങ്ങനെ കഴിഞ്ഞാൽ മാത്രമേ നമുക്ക് ഈ നികുതിഭാരം ദൈനംദിനം ഉയർത്തുന്ന ചുമതലയിൽനിന്ന് കുറച്ചെല്ലാം ഒഴിഞ്ഞുനിൽക്കാൻ കഴിയൂ. നമ്മുടെ നാട്ടിലെ സമ്പദ്വ്യവസ്ഥ കൃത്രിമമായ ഒരു വ്യവസ്ഥയാണ്. ഇവിടെ കഴിഞ്ഞ രണ്ടുവർഷം ഏലത്തിനു നല്ല വിലയായിരുന്നു. കഴിഞ്ഞവർഷം കുരുമുളകിനു വിലകൂടി, ഏലത്തിനു വിലതാഴ്ന്നു. നമുക്കു സാമ്പത്തികമായി നഷ്ടമുണ്ടായി. നമ്മുടെ നാട്ടിൽ ധാരാളം നാളികേരം ഉണ്ടായിരുന്നതാണ്. കേരളം എന്ന പേരിനുതന്നെ കാരണം കേരവൃക്ഷങ്ങൾ തിങ്ങിയ നാടായതുകൊണ്ടാണ്. കേരളത്തിന്റെ സമ്പത്തായ നാളികേരത്തിന്റെ വിലയിടിഞ്ഞു. ഈ സംസ്ഥാനത്ത് ഒന്നിനു വില കൂടുമ്പോൾ മറ്റൊന്നിനു വിലകുറയും. പിന്നൊന്നിന് വില കൂടുമ്പോൾ വേറൊന്നിന് വില കുറയും. അങ്ങനെ അതാത് കാലത്ത് കയറ്റിയും ഇറക്കിയും പ്രത്യേകമായ അനുഗ്രഹം കൊണ്ടുണ്ടാകുന്ന സാമ്പത്തികമായ ബോയൻസി അല്ലാതെ അടിസ്ഥാനപരമായ, ജനസമ്മിദ്ധമായ ഒരു സാമ്പത്തികഘടന ഉണ്ടാക്കിയെടുക്കാൻ നമുക്കു കഴിഞ്ഞിട്ടില്ല. നമ്മുടെ ധനകാര്യമന്ത്രി പരിചയസമ്പന്നനാണ്. എനിക്ക് അദ്ദേഹത്തോട് അഭ്യർത്ഥിക്കാനുള്ളത് നമുക്ക് പുതിയ ധനാഗമ മാർഗ്ഗങ്ങളും കണ്ടുപിടിക്കാൻ കഴിയണം എന്നാണ്. നമ്മുടെ സമ്പദ്ഘടനയ്ക്ക് സ്വതസിദ്ധമായ വളർച്ചയും സ്വതസിദ്ധമായ ബോയൻസിയും ഉണ്ടാക്കുന്ന ഒരു സംവിധാനം ഉണ്ടാക്കാൻ നമുക്കു കഴിയണം. അപ്പുറത്തിരിക്കുന്നവർ ശമ്പളം കൊടുക്കാൻ പറയുന്നുണ്ട്. ഡി.എ. കൊടുക്കാൻ പറയുന്നുണ്ട്. ഡി.എ. കൊടുക്കുന്ന ഫോർമുല നിർത്തണം.

ശ്രീ. കെ.ഇ. ഇസ്മയിൽ : വ്യവസ്ഥാപിതമായ രീതിയിൽ ഡി.എ. കൊടുക്കണമെന്നു പറയുന്നത്.....

ശ്രീ. എ. സി. ജോസ് : ശ്രീ. ഇസ്മയിൽ, തോക്കിനകത്തു കയറി വെടിവയ്ക്കല്ലേ. ഞാൻ പറഞ്ഞുവന്നത് എന്താണെന്ന് മനസ്സിലാക്കണം. ഇവിടെ റവന്യൂ വരുമാനം 1032 കോടി രൂപയാണ്. നമ്മുടെ ഒരു മാസത്തെ

LIBRARY ARCHIVES Kerala Legislative Assembly

വേജ് ബില്‍ 47.5 കോടി രൂപയാണ്. അതായത് ഒരു വര്‍ഷം 585 കോടി രൂപയാണ് നാം ശമ്പളം കൊടുക്കുന്നത്. നമ്മുടെ മൊത്തം വരുമാനത്തിന്റെ 57.5 ശതമാനം നമ്മുടെ എസ്റ്റാബ്ലിഷ്മെന്റ് ചാര്‍ജാണ്. അതോടൊപ്പം തന്നെ നമ്മുടെ സോഷ്യല്‍ വെല്‍ഫെയര്‍ മെഷേഴ്സ് ഉണ്ട്. നമ്മുടെ മൊത്തം ചെലവിനത്തിന്റെ ഏതാണ്ട് 54 ശതമാനം വരെയും വെല്‍ഫെയര്‍ മെഷേഴ്സ് എന്നാണ് പറയുന്നത്. മറ്റു സംസ്ഥാനങ്ങളില്‍ 34 ശതമാനം മാത്രം സോഷ്യല്‍ വെല്‍ഫെയര്‍ മെഷേഴ്സിനുവേണ്ടി ചെലവാക്കുമ്പോഴാണ് നാം 57 ശതമാനം ചെവാക്കുന്നു. ഇതിന്റെ അര്‍ത്ഥം ഇതെല്ലാംകൂടി നമ്മുടെ മാര്‍ക്കറ്റില്‍ വിലക്കൂടുതല്‍ ഉണ്ടാക്കുകയാണെന്നാണ്. ഇവിടെ ഞാന്‍ ഡി.എ. യുടെ കാര്യം പറഞ്ഞത്, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇന്നലെ ഇവിടെ മറുപടി പറഞ്ഞപ്പോഴും പറഞ്ഞു, 500 കോടി രൂപയെങ്കിലും അടുത്ത പഞ്ചവത്സരപദ്ധതിയുടെ കാലഘട്ടത്തിനിടയ്ക്ക്, ഈ നിലയില്‍ പോവുകയാണെങ്കില്‍ സര്‍ക്കാര്‍ ഉദ്യോഗസ്ഥന്മാര്‍ക്കും മറ്റുള്ളവര്‍ക്കുമായി ഡി.എ. കൊടുക്കേണ്ടി വരുമെന്ന്.

നമുക്കിവിടെ നല്ല പൊതുവിതരണ സമ്പ്രദായമുണ്ട്. തൊഴിലാളി നേതാക്കളായ നമ്മളും ഈ സഭയിലെ മറ്റുള്ളവരും കൂടി ആലോചിച്ച്, കൊടുക്കുന്ന ഈ തുക സ്വതന്ത്രമായി വിതരണം ചെയ്യാന്‍, വിലക്കയറ്റമുണ്ടാകാത്ത രീതിയില്‍ ഡി.എ. യുടെ എമൗണ്ട് നിത്യോപയോഗസാധനങ്ങളായി വിതരണം ചെയ്യാനുള്ള ഒരു സമ്പ്രദായം, ഒരു ശൃംഖല, കേരളത്തില്‍ തുടക്കമിട്ടുകൊണ്ട് ഇന്‍ഡ്യക്ക് മാതൃക കാണിച്ചുകൊടുക്കാന്‍ കഴിയണമെന്നാണ് എനിക്ക് അഭ്യര്‍ത്ഥിക്കാനുള്ളത്. നമ്മുടെ പൊതുവിതരണസമ്പ്രദായം കുറ്റമറ്റതാണ്. മറ്റുള്ള പല സംസ്ഥാനങ്ങളും അനുകരിക്കുന്ന രീതിയില്‍ വിലനിലവാരം പിടിച്ചുനിര്‍ത്തുകയും സാധനങ്ങം എത്തിച്ചുകൊടുക്കുകയും ചെയ്യുന്ന ഒരു സമ്പ്രദായം നമുക്കുണ്ട്. അങ്ങനെയുള്ള ഈ സമ്പ്രദായത്തിന്, ഡി.എ. വര്‍ദ്ധനവിന് അനുസരിച്ച് വേഴാമ്പലിനെപ്പോലെ കാത്തിരിക്കുകയാണ്. അതുപോലെതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു, ഡി.എ. വര്‍ദ്ധനവുണ്ടായാല്‍ പിറ്റേദിവസം തിരുവനന്തപുരത്തെ ഹോട്ടലുകളിലും ചായക്കടകളിലും സാധനങ്ങം വില്‍ക്കുന്നിടത്തും കാണാം ആ പണം കൊണ്ടു പോയി ചെലവിടുന്നത് എന്ന്. അതില്‍നിന്നു മാറി ഇപ്പോം ഡിഫന്‍സിലുള്ളവര്‍ക്ക് റേഷന്‍ കൊടുക്കുന്നത്. അതുപോലെതന്നെ നമ്മുടെ സര്‍ക്കാര്‍ ആഫീസുകളോടനുബന്ധമായി ആവശ്യമായ സാധനങ്ങം ഏല്പിച്ചു കൊടുക്കുന്ന ഒരു പൊതുവിതരണ സമ്പ്രദായം ഉണ്ടാകണമെന്ന് ഞാന്‍ അഭ്യര്‍ത്ഥിക്കുകയാണ്. അപ്പുറത്തിരിക്കുന്നവരായാലും ഇപ്പുറത്തിരിക്കുന്നവരായാലും ഈ കാര്യത്തെക്കുറിച്ച് ഗൗരവമായി ചിന്തിക്കണം. നമ്മുടെ പൊതുമേഖലാ സംവിധാനത്തെപ്പറ്റി ഇവിടെ എല്ലാവരും ആവര്‍ത്തിച്ചാവര്‍ത്തിച്ച് പറഞ്ഞതാണ്. നികുതിയില്ലാതെതന്നെ പണമുണ്ടാക്കണമെങ്കില്‍ പൊതുമേഖലാ സംവിധാനം പൂര്‍ണ്ണമായി അഴിച്ചുപണിത് അത് ലാഭകരമായി നടത്താന്‍ ഒരു സംവിധാനം ഉണ്ടാക്കിയേ പറ്റൂ. പൊതുമേഖലാ സ്ഥാപനങ്ങം ദൈനംദിനമായി താഴ്ന്നുപോകുന്നത് ഒറ്റയടിക്ക് പരിഹരിക്കാന്‍ കഴിയില്ലെങ്കില്‍പ്പോലും അത്, ആവശ്യാനുസൃതമായ രീതിയില്‍ പരിഹരിച്ച് നല്ല വരുമാനമാര്‍ഗ്ഗമായി മാറ്റുവാനുള്ള സംവിധാനമുണ്ടാക്കണമെന്നുകൂടി അഭ്യര്‍ത്ഥിച്ചുകൊണ്ട് ഞാന്‍ ഈ ധനകാര്യബില്ലിനെ പിന്താങ്ങുന്നു.

ശ്രീ. ടി.കെ. ആറുമുഖന്‍ : സര്‍, ഇവിടെ അവതരിപ്പിച്ചിട്ടുള്ള ധനകാര്യ ബില്ലിനെ ഞാന്‍ എതിര്‍ക്കുകയാണ്. പുതുതായി ഇരുപത്തിരണ്ടരക്കോടി രൂപയുടെ നികുതി ചുമത്തിയാല്‍ നമ്മുടെ രാജ്യത്തെ ജനങ്ങം ഇന്ന് അനുഭവിക്കുന്ന പ്രയാസത്തെക്കാം കൂടുതല്‍ പ്രയാസം അനുഭവിക്കേണ്ടിവരുമെന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

കാര്യത്തിൽ യാതൊരു തർക്കവുമില്ല. നമ്മുടെ സംസ്ഥാനത്ത് പിരിച്ചെടു ക്കുന്ന നികുതികൊ സംസ്ഥാനത്തെ ജനങ്ങളുടെ ക്ഷേമത്തിനും വികസന ത്തിനും വേണ്ടി ഉപയോഗിക്കുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ഈ രാജ്യത്തെ മന്ത്രിമാർ അഴിമതിയും സ്വജനപക്ഷപാതവും നടത്തുന്നു. കൈക്കൂലി വാങ്ങിച്ച് ഈ രാജ്യത്തെ ജനങ്ങളെ പാപ്പരാക്കുന്ന ഒരു നയമാണ് ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് ഇപ്പോഴും നടപ്പാക്കിക്കൊണ്ടിരിക്കു ന്നത്. അതിൻെറ ഫലമായി ഇന്ന് നമ്മുടെ രാജ്യത്ത് അദ്ധ്യാപകരും മറ്റു ജീവനക്കാരും കൃഷിക്കാരും വിദ്യാർത്ഥികളും തൊഴിലില്ലാത്ത ചെറുപ്പക്കാരും തൊഴിലാളികളും എല്ലാം ഈ ഗവൺമെൻറിൻെറ സാമ്പത്തിക നയത്തിനെതി രായി സമരത്തിലാണ്. ഈ മുന്നണി ഗവൺമെൻറ് രാജിവച്ച് പോകണമെന്ന് അവർ ആവശ്യപ്പെടുന്നില്ല. ഈ ഗവൺമെൻറിൻെറ തെറ്റായ സാമ്പത്തിക നയ ത്തിൻെറ ഫലമായി ഉണ്ടായ വിലവർദ്ധനവിനെത്തുടർന്ന് അവർക്കു ഇന്നലെ വരെ ജീവിച്ചതുപോലെ ഇന്നു ജീവിക്കാൻ കഴിയുന്നില്ലെന്നുള്ളതിൻെറ അടി സ്ഥാനത്തിൽ അവർക്ക് അൽപ്പം വേതനം കൂടുതൽ കിട്ടണമെന്ന് മാത്രമേ പറയുന്നുള്ളു. ഈ രാജ്യത്തെ വിലക്കയറ്റം തടയാനാവശ്യമായ സംവിധാനം ഉണ്ടാക്കുന്നതിനുപകരം വർദ്ധിപ്പിക്കുകയും ജീവനക്കാർക്കും കൃഷിക്കാർക്കും തൊഴിലാളികൾക്കും ജീവിക്കാൻ നിവൃത്തിയില്ലാത്ത സാഹചര്യം ഉണ്ടാക്കിയ സാഹചര്യത്തിൽ ഇന്ന് കിട്ടുന്ന വരുമാനം വർദ്ധിപ്പിക്കണമെന്ന് പറയുന്നത് തെറ്റാണോ ? ഈ രാജ്യത്ത് വളർന്നുവരുന്ന സമരങ്ങളെ അടിച്ചമർത്താനാവശ്യ മായ നടപടികളാണ് ഈ ഗവൺമെൻറ് കൈക്കൊള്ളുന്നത്. ഈ രാജ്യത്തെ അഴിമതിയെ സംബന്ധിച്ചു പറയുമ്പോഴും ഇപ്പോഴും അഴിമതിയൊന്നും നടക്കു ന്നില്ലെന്നാണ് മന്ത്രിമാർ പറയുന്നത്. അഴിമതിയെപ്പറ്റി എങ്ങനെ പറയും ? അഴിമതി നിരോധന നിയമമാണ് ഇവിടെ പാസാക്കിയത്. അഴിമതി ആരോ പണനിരോധന നിയമമാണെന്നാണ് എൻെറ അഭിപ്രായം. കാരണം അഴിമതി പായുൻവയ്യാത്ത സാഹചര്യത്തിലേയ്ക്ക് കൊണ്ടെത്തിച്ചു. ഇന്നലെ ഇറിഗേഷൻ വകുപ്പുമന്ത്രിയെക്കുറിച്ചു ചില അഴിമതി ആരോപണങ്ങളും ഉന്ന യിച്ചു. അത് ആരുടെ കാലത്ത് ആര് നടത്തിയെന്നുള്ളതല്ല പ്രശ്നം. ആര് നടത്തിയാലും അതെപ്പറ്റി അന്വേഷണം നടത്തണമെന്നാണ് പറയുന്നത്. എന്തുകൊണ്ടു അന്വേഷണം നടത്തിക്കൂടെ ? അതിൽനിന്നും ഒളിച്ചോട്ടം നടത്തുന്ന സമീപനമല്ലേ അപ്പുറത്തുള്ളവർ സ്വീകരിക്കുന്നത് ? അഴിമതി നടത്തി ഈ രാജ്യത്തെ ജനങ്ങളെ കൊള്ളയടിക്കുന്ന നടപടിക്രമമാണ് ഈ ഗവൺ മെൻറ് തുടരുന്നത്. നമ്മുടെ രാജ്യത്തെ വിദ്യാർത്ഥികൾ പഠിപ്പുമുടക്കുക യാണ്. ഈ രാജ്യത്തെ വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണണ മെന്ന് ആവശ്യപ്പെട്ടുകൊണ്ട് 36 ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സമരം ചെയ്യു കയാണ്. ജനകീയ ഗവൺമെൻറ് ആണെങ്കിൽ ജനാധിപത്യമര്യാദയനുസരിച്ചു എന്താണ് പ്രശ്നമെന്ന് പഠിക്കുന്നതിനുവേണ്ടി വിദ്യാർത്ഥി സംഘടനകളെ വിളിച്ചുകൂട്ടി ചർച്ചചെയ്തു പണിമുടക്കുസമരത്തിൽനിന്നും പിൻമാറാനുള്ള നയം സ്വീകരിക്കും. അതിനുപകരം വിദ്യാർത്ഥികളെ തെരുവിലിറക്കുന്ന നാണംകെട്ട ഇടപാടാണ് ഈ ഗവൺമെൻറ് തുടരുന്നത്. ഐക്യജനാധിപത്യ മുന്നണിയെന്ന് പറയുന്നത് എങ്ങനെയാണ് ? ജനാധിപത്യപരമായ കാര്യ ങ്ങളൊന്നും ചെയ്യുന്നില്ല. ഈ രാജ്യത്ത് അദ്ധ്യാപകരേയും കൃഷിക്കാരേയും ജീവനക്കാരേയും വിദ്യാർത്ഥികളേയും തൊഴിലാളികളേയും തെരുവിൽ ഇറക്കുന്ന, ഈ രാജ്യത്തെത്തന്നെ അപകടത്തിലാക്കുന്ന നയമാണ് ഈ ഗവൺ മെൻറിനുള്ളത്. കൃഷിക്കാർക്കുവേണ്ടി ഈ ഗവൺമെൻറ് ചെയ്യുന്നത് എന്താണ് ? കൃഷിക്കാരെ രണ്ടുവിഭാഗമായിട്ട് തിരിക്കുന്നു. നെൽക്കൃഷി ക്കാരും നാളികേരകൃഷിക്കാരും ഏറ്റവും അപകടകരമായ സാഹചര്യത്തിലാണ് നിൽക്കുന്നത്. ഈ രാജ്യത്തെ നെൽകൃഷിക്കാരെ സംരക്ഷിക്കാനാവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly

നടപടി ഈ ഗവൺമെൻറ് എടുത്തോ ? നെൽക്കൃഷിക്കാരെ രണ്ടുതരം പൗരൻമാരായിട്ടാണ് ഈ ഗവൺമെൻറ് കാണുന്നത്. പാലക്കാട് ജില്ലയിലേയും മറ്റു ജില്ലകളിലേയും കൃഷിക്കാർക്ക് സബ്സിഡി കൊടുക്കാതിരിക്കുകയും കുട്ടനാട്ടിലെയും തൃശ്ശൂരിലേയും കൃഷിക്കാർക്ക് സബ്സിഡി കൊടുക്കുകയും ചെയ്യുന്നത് എന്തു സമീപനമാണ് ? ഈ രാജ്യത്തെ കൃഷി തകർന്നു, ഉൽപ്പാദനം തകർന്നു. ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ കാര്യങ്ങളെ സംബന്ധിച്ച് ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ട് ഈ ഗവൺമെൻറിനു കൊടുത്തു. അത് പൂഴിത്തിവച്ചിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ മുഴുവൻ നെൽക്കൃഷിക്കാർക്കും രാസവളത്തിൻെറ അമ്പതുശതമാനം സബ്സിഡി കൊടുക്കണമെന്ന് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. അത് നടപ്പാക്കാൻ ഈ ഗവൺമെൻറ് മുന്നോട്ടുവരുന്നില്ല. അതാണ് ഈ ഗവൺമെൻറിൻെറ നേട്ടം. ജനപിൻതുണ ഈ ഗവൺമെൻറിന് ഉണ്ടെന്നാണ് പറയുന്നത്. ജനപിന്തുണ ഉണ്ടെന്ന് ഇവിടെ പറഞ്ഞാൽ പോരാ, അത് തെളിയിക്കാൻ നടപടി സ്വീകരിക്കണം. പഞ്ചായത്തു തെരഞ്ഞെടുപ്പ് നടത്തി ജനവിധി തെളിയിക്കാനാവശ്യമായ നടപടി സ്വീകരിക്കാൻ ഈ ഗവൺമെൻറ് തയ്യാറാകുമോ ? അങ്ങാടിയിൽ തോറ്റതിന് അമ്മയോട് എന്നു പറയുന്നതുപോലെ പഞ്ചായത്തു തെരഞ്ഞെടുപ്പു നടത്തി ജനസമ്മതി നേടുന്നതിനുപകരം ഇവിടെ ഇരുന്നു ഇങ്ങനെ കാര്യങ്ങൾ പറയുന്നതു ശരിയാണോ? പഞ്ചായത്തു തെരഞ്ഞെടുപ്പു നടത്തുന്നതിനു അടിയന്തിരമായ നടപടി സ്വീകരിക്കണം. നമ്മുടെ രാജ്യത്ത് തൊഴിലില്ലായ്മ രൂക്ഷമായിക്കൊണ്ടിരിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് കോച്ച് ഫാക്ടറി തരാമെന്ന് കേന്ദ്രഗവൺമെൻറ് പറഞ്ഞു. മുഖ്യമന്ത്രി 1984 ഡിസംബറിൽ പാലക്കാട്ടു പോയി പറഞ്ഞു, പുതുവൽസര സമ്മാനമായി കോച്ചുഫാക്ടറി പാലക്കാട് ജില്ലയിൽ സ്ഥാപിക്കുമെന്ന്. ഇരുപത്താറായിരംപേർക്ക് തൊഴിൽ കിട്ടുന്ന ഫാക്ടറിയാണ് കോച്ച് ഫാക്ടറി. അത് പാലക്കാട് ജില്ലയിൽനിന്ന് മാറ്റി പഞ്ചാബിലേക്ക് കൊണ്ടുപോവുകയാണ്. പാലക്കാടു ജില്ലയിലെ മുഴുവൻ ആളുകളും (കോൺഗ്രസ് 'ഐ' യും ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗും ഒഴിച്ചു മറ്റ് എല്ലാ രാഷ്ട്രീയ സംഘടനകളും) ഇന്നു സമരത്തിലാണ്. പാലക്കാടു ജില്ലയിൽ ഇരുപത്തഞ്ചോളം വരുന്ന കേന്ദ്രങ്ങളിൽ കുത്തിയിരിപ്പു ധർണ്ണ നടത്തുന്നു. നമ്മുടെ സംസ്ഥാനത്തെ കേന്ദ്രം അവഗണിക്കുന്നു. കേരളം, പാലക്കാട് ജില്ലയേയും മറ്റ് ജില്ലകളേയും അവഗണിച്ചുകൊണ്ടു മുന്നോട്ടുപോകുന്ന ഒരു നടപടിക്രമമാണ് തുടരുന്നത്. അത് മാത്രമാണോ ? ഈ രാജ്യത്തെ ഹരിജനങ്ങളെ ക്ഷേമപ്രവർത്തനത്തിലൂടെ വികസിപ്പിച്ചെടുക്കാൻ വേണ്ടി എല്ലാവിധ നടപടികളും അംഗീകരിച്ചുവെന്ന് പ്രഖ്യാപിക്കുകയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി. സ്പെഷ്യൽ റിക്രൂട്ട്മെൻറ് അനുസരിച്ച് അവർക്കു കൊടുക്കേണ്ട നിയമനം നടത്തുന്നതിന് ഈ ഗവൺമെൻറ് യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ഈ രാജ്യത്തെ ഹരിജനങ്ങളുടെ കോളനികളിൽ വൈദ്യുതി എത്തിച്ചുകൊടുക്കാൻ എന്താണ് തടസ്സം ? മരം മുറിക്കാനുണ്ടെന്നാണ് അതിനു കാരണമായി പറയുന്നത്. എവിടെയാണ് മരം ? പാലക്കാട് ജില്ലയിൽ കുന്നിൻമുകളിൽ താമസിക്കുന്ന ഹരിജൻ കോളനികളിൽ വൈദ്യുതി എത്തിച്ചുകൊടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. അതിനുവേണ്ടി വകകൊള്ളിച്ചിട്ടുള്ള തുക ലാപ്സാക്കിയ നടപടിയാണ് ഈ ഗവൺമെൻറ് സ്വീകരിച്ചിരിക്കുന്നത്. ഈ രാജ്യത്തെ ജനങ്ങളെ ദ്രോഹിക്കുന്ന ഈ രാജ്യത്തെ ജനങ്ങളെ ഒന്നായി കാണാതെ ജാതിയുടേയും മതത്തിൻേറയും പേരിൽ ചടഞ്ഞുകൂടിയിരുന്നുകൊണ്ട് ഓരോ കാര്യങ്ങളും നടപ്പാക്കുന്ന ഈ ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് കൊണ്ടുവന്ന ധനകാര്യബില്ലിനെ ഒരിക്കൽകൂടി എതിർത്തുകൊണ്ട് എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പുരുഷോത്തമൻ : സർ, ഇരുപത്തിരണ്ടരക്കോടി രൂപയുടെ പുതിയ നികുതി ചുമത്തുന്ന ഈ ബില്ലിനെ ഞാൻ എതിർക്കുകയാണ്. ഈ ഗവൺമെൻറിനെക്കുറിച്ച് ആർക്കെങ്കിലും നല്ല അഭിപ്രായം പറയാനുണ്ടോ ? കഴിഞ്ഞ മൂന്നുവർഷമായി ഈ ഗവൺമെൻറ് കേരളം ഭരിക്കുന്നു. മൂന്നാം വാർഷികം ആഘോഷിച്ച് ഈ ഗവൺമെൻറ് കാലാവധി തീരുന്നതുവരെ ഭരിക്കുമെന്ന് പറഞ്ഞുകൊണ്ടാണ് ഭരണം തുടരുന്നത്. ഈ ഗവൺമെൻറിനെറ പ്രതിച്ഛായ വളരെ മോശമാണ്. മറ്റു വിശദമായ കാര്യങ്ങളിലേക്ക് കടക്കുന്നില്ല. ഏറ്റവുമധികം അഴിമതിയാരോപണത്തിന് വിധേയമായ ഒരു ഗവൺമെൻറാണ് ഇത്. പത്രത്തിൽ എന്നല്ല ജനങ്ങളുടെ മദ്ധ്യത്തിലും നിരവധി അഴിമതിയാരോപണങ്ങൾ ഈ ഗവൺമെൻറിനെക്കുറിച്ച് ഉയർന്നു വരുന്നു. ഇതേക്കുറിച്ച് ഭരണകക്ഷിക്കാർക്കും ഗവൺമെൻറിനും ഒരു മറുപടി മാത്രമേ പറയാനുള്ളു. കഴിഞ്ഞദിവസം ചർച്ചയ്ക്ക് മറുപടി പറഞ്ഞ മുഖ്യ മന്ത്രി പറഞ്ഞു, പ്രതിപക്ഷം ആരോപണങ്ങൾ ഉന്നയിച്ചാൽ ഇവിടെ പത്രക്കാർ ഇരിക്കുന്നുണ്ട്, അവർ പത്രത്തിൽ എഴുതും. അതെല്ലാം നാട്ടുകാർ വായിക്കും. അതുകൊണ്ട് എന്ത് അഭിപ്രായമാണ് സൃഷ്ടിക്കാൻ പോകുന്നതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ഞാൻ ഓർക്കുകയാണ്. ഒരുകാര്യം നിഷേധിക്കാൻ കഴിയുമോ ? പത്രങ്ങളിൽ നിരവധി അഴിമതിയാരോപണങ്ങൾ വരുന്നു. നിയമസഭാതലത്തിൽ തന്നെ ഉത്തരവാദിത്വമുള്ള മെമ്പർമാർ എഴുതിക്കൊടുത്ത് ആരോപണങ്ങൾ ഉന്നയിക്കുന്നു. ഇതിനെല്ലാം ഒരു മറുപടി മാത്രമേ ഭരണകക്ഷിക്കാർക്ക് ഉള്ളൂ. ഇൻഡ്യാ രാജ്യത്തിന് ആകെ മാതൃക ആയി അഴിമതി നിരോധന നിയമം ഇവിടെ നടപ്പാക്കിയിരിക്കുന്നു. കഴിഞ്ഞ ഒരുവർഷക്കാലമായി ആ നിയമത്തിനെറ അടിസ്ഥാനത്തിലുള്ള കമ്മീഷൻ കേരളത്തിൽ പ്രവർത്തിക്കുന്നു. ഈ കമ്മീഷനെറ മുമ്പിൽ കഴിഞ്ഞ ഒരു വർഷമായി മൂന്ന് പരാതികളെ വന്നിട്ടുള്ളൂ. അതുകൊണ്ടുതന്നെ പൊള്ളയായ അഴിമതി ആരോപണമല്ലേ ഇവിടെ നടത്തുന്നത്, എന്തുകൊണ്ട് നിയമാനുസൃതമായി രൂപീകരിക്കപ്പെട്ട കമ്മീഷനെറ മുമ്പിൽ അഴിമതിയാരോപണത്തെസംബന്ധിച്ച് പറയുന്നില്ലെന്നാണ് പറയുന്നത്. നമുക്കറിയാം. നിയമം അനുശാസിക്കുന്നതുപോലെ കമ്മീഷൻ അതിനെറ ഒരുവർഷത്തെ പ്രവർത്തന റിപ്പോർട്ട് ഗവർണ്ണർക്ക് സമർപ്പിച്ചു. അതിൽ ചില വിലപ്പെട്ട നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. ഈ രാജ്യത്ത് നടമാടുന്ന അഴിമതികളെക്കുറിച്ചും അതേക്കുറിച്ചുള്ള ജനസംസാരത്തെക്കുറിച്ചും അതെക്കുറിച്ച് പത്രങ്ങളിൽ വരുന്ന റിപ്പോർട്ടുകളെക്കുറിച്ചും നിയമസഭയിൽ നടന്ന ചർച്ചകളെക്കുറിച്ചുമെല്ലാം കമ്മീഷൻ എടുത്തു പറയുന്നുണ്ട്. അതുകൊണ്ട് അഴിമതി ഇല്ലെന്നുള്ള നിഗമനത്തിൽ കമ്മീഷൻ എത്തുന്നില്ല. പക്ഷെ ആളുകൾ അഴിമതി ആരോപണങ്ങളുമായി കമ്മീഷനെ സമീപിക്കാൻ മെനെക്കെടുന്നില്ലെന്നുള്ളതാണ് സത്യം. കമ്മീഷൻ ഒന്നുരണ്ട് കാര്യങ്ങൾ എടുത്തു പറഞ്ഞിട്ടുണ്ട്. ഇതിന് തടസ്സമായിട്ട് നിൽക്കുന്നത് നിയമത്തിനെറ 26-ാം വകുപ്പാണെന്നാണ്. ആരോപണം തെളിയിക്കാൻ കഴിഞ്ഞില്ലെങ്കിൽ ആറുമാസം ജയിൽ ശിക്ഷ നൽകാനും അഞ്ഞൂറു രൂപ പിഴ വിധിക്കാനും കമ്മീഷന് അധികാരമുണ്ട്. അഴിമതി മുഖ്യമായി ബാധിക്കുന്നത് സമൂഹത്തെയാണ്. കൈക്കൂലി വാങ്ങുന്ന ആളും കൊടുക്കുന്ന ആളും ആദായം പങ്കിടുന്നവരാണ്. അതുകൊണ്ട് ഇരുകക്ഷിക്കാരും കമ്മീഷനെ സമീപിക്കുകയില്ല. കമ്മീഷനെ സമീപിക്കുന്നത് പൊതുജനതാൽപര്യമുള്ളവരാണ്. അവർ സത്യമായ ന്യായമായ ഒരുകാര്യംപോലും കമ്മീഷനെറ മുമ്പാകെ പരാതിപ്പെട്ടാൽ അത് തെളിയിക്കാൻ കഴിഞ്ഞില്ലെങ്കിൽ ഒരു ശിക്ഷയ്ക്ക് വിധേയമാകാൻ ഇഷ്ടപ്പെടാത്തവരാണ്. അതുകൊണ്ടുതന്നെ കമ്മീഷനെറ മുമ്പാകെ ആരോപണവുമായി വരാൻ അവർ മടിക്കുന്നു. അതുകൊണ്ട് കമ്മീഷൻ നിർദ്ദേശിക്കുന്നത് നിയമത്തിലെ 26-ാം വകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

നീക്കം ചെയ്യണമെന്നാണ്. അതിന് ഈ സർക്കാർ തയ്യാറുണ്ടോ ? ഈ നിയമത്തെക്കുറിച്ച് ചർച്ച നടക്കുന്ന അവസരത്തിൽ പ്രതിപക്ഷ പാർട്ടികളും ഈ നിർദ്ദേശം ഉന്നയിച്ചതാണ്. ആ വകുപ്പ് നീക്കംചെയ്യണമെന്നാണ് ഇപ്പോൾ കമ്മീഷനും നിർദ്ദേശിച്ചിട്ടുള്ളത്. മറ്റൊരു നിർദ്ദേശം കമ്മീഷൻ മുന്നോട്ടുവച്ചിട്ടുള്ളത് പുതിയ ഒരു വകുപ്പ് ഈ നിയമത്തിൽ കൂട്ടിച്ചേർക്കണമെന്നാണ്. അത് മറ്റൊന്നുമല്ല. പത്രങ്ങളിൽനിന്നായാലും പൊതുജനങ്ങളിൽനിന്നായാലും നിയമസഭയിൽനിന്നായാലും ഉത്തരവാദപ്പെട്ട ആളുകൾ ഉത്തരവാദത്തോടെ ആരോപണങ്ങൾ ഉന്നയിച്ചാൽ, അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടാൽ ആ ആരോപണത്തെ സംബന്ധിച്ച് അന്വേഷിക്കാൻ ഗവൺമെന്റ്തന്നെ കമ്മീഷനെ അധികാരപ്പെടുത്തുന്ന ഒരു വകുപ്പുകൂടി ചേർക്കണമെന്നാണ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്. അതിന് ഗവൺമെന്റ് തയ്യാറുണ്ടോ ? പൂർണ്ണ ഉത്തരവാദത്തോടുകൂടി എഴുതികൊടുത്ത് നിയമസഭയിൽ ഉന്നയിക്കുന്ന ആരോപണങ്ങളെക്കുറിച്ച് ഗവൺമെന്റ് കമ്മീഷനെക്കൊണ്ടന്വേഷിപ്പിക്കാൻ തയ്യാറുണ്ടോ ? അതിനും തയ്യാറില്ല. മറ്റൊരു നിർദ്ദേശം കമ്മീഷൻ വച്ചിട്ടുള്ളത്, 16-ാം വകുപ്പനുസരിച്ച് കമ്മീഷനു പബ്ലിക് സർവന്റിന്റെ സ്വത്തിനെക്കുറിച്ചുള്ള സ്റ്റേറ്റുമെന്റ് ആവശ്യപ്പെടാൻ അധികാരമുണ്ട്. അത് നൽകാൻ അവർ ബാദ്ധ്യസ്ഥരുമാണ്. എങ്കിലും അവരുടെ വരുമാനത്തിൽ നിന്നും അമിതമായി സ്വത്ത് സമ്പാദിച്ചിട്ടുണ്ടെന്ന് ബോദ്ധ്യമായാൽ അത് അഴിമതിയായി കണക്കാക്കി നടപടിയെടുക്കാൻ കമ്മീഷനു അധികാരം നൽകുന്നില്ല. ആ വകുപ്പിൽ ഒരു നിർവ്വചനംകൂടി ചേർക്കാൻ കമ്മീഷൻ ആവശ്യപ്പെട്ടിരിക്കുകയാണ്. വരുമാനത്തിൽനിന്ന് അധികമായി ഉദ്യോഗസ്ഥൻ സ്വത്ത് ആർജ്ജിച്ചിട്ടുണ്ടെന്ന് കണ്ടാൽ അത് അഴിമതിയായി കണക്കാക്കി അഴിമതി കമ്മീഷന്റെ പരിധിയിൽവരുന്ന കാര്യമായി കണക്കാക്കണമെന്നാണ് കമ്മീഷന്റെ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്. അഴിമതി കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതുപോലെ നീക്കംചെയ്യേണ്ട വകുപ്പുകളും നീക്കംചെയ്തും പുതിയ വകുപ്പുകളും കൂട്ടിച്ചേർത്ത് ഇത്തരം അഴിമതി കേസുകളും നടത്തുന്നതിനാവശ്യമായ സംവിധാനമുണ്ടാക്കുന്നതിനു ഗവൺമെന്റ് തയ്യാറാകണം. ഈ ധനവിനിയോഗബില്ലിനെ എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകളും അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. സി. എഫ്. തോമസ് : സർ, ഞാൻ ഈ ഫിനാൻസ് ബില്ലിനെ അനുകൂലിക്കുകയാണ്. പ്രതിപക്ഷത്തിന് ഈ ബില്ലിനെക്കുറിച്ചോ ഈ ബില്ലിൽ സ്വീകരിച്ചിരിക്കുന്ന സമീപനത്തെക്കുറിച്ചോ എന്താണ് അവരുടെ വീക്ഷണമെന്നുള്ളത് ബഹുമാനപ്പെട്ട പല മെമ്പറൻമാരുടേയും പ്രസംഗത്തിൽ വ്യക്തമായില്ല. ഏഴ് നിയമങ്ങൾക്ക് ഭേദഗതി നിർദ്ദേശിച്ചുകൊണ്ടുള്ള ഈ നിയമത്തെക്കുറിച്ചുള്ള പ്രതിപക്ഷത്തിന്റെ അഭിപ്രായം ഇപ്പോഴും വ്യക്തമല്ല. എനിക്ക് തൊട്ടുമുമ്പ് പ്രസംഗിച്ചവരെല്ലാം എന്തുകൊണ്ടോ ഈ ബില്ലിൽനിന്ന് ഒളിച്ചോടുന്നുവെന്ന് തോന്നിപ്പോയി. അഴിമതി നിരോധന നിയമത്തെക്കുറിച്ചാണ് എനിക്കുമുമ്പ് പ്രസംഗിച്ച ശ്രീ. പുരുഷോത്തമൻ സംസാരിച്ചത്. ഇന്ന് ഫിനാൻസ് ബില്ലാണ് ചർച്ച ചെയ്യുന്നത്. അതിനുമുമ്പ് പ്രസംഗിച്ച ശ്രീ. ചന്ദ്രശേഖരക്കുറുപ്പ് ഇടമലയാറിനെക്കുറിച്ച് പറഞ്ഞു. ഇടമലയാർ മാത്രമായിരുന്നു അദ്ദേഹത്തിന്റെ വിഷയം. അഴിമതി നിരോധന നിയമത്തെക്കുറിച്ചു മാത്രമേ ശ്രീ. പുരുഷോത്തമൻ പറഞ്ഞുള്ളു. ശ്രീ. ബേബിജോണിന്റെ കക്ഷിയിലെ ശ്രീ. പങ്കജാക്ഷൻ ഇതിന്റെ സമീപനത്തെക്കുറിച്ച് പറഞ്ഞു. ഞങ്ങളും അത് സ്വാഗതം ചെയ്യുന്നു. എന്താണു്; വൻകിടക്കാരെ പിടിക്കണം,

LIBRARY ARCHIVES Kerala Legislative Assembly

സാധാരണക്കാരെ ഉപദ്രവിക്കരുതെന്ന് അദ്ദേഹം പറഞ്ഞു. അങ്ങനെയാണ് അങ്ങയുടെ വീക്ഷണമെങ്കിൽ ആ വീക്ഷണം ഈ ബില്ല് ഉൾക്കൊള്ളുന്നു. ഈ സംസ്ഥാനത്തെ സമ്പന്ന കർഷകവർഗ്ഗത്തെ ഇനിയും പിടികൂടാനുണ്ടെന്ന് ശ്രീ. പങ്കജാക്ഷൻ പറഞ്ഞു. അക്കാര്യത്തിൽ ഐക്യജനാധിപത്യമുന്നണി വളരെ മുന്നോട്ടുപോയിരിക്കുന്നു. ശ്രീ. ബേബിജോൺ അത് മനസ്സിലാക്കണമെന്നാണ് ഞാൻ വിചാരിക്കുന്നത്. തോട്ടം നികുതി, തോട്ടം നികുതിക്ക്, അതിന്റെ സ്ലാബ്, അതിന്റെ റേറ്റ് വർദ്ധിപ്പിച്ചത് തെറ്റാണോ? നികുതി നിർദ്ദേശങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണത്. തോട്ടം തികുതിയിൽ വമ്പിച്ച വർദ്ധനവ് വന്നിരിക്കുന്നു. ഐക്യജനാധിപത്യമുന്നണിയേയും ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയേയും ശ്രീ. പങ്കജാക്ഷനും അതുപോലുള്ള ആളുകളും പലപ്പോഴും വിമർശിക്കുന്നതാണ്. കർഷകവർഗ്ഗത്തെ പിടിക്കുന്നില്ല, നികുതിക്ക് വിധേയമാക്കുന്നില്ല. ഇപ്രാവശ്യം നാല് ഹെക്ടറിനു മുകളിലുള്ള വൻകിട കൃഷിക്കാരെ, കാഞ്ഞിരപ്പള്ളിയിലോ മുണ്ടക്കയത്തോ, പാലായിലോ തൊടുപുഴയിലോ ഉള്ള വൻകിടക്കാരായ മുഴുവൻ കർഷകരേയും നികുതിക്ക് വിധേയമാക്കിയത് തെറ്റാണോ? ആ സമീപനം ശരിയല്ലേ? ഈ രാജ്യത്തെ വൻകിട ഹോട്ടലുകളിൽനിന്ന് നികുതി പിരിക്കുന്നത് ശരിയല്ലേ? ഈ രാജ്യത്തെ വിലകൂടിയ ഫർണിച്ചർ നികുതിക്ക് വിധേയമാക്കിയത് ശരിയല്ലേ? ഈ രാജ്യത്തെ വൻകിടക്കാരുടെ കാറുകൾക്ക്, മോട്ടോർ വാഹനങ്ങൾക്ക് അവരിൽനിന്ന് നികുതി പിരിക്കുന്നത് ശരിയല്ലേ? ഇതിനെക്കുറിച്ചൊന്നും ഇടതുപക്ഷമുന്നണിക്ക് ഒരു വീക്ഷണവുമില്ലേ? അവർ ചോദിക്കുന്നത്, ഇങ്ങനെ പിരിച്ചെടുത്തുകൊണ്ട് 2,100 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ സാധിക്കുമോയെന്നാണ്. എന്താണ് സംശയം? തീർച്ചയായും 5 വർഷത്തേക്ക് 130 കോടി രൂപ ഇതിൽനിന്നുമാത്രം കിട്ടുന്നു. അടുത്ത അഞ്ചു വർഷത്തേക്ക് 1,100 കോടി നമ്മൾ ഉണ്ടാക്കണമെങ്കിൽ പിന്നെ എന്താണ് മാർഗ്ഗം? പദ്ധതിയുടെ പ്രവർത്തനത്തെ സംബന്ധിച്ച് സംശയിക്കേണ്ട കാര്യമില്ല, പദ്ധതി നടപ്പിലാക്കുകതന്നെ ചെയ്യും.

ഏത് വികസനപ്രവർത്തനം നടന്നുവെന്ന് വളരെ വികാരവിവശനായി ശ്രീ. പങ്കജാക്ഷൻ ചോദിച്ചു. നടന്നില്ലേ? ആറാം പഞ്ചവൽസര പദ്ധതി കഴിഞ്ഞപ്പോൾ 198 കോടി രൂപ അധികം ചെലവഴിച്ചു. അങ്ങനെ ചെലവഴിച്ചത് കൊണ്ടാണ് പറയുന്നത്, 7-ാം പദ്ധതിയിലും ഐക്യജനാധിപത്യമുന്നണി ലക്ഷ്യം നേടുമെന്ന്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: ദേശീയവരുമാനം എത്ര വർദ്ധിച്ചു?

ശ്രീ. സി. എഫ്. തോമസ്: ഇങ്ങനെ നികുതി കൊണ്ടുവന്നാൽ നിങ്ങൾക്ക് ലക്ഷ്യം നേടാൻ സാധിക്കുമോ എന്നാണ് നിങ്ങളുടെ ചോദ്യം. ഞങ്ങൾ പറയുന്നു, കഴിഞ്ഞ പഞ്ചവൽസര പദ്ധതിയിൽ ലക്ഷ്യമിട്ടതിനേക്കാൾ 198 കോടി രൂപ അധികം ഈ ഗവൺമെന്റിന് ചെലവഴിക്കാൻ സാധിച്ചുവെങ്കിൽ ഈ വരുന്ന പദ്ധതിയിൽ 2,100 കോടി രൂപയാണ് ലക്ഷ്യമിട്ടിരിക്കുന്നതെങ്കിൽ, അതിനേക്കാൾ കൂടുതൽ ചെലവഴിക്കും എന്ന്. ഈ ഗവൺമെന്റ് കേരളത്തിലെ വികസനസാദ്ധ്യത നേടുകതന്നെ ചെയ്യും.

ശ്രീ. കെ. ഇ. ഇസ്മയിൽ: 2,100 കോടി രൂപ ഏഴാം പദ്ധതിക്കാലത്ത് ചെലവഴിക്കാൻ നമുക്ക് കിട്ടുമെന്ന് പറയുന്നു. എന്നാൽ ഈ കാലയളവിൽ 2,300 കോടി രൂപയുടെ കമ്മി ഉണ്ടാകുമെന്ന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറയുന്നു. അപ്പോൾ അന്തിമവിശകലനത്തിൽ ഈ പദ്ധതിയിൽ അവസാനം 200 കോടി രൂപയുടെ കമ്മിയെന്നല്ലേ? അപ്പോൾ എന്ത് വികസനമാണ്, എന്ത് പദ്ധതി പ്രവർത്തനമാണ് നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കുകയെന്ന് പറയാൻ കഴിയുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എഫ്. തോമസ് : കഴിഞ്ഞ തവണത്തെ ചർച്ചയിലേക്ക് ശ്രീ. ഇസ്മയിലിന്റെ ഓർമ്മ ഞാൻ ക്ഷണിക്കുകയാണ്. അപ്പോഴും ഇത്തരം ചർച്ച വന്നപ്പോഴും ഇതേ ചോദ്യം വന്നു. എന്തു വികസനം നടക്കും, ആറാം പദ്ധതി അവസാനിക്കുമ്പോഴും എന്തായിരിക്കും കേരള സംസ്ഥാനത്തിന്റെ അവസ്ഥ, വികസനം മുരടിക്കുന്നില്ലേ, വികസനം നടക്കുന്നുണ്ടോ, പദ്ധതി മുടങ്ങുന്നില്ലേ, എന്നൊക്കെ ചോദിച്ചതാണ്. പക്ഷേ 198 കോടി രൂപ വികസന രംഗത്ത് കൂടുതലായി ചെലവഴിച്ച് കഴിഞ്ഞ പഞ്ചവൽസരപദ്ധതി വിജയകരമായി പൂർത്തിയാക്കി.

ശ്രീ. ഇ. പത്മനാഭൻ : അന്നൊക്കെ ഓവർഡ്രാഫ്റ്റ് എടുക്കാനുള്ള സൗകര്യമുണ്ടായിരുന്നു. ഇന്ന് അതുപോലും ഇല്ലാതാക്കി. 157 കോടി രൂപ ഇക്കൊല്ലത്തെ കമ്മിയും കഴിഞ്ഞകൊല്ലത്തെ 204 കോടി രൂപ കമ്മിയും കൂടി ആകെ 361 കോടി രൂപ കമ്മിയുള്ള ഒരു സംസ്ഥാനം എങ്ങനെയാണ് 355 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുന്നത് ? വെറുതെ പ്രസംഗിച്ചാൽ പോരല്ലോ.

ശ്രീ. സി. എഫ്. തോമസ് : ഓവർഡ്രാഫ്റ്റിനെക്കുറിച്ച് ഗവൺമെൻറിന്റെ വീക്ഷണം ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറഞ്ഞു. നിങ്ങൾക്ക് യാതൊരു സംശയവും വേണ്ട. ഈ ഗവൺമെൻറ് കഴിഞ്ഞ കാലങ്ങളിൽ എന്തൊക്കെ പറഞ്ഞിട്ടുണ്ടോ അത് വികസന രംഗത്ത് നേടിയിട്ടുണ്ടെങ്കിൽ വരാൻ പോകുന്ന വർഷത്തെ പദ്ധതിയാണെങ്കിലും പഞ്ചവൽസരപദ്ധതി മൂഴുവൻ ആണെങ്കിലും ആ ലക്ഷ്യവും അതിനപ്പുറത്തും കൊണ്ടുചെന്നെത്തിക്കാൻ സാധിക്കും. ശ്രീ. പങ്കജാക്ഷൻ ഇവിടത്തെ ധനകാര്യമന്ത്രിയേയും കേന്ദ്രത്തിലെ ധനകാര്യമന്ത്രിയേയുംകൂടി താരതമ്യം ചെയ്യുന്നു. 1980 മുതൽ 1985 വരെ ശ്രീ. മാണി തന്നെയായിരുന്നു ധനകാര്യമന്ത്രി. 198 കോടി രൂപ കഴിഞ്ഞ പ്ലാൻ അവസാനിച്ചപ്പോഴും അധികമായി വികസനത്തിനുവേണ്ടി ചെലവഴിച്ചിട്ടുണ്ട്. അത് എങ്ങനെയാണെന്ന് തീർച്ചയായും പരിശോധിക്കേണ്ടതാണ്. ഈ രാജ്യത്തെ സാധാരണക്കാരെ ബുദ്ധിമുട്ടിക്കാതെ, പാവപ്പെട്ടവരെ ബുദ്ധിമുട്ടിക്കാതെ, പുതിയ വരുമാനമാർഗ്ഗങ്ങളും കണ്ടെത്തി. പ്ലാനിംഗ് കമ്മീഷൻ 311 കോടി രൂപ അഡീഷണൽ റിസോഴ്സസ് മൊബൈലൈസേഷൻ നിർദ്ദേശിച്ചിരുന്നുവെങ്കിൽ, കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിൽകൂടി 375 കോടി രൂപയുടെ റിസോഴ്സസ് കണ്ടുപിടിച്ചു. ശ്രീ. ആറുമുഖൻ സംസാരിച്ചപ്പോഴും തൊഴിലാളികളും അസംതൃപ്തരാണെന്ന് പറഞ്ഞു, സാധാരണക്കാർ, ഇടത്തരക്കാർ അസംതൃപ്തരാണെന്ന് പറഞ്ഞു. ആരേയും ഉപദ്രവിക്കാതെ പ്ലാനിംഗ് കമ്മീഷൻ പറഞ്ഞതിനേക്കാളും കൂടുതൽ 64 കോടി രൂപയുടെ അഡീഷണൽ റിസോഴ്സസ് കണ്ടുപിടിച്ചുകൊണ്ട് ഈ സംസ്ഥാനത്തിനു ചെയ്ത സേവനം നിങ്ങളും അംഗീകരിക്കണം. ധനകാര്യമന്ത്രി എന്റെ കക്ഷിയിൽപ്പെട്ട ആളായതുകൊണ്ട് പറയുകയല്ല. കേരളത്തിന്റെതല്ലാത്ത കാരണം കൊണ്ട്, വളരെ സാമ്പത്തിക പ്രതിസന്ധി രാജ്യത്ത് മൊത്തമായി നിലനിൽക്കുന്ന സാഹചര്യത്തിന്റെ നടുക്കുനിന്നുകൊണ്ട് നമ്മുടേതല്ലാത്ത കാരണംകൊണ്ട് ഉണ്ടാകുന്ന വിലക്കയറ്റത്തിന്റെ ഫലമായി 500 കോടി രൂപ ഡി. എ. കൊടുത്തുകൊണ്ട് കഴിഞ്ഞ പദ്ധതിയിൽ റിസോഴ്സസ് കണ്ടുപിടിക്കാൻ നിർദ്ദേശിച്ചവർ എന്തൊക്ക ലക്ഷ്യമിട്ടോ, പ്ലാനിംഗ് കമ്മീഷനും ഫൈനാൻസ് കമ്മീഷനും പറഞ്ഞ കാര്യങ്ങളും, അതിനേക്കാളും കൂടുതൽ കളക്ട് ചെയ്യാൻ കഴിഞ്ഞു. പിന്നെ സെയിൽടാക്സിനെക്കുറിച്ച് പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പങ്കജാക്ഷൻ : കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ നിന്ന് വ്യത്യസ്തമായി ഈ സാമ്പത്തിക വർഷം മുതൽ നമുക്ക് ഓവർഡ്രാഫ്റ്റ് കിട്ടുകയില്ലെന്നു മാത്രമല്ല ഇപ്പോൾ നിലവിലുള്ള ഓവർഡ്രാഫ്റ്റ് മദ്ധ്യകാല വായ്പയായി കേന്ദ്രഗവൺമെന്റ് തീരുമാനിച്ചതിന്റെ ഫലമായി പലിശ ഉൾപ്പെടെയുള്ളത് തിരിച്ചടയ്ക്കേണ്ടി വരുന്ന സാഹചര്യം കണക്കിലെടുത്തിട്ടില്ല. അതേ ഞാൻ പറഞ്ഞുള്ളൂ. അതേപ്പറ്റി അങ്ങേയ്ക്ക് എന്ത് അഭിപ്രായമാണുള്ളത്?

ശ്രീ. സി. എഫ്. തോമസ് : ഓവർഡ്രാഫ്റ്റ് നിർത്തലാക്കിയതിനെ കുറിച്ചുള്ള ഗവൺമെന്റിന്റെ വീക്ഷണം ഇന്നലെ പറഞ്ഞു. അതുകൊണ്ടുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കണമെങ്കിൽ കേന്ദ്ര ഗവൺമെന്റ് നമുക്ക് സഹായം തന്നേതീരൂവെന്ന് നിർബന്ധമായി ഞങ്ങൾ പറയുമെന്ന് പറഞ്ഞു. ഈ സംസ്ഥാനത്തിന്റെ അവകാശങ്ങൾ ചോദിക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റിനു മടിയില്ല. ഓവർ ഡ്രാഫ്റ്റ് പെട്ടെന്ന് നിർത്തി, കഴിഞ്ഞ എത്രയോ വർഷമായി കേരള സംസ്ഥാനത്തെ എത്രയോ ഗവൺമെന്റുകൾ അനുഭവിച്ചു കൊണ്ടുവന്ന സ്വാതന്ത്ര്യം നിർത്തൽ ചെയ്യുന്നുവെങ്കിൽ അതിനായിട്ട് പ്രത്യേക സഹായം കേന്ദ്രം തരണമെന്നു പറയാനുള്ള ധൈര്യം കേരളത്തിലെ ധനകാര്യ മന്ത്രിക്കും മുഖ്യമന്ത്രിക്കും ഉണ്ട്. ഞങ്ങളുടെ ആവശ്യം അതിശക്തമായിത്തന്നെ കേന്ദ്രഗവൺമെന്റിന്റെ മുമ്പിൽ വയ്ക്കും, ആ ആവശ്യങ്ങൾ കേന്ദ്രം അനുവദിച്ചേ പറ്റൂ. സംസ്ഥാനങ്ങൾക്കുള്ള അവകാശം കേന്ദ്രം തന്നേ പറ്റൂ. സംസ്ഥാനങ്ങളുടെ അവകാശങ്ങളെ സംബന്ധിച്ച് കേന്ദ്രത്തിന്റെ ഇന്നുള്ള നയം പുനഃപരിശോധിക്കണം. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. അവകാശങ്ങളെ സംബന്ധിച്ചും അധികാരങ്ങളെ സംബന്ധിച്ചുമുള്ള കേന്ദ്രഗവൺമെന്റിന്റെ നിലപാട് പല കാര്യങ്ങളിലും തിരുത്തണം എന്നുള്ളതാണ് ഞങ്ങളുടെ നിലപാട്. ഇങ്ങനെയുള്ള കാര്യങ്ങളിൽ വളരെ ധീരമായ നിലപാട് ഞങ്ങൾക്കുണ്ട്.

ഇവിടത്തെ പ്രശ്നം ഈ ധനകാര്യ ബില്ലാണ്. സാധരണക്കാരെ ബുദ്ധിമുട്ടിക്കാത്ത നികുതിനിർദ്ദേശങ്ങളാണ് സ്വീകരിച്ചിരിക്കുന്നത്. സാധാരണക്കാരെ ബുദ്ധിമുട്ടിക്കാത്ത നികുതിനിർദ്ദേശങ്ങളായിട്ടുകൂടി ശ്രീ. എ. സി. ജോസ് പറഞ്ഞു കഴിയുമെങ്കിൽ ഇങ്ങനെയുള്ള നികുതി നിർദ്ദേശങ്ങൾ കൂടി ഒഴിവാക്കണമെന്ന്. കൊള്ളാം, നല്ല ആശയമാണ്. എന്നാൽ ഇങ്ങനെയുള്ള നികുതിനിർദ്ദേശങ്ങൾ ഒഴിവാക്കണമെങ്കിൽ അതിനു സ്വീകരിക്കേണ്ട മാർഗ്ഗങ്ങളുണ്ട്. പ്ലാനിംഗിനെക്കുറിച്ചുള്ള നമ്മുടെ വീക്ഷണം മാറണം. പ്ലാനിംഗിനെക്കുറിച്ചുള്ള വീക്ഷണം മാറണം എന്നു പറയുമ്പോൾ ഇന്നത്തെ പ്ലാനിംഗിന്റെ രീതി മാറി നമ്മുടെ കാർഷിക രംഗം, വാണിജ്യരംഗം, വ്യാവസായിക രംഗം തുടങ്ങി പ്രത്യുൽപാദനപരമായ കാര്യങ്ങളിൽ ഇന്നത്തെ വീക്ഷണം മാറിക്കൊണ്ടുള്ള നയം അഖിലേന്ത്യാനയത്തിൽ സ്വീകരിച്ചില്ലെങ്കിൽ ഇന്നുള്ളതുപോലെ കുറെ നികുതിനിർദ്ദേശങ്ങൾ നമ്മൾ കൊണ്ടുവരും. രണ്ടേമുക്കാൽ കോടി വരുന്ന ജനങ്ങളിൽ കൂടുതൽ സാമ്പത്തികശേഷിയുള്ളവരെ ബുദ്ധിമുട്ടിച്ചുകൊണ്ട് സാധരണക്കാരെ ബുദ്ധിമുട്ടിക്കാതെ നികുതിനിർദ്ദേശങ്ങൾ കൊണ്ടുവന്നു എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ മിടുക്ക്. അതുകൊണ്ട് 22.5 കോടി രൂപ ഉണ്ടാക്കുന്നതിനുവേണ്ടി കൊണ്ടുവന്നിരിക്കുന്ന ഈ ഫിനാൻസ് ബില്ലിനെ അംഗീകരിക്കാതെ നിവൃത്തിയില്ല. കേരളത്തിലെ സാധാരണക്കാരെ ബുദ്ധിമുട്ടിക്കാതെ കൊണ്ടുവന്നിരിക്കുന്ന ഈ ബില്ലിനെ ഞാൻ സ്വാഗതം ചെയ്യുന്നു. പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഇ. ഇസ്മയിൽ : സർ, ഞാൻ ഈ ധനകാര്യ ബില്ലിനെ എതിർക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി മാണി കണക്കുകൊണ്ട് ചെക്കും പന്തും കളിക്കുകയാണ് ചെയ്യുന്നത്. നമ്മുടെ സംസ്ഥാനം വളരെ ഗുരുതരമായ ഒരു സാമ്പത്തിക പ്രതിസന്ധിയിലാണെന്ന് മുഖ്യമന്ത്രിയും ധനകാര്യമന്ത്രിയും പലവട്ടം ഇവിടെ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞ കാര്യമാണ്. അഴിമതിയും ധൂർത്തും ദീർഘവീക്ഷണമില്ലാത്ത പ്രവർത്തനങ്ങളുമാണ് സത്യത്തിൽ ഇത്രയേറെ വലിയ സാമ്പത്തിക പ്രതിസന്ധിയിലേക്ക് ഈ സംസ്ഥാനത്തെ കൊണ്ടുചെന്നെത്തിച്ചത്. ഈ അവസരത്തിലാണ് സാധരണക്കാരന്റെ വയറത്തടിച്ചുകൊണ്ട് അൽപ്പസ്വൽപ്പം കാശ് ഉണ്ടാക്കാനുള്ള ഒരു ബില്ലുമായി ശ്രീ. മാണി ഇറങ്ങി പുറപ്പെട്ടത്.

പദ്ധതി പ്രവർത്തനത്തെക്കുറിച്ചൊക്കെ ഇവിടെ പലരും പറഞ്ഞു. സത്യത്തിൽ പദ്ധതികൾക്ക് ഒരു അവധി നൽകിയിരിക്കുകയാണ് നമ്മുടെ സംസ്ഥാനത്ത്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ ധവള പത്രത്തിലും ബഡ്ജറ്റ് പ്രസംഗത്തിലുമൊക്കെ പറഞ്ഞപോലെ ഒരു കാര്യം പറഞ്ഞു 'നമ്മുടെ സംസ്ഥാനത്തിലെ കമ്മി നികത്താൻ കഴിയാത്ത നിലയിൽ വളർന്നുകൊണ്ടിരിക്കുകയാണ്' എന്ന്. ആറുകൊല്ലം ഉണ്ടായിരുന്ന ഒരു ആശ്വാസം ഓവർ ഡ്രാഫ്റ്റിൽ എന്തെങ്കിലും തിരിമറി ചെയ്യാൻ കഴിയുമെന്നുള്ളതാണ്. അതും ഇപ്പോൾ അടഞ്ഞു എന്നു വന്നതോടുകൂടി ശ്വാസംമുട്ടൽ അനുഭവിക്കുന്ന ഒരു സാഹചര്യം നമ്മുടെ സംസ്ഥാനത്തിനുണ്ടായിട്ടുണ്ട്. ശ്രീ. മാണി തന്ന രേഖയിൽ തന്നെ പറയുന്നുണ്ട്. 'അധിക നികുതി ചുമത്തി മിച്ചം വച്ച് കടം വാങ്ങി സംസ്ഥാനം സ്വരൂപിക്കുന്ന പണം ആദ്യം കമ്മി നികത്തേണ്ടിവരും. അതിനുശേഷം മിച്ചം ഉണ്ടെങ്കിൽ അതാണ് പദ്ധതി കാര്യത്തിനുവേണ്ടി നമ്മുടെ കൈവശം ഉണ്ടായിരിക്കുക' എന്ന്. ഇത് ശ്രീമാൻ മാണി പറഞ്ഞ കഥയാണ്. അങ്ങനെ വരുമ്പോൾ നമ്മുടെ പദ്ധതി പ്രവർത്തനങ്ങൾക്ക് 2,100 കോടി രൂപ ഈ പദ്ധതി കാലഘട്ടത്തിൽ ലഭിക്കുമായിരുന്നു എന്നാണല്ലോ. എന്നാൽ ഈ പദ്ധതിയുടെ സന്ദർഭത്തിൽ 2,300 കോടി രൂപയുടെ കമ്മി ഉണ്ടാകും. എങ്ങനെയാണ് അദ്ദേഹം ചെക്കും പന്തും കളിക്കുന്നത്?.....

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : ബഹുമാനപ്പെട്ട മെമ്പർക്ക് തെറ്റിപ്പോയി. 2,300 കോടി രൂപയല്ല, 1,300 കോടി രൂപയാണ്.

ശ്രീ. കെ. ഇ. ഇസ്മയിൽ : തെറ്റാണെങ്കിൽ ഞാൻ തിരുത്താം. എനിക്ക് അതിൽ വിരോധവുമില്ല. ഇപ്പോൾ വരുന്ന ഡി.എ. അംഗീകരിക്കുന്ന രീതിയിൽ അംഗീകരിച്ചാൽ ഇതു വരും. അത് അംഗീകരിച്ചു കൊടുക്കേണ്ടതല്ലേ? നാഴ്ക്കുനാഴ എന്നോണം വില വർദ്ധനവുണ്ടാകുമ്പോൾ ജീവിത വിലസൂചികയ്ക്കനുസരിച്ച് ജീവനക്കാർക്ക് ഡി.എ. കൊടുക്കുന്നതിന് വ്യവസ്ഥാപിതമായി നടപ്പിലാക്കുന്ന ചില കാര്യങ്ങളാണിവ. അതിനെക്കുറിച്ച് പുതിയ ഭാഷ്യങ്ങളും സിദ്ധാന്തങ്ങളും ഉണ്ടെങ്കിൽ അത് എന്താണെന്നു പറയണം. അതൊക്കെ കൊടുത്താൽ 2,300 കോടി രൂപ ഈ പദ്ധതിക്കാലത്ത് കമ്മി വരുമെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. അല്ലെങ്കിൽ അത് നിഷേധിച്ചു കൊള്ളട്ടെ. സാമ്പത്തിക പ്രതിസന്ധിയുടെ നെല്ലിപ്പലക കണ്ടുനിൽക്കുന്ന ഈ അവസരത്തിലും ചില കാര്യങ്ങളിൽ ഒരു ലോഭവും കാണിക്കുന്നില്ല. ഒരു പിശുക്കും കാണിക്കുന്നില്ല. ചെലവുകൾ കുറയ്ക്കാനും പരമാവധി ഈ സംസ്ഥാനത്തെ സംരക്ഷിക്കുവാനും എന്ത് ചെയ്യണമെന്നുള്ളതിനെക്കുറിച്ച് വാചാലമായി പ്രസംഗിക്കുന്നതിൽ കവിഞ്ഞ് ഒന്നും നടക്കുന്നില്ല. ഈ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ നിരവധി മന്ത്രിമാരുടെയും അവരുമായി ബന്ധപ്പെട്ട ആളുകളുടേയും അനാവശ്യ ചെലവുകൾ, ധൂർത്തുകൾ, അഴിമതികൾ ഇതിനെക്കുറിച്ചെല്ലാം അക്കമിട്ടക്കമിട്ട് ഈ നിയമസഭയിലെ അംഗങ്ങൾ തന്നെ ഉന്നയിച്ചതാണ്. ഞങ്ങളുടെ നാട്ടിൽ ഒരു പഴഞ്ചൊല്ലുണ്ട്. 'ആട്ടുന്നവടെ പോയിട്ടില്ല പിന്നെയാണോ അളക്കുന്നവിടെ പോയിട്ട്' എന്ന്. ഇന്നയിന്ന അരോപണങ്ങളുണ്ട് അനേഷിക്കണമെന്ന് എഴുതികൊടുക്കുമ്പോൾ പറയുന്നത് ഒരു കമ്മീഷൻ ഉണ്ട്, നിങ്ങളവിടെ പോകണം എന്നാണ്. കമ്മീഷന്റെ റിപ്പോർട്ട് ഇവിടെ വരുത്തിയിട്ടുണ്ട്, മന്ത്രിമാർ അത് വായിക്കണം. എന്താണ് അതിൽ പറഞ്ഞിട്ടുള്ളത്? അതിനെക്കുറിച്ച് ചർച്ച ചെയ്യാൻപോലും ഇവർ തയ്യാറല്ല. ആ ആരോപണങ്ങളൊന്നും ഞാൻ വീണ്ടും ആവർത്തിക്കാൽ ഉദ്ദേശിക്കുന്നില്ല. പക്ഷെ ഇത് ഈ നിയമസഭ ഗൗരവമായി എടുക്കേണ്ട വിഷയമാണെന്ന് എനിക്ക് ശക്തിയായ അഭിപ്രായം ഉണ്ട്. ഇതിനെ സംബന്ധിച്ച് ഒരു ജുഡീഷ്യൽ അനേഷണത്തിന് ഉത്തരവിടാൻ ഈ ഗവൺമെൻറ് തയ്യാറാകണം. കഴിഞ്ഞകാല ഗവൺമെൻറുകളുടെ കാലത്താണ് ഈ കാര്യങ്ങളൊക്കെ നടന്നിട്ടുള്ളതെങ്കിൽ പിന്നെ എന്തിന് പേടിക്കണം? എന്നെക്കണ്ടാൽ കുമ്പളങ്ങ കട്ടവനാണോയെന്ന് സ്വയം തപ്പി നോക്കുന്നത് എന്തിനാണ്? കഴിഞ്ഞകാലത്തെ ഗവൺമെൻറ് ആണെങ്കിൽ ധൈര്യമായിട്ട് പറയാമല്ലോ അനേഷിക്കാൻ. സുബ്ബറാവു ആണോ പ്രതിയാക്കുന്നത് മറ്റ് ആരെങ്കിലുമാണോ പ്രതിയാകുന്നത് എന്നറിയാമല്ലോ. എന്തിന് ഇതിന് അധൈര്യം കാണിക്കണം?

ഒപ്പപ്പ് വാങ്ങിയതിലും സ്റ്റുയിസ് വാൽവ് വാങ്ങിയതിലും കോടിക്കണക്കിന് രൂപയുടെ അഴിമതി കഥകൾ ഇവിടെ പറഞ്ഞു. അതിനെ കുറിച്ചൊക്കെ ഞഞ്ഞാപിഞ്ഞാ പറഞ്ഞ് ഒഴിയുകയാണ്. ഇലക്ട്രിസിറ്റി വകുപ്പിനെക്കുറിച്ചുതന്നെ എന്തെല്ലാം ഇവിടെ അവതരിപ്പിക്കപ്പെട്ടു? കഴിഞ്ഞദിവസങ്ങളിൽ ഈ രാജ്യത്തൊട്ടാകെയുള്ള ജനങ്ങൾ വളരെ ഉൽക്കണ്ഠയോടുകൂടി ചർച്ച ചെയ്ത ഒരു വിഷയമാണ് കല്ലടയിലേയും ഇടമലയാറിലേയും പ്രശ്നങ്ങൾ. എങ്ങനെയാണ് ഇടമലയാറിൽ ഈ സംഭവം ഉണ്ടായത്? അത് ഇവിടെ വിവരിച്ച് പറയാൻ ഒരു പക്ഷെ പറ്റില്ലായിരിക്കും. അതിനെക്കുറിച്ച് നിങ്ങൾ സ്വയം ഒന്ന് ആലോചിക്കണം. ഈ സംസ്ഥാനത്തെ, ഈ സംസ്ഥാനത്തിലെ ജനങ്ങളെ ഇത്രയേറെ അപകടത്തിലാക്കുന്ന വിധത്തിൽ അധഃപതിക്കാൻപാടില്ല രാഷ്ട്രീയം. അവിടുത്തെ കോൺട്രാക്ടറായ പൗലോസിന്റെ പേരിൽ കേരളാ കോൺഗ്രസുകാരനായ സജീവൻ വർക്ക് ചെയ്തതും എല്ലാം പത്രങ്ങളിൽ വന്നതല്ലേ? ക്വട്ടേഷനിൽ നിന്ന് 180 ശതമാനം ഉയർത്തികൊടുത്തുകൊണ്ടാണ് അവിടെ പ്രവർത്തനം നടത്തിയത്. ഒന്നരക്കോടി രൂപ അതുകൊണ്ട് നിലവിൽ കൊടുക്കേണ്ടതിനെക്കാൾ അധികം കൊടുത്തില്ലേ? അങ്ങനെ ഒരു സംഭവം ഉണ്ടായിട്ടുണ്ടെങ്കിൽ അതിനെക്കുറിച്ച് എന്തുകൊണ്ട് അനേഷിച്ചുകൂടാ? ഈ സംസ്ഥാനത്തിനൊട്ടാകെ വരുന്ന ഇത്തരമൊരു പ്രശ്നം പരിഹരിക്കപ്പെടേണ്ടതാണെന്നുള്ള തരത്തിലല്ലേ എടുക്കേണ്ടത്? അതുകൊണ്ടാണ് ഞാൻ പറയുന്നത് ഈ പ്രശ്നം അനേഷിക്കണം.

ഇപ്പോൾ ഇലക്ട്രിസിറ്റി ബോർഡ് വളരെ ധൃതിപിടിച്ച് ഒരു അടിയന്തിര യോഗം വിളിച്ചുകൂട്ടി 25 കോടി രൂപയുടെ പർച്ചേസിംഗ് നടത്താൻ തീരുമാനിച്ചു. എന്തിനാണ് ഇത്ര ദുരിശം കാണിക്കുന്നത് ഇക്കാര്യത്തിൽ? കേബിൾ ഉൾപ്പെടെയുള്ള സാധനങ്ങൾ വാങ്ങിക്കാൻ ഈ അടിയന്തിരയോഗത്തിൽ തീരുമാനിച്ചു, അത് വാങ്ങിക്കാൻ പോവുകയാണ്. 25 കോടി രൂപയുടെ സാധനമാണ് വാങ്ങിക്കാൻ പോകുന്നത്. മുൻ വിദ്യുച്ഛക്തിവകുപ്പുമന്ത്രി ബാലകൃഷ്ണപിള്ളയുടെ നിർദ്ദേശാനുസരണമാണ് ഇതെന്നാണ് പറയുന്നത്. ഇതിനെക്കുറിച്ച് അനേഷിക്കണ്ടയോ? കേരളത്തിലെ ജനങ്ങൾക്ക് ഇതറിയാൻ ബാദ്ധ്യതയില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

എക്സൈസ് വകുപ്പിനെക്കുറിച്ച് ഇവിടെ പറഞ്ഞല്ലോ. ബിവറേജ് കോർപ്പറേഷൻ മുഖേന ഓരോ മാസവും ഓരോ കോടി രൂപ കമ്മീഷൻ ഇനത്തിൽ സംഘടിപ്പിക്കുന്നു; ആരുടെയോയൊക്കെ കൈകളിൽ കാണുന്നു എന്നു പറയുന്നു. ഇതിനെക്കുറിച്ചൊക്കെ വ്യവസ്ഥാപിതമായ നടപടികളിലൂടെ അന്വേഷിക്കണ്ടയോ? ഇതൊക്കെ ഈ സംസ്ഥാനത്തെ ബാധിക്കുന്ന പ്രശ്നമല്ലേ? പാവപ്പെട്ട ആളുകളുടെമേൽ അഡീഷണൽ സെയിൽസ് ടാക്സ് ഡ്യൂട്ടി ചുമത്തി കുറെ രൂപ ഉണ്ടാക്കുന്നത് ഒരു ചെറിയ പ്രശ്നമാണ് എന്ന പേരിൽ ചുരുക്കിക്കാണാൻ ശ്രമിക്കുന്നത് ശരിയാണോ?

അതുപോലെതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൈകാര്യം ചെയ്യുന്ന വകുപ്പിനെക്കുറിച്ച് വളരെ ഗൗരവതരമായ ആക്ഷേപങ്ങളും ഉയർന്നു വന്നിട്ടുണ്ട്. അത് അന്വേഷിക്കേണ്ട വിഷയമാണ്. ഞാൻ ഒന്നു രണ്ടു കാര്യങ്ങളും ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. മൽസ്യത്തൊഴിലാളികൾക്ക് സർക്കാരിൽ നിന്നും ബോട്ട് നൽകുന്ന ഒരു ഏർപ്പാട് ഉണ്ട്. ബോട്ടുകളെല്ലാം നാട്ടുപ്രമാണിമാർ തട്ടിയെടുക്കുന്നുവെന്ന ആക്ഷേപം പരക്കെയുണ്ട്. പണവും സ്വാധീനവും ഉള്ള അത്തരം ആളുകൾ ഉദ്യോഗസ്ഥൻമാരെ സ്വാധീനിച്ച് ആവശ്യമായ രേഖകൾ നൽകാതെ ബോട്ടുകൾ തട്ടിയെടുക്കുന്നു, പിന്നീട് അവ വിൽപന നടത്തുന്നു. ഇതിനെ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് ഐ. എ. എസ്. ഉദ്യോഗസ്ഥനായ ശ്രീ. ചന്ദ്രശേഖരനെ നിയോഗിച്ചു. ആ അന്വേഷണത്തിൽ മുൻ ഡയറക്ടറായ എസ്.എൻ. റാവുവിന് ഇതിൽ പങ്കുണ്ടെന്നും മൂന്നര ലക്ഷം രൂപ അദ്ദേഹത്തിൽ നിന്നും തിരിച്ചു പിടിക്കണമെന്നും ശ്രീ. ചന്ദ്രശേഖരൻ ഐ.എ.എസ്. അദ്ദേഹത്തിന്റെ അന്വേഷണ റിപ്പോർട്ടിൽപറഞ്ഞിരുന്നു. അതിനുശേഷം ഇപ്പോൾ മാസങ്ങളെത്രകഴിഞ്ഞു. എങ്കിലും ഒരു നടപടിയും ഉണ്ടായില്ല. ഇത്തരത്തിൽ വ്യക്തമായ റിപ്പോർട്ട് വന്നപ്പോൾ മുൻ ഡയറക്ടർ മൂന്നരലക്ഷം രൂപ ഗവൺമെന്റിനു നഷ്ടം വരുത്തുന്നതിൽ ഉൾപ്പെട്ടിരുന്നു എന്ന ആക്ഷേപത്തെക്കുറിച്ച് ചുമതലപ്പെട്ടവർ അന്വേഷിക്കേണ്ടതാണ്, നടപടിക്രമം സ്വീകരിക്കേണ്ടതാണ്. എന്നാൽ അങ്ങനെയൊന്നും ഉണ്ടായിട്ടില്ല. അന്വേഷണ ഉദ്യോഗസ്ഥനായ ശ്രീ. ചന്ദ്രശേഖരൻ ഐ.എ.എസ്. നെ സ്ഥലം മാറ്റി. അതാണ് ഉണ്ടായത്. അത്തരം സംഭവങ്ങളെക്കുറിച്ച് അന്വേഷിക്കണമെന്ന് ഭരണകക്ഷിയിലെ അംഗങ്ങൾക്ക് താൽപര്യമില്ലേ? ഉണ്ടെങ്കിൽ അന്വേഷിക്കുന്നതിന് ആവശ്യപ്പെടണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

അതുപോലെതന്നെ അഗ്രികൾച്ചറൽ റീ-ഫൈനാൻസ് കോർപ്പറേഷനിൽ നിന്നും മൽസ്യത്തൊഴിലാളികൾക്ക് ഐസ് പ്ലാന്റും ബോട്ടും നൽകുന്ന പദ്ധതിയുണ്ട്. യഥാർത്ഥ മൽസ്യത്തൊഴിലാളികൾക്ക് അവയൊന്നും കിട്ടാതെ ഇടത്തട്ടുകാർ തട്ടിയെടുക്കുന്ന സംഭവവുമുണ്ട്. ഉദ്യോഗസ്ഥൻമാരാണ് ഇതിന്റെ ഉത്തരവാദികൾ. കാരണം നഷ്ട ബോട്ടുകൾ ആണെന്ന് സർട്ടിഫിക്കറ് കൊടുക്കേണ്ടത് ഉദ്യോഗസ്ഥൻമാരാണ്. ഇതിന്റെ ഫലമായി 75 ലക്ഷം രൂപ നഷ്ടം വന്നതായി നിയമസഭാ കമ്മിറ്റിയായ പി.എ.സി.യുടെ റിപ്പോർട്ട് പ്ലാനിംഗ് ബോർഡിന്റെ ഇവാലുവേഷൻ കമ്മിറ്റിയുടെ റിപ്പോർട്ട് എ.ജി. യുടെ ആഡിറ്റ് റിപ്പോർട്ട് എന്നിവയിൽ പറയുന്നു. ഈ നഷ്ടത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും നഷ്ടം വന്ന തുക തിരിച്ച് പിടിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ഉദ്യോഗസ്ഥൻ ആരാണെന്ന് അറിയുമോ? ശ്രീ. വി. ടി. തോമസ് അദ്ദേഹത്തെ ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷന്റെ എം. ഡി. യാക്കിയിരിക്കുന്നു. പിന്നീട് ഇപ്പോൾ അദ്ദേഹം മുഖ്യമന്ത്രിയുടെ വകുപ്പിൽതന്നെ ഫിഷറീസ് ജോയിന്റ് സെക്രട്ടറിയായി കയറ്റിയിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഈ ഉദ്യോഗസ്ഥൻ കൊള്ളരുതായ്മയും അഴിമതിയും നടത്തിയെന്ന് വളരെ വ്യക്തമായ റിപ്പോർട്ടുകളും കമ്മിറ്റികളും നൽകിയിട്ടും അദ്ദേഹത്തെ മുഖ്യമന്ത്രി തന്റെ സ്വന്തം വകുപ്പിലേക്ക് മാറ്റി. ഇതേക്കുറിച്ച് ഒരു അന്വേഷണവും ഇല്ല എന്ന നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. ഇത് ഈ ഗവൺമെന്റിനു ഭൂഷണമാണോ? അതുപോലെതന്നെ 165 കോടി രൂപ മൽസ്യക്കൃഷിക്കു വേണ്ടി ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട് എന്ന് എനിക്ക് നേരിട്ടറിയാം. മലമ്പുഴയിൽ 25 ലക്ഷം രൂപ മൽസ്യം വളർത്തുന്നതിനും വികസിപ്പിക്കുന്നതിനും വേണ്ടി മുടക്കി. അതിൽ നിന്നും കിട്ടിയത് അഞ്ചു ലക്ഷം രൂപയാണ്. അവിടെ അങ്ങനെ ഒരു പരിപാടി നടക്കുന്നുണ്ടോയെന്നുപോലും ആർക്കും അറിയില്ല. അവിടെ എന്തു സംഭവിക്കുന്നുയെന്നുള്ളത് പരിശോധിക്കേണ്ട കാര്യമാണ്. അങ്ങനെ എത്രയെത്ര അഴിമതികൾ നടക്കുന്നുണ്ട്. ഒരുപാട് സംഭവങ്ങൾ നടക്കുമ്പോൾ അത് തിരുത്തുന്നതിനുവേണ്ടി തക്കസമയത്ത് നിയമസഭയിൽ അവതരിപ്പിക്കുമ്പോൾ അത് അഴിമതി നിരോധന കമ്മീഷനു മുമ്പിൽ സമർപ്പിക്കണമെന്ന ന്യായം പറഞ്ഞുമാറാൻ ശ്രമിക്കുന്നു. അഴിമതി നിർമ്മാർജ്ജനം ചെയ്യാൻ വേണ്ടി ആത്മാർത്ഥമായി ശ്രമിക്കുന്നവരാണ് ഞങ്ങൾ എന്ന് അവകാശപ്പെടുന്ന ഇവർ വേശ്യയുടെ ചാരിത്രപ്രസംഗമല്ലാതെ എന്താണ് നടത്തുന്നത്? ആരും അത് വിശ്വസിക്കയില്ല. ഞങ്ങളെ വിശ്വസിപ്പിക്കാൻ കഴിയണമെങ്കിൽ, നിങ്ങൾ അഴിമതി ഇല്ലായ്മ ചെയ്യാൻ പരിശ്രമിക്കുന്നവരാണെന്ന് ഞങ്ങളെ ബോദ്ധ്യപ്പെടുത്താൻ കഴിയണമെങ്കിൽ, ഇത്തരം പ്രകടമായ ആക്ഷേപങ്ങളെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താനുള്ള നടപടിയെടുക്കണം. അങ്ങനെ അഴിമതിയും ധൂർത്തും നടത്തിയതിന്റെ ഫലമായി ഈ രാജ്യത്തെ ജനങ്ങളുടെ ജീവിതം ദുഃസഹമായിരിക്കയാണ്. എൻ.ജി.ഒ. മാരുടേയും അദ്ധ്യാപക സംഘടനകളുടേയും സമരത്തെക്കുറിച്ചൊക്കെ ഇവിടെ പറയുകയുണ്ടായി. ഈ രാജ്യത്തെ സകലമാന അദ്ധ്യാപകരും എൻ.ജി.ഒ. മാരും അടുത്ത ഏഴാം തീയതി മുതൽ പണിമുടക്കാൻപോകുന്നു. എന്തിനു വേണ്ടിയാണ് ഈ പണിമുടക്ക്? ശമ്പള കമ്മീഷൻ അംഗീകരിച്ച ആനുകൂല്യങ്ങൾ തരണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് പണിമുടക്ക് നടത്താൻ തീരുമാനിച്ചിരിക്കുന്നത്. ഇത് പുതിയ ഡിമാന്റൊന്നും അല്ല. ഓരോ കാലഘട്ടത്തിലും സാധനങ്ങളുടെ വില കയറുന്നതിന്റെ അടിസ്ഥാനത്തിലാണ് ഡി.എ. കൊടുക്കേണ്ടിവരുന്നത്. സാധനങ്ങളുടെ വില കുറയ്ക്കാൻ കഴിയുമോ? എങ്കിൽ ഡി.എ. ആരും ആവശ്യപ്പെടുകയില്ല. അതേക്കുറിച്ച് ആരും ഇവിടെ പറഞ്ഞില്ല. ശ്രീമാൻ എ.സി. ജോസും പറഞ്ഞില്ല.

ശ്രീ. എ. സി. ജോസ്: ഡി. എ. കൊടുക്കുന്നതിനു പകരമായി അവശ്യസാധനങ്ങൾ എത്തിച്ചുകൊടുക്കുന്ന ഒരു ശൃംഖലയുണ്ട്. ഡി. എ. കൊടുക്കുന്നതിനു പകരം പൊതുവിതരണ സമ്പ്രദായത്തിൽ സാധനങ്ങൾ എത്തിച്ചു കൊടുക്കണമെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. കെ. ഇ. ഇസ്മയിൽ: അത് ഗവൺമെന്റിനു തീരുമാനിക്കാവുന്നതാണ്. ഈ വർഷത്തെ കേന്ദ്ര സംസ്ഥാന ബഡ്ജറുകളുടെ ഫലമായി സാധനവില കുറയ്ക്കുവാൻ കഴിയുമെന്ന് ശ്രീ. എ. സി. ജോസിനെപ്പോലെയുള്ളവർ വിശ്വസിക്കുന്നുവെങ്കിൽ അവർ മൂഢസ്വർഗത്തിലാണ്. ഈ കഴിഞ്ഞ കേന്ദ്ര ബഡ്ജറ്, യുവതുർക്കിയുടെ പ്രതീകമായ ശ്രീ. രാജീവ് ഗാന്ധി അവതരിപ്പിച്ച ബഡ്ജറ്, നിങ്ങൾ അംഗീകരിക്കുന്ന ബഡ്ജറ് പൊതുമേഖലയെ തകർത്തുകൊണ്ട് സ്വകാര്യമേഖലയെ അഭിവൃദ്ധിപ്പെടുത്തുന്ന, സ്വകാര്യ സമ്പദ് ഘടനയ്ക്ക് പ്രാധാന്യം നൽകുന്ന ഒന്നാണ്. പാവപ്പെട്ടവന്റെ വയറ്റത്തടിക്കുന്ന ഒരു ബഡ്ജറാണ് അത്. ഈ ധനകാര്യബില്ലിനെ ഞാൻ എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തച്ചടി പ്രഭാകരൻ : സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ധനകാര്യബില്ലിനെ ഞാൻ ശക്തിയായി പിന്താങ്ങുന്നു. ഈ ഫൈനാൻസ് ബില്ലിനെ പ്രതിപക്ഷം എതിർക്കുകയില്ല എന്നാണ് ഞാൻ പ്രതീക്ഷിച്ചത്. കാരണം, നമ്മുടെ സംസ്ഥാനം അധികച്ചെലവ് ഉണ്ടാക്കുന്നതുകൊണ്ട് അഡീഷണൽ വരുമാനം ഉണ്ടാക്കുവാൻവേണ്ടി നടത്തിയ ശ്രമമാണ് ധനകാര്യ വകുപ്പുമന്ത്രി ഫൈനാൻസ് ബില്ലിൽകൂടി ഇവിടെ നടത്തുന്നത്. ഇരുപത്തിരണ്ടരക്കോടി രൂപ നമ്മുടെ സംസ്ഥാനത്തിന് അധിക വിഭവ സമാഹരണമുണ്ടാക്കുക എന്നാണ് പ്രഞ്ഞതിന്റെ അർത്ഥം. ഏകദേശം 130 കോടി രൂപ കേന്ദ്രവിഹിതം കിട്ടും. അപ്പോഴും അധിക വിഭവ സമാഹരണമുണ്ടാക്കാനും പ്രതിപക്ഷം സഹകരിക്കുകയില്ല. നികുതി വർദ്ധിപ്പിച്ചാൽ അതിനെതിരായി പ്രക്ഷോഭണം നടത്തും ഏതെങ്കിലും രീതിയിൽഅധിക വിഭവ സമാഹരണം നടത്താൻ ശ്രമം നടത്തിയാൽ അതിനെ എല്ലാം കണ്ണടച്ച് എതിർക്കുന്ന രാജ്യദ്രോഹപരമായ സമീപനമാണ് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. നമ്മുടെ രാജ്യത്തിന്റെ വരുമാനത്തെക്കുറിച്ച് ഇവിടെ ചർച്ചചെയ്തതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല.

ആറാം പഞ്ചവൽസര പദ്ധതി അവസാനിച്ചു. ഏഴാം പഞ്ചവൽസര പദ്ധതിയുടെ ഒന്നാം വർഷമാണിത്. ആറാം പഞ്ചവൽസര പദ്ധതിക്ക് കേന്ദ്രം നിശ്ചയിച്ചിരുന്ന അധിക വിഭവ സമാഹരണം 311 കോടി രൂപയാക്കണമെന്നായിരുന്നു. ആറാം പദ്ധതിക്കാലത്ത് ശ്രീ. നായനാരും, ശ്രീ. കെ. കരുണാകരനും മുഖ്യമന്ത്രിയായിട്ടിരുന്നിരുന്നു. നമ്മൾ എല്ലാം പ്രതീക്ഷിക്കാത്തരീതിയിൽ 311 കോടി രൂപയുടെ അധിക വിഭവ സമാഹരണം ഉണ്ടാക്കേണ്ട സ്ഥാനത്ത് 375 കോടി രൂപ ഉണ്ടാക്കി. അതിന്റെ ഫലമായി ആറാം പദ്ധതിയുടെ തുക ലാപ്സാകാതെയിരുന്നതാണ് നമ്മുടെ അനുഭവം. അതിന്റെ ചുവടു പിടിച്ചുകൊണ്ട് ഏഴാം പദ്ധതിയുടെ ഒന്നാം വർഷമായ ഈ വർഷത്തിൽ അധിക വിഭവ സമാഹരണം ഉണ്ടാകാതിരിക്കുന്ന ഈ സാഹചര്യത്തിൽ ശ്രീ. കെ. എം. മാണി 22½ കോടി രൂപയുടെ അധിക വിഭവ സമാഹരണം ഈ രാജ്യത്തെ പാവപ്പെട്ടവരെയോ ക്ലേശമനുഭവിക്കുന്നവരെയോ ദ്രോഹിക്കാതെ ഉണ്ടാക്കാൻ ശ്രമിക്കുകയാണ്. അങ്ങനെ 130 കോടി രൂപയുടെ പദ്ധതിവിഹിതം കൂടുതൽ ലഭിക്കുവാനുള്ള സാഹചര്യം ഉണ്ടാക്കിയാൽ അതിനെ എതിർക്കുന്ന പ്രതിപക്ഷത്തിന് ഈ രാജ്യത്തോട് സ്നേഹമുണ്ടോ ?

ഏഴാം പഞ്ചവൽസര പദ്ധതി 3,300 കോടി രൂപയുടെ പദ്ധതിയാണ്. വിഭവ സമാഹരണം കുറവായതുകൊണ്ട് അഞ്ചു വർഷത്തിനിടയിൽ 600 കോടി രൂപ കളക്ട് ചെയ്യുകയും അതോടൊപ്പം ഭരണച്ചെലവ് കുറച്ചുകൊണ്ടുവരികയും ചെയ്യണം എന്നാണ് കേന്ദ്രഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിനു നൽകിയിരിക്കുന്ന നിർദ്ദേശം. അതിനു സഹകരിക്കുന്ന രാജ്യ സ്നേഹപരമായ സമീപനം സ്വീകരിക്കുന്നതിനുപകരം, ഈ രാജ്യത്തിന്റെ ഗതിവിഗതികളെന്തെന്നു പരിശോധിച്ച് ക്രിയാത്മകമായ സമീപനം സ്വീകരിക്കുന്നതിനുപകരം എന്തുവന്നാലും എതിർക്കുക എന്ന സമീപനമാണ് പ്രതിപക്ഷം സ്വീകരിച്ചിട്ടുള്ളത്. അവർ എന്തിനേയും എതിർക്കും. അത് ഈ സഭ പലപ്രാവശ്യം കണ്ടിട്ടുള്ള കാര്യമാണ്. നിങ്ങൾ ഈ രാജ്യത്ത് എതിർപ്പുകളുടെ കൂമ്പാരം അഴിച്ചുവിട്ടു. നിങ്ങൾ ഈ രാജ്യത്ത് എത്രയോ ആളുകൾക്ക് എതിരായി അഴിമതി ആരോപണം ഉന്നയിച്ചു. ശ്രീ. എം. എൻ. ഗോവിന്ദൻ നായർക്കെതിരേയും ശ്രീ. ടി. വി. തോമസിനെതിരേയും ശ്രീ. പി. കെ. കുഞ്ഞിനെതിരേയും അഴിമതിയാരോപണം ഈ സഭയിൽ കൊണ്ടുവന്നതാണ്. അതല്ലാതെ ക്രിയാത്മകമായ എന്തെങ്കിലും ഒരു പരിപാടി

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ അവതരിപ്പിക്കുവാൻ മാർക്സിസ്റ്റ് പാർട്ടിക്കു കഴിഞ്ഞിട്ടുണ്ടോയെന്നു ഞാൻ ചോദിക്കുകയാണ്. ഒരു രാഷ്ട്രീയകക്ഷി എന്നുള്ള നിലയിൽ ഞങ്ങൾ 38 വർഷക്കാലം ഭരിച്ചതിൽ 24 മാസക്കാലമാണ് ജനതാ പാർട്ടിയുടെ ഭരണം ഈ രാജ്യത്തുണ്ടായിരുന്നത്. ഇന്ത്യൻ നാഷണൽ കോൺഗ്രസിനെതിരായി നിങ്ങൾ എത്ര വർഷം അഴിമതിയാരോപണങ്ങൾ നടത്തിയിട്ടുണ്ട് ? ഈ സഭയിൽത്തന്നെ മാർക്സിസ്റ്റു പാർട്ടിക്കെതിരായി വരുന്ന മുഴുവൻ ആളുകളേയും അഴിമതിയാരോപണങ്ങൾക്കു വിധേയരാക്കുക എന്നല്ലാതെ ക്രിയാത്മകമായ എന്തെങ്കിലും പരിപാടി നിങ്ങൾക്കുണ്ടോ എന്ന് മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയോട് ഞാൻ ചോദിക്കുകയാണ്. ഞങ്ങൾ 38 വർഷക്കാലം ഈ രാജ്യം ഭരിച്ച് ജനാധിപത്യം നിലനിറുത്തിയ ഒരു രാഷ്ട്രീയകക്ഷിയാണ്. 38 വർഷക്കാലം കൊണ്ട് ഞങ്ങളുടെ ഏത് നയത്തെ നിങ്ങൾക്ക് വിമർശിക്കാൻ കഴിഞ്ഞു ? മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി പുറകോട്ടു പോവുകയാണ്. 1948-ലെ കൽക്കത്തായിലെ തീസിസ് പോലെ കുന്തവും വാരിക്കുന്തവുമായിട്ട് പുറകോട്ടുപോകാനാണ് ശ്രമിക്കുന്നത്.

ശ്രീ. ഒ. ഭരതൻ : 38 വർഷക്കാലത്തെ സർവീസ് , തച്ചടിക്കുണ്ടോ ? അതിനിടയ്ക്ക് ഒന്ന്, ഒന്നര കൊല്ലം ബ്രേക്ക് വന്നുപോയല്ലോ ?

ശ്രീ. തച്ചടി പ്രഭാകരൻ : കോൺഗ്രസ് സംസ്കാരമുള്ളവരെല്ലാം യോജിക്കും. നിങ്ങളുടെ കൂടെയിരിക്കുന്ന ഷൺമുഖദാസെല്ലാം ഇങ്ങോട്ടുവരാൻ പോവുകയാണ്. അവർ മൊത്തമായിട്ട് വരാൻ പോവുകയാണ്. ശരത് പവാർ ഞങ്ങളുടെ പാർട്ടിയിൽ ചേരാൻ പോവുകയാണ്. കോൺഗ്രസ് സംസ്കാരമുള്ളവരെല്ലാം യോജിച്ചോളും. ഒന്നരക്കൊല്ലക്കാലം ഞങ്ങൾ കോൺഗ്രസായിട്ടുതന്നെയാണ് നിന്നത്. ശ്രീമാൻ കെ. എം. മാണിയും 21 മാസം നിങ്ങളുടെ കൂടെ നിന്നു. അതിന്റെയൊക്കെ അപകടം ഞങ്ങൾ മനസിലാക്കിയിട്ടുള്ള ആളുകളാണ്. ഞാൻ പറയുന്നത് വളരെ വ്യക്തമായി മാർക്സിസ്റ്റു പാർട്ടി ചിന്തിക്കേണ്ട പ്രശ്നത്തെക്കുറിച്ചാണ്. 38 വർഷക്കാലമായി ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഇന്ത്യയിൽ ഭരിക്കുന്നു. ആ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ഏത് നയത്തോടാണ് നിങ്ങൾക്ക് അഭിപ്രായ വ്യത്യാസം ? ഏത് നയത്തെയാണ് നിങ്ങൾക്ക് എതിർക്കാൻ കഴിയുന്നത് ? സോവിയറ്റ് റഷ്യ ലോകത്ത് കമ്മ്യൂണിസ്റ്റ് അല്ലാതെ ഒരു രാഷ്ട്രീയകക്ഷിയെ അംഗീകരിക്കുന്നുവെങ്കിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിനെയാണ്. ഇന്ത്യൻ നാഷണൽ കോൺഗ്രസ് എടുത്ത നയത്തെയാണ്. സോവിയറ്റ് റഷ്യയുടെ നയത്തെക്കുറിച്ചാലോചിക്കുന്നത് ഇന്ത്യൻ നാഷണൽ കോൺഗ്രസിനോടാണ്. ശ്രീ. സുരേന്ദ്രനാഥിന്റെ പാർട്ടിയൊക്കെ ഉണ്ടല്ലോ ? ഇന്ത്യൻ നാഷണൽ കോൺഗ്രസിനോടാണ് ആലോചിക്കുന്നത്. അതിൽ വല്ല സംശയവുമുണ്ടോ ? അവിടെ സുപ്രീം സോവിയറ്റ് കൂടിക്കഴിഞ്ഞതിനുശേഷം ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ അഞ്ചു ഡലിഗേറ്റുകളെ ആ സമ്മേളനത്തിൽ പങ്കെടുപ്പിക്കണമെന്ന് ശ്രീ. രാജീവ് ഗാന്ധിയോടാവശ്യപ്പെട്ടു. സി. പി. ഐ. യോട് ആവശ്യപ്പെട്ടില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. മാർക്സിസ്റ്റു പാർട്ടിയോടാവശ്യപ്പെട്ടില്ല.....(ബഹളം).....

ശ്രീ. എം. എം. ഹസൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് മാർക്സിന്റെ ചരമശതാബ്ദി ആഘോഷിക്കാൻ ജർമ്മനിയിൽ വിളിച്ചുകൂട്ടിയ സമ്മേളനത്തിൽ കമ്മ്യൂണിസ്റ്റു പാർട്ടികളെയല്ലാതെ ലോകത്ത് ആകെ ക്ഷണിച്ചത് ഇന്ത്യൻ നാഷണൽ കോൺഗ്രസിനെയാണ് എന്നല്ലേ ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിച്ചത് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തച്ചടി പ്രഭാകരൻ : ഇന്ത്യൻ ജനതയെ സംബന്ധിച്ചിടത്തോളം വളരെ സന്തോഷകരമായ ഒരു സുദിനമാണിന്ന്. കാരണം കഴിഞ്ഞ അഞ്ചു വർഷക്കാലമായി പഞ്ചാബ് പ്രശ്നത്തിന്റെ അടിസ്ഥാനത്തിൽ ന്യൂനപക്ഷങ്ങളുടെ നേരെ ഒരു വലിയ വെല്ലുവിളിയായിരുന്നു ഇന്ത്യാ മഹാരാജ്യത്ത് നടന്നിരുന്നത്. അതിന് പരിഹാരമുണ്ടാക്കാൻ കഴിഞ്ഞ ഒരു സുദിനത്തിലാണ് നമ്മുടെ സഭ സമ്മേളിക്കുന്നത്. ജനാധിപത്യത്തെക്കുറിച്ച് പ്രസംഗിക്കുന്ന ശ്രീ. നായനാർ ഇന്നു രാവിലെ പറഞ്ഞത് ഞങ്ങൾ 1983-ൽ പറഞ്ഞ കാര്യമാണ് ഇന്ന് രാജീവ് ഗാന്ധി നടപ്പിലാക്കാൻ പോകുന്നത് എന്നാണ്. മാർക്സിസ്റ്റ് പാർട്ടി പറഞ്ഞ എന്തു സംഭവമാണ് ഈ രാജ്യത്ത് നടപ്പാക്കാൻ പോകുന്നത് ? ഈ രാജ്യത്ത് 76 കോടി ജനങ്ങളുള്ളതിൽ രണ്ടു ശതമാനം ആളുകളുടെ പിന്തുണയില്ലാത്ത രാഷ്ട്രീയ കക്ഷിയാണ് മാർക്സിസ്റ്റ് പാർട്ടി. 76 കോടി ജനങ്ങളുള്ള ഇന്ത്യയിൽ വമ്പിച്ച ഭൂരിപക്ഷത്തോടുകൂടിയുള്ള ഒരു രാഷ്ട്രീയകക്ഷിയോട് ശ്രീ. നായനാർ പറഞ്ഞത് 1983-ൽ പറഞ്ഞത് നടപ്പിലാക്കിയിരുന്നുവെങ്കിൽ ഇത് ഒഴിവാക്കാമായിരുന്നു എന്നാണ്. എന്തായിരുന്നു പഞ്ചാബുകാർ പറഞ്ഞിരുന്നത് ? പഞ്ചാബുകാർ പറഞ്ഞത് പാകിസ്ഥാൻ ഉണ്ടായതുപോലെതന്നെ സിക്കുകാർക്ക് ഭൂരിപക്ഷമുള്ള പഞ്ചാബിൽ ഒരു ഖാലിസ്ഥാൻ ഉണ്ടാകുമെന്നുള്ള വാദമാണ്. ശ്രീമതി ഇന്ദിരാഗാന്ധി പറഞ്ഞതും ശ്രീ. രാജീവ് ഗാന്ധി പറഞ്ഞതും ഒന്നുതന്നെയാണ്. ഖാലിസ്ഥാൻ എന്നുള്ള നിങ്ങളുടെ വാദം നിങ്ങൾ ഉന്നയിച്ചു കഴിഞ്ഞാൽ ഞങ്ങൾക്ക് ചർച്ച ചെയ്യാൻ സാദ്ധ്യമല്ല എന്നുള്ള ഉറച്ച നിലപാടാണ് ഇന്ത്യാഗവൺമെന്റ് എടുത്തത്. അതിനുവേണ്ടി ഇന്ദിരാഗാന്ധിക്ക് ജീവൻ പരിത്യജിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുപോലും ഇന്ത്യയെ വെട്ടിമുറിച്ചുകൊണ്ടുള്ള ഒരു ചർച്ചയ്ക്ക് തയ്യാറാവുകയില്ല എന്നുള്ള ശക്തമായ നിലപാട് സ്വീകരിച്ചു. സുർജിത് സിംഗിനെ അയച്ചു. ഈ അടുത്തകാലത്ത് ശരത് പവാർ രാജീവ് ഗാന്ധിയുടെ പ്രതിനിധി എന്നുള്ള നിലയിൽ ചർച്ച നടത്തിയിരുന്നു. പീതാംബരൻ മാസ്റ്ററെ പോലെയുള്ള പാവങ്ങൾ ഇതു വല്ലതും അറിയുന്നുണ്ടോ ?

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : അഞ്ചു കൊല്ലക്കാലം അവിടെ കൊല്ലാക്കൊല നടത്തിയതിനുശേഷം ഇപ്പോൾ ഒരു ഒത്തുതീർപ്പുണ്ടാക്കിയതിനെ പറ്റിയാണ് അഭിമാനം കൊള്ളുന്നത്. ഈ കൊല്ലാക്കൊല ഉണ്ടാക്കിയത് ഒഴിവാക്കാമായിരുന്നു എന്നാണ് പ്രതിപക്ഷപാർട്ടികൾ പറഞ്ഞത്. അതിനെ പറ്റി എന്താണഭിപ്രായം ?

ശ്രീ. തച്ചടി പ്രഭാകരൻ : പീതാംബരൻ മാസ്റ്റർക്ക് ഈ രാജീവ് ഗാന്ധിയെ അറിയാമോ ? ദേശീയ ഐക്യത്തിന് എതിരായിവരുന്ന ശത്രുക്കളെപ്പോലും സർവ്വ ആയുധങ്ങളുംവച്ച് കീഴടക്കാൻ കഴിഞ്ഞ നേതൃത്വമുണ്ട് അദ്ദേഹത്തിന്. അതുകൊണ്ടാണ് ശരത് പവാർ ഇപ്പോൾ ഞങ്ങളുടെകൂടെ വരാൻ പോകുന്നത്.....(ബഹളം).....നിങ്ങൾ, മാർക്സിസ്റ്റ് പാർട്ടി 38 വർഷക്കാലമായി കോൺഗ്രസിനെതിരായി എന്തെല്ലാം പറഞ്ഞു നടന്നു ? ജനങ്ങൾ അതിന് നിങ്ങൾക്ക്. പിന്തുണ നൽകിയിട്ടുണ്ടോ ? പണ്ട് വാരിക്കുന്തമെടുത്തുകൊണ്ട് പിടിച്ചോ വിപ്ലവം ഈ രാജ്യത്ത് എന്നു പറഞ്ഞു. ആ വിപ്ലവം ഈ രാജ്യത്ത് നടക്കുമോ ? ഞാൻ മാർക്സിസ്റ്റ് പാർട്ടിയോട് ചോദിക്കുകയാണ്, നിങ്ങൾക്ക് ആരെയെങ്കിലും ഇന്നു കിട്ടുമോ ? ഇവിടെ വലിയ വിപ്ലവപാർട്ടി എന്നു പറയുന്ന ശ്രീ. നായനാരുടെ പാർട്ടിക്ക് 38 വർഷക്കാലംകൊണ്ട് ഇന്ത്യൻ നാഷണൽ കോൺഗ്രസിനെതിരായി.....(ബഹളം) ഞാൻ വളരെ സൗഹാർദ്ദപരമായാണ് വിമർശിക്കുന്നത്. നിങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയ സമീപനം മാറണം. 1945-46 കാലഘട്ടങ്ങളിലൊക്കെ എന്തായിരുന്നു നിങ്ങളുടെ സമീപനം ?... ....(ബഹളം)..... നിങ്ങൾ ഇപ്പോൾ വിപ്ലവം പറഞ്ഞിട്ട് കാര്യമുണ്ടോ ? ഇന്ത്യാരാജ്യം ദരിദ്രമായ ഒരു രാജ്യമായിരുന്നു വിദേശാധിപത്യത്തിൽ ; രാജാക്കൻമാരുടെ വാഴ്ചയിൽ. 38 വർഷക്കാലംകൊണ്ട് ലോകത്തിലെ നാലാമത്തെ വികസിതരാജ്യമായി ഇന്ത്യ വളർന്നുവന്നിരിക്കുന്നു. ആ വളർച്ച നിങ്ങൾക്ക് കാണാൻ കഴിയുന്നില്ല. ലോകത്തിലെ നാലാമത്തെ വികസിതരാജ്യമായി ഇന്ത്യ വളർന്നിരിക്കുന്നു. ആ വളർച്ച കാണണം. ആ വളർച്ചയ്ക്ക് അനുസൃതമായി നിങ്ങളുടെ പരിപാടികൾ ആവിഷ്ക്കരിക്കണം. പണ്ട് ആഹാരം കിട്ടാത്തപ്പോൾ വാരിക്കുന്തമെടുത്തുകൊണ്ട് കുത്താൻ പറഞ്ഞ ആളുകൾ അരിവാളെടുക്കുമ്പോൾ മോഹാലസ്യമുണ്ടാകും. അത് മാറ്റിക്കൊണ്ട് മാർക്സിസ്റ്റുപാർട്ടി പുനരാലോചന നടത്തണം.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : സർ, ഈ ഫൈനാൻസ് ബില്ലിനെ ഞാൻ എതിർക്കുകയാണ്. ശ്രീ. തച്ചടി പ്രഭാകരൻ പാർട്ടിയുടെ ആചാര്യനായ വിവരം ഞാൻ ഇപ്പോഴാണ് അറിഞ്ഞത്. ശ്രീ. തച്ചടി പ്രഭാകരൻ പറഞ്ഞു സോവിയറ്റ് യൂണിയന്റെ അംഗീകാരമോ മറ്റ് കാര്യങ്ങളോ പറയാൻ ഞാൻ ഇപ്പോൾ മുതിരുന്നില്ല എന്ന്. ശ്രീ. തച്ചടി പ്രഭാകരൻ ഇത് പറഞ്ഞിട്ട് ആ സോവിയറ്റ് യൂണിയന്റെ സഹായം മേടിച്ചല്ലോ. രണ്ട് ദിവസം മുമ്പ് എനിക്ക് വളരെ കഷ്ടം തോന്നി, ശ്രീ. പന്തളം സുധാകരൻ, ശ്രീ. രമേശ് ചെന്നിത്തല, ശ്രീ. തച്ചടി പ്രഭാകരൻ ഇവരുടെയൊക്കെ ഉള്ളിൽ അടിഞ്ഞുകിടക്കുന്ന കമ്മ്യൂണിസ്റ്റ് വിരോധത്തിന്റെ കാഠിന്യം ഇവിടെ ഛർദിച്ചു വയ്ക്കുമ്പോൾ പുരോഗമനത്തിന്റെ ലാഞ്ചന ഉണ്ട് എന്ന് വ്യാഖ്യാനിച്ചുകൊണ്ട് നടക്കുന്ന യൂത്ത് കോൺഗ്രസുകാരേ, ലോകയുവജനോൽസവത്തിൽ പങ്കെടുക്കുന്നവരേ, നിങ്ങൾ ലജ്ജിക്കണം, വാസ്തവത്തിൽ അത്ര കമ്മ്യൂണിസ്റ്റ് വിരുദ്ധ മനോഭാവം ആണ് നിങ്ങളുടെ ഉള്ളിലുള്ളത്. എന്തു പറഞ്ഞാലും സോവിയറ്റ് യൂണിയനേയും.....(ബഹളം).....

ശ്രീ. എം. എം. ഹസ്സൻ : ലോകസമാധാനത്തിനുവേണ്ടി ഇൻഡ്യയിലെ യുവാക്കൾ ഒറ്റക്കെട്ടായി യോജിച്ചു നിന്നുകൊണ്ട് റഷ്യയിൽ നടക്കുന്ന ലോക യുവജനോൽസവത്തിൽ പങ്കെടുക്കുന്നതിനെക്കുറിച്ച് പറയുമ്പോൾ അതിന്റെ അന്തസത്തയെ ഇടിച്ചു താഴ്ത്തി സംസാരിക്കുന്നത് ഓർഡറിലാണോ ?

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : യൂത്ത് കോൺഗ്രസാണ് ഇടിച്ചു താഴ്ത്തുന്നത്. ഞാൻ അതിന്റെ അന്തസത്ത ഇടിച്ചു കാണിക്കുകയല്ല. നിങ്ങളുടെ പൊയ്മുഖം ഓരോ ഘട്ടത്തിലും വെളിയിൽ വരുന്നത് മനസിലാക്കുന്നു എന്നുമാത്രമേ ഞാൻ പറഞ്ഞുള്ളൂ. സോഷ്യലിസത്തിന്റെ മുഖാവരണം അണിഞ്ഞുകൊണ്ട് കുത്തക മുതലാളിത്തത്തിന്റേയും സാമ്രാജ്യത്വത്തിന്റേയും പാദസേവ ചെയ്യുന്ന ഈ രാജ്യത്തെ ചൂഷകവർഗ്ഗത്തിന്റെ കാവൽപട്ടികളായി നിങ്ങൾ അധഃപതിക്കരുത്, അതാണ് എനിക്ക് പറയാനുള്ളത്.

മറ്റൊരു കാര്യം, ഇന്നലെ ഇവിടെ സംസാരിച്ചപ്പോൾ ധനകാര്യ വകുപ്പു മന്ത്രി ശ്രീ. കെ. എം. മാണി മാർക്സിസ്റ്റ് പാർട്ടിയുടെ ശവക്കുഴി തോണ്ടുകയാണ് എന്നു പറഞ്ഞു. എനിക്ക് ഒന്നേ പറയാനുള്ളൂ, നൂറ്റി അൻപതോളം വർഷങ്ങൾക്കുമുമ്പ് പോപ്പും സാറും ഒക്കെകൂടി പരിശ്രമിച്ചിട്ടും ശവക്കുഴി തോണ്ടാൻ കഴിയാത്ത ഈ പ്രസ്ഥാനത്തിന് ഈ പാലാക്കാരൻ മാണി വിചാരിച്ചാൽ ശവക്കുഴി തോണ്ടാൻ കഴിയുകയില്ല. നമ്മുടെ മരങ്ങാട് പള്ളിക്കപ്പുറം കണ്ടിട്ടില്ലാത്ത, അതിലങ്ങേപ്പുറം ചിന്തിക്കാൻ കഴിയാത്ത സങ്കുചിത നിക്ഷിപ്ത താല്പര്യങ്ങളുടെ ഉടമകളായ ആളുകൾ അവസരത്തിനൊത്ത്

LIBRARY ARCHIVES Kerala Legislative Assembly

കാലംമാറി നേട്ടങ്ങൾ സമ്പാദിക്കുന്നത് തൊഴിലാക്കിയിട്ട്, ത്യാഗത്തിന്റേയും വിപ്ലവത്തിന്റേയും സാമൂഹ്യ പരിവർത്തനത്തിന്റേയും കൊടി ഉയർത്തി പിടിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന മഹത്തായ പ്രസ്ഥാനത്തെ പരിഹസിക്കുമ്പോൾ ഞങ്ങൾക്ക് പുച്ഛമില്ലാതെ മറ്റൊന്നും പറയാനില്ല. ഇപ്പോൾ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ധനകാര്യ ബിൽ.....

ശ്രീ. എ. സി. ജോസ് : മാർക്സിസ്റ്റ് തത്വസംഹിതയിലുള്ള രണ്ട് പാർട്ടികളുണ്ട്. സി.പി.ഐ. യും സി.പി.എം. ഉം ഏതാണ് മഹത്തായ പ്രസ്ഥാനം എന്നു പറയാതിരിക്കുന്നത് ഓർഡറിലാണോ ?

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : രണ്ടും ചേർന്നതാണ് സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം. ഇത് രണ്ടും ഉൾപ്പെടുന്നതാണ്. അതിനെയൊന്നും ആരും തടസപ്പെടുത്തേണ്ട. ഫൈനാൻസ് ബില്ലിനെപ്പറ്റി പറയുമ്പോൾ.....(ബഹളം)... ..ഈ ധനകാര്യമന്ത്രി ഡൽഹിയിൽ പോയി അവിടത്തെ സ്ഥിതിഗതികൾ ഒക്കെകണ്ട് ഇവിടെവന്ന് അവിടെ കണ്ട യാഥാർത്ഥ്യങ്ങളൊന്നും പറയാതെ ഈ കുത്തക മുതലാളിത്തത്തിന്റേയും പിന്തിരിപ്പൻമാരുടെയും ആയുധമായി നിന്നുകൊടുക്കുന്നത് കഷ്ടമാണ്. ഈ ഫൈനാൻസ് ബില്ലിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി..... (ബഹളം)

ശ്രീ. വി. ദിനകരൻ : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ, ഇന്നലെ പ്രതിപക്ഷനേതാവ് ഇവിടെ സംസാരിച്ചപ്പോൾ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയും സി. പി. ഐ. യും തമ്മിൽ നയപരമായ അഭിപ്രായ വ്യത്യാസമുണ്ട് എന്ന് പറഞ്ഞിരിക്കുന്നു. അത് ഓർഡറിലാണോ ?

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : ഫൈനാൻസ് ബില്ലിലൂടെ ഇരുപത്തിരണ്ടരക്കോടി രൂപയുടെ പുതിയ നികുതി പിരിക്കുന്നതിനുള്ള നിർദ്ദേശങ്ങളുമായിട്ടാണ് ധനകാര്യവകുപ്പുമന്ത്രി വന്നിരിക്കുന്നത്. അദ്ദേഹം അതിനുവേണ്ടി ധാരാളം ന്യായങ്ങൾ ഇവിടെ പറഞ്ഞിട്ടുണ്ട്. പുതിയ നികുതികൾ സമ്പന്നവർഗ്ഗത്തെ മാത്രം ബാധിക്കുന്നതാണ് അല്ലാതെ ഉള്ളവരെ ഇത് ഒന്നും ബാധിക്കുന്നതല്ല, പാവപ്പെട്ടവനെ ബാധിക്കുന്നതല്ല എന്നൊക്കെയാണ് അതിൽ പറഞ്ഞിരിക്കുന്ന ന്യായങ്ങൾ. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല, പക്ഷേ ഈ രാജ്യത്തെ ജനങ്ങളോട് ധനകാര്യവകുപ്പുമന്ത്രി വ്യക്തമാക്കേണ്ട ചില കാര്യങ്ങളുണ്ട്. ഒന്നാമത് ശ്രീ. സീതിഹാജിയുടെ നേതൃത്വത്തിൽ നടന്ന സിമന്റ് കച്ചവടം. സെന്റ് ആൻറണീസ് ഗിൽഡിൽ നിന്നും പതിനാറരലക്ഷം രൂപ സെയിൽസ് ടാക്സ് ഇനത്തിൽ സ്റ്റേറ്റ് ഗവൺമെന്റ് അസസ്സ് ചെയ്തിരുന്നു, ഈ സെന്റ് ആൻറണീസ് ഗിൽഡ്—സീതിഹാജി എന്നുള്ളത് സീതിഹാജിയുടെ മകൻ എന്ന് തിരുത്തിയിരിക്കുന്നു. സീതിഹാജിയുടെ മകനും മരുമകനും പതിനാറര ലക്ഷം രൂപ സിമന്റ് കച്ചവടത്തിൽ നികുതിയിനത്തിൽ സെയിൻസ്ടാക്സായി കേരളത്തിന് തരേണ്ടത് വെട്ടിച്ചിരിക്കുന്നു ; ഇപ്പോൾ അത് എവിടെ നില്ക്കുന്നു ? അതിന്റെ കൈപാസിഷൻ എന്താണ് ? എന്റെ അറിവ് അത് കിട്ടിയിട്ടില്ല എന്നാണ്, ബഹുമാനപ്പെട്ട മന്ത്രി ഇതേപ്പറ്റി മറുപടി പറയണം.

സർ, അടുത്തതായി കല്ലട പ്രശ്നത്തെപ്പറ്റിയാണ് പറയാനുള്ളത്. നമ്മുടെ ജലസേചന വകുപ്പുമന്ത്രിയെ ഇവിടെ കാണാനില്ല. അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ രണ്ടുവർഷം മുൻപ് കല്ലട ഇറിഗേഷൻ പ്രോജക്ട് അഡ്വൈസറി കമ്മിറ്റി കൂടി. ആ യോഗത്തിൽ വളരെ വ്യക്തമായും അവിടെ നടക്കുന്ന അഴിമതികളെപ്പറ്റി ഉന്നയിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സിമൻറ് ചേർക്കാതിരിക്കുന്നതിനെപ്പറ്റിയും മെറ്റൽ കഴുകാതെ ചേർക്കുന്നതിനെപ്പറ്റിയും പറഞ്ഞിരുന്നു. അതിൽ യാതൊരു നടപടിയും എടുത്തില്ല. അതിനുശേഷം നടന്ന നിർമ്മാണ ഭാഗത്താണ് ഇപ്പോൾ ചോർച്ച ഉള്ളത്. ആ വസ്തുത വളരെ ഗൗരവമുള്ളതാണ്. ഇറിഗേഷൻ മന്ത്രിക്ക് താല്പര്യമുള്ള ഒരു കോൺട്രാക്ടർ ആണ് പണി നടത്തിയത്. അതിന്റെ ഫലമായിട്ടാണ് ഇത് നടന്നത്. ഇടമലയാറിനെപ്പറ്റി വേണ്ടത്ര പറഞ്ഞിട്ടുള്ളതാണ്. ഈ ഗവൺമെൻറ് ഇരിക്കുന്നിടത്തോളംകാലം വാചാലമായി എന്തെങ്കിലും പ്രസംഗിക്കുമെന്നല്ലാതെ ഒരു കാര്യവും നടക്കുകയില്ല. അതിന്റെ വിഹിതം പങ്കിട്ടെടുത്ത ആളുകൾ അപ്പുറത്തിരിക്കുന്നിടത്തോളംകാലം അതിനെപ്പറ്റി അന്വേഷണം നടത്തുമെന്ന് ഞങ്ങൾക്ക് വിശ്വാസമില്ല. ഇടമലയാർ പൊട്ടിയൊലിച്ച് പതിനായിരങ്ങൾ ചത്തൊടുങ്ങാൻ ഇടയാക്കുന്ന മഹാപാപം ചെയ്യുന്നതിന്റെ ഫലം നിങ്ങൾക്ക് കിട്ടിക്കൊള്ളും. ധനകാര്യമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ അനവധി വാഗ്ദാനങ്ങൾ നൽകിയിരുന്നു. അതിൽ ഒന്നുപോലും നടപ്പാക്കിയിട്ടില്ല. കുട്ടനാട്ടിലെ കൃഷിക്കാർക്ക് കോട്ടയത്ത് പുഞ്ചകൃഷി ഓഫീസ് തുറക്കുമെന്ന് പറഞ്ഞു. എന്തുകൊണ്ട് അത് തുറന്നില്ല? വളത്തിന്റെ സബ്സിഡി നാലു കൊല്ലത്തേക്കുള്ളതിൽ ഒരു കൊല്ലത്തേതുമാത്രം കൊടുത്ത് അവരെ കബളിപ്പിച്ചു. എന്റെ കയ്യിൽ ഒരു ഫോട്ടോ ഇരിപ്പുണ്ട്. ധനകാര്യമന്ത്രി പറഞ്ഞതനുസരിച്ച് ഗവൺമെൻറ് അനുവദിച്ച സെയിൽസ് ടാക്സ് ഇനത്തിൽ പിരിച്ചുകൊടുത്ത തുക ഒരു വർഷമായി ട്രഷറിയിൽ നിന്നു മാറാൻ കഴിയാതെ ആ സൊസൈറ്റിയെ കഷ്ടത്തിലാക്കിയിരിക്കുകയാണ്. വ്യവസായ വകുപ്പിന് അഞ്ചുപൈസ പോലും മാറിവച്ചിട്ടില്ല. അങ്ങനെ നാനാതരത്തിൽ ഈ രാജ്യത്തിലെ ജനങ്ങളോട് നൽകിയ വാഗ്ദാനങ്ങൾ നിറവേറ്റാതെ ജനങ്ങളോടുള്ള പ്രതിജ്ഞ ലംഘിച്ച് ജനങ്ങളെ വഞ്ചിച്ച ഈ ഗവൺമെൻറിന്റെ ശവപ്പെട്ടിയുടെ പുറത്തെ അവസാനത്തെ ആണി അടിക്കാൻ ഈ രാജ്യത്തെ ജനങ്ങൾ കാത്തിരിക്കുകയാണ് എന്ന് നിങ്ങളെ ഓർമ്മിപ്പിക്കുകയാണ്; ഞാൻ ഈ ഫിനാൻസ് ബില്ലിനെ എതിർക്കുന്നു.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : സർ, ഇന്നത്തെ ചർച്ചയിൽ ഞാൻ സഭയിൽ ഇല്ലാതിരുന്ന സമയത്ത് ശ്രീ. എ. സി. ജോസ് അദ്ദേഹത്തിന്റെ പ്രസംഗത്തിലും ശ്രീ. തച്ചടി പ്രഭാകരൻ അദ്ദേഹത്തിന്റെ പ്രസംഗത്തിലും ഞാനും കോൺഗ്രസ്സ് (എസ്), കാരും കോൺഗ്രസ് (ഐ) യിലേക്ക് പെട്ടെന്നുള്ളവരാണെന്ന് പറഞ്ഞു. ഞങ്ങൾക്ക് അധികാരത്തിന്റെ കസേര അന്വേഷിച്ച്, ശീതളച്ഛായ അന്വേഷിച്ച് കാലുമാറിയ പാരമ്പര്യം ഇല്ല. ശ്രീ. ജോസും തച്ചടി പ്രഭാകരനും അതുപോലുള്ള ആളുകളും എന്നും അധികാരത്തിന്റെ ഭാഗത്തുമാത്രമേ നിന്നിട്ടുള്ളൂ. ചില ജന്തുക്കൾ വികാരം കരഞ്ഞുതീർക്കുമെന്ന് പറഞ്ഞു കേട്ടിട്ടുണ്ട്. അതിന് ഞങ്ങൾ മെനക്കെടാറില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ഓർഡർ, ഓർഡർ, സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(26-7-1985 രാവിലെ 8.30-ന് കൂടുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 2.35-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly